SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# കേരളത്തിൽ അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷന്റെ നടപ്പാക്കൽ

**കേരള സർക്കാർ**

2025ലെ റിപ്പോർട്ട് നമ്പർ 7
(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)

2026 ഫെബ്രുവരി 24-ന് നിയമസഭയിൽ വെച്ചത്

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# കേരളത്തിൽ അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷന്റെ നടപ്പാക്കൽ

**കേരള സർക്കാർ**

2025ലെ റിപ്പോർട്ട് നമ്പർ 7

**(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)**

## ഉള്ളടക്കം


| ഖണ്ഡിക | വിവരണം | പേജ് |
|---|---|---|
| | ആമുഖം | iii |
| | ഉപരിവീക്ഷണം | v |
| **അദ്ധ്യായം I – ആമുഖം** | | |
| 1.1 | ആമുഖം | 1 |
| 1.2 | പദ്ധതിയുടെ ഘടകങ്ങൾ | 1 |
| 1.3 | പദ്ധതിയുടെ ഘടനാ സംവിധാനം | 2 |
| 1.4 | ഓഡിറ്റ് ലക്ഷ്യങ്ങൾ | 3 |
| 1.5 | ഓഡിറ്റ് മാനദണ്ഡം | 3 |
| 1.6 | ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും | 4 |
| 1.7 | സാംപ്ലിംഗ് | 4 |
| 1.8 | കൃതജ്ഞത | 4 |
| 1.9 | ഓഡിറ്റ് കണ്ടെത്തലുകൾ | 4 |
| **അദ്ധ്യായം II – മിഷൻ ആസൂത്രണം ചെയ്യൽ** | | |
| 2.1 | പദ്ധതി ആസൂത്രണം | 5 |
| **അദ്ധ്യായം III – സാമ്പത്തിക മാനേജ്മെന്റ്** | | |
| 3.1 | പദ്ധതി ഫണ്ട് | 22 |
| 3.2 | ഭരണപരമായ ചെലവുകളും ഓഫീസ് ചെലവുകളും | 25 |
| 3.3 | റിഫോം ഇൻസെൻന്റീവ് | 26 |
| 3.4 | ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ, എൽഎപി, ടിപിഎസ് എന്നിവ തയ്യാറാക്കുന്നതിനുള്ള കേന്ദ്രസഹായം നഷ്ടപ്പെട്ടത് | 27 |
| 3.5 | അനുവദനീയമല്ലാത്ത ചെലവുകൾ | 28 |
| 3.6 | യുഎൽബികൾക്ക് വായ്പാ സഹായം മുൻകൂർ അനുവദിച്ചതുകൊണ്ട് ഒഴിവാക്കാമായിരുന്ന ഭാരം | 29 |
| **അദ്ധ്യായം IV – പദ്ധതി നടപ്പാക്കൽ** | | |
| 4.1 | പദ്ധതികളുടെ നിർവ്വഹണം | 32 |
| 4.2 | പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി | 32 |
| 4.3 | ജലവിതരണ പദ്ധതികളുടെ നിർവ്വഹണം | 33 |
| 4.4 | സേവന നിലവാര അളവുകോലുകൾ കൈവരിച്ചതിന്റെ സ്ഥിതി | 48 |
| 4.5 | സിവറേജ് സൗകര്യങ്ങളുടേയും സെപ്റ്റേജ് സംസ്കരണ പദ്ധതികളുടേയും നടപ്പാക്കൽ | 53 |
| 4.6 | സിവറേജ്, സെപ്റ്റേജ് സംവിധാനങ്ങളുടെ സാർവത്രിക കവറേജിന്റെ നില | 62 |
| 4.7 | ജലവിതരണ, സിവറേജ് മേഖലയിൽ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനവും പരിപാലനവും | 63 |
| 4.8 | നഗര ഗതാഗതത്തിന് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പ് | 65 |
| 4.9 | മഴവെള്ള ഓടകളുടെ നിർവ്വഹണം | 71 |
| 4.10 | ഹരിത ഇടങ്ങൾക്കും പാർക്കുകൾക്കും വേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പ് | 76 |
| **അദ്ധ്യായം V – പദ്ധതി നിരീക്ഷണം** | | |
| 5.1 | പദ്ധതികളുടെ നിരീക്ഷണം | 81 |

## അനുബന്ധങ്ങൾ



| അനുബന്ധം നമ്പർ | വിവരണം | പേജ് |
|---|---|---|
| 1.1 | അംഗീകരിച്ച പദ്ധതികളുടെ എണ്ണവും അവയിൽ ഓഡിറ്റ് തിരഞ്ഞെടുത്ത പദ്ധതികളുടെ എണ്ണത്തിന്റെയും പട്ടിക | 87 |
| 2.1 | എസ്എഎപി തിരിച്ചുള്ള കാലയളവിന്റെയും ഫണ്ടുകളുടെയും വിശദാംശങ്ങൾ | 88 |
| 2.2 | തടസ്സമില്ലാത്ത ഭൂമിയുടെ അഭാവംമൂലം ഉപേക്ഷിച്ചതും/വൈകിയതും/റദ്ദാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ | 89 |
| 2.3 | സിവറേജ്/സെപ്റ്റേജ് ഘടകത്തിന് കീഴിൽ റാം ബയോളജിക്കൽസ് തയ്യാറാക്കിയ ഡിപിആറുകൾ | 94 |
| 2.4 | മഴവെള്ള ഓട, നഗരഗതാഗതം, ഹരിത ഇടവും പാർക്കുകളും എന്നീ ഘടകങ്ങൾക്ക് കീഴിൽ കിറ്റ്കോ തയ്യാറാക്കിയ ഡിപിആറുകൾ | 96 |
| 3.1 | കേരള ഗവൺമെന്റ് ഫണ്ട് അനുവദിക്കാനുണ്ടായ കാലതാമസം | 98 |
| 4.1 | സിവറേജ് ശൃംഖലയുടെ സ്ഥിതി | 99 |
| 4.2 | നഗരഗതാഗതത്തിന്റെ കീഴിൽ അനുവദിച്ച ഫണ്ടുകളും സൃഷ്ടിച്ച സൗകര്യങ്ങളും | 100 |
| 4.3 | തടസ്സം നീക്കാതെ നിർമ്മിച്ച നടപ്പാതകൾ | 101 |
| 4.4 | പാർക്കിൽ സൗകര്യങ്ങൾ നൽകാതിരുന്നത് | 103 |
| 5.1 | എസ്എൽടിസി വിലയിരുത്താത്ത പദ്ധതികൾ | 105 |
| | റിപ്പോർട്ടിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകളുടെ പദസൂചിക | 109 |

## ആമുഖം

ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2023 മാർച്ച് 31ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

'കേരളത്തിൽ അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷന്റെ നടപ്പാക്കൽ' എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്, 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഫലങ്ങൾ അടങ്ങുന്നതാണ്. 2022-23 കാലയളവിനു ശേഷം ശ്രദ്ധയിൽപ്പെട്ട വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.



# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

### എന്തുകൊണ്ടാണ് സിഎജി പ്രസ്തുത ഓഡിറ്റ് നടത്തിയത്

നഗരങ്ങളിലെ കുടുംബങ്ങൾക്ക് അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും, പ്രത്യേകിച്ച് ദരിദ്രർക്കും പിന്നാക്കം നിൽക്കുന്നവർക്കും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി, 2015 ജൂണിൽ കേന്ദ്ര സർക്കാർ അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) ആരംഭിച്ചു. പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ ഒമ്പത് നഗരങ്ങളെ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും) കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തു. അമൃത് പദ്ധതിയുടെ കാലാവധി തുടക്കത്തിൽ 2015-16 മുതൽ 2019-20 വരെ അഞ്ച് വർഷമായിരുന്നു. തുടർന്ന് 2024 ഡിസംബർ വരെ നാല് തവണ കാലാവധി നീട്ടി. കേന്ദ്ര സർക്കാർ പ്രോജക്ട് ഫണ്ടായി ₹1161.17 കോടി 2015-2024 കാലയളവിൽ അനുവദിച്ചു. പ്രോജക്ട് ഫണ്ടിന് പുറമേ, ഭരണപരമായ ചെലവുകളും, ഓഫീസ് ചെലവുകളും, റിഫോം ഇൻസെന്റീവ്, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനും, ലോക്കൽ ഏരിയ പ്ലാൻ/ടൗൺ പ്ലാനിംഗ് സ്കീമും തയ്യാറാക്കൽ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ₹103 കോടി അനുവദിച്ചു. പദ്ധതികളുടെ ആസൂത്രണം, സാമ്പത്തിക പരിപാലനം, നിർവ്വഹണം, നിരീക്ഷണം എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്തുകൊണ്ട് മിഷൻ നഗരങ്ങൾ പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയതിന്റെ വ്യാപ്തി വിലയിരുത്താനായി 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിൽ അമൃത് നടപ്പാക്കിയതിനെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി.

### പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ

ജലവിതരണ മേഖലയിൽ സാർവ്വത്രിക കവറേജ് കൈവരിക്കുക എന്നതായിരുന്നു മിഷന്റെ പ്രാഥമിക ലക്ഷ്യമെങ്കിലും, സാർവ്വത്രിക കവറേജ് കൈവരിക്കാൻ സംസ്ഥാനം ആസൂത്രണം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി രൂപീകരണത്തിനും നടപ്പാക്കലിനുമുള്ള ഏജൻസികളെ അന്തിമമാക്കുന്നതിലെ കാലതാമസം കാരണം, മിഷൻ ആരംഭിച്ച് ഒമ്പത് വർഷം കഴിഞ്ഞിട്ടും പദ്ധതികൾ, പ്രത്യേകിച്ച് ജലവിതരണ, സിവറേജ് മേഖലയിലെ പദ്ധതികൾ, നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിനും പൂർത്തീകരിക്കാതിരിക്കുന്നതിനും ഇടയാക്കി. മതിയായ വൈദഗ്ധ്യത്തിന്റെ അഭാവത്തിൽ, സിവറേജ്/സെപ്റ്റേജ് മേഖലയിലെ പദ്ധതികളുടെ പര്യാപ്തവും സമയബന്ധിതവുമായ നിർവ്വഹണം ആസൂത്രണം ചെയ്യുന്നതിൽ കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ) പരാജയപ്പെട്ടു. ശരിയായ സ്ഥല പരിശോധന, പൊതുജനാഭിപ്രായം തേടൽ എന്നിവയില്ലാതെ എംപാനൽ ചെയ്ത ഏജൻസികൾ വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കിയത് എസ്റ്റിമേറ്റുകളുടെ വിപുലമായ പരിഷ്കരണത്തിനും, ചെലവ് അധികരിക്കുന്നതിനും, ₹233.55 കോടിയുടെ പദ്ധതികൾ ഉപേക്ഷിക്കുന്നതിനും കാരണമായി. കേന്ദ്ര ഫണ്ട് വിതരണം ചെയ്യുന്നതിൽ സംസ്ഥാനം 43 ദിവസം മുതൽ 15 മാസം (ശരാശരി 5.9 മാസം) വരെ കാലതാമസം വരുത്തിയതായി ഓഡിറ്റ് കണ്ടെത്തി. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച്, നിർവ്വഹണ ഏജൻസിയായ കെഡബ്ല്യുഎയിൽ ഫണ്ട് പാർക്ക് ചെയ്തതായും കണ്ടു.

കുടുംബങ്ങളിൽ, ആളൊന്നിന് പ്രതിദിനം 135 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ മിഷൻ നഗരങ്ങൾക്കൊന്നും കഴിഞ്ഞില്ല. ഒമ്പത് മിഷൻ നഗരങ്ങളിലെ ഗാർഹിക ജലവിതരണത്തിന്റെ കവറേജ് 9.39 ശതമാനം (ഗുരുവായൂർ മുനിസിപ്പാലിറ്റി) മുതൽ 89.16 ശതമാനം (കൊച്ചി കോർപ്പറേഷൻ) വരെയായിരുന്നു. കൊല്ലത്തെ വസൂരിച്ചിറയിൽ ₹40.62 കോടി ചെലവഴിച്ച് നിർമ്മിച്ച 100 എംഎൽഡി ജലശുദ്ധീകരണ പ്ലാന്റ്, അസംസ്കൃത ജല പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നത് പൂർത്തിയാകാത്തതിനാൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലും, പമ്പിംഗ് മെയിനുകളും വിതരണ ലൈനുകളും സ്ഥാപിക്കാത്തത്, വിതരണ ലൈനിലെ ചോർച്ച, മുതലായവ കാരണം ₹31.51 കോടി ചെലവഴിച്ച് കെഡബ്ല്യുഎ നിർമ്മിച്ച നാല് ഓവർഹെഡ് സർവ്വീസ് റിസർവോയറുകൾ ഉപയോഗിക്കാൻ കഴിഞ്ഞില്ല.

തിരുവനന്തപുരം, കൊച്ചി, കണ്ണൂർ എന്നിവ ഒഴികെയുള്ള മിഷൻ നഗരങ്ങൾക്ക് സീവേജ് ശേഖരണ, സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞില്ല. കൊച്ചി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് യഥാക്രമം മൂന്ന് ശതമാനവും ഒരു ശതമാനവും മാത്രമായിരുന്നു കവറേജ്. പദ്ധതി ആരംഭിക്കുന്ന സമയത്ത്, പുറപ്പെടുവിക്കുന്ന സീവേജിന്റെ 34 ശതമാനം സംസ്കരിച്ചിരുന്ന തിരുവനന്തപുരം കോർപ്പറേഷന് സീവേജ് ശൃംഖലയുടെ കവറേജ് വിപുലീകരിക്കാൻ കഴിഞ്ഞില്ല. കുരീപ്പുഴയിൽ നിർമ്മാണത്തിലിരിക്കുന്ന സീവേജ് സംസ്കരണ പ്ലാന്റിലേക്ക് സീവേജ് എത്തിക്കുന്നതിനുള്ള ശൃംഖല സ്ഥാപിക്കുന്നതിൽ കെഡബ്ല്യുഎ/കൊല്ലം കോർപ്പറേഷൻ പരാജയപ്പെട്ടതിന്റെ ഫലമായി പ്ലാന്റ് പൂർത്തിയാകാതിരിക്കുകയും ₹16.84 കോടി ചെലവഴിച്ചു നിർമ്മിച്ച അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമാകുകയും ചെയ്തു.

പൊതുഗതാഗതത്തിലേക്ക് മാറുന്നതിലൂടെയോ മോട്ടോർ രഹിത ഗതാഗത സൗകര്യങ്ങൾ നിർമ്മിക്കുന്നതിലൂടെയോ മലിനീകരണം കുറയ്ക്കുക എന്നത് അമൃതിന്റെ ലക്ഷ്യങ്ങളിലൊന്നായിരുന്നു. പരിശോധന നടത്തിയ 47 ശതമാനം നടപ്പാതകളും ഇലക്ട്രിക് പോസ്റ്റുകൾ, സ്റ്റേ വയറുകൾ, ടെലികോം ബോക്സുകൾ തുടങ്ങിയ തടസ്സങ്ങൾ നീക്കാതെ നിർമ്മിച്ചതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ നടപ്പാതകളിൽ 37 ശതമാനവും ഭിന്നശേഷിക്കാർക്ക് അനുയോജ്യമല്ലായിരുന്നു. കൂടാതെ പരിശോധനയിൽ കണ്ടെത്തിയ 53 ശതമാനം നടപ്പാതകളിൽ കാഴ്ച വൈകല്യമുള്ളവർക്ക് സൗകര്യപ്രദമായി സ്പർശന നടപ്പാത ഉണ്ടായിരുന്നില്ല.

നഗരങ്ങളിലെ വെള്ളപ്പൊക്കം കുറയ്ക്കാനും ആത്യന്തികമായി ഇല്ലാതാക്കാനും അതുവഴി നഗരങ്ങളെ സുരക്ഷിതമാക്കാനുമാണ് മഴവെള്ള ഓടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടപ്പാക്കുന്നതിലൂടെ ഉദ്ദേശിച്ചത്. സീവേജ് കലരുന്നതും വെള്ളപ്പൊക്കം തടയുന്നതിനുമുള്ള കൃത്യമായ ആസൂത്രണം ഇല്ലാതെ കൊച്ചി കോർപ്പറേഷൻ ₹45.43 കോടിയുടെ പദ്ധതി തുക ഉപയോഗിച്ചു. മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ മൂലകാരണങ്ങൾക്ക് പരിഹാരം കാണാതെ എക്കൽ മണ്ണ്/പായൽ നീക്കം ചെയ്യൽ എന്നിവ ഉൾപ്പെടെയുള്ള പതിവ് പ്രവൃത്തികൾക്കായി പദ്ധതി തുക ഉപയോഗിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ പ്ലാവർകോട്-ഉള്ളൂർക്കോണം-ആണ്ടൂർപൊയ്ക റോഡിൽ പ്രാഥമിക ഓടയുമായി ബന്ധിപ്പിക്കാതെ ഒരു മഴവെള്ള ഓട നിർമ്മിച്ചു, ഇത് പ്രദേശത്ത് വെള്ളപ്പൊക്കത്തിന് കാരണമായി.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന ഘടകത്തിന് കീഴിൽ മിഷൻ നഗരങ്ങൾ 30 പുതിയ പാർക്കുകൾ നിർമ്മിക്കുകയും 36 പാർക്കുകൾ നവീകരിക്കുകയും ചെയ്തു. പരിശോധിച്ച 27 പാർക്കുകളിൽ, അഞ്ച് നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യുഎൽബി) ഒമ്പത് പാർക്കുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല. തൃശ്ശൂർ കോർപ്പറേഷനിലെ നെഹ്റു പാർക്കിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മാണത്തിനായി ചെലവഴിച്ച ₹27.92 ലക്ഷം, ഫൗണ്ടൻ പ്രവർത്തനരഹിതമായതിനാൽ നിഷ്ഫലമായിത്തീർന്നു. കേരള തീരദേശ മേഖല പരിപാലന അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ കൊച്ചി കോർപ്പറേഷനിലെ ചിലവന്നൂർ കായൽ തീരത്തെ പാർക്കിന്റെ നിർമ്മാണം ഉപേക്ഷിക്കേണ്ടിവന്നു. അതിനാൽ, പദ്ധതിക്കായി ചെലവഴിച്ച ₹28.22 ലക്ഷം നിഷ്ഫലമായി.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചെക്ക്‌ലിസ്റ്റുകളനുസരിച്ചാണ് ഡിപിആറുകൾ തയ്യാറാക്കിയതെന്ന് സംസ്ഥാനതല സാങ്കേതിക സമിതി (എസ്.എൽ.ടി.സി) ഉറപ്പാക്കേണ്ടതാണെങ്കിലും, ഭൂമിയുടെ ലഭ്യത, മറ്റ് വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസ് മുതലായവ എസ്.എൽ.ടി.സി ഉറപ്പാക്കിയില്ല, ഇത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസത്തിനും പദ്ധതികൾ ഉപേക്ഷിക്കുന്നതിനും കാരണമായി. എസ്.എൽ.ടി.സിയുടെ സാങ്കേതിക അനുമതി വേണമെന്ന് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. എന്നിരുന്നാലും, പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകാൻ സംസ്ഥാനതല ഹൈപവേർഡ് കമ്മിറ്റി (എസ്.എച്ച്.പി.എസ്.സി) നിർവ്വഹണ ഏജൻസികളെ തന്നെ അനുവദിച്ചു. 2018 സെപ്റ്റംബർ മുതൽ 2021 ജനുവരി വരെയുള്ള കാലയളവിൽ 29 മാസത്തേക്ക് എസ്.എൽ.ടി.സി യോഗങ്ങളൊന്നും വിളിച്ചിട്ടില്ലാത്തതിനാൽ 38 പദ്ധതികളുടെ സാങ്കേതിക ഘടകങ്ങൾ എസ്.എൽ.ടി.സി നിർബന്ധിത മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടുമില്ല.

### സിഎജി ശിപാർശ ചെയ്യുന്നത്

ഈ റിപ്പോർട്ടിൽ താഴെപ്പറയുന്ന ഒമ്പത് ശിപാർശകൾ നൽകിയിട്ടുണ്ട്.

- *പൊതുജനങ്ങൾക്ക് ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന വിധം ആസൂത്രണ ഘട്ടത്തിൽ ആവശ്യമായ പൊതുജനസമ്പർക്ക യോഗങ്ങൾ കൂട്ടുന്നുണ്ടെന്നും അവ യുഎൽബികൾ രേഖപ്പെടുത്തുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 1)*

- *വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഏജൻസികളെ എംപാനൽ ചെയ്യുന്നത് ഏജൻസികൾ മുൻപ് ചെയ്തിട്ടുള്ള പദ്ധതികളുടെ സമഗ്രമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് എന്ന് സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 2)*

- *സ്കീം ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്നും നിർവ്വഹണ ഏജൻസികളിൽ ഫണ്ട് പാർക്ക് ചെയ്യുന്നില്ലെന്നും സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 3)*

- *ജല ശുദ്ധീകരണ, മാലിന്യ സംസ്കരണ പ്ലാന്റുകൾ നിഷ്ക്രിയമായി കിടക്കുന്നത് ഒഴിവാക്കാൻ അവയുടെ നിർമ്മാണത്തോടൊപ്പം വിതരണ/സിവർ ശൃംഖലകളും ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 4)*

- *ദീർഘകാലം സുസ്ഥിരമായി നേട്ടങ്ങൾ ലഭിക്കുന്നതിനായി നിർമ്മിച്ച വസ്തുവകകളുടെ പ്രവർത്തനത്തിനും പരിപാലനത്തിനും മതിയായ നടപടികൾ കെഡബ്ല്യുഎ/യുഎൽബികൾ ഏറ്റെടുക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 5)*

- *കൊച്ചി കോർപ്പറേഷനിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിന് സമഗ്രമായ ഒരു പഠനം സർക്കാർ നടത്തേണ്ടതും അനുയോജ്യമായ പരിഹാര നടപടികൾ ആരംഭിക്കേണ്ടതുമാണ്.*

  *(ശിപാർശ 6)*

- *പൂർത്തീകരിക്കാത്ത എല്ലാ പദ്ധതികളും പൂർത്തീകരിക്കുന്നതിന് സർക്കാർ ഒരു കൃത്യമായ പദ്ധതി തയ്യാറാക്കുകയും പൂർത്തീകരിച്ച പദ്ധതികളുടെ പ്രയോജനങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.*

  *(ശിപാർശ 7)*

- *സേവന നിലവാര അളവുകോലുകൾ കൈവരിക്കുന്നതിനായി, പ്രത്യേകിച്ചു ജലവിതരണ, സിവറേജ് മേഖലകളിൽ സർക്കാർ വ്യക്തമായ പദ്ധതിയ്ക്ക് രൂപം നൽകേണ്ടതും അതിനായി പരിശ്രമിക്കേണ്ടതുമാണ്.*

  *(ശിപാർശ 8)*

- *അമൃത് പദ്ധതി പ്രകാരം നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾക്കനുസൃതമായി കമ്മിറ്റികളും സ്ഥാപനങ്ങളും പദ്ധതികളുടെ നടത്തിപ്പ് മേൽനോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  *(ശിപാർശ 9)*



# അദ്ധ്യായം I

## ആമുഖം

# അദ്ധ്യായം I
# ആമുഖം

## 1.1 ആമുഖം

നഗരങ്ങളിലെ വീട്ടുകൾക്ക് അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും നഗരങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, പ്രത്യേകിച്ച് ദരിദ്രരുടെയും പിന്നാക്കം നിൽക്കുന്നവരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട്, ഭാരത സർക്കാരിന് കീഴിലുള്ള, ഭവന, നഗരകാര്യ മന്ത്രാലയം (എം.ഒ.എച്ച്.യു.എ)[1], 2015 ജൂൺ 25ന് അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) ആരംഭിച്ചു.

അമൃത് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- എല്ലാ വീട്ടുകളിലും ഒരു ടാപ്പ് മുഖേനെയുള്ള കുടിവെള്ള വിതരണവും സിവറേജ് കണക്ഷനും ഉറപ്പാക്കുക
- പച്ചപ്പും നന്നായി പരിപാലിക്കുന്ന തുറസ്സായ സ്ഥലങ്ങളും വികസിപ്പിച്ചുകൊണ്ട് നഗരങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുക. ഉദാ: പാർക്കുകൾ,
- പൊതുഗതാഗതത്തിലേക്ക് മാറുന്നതിലൂടെയോ മോട്ടോർ ഉപയോഗിക്കാത്ത ഗതാഗത സൗകര്യങ്ങൾ നിർമ്മിക്കുന്നതിലൂടെയോ മലിനീകരണം കുറയ്ക്കുക. ഉദാ: നടത്തം, സൈക്ലിംഗ്.

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനുകൾ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികൾ എന്നിങ്ങനെ സംസ്ഥാനത്തെ ഒമ്പത് നഗരങ്ങളെയാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നതിനായി എം.ഒ.എച്ച്.യു.എ തിരഞ്ഞെടുത്തത്. മൊത്തം പദ്ധതി ചെലവിന്റെ അമ്പത് ശതമാനം കേന്ദ്ര വിഹിതമായ ധനസഹായമായും ബാക്കി പദ്ധതി ചെലവ് 30:20 എന്ന അനുപാതത്തിൽ സംസ്ഥാനവും മിഷൻ നഗരങ്ങളും വഹിക്കേണ്ടതായിരുന്നു. അമൃത് പദ്ധതിയുടെ കാലയളവ് തുടക്കത്തിൽ 2015-16 മുതൽ 2019-20 വരെ അഞ്ച് വർഷത്തേക്കായിരുന്നു. പിന്നീട് 2024 ഡിസംബർ വരെ നാല് തവണ കാലാവധി നീട്ടി നൽകി.

അമൃത് പദ്ധതി ഊന്നൽ നൽകിയ പ്രധാന മേഖലകൾ ഇവയായിരുന്നു

- ജലവിതരണം,
- സിവറേജ് സൗകര്യങ്ങളും സെപ്റ്റേജ് മാനേജ്മെന്റും,
- വെള്ളപ്പൊക്കം കുറയ്ക്കുന്നതിനുള്ള മഴവെള്ള ഓടകൾ,
- കാൽനടയാത്ര, മോട്ടോർ രഹിത വാഹന പൊതുഗതാഗത സൗകര്യങ്ങൾ, പാർക്കിംഗ് സ്ഥലങ്ങൾ
- ഹരിത ഇടങ്ങൾ, പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ എന്നിവ, പ്രത്യേകിച്ച് കുട്ടികൾക്കായി, സൃഷ്ടിച്ചും നവീകരിച്ചും നഗരങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുക.

ഇത്തരം പരിഷ്കാരങ്ങളിലൂടെയും ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും ഭരണം മെച്ചപ്പെടുത്തുക എന്നതും പദ്ധതി ലക്ഷ്യമിടുന്നു.

## 1.2 പദ്ധതിയുടെ ഘടകങ്ങൾ

അമൃത് പദ്ധതിയുടെ ഘടകങ്ങൾ **ചാർട്ട് 1.1ൽ** പരാമർശിച്ചിരിക്കുന്നു.

[1] നഗരവികസന മന്ത്രാലയവും ഭവനനഗരദാരിദ്ര്യലഘൂകരണ മന്ത്രാലയവും 2017 ജൂലൈ 6 ന് ഒന്നിച്ചുചേർന്ന് ഭവന നഗരകാര്യ മന്ത്രാലയം രൂപീകരിച്ചു.

**ചാർട്ട് 1.1: പദ്ധതിയുടെ ഘടകങ്ങൾ**




*(ഉറവിടം : മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ)*

## 1.3 പദ്ധതിയുടെ ഘടനാ സംവിധാനം

എം.ഒ.എച്ച്.യു.എ വഴിയാണ് ഈ പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്. എം.ഒ.എച്ച്.യു.എ സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല കമ്മിറ്റി ദേശീയ തലത്തിൽ മിഷന്റെ മേൽനോട്ടം വഹിക്കുന്നു. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എച്ച്.പി.എസ്.സി) പദ്ധതിക്ക് നേതൃത്വം നൽകുന്നു. സംസ്ഥാനത്തെ മൊത്തത്തിലുള്ള പദ്ധതി നിർവ്വഹണവും നിരീക്ഷണവും സംസ്ഥാന മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എസ്.എം.എം.യു) നിർവ്വഹിക്കുന്നു. നഗരതലത്തിൽ മിഷൻ നടപ്പാക്കേണ്ടത് നഗര തദ്ദേശ സ്ഥാപനങ്ങളുടെ (യുഎൽബി) ചുമതലയാണ്. **ചാർട്ട് 1.2ൽ** പദ്ധതിയുടെ നേതൃത്വ/നിർവ്വഹണ ഘടന ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 1.2: പദ്ധതിയുടെ നേതൃത്വ/നിർവ്വഹണ ഘടന**




*(ഉറവിടം : മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ)*

## 1.4 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ പരിശോധിക്കുവാനാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്:

- ആവശ്യകത വിലയിരുത്തുന്നതിലും സമയബന്ധിതമായ നിർവ്വഹണത്തിലും നഗരങ്ങൾക്കായുള്ള പദ്ധതികളുടെ ആസൂത്രണം ഫലപ്രദമാണോ,
- സാമ്പത്തിക മാനേജ്മെന്റ്, പദ്ധതികളുടെ നിർവ്വഹണം, നിരീക്ഷണം എന്നിവ കാര്യക്ഷമവും ഫലപ്രദവുമാണോ,
- സൃഷ്ടിക്കപ്പെട്ട ആസ്തികൾ ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ മതിയായതും ഫലപ്രദവുമായ ഒരു സംവിധാനം നിലവിലുണ്ടോ.

## 1.5 ഓഡിറ്റ് മാനദണ്ഡം

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്:

- എം.ഒ.എച്ച്.യു.എ പുറപ്പെടുവിച്ച അമൃത് മാർഗ്ഗനിർദ്ദേശങ്ങൾ.
- 2015-16, 2016-17, 2017-2020 വർഷങ്ങളിൽ തയ്യാറാക്കിയ സേവന നിലവാരം മെച്ചപ്പെടുത്തൽ പദ്ധതികളും (എസ്.എൽ.ഐ.പികൾ) സംസ്ഥാന വാർഷിക പ്രവർത്തന പദ്ധതികളും (എസ്.എ.എ.പി I, II, III).
- സംസ്ഥാനതല ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എച്ച്.പി.എസ്.സി) യുടെയും സംസ്ഥാനതല സാങ്കേതിക സമിതിയുടെയും (എസ്.എൽ.ടി.സി) യോഗങ്ങളുടെ മിനിറ്റ്സ്
- കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, 2012
- തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച അമൃത് പദ്ധതികളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

- എം.ഒ.എച്ച്.യു.എ നോട്ടിഫിക്കേഷനുകൾ, പദ്ധതിക്കായി കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ.
- ഇന്ത്യൻ റോഡ് കോൺഗ്രസ് മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവ.

## 1.6 ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

2015-16 മുതൽ 2022-23 വരെയുള്ള കാലയളവിലെ പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി. 2023 മാർച്ച് 27ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റ്, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ, കേരള ജല അതോറിറ്റി, പദ്ധതി നടപ്പിലാക്കുന്നതിൽ ഉൾപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവയിലെ രേഖകളുടെ പരിശോധന ഓഡിറ്റ് അവലംബിച്ച പരിശോധനാ രീതിയിൽ ഉൾപ്പെടുന്നു. ഓഡിറ്റ് കണ്ടെത്തലുകൾ സ്ഥിരീകരിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ സംയുക്ത ഭൗതിക പരിശോധനയും നടത്തി. ഓഡിറ്റിന്റെ സമാപനത്തിൽ, 2024 സെപ്റ്റംബർ 12ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തി, അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ നൽകിയ അഭിപ്രായങ്ങൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.7 സാംപ്ലിംഗ്

സംസ്ഥാനത്തെ ഒൻപതു മിഷൻ നഗരങ്ങളെയും (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രവർത്തനക്ഷമതാ ഓഡിറ്റിനായി തിരഞ്ഞെടുത്തു. അമൃത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ജലവിതരണം, സീവേജ്, സെപ്റ്റേജ്, മഴവെള്ള ഓടകൾ, നഗര ഗതാഗതം, ഹരിത ഇടങ്ങളും പാർക്കുകളും എന്നീ ഘടകങ്ങൾക്ക് കീഴിൽ 2023 മാർച്ച് 31 വരെ കേരള സർക്കാർ (ജി.ഒ.കെ) 1095 പദ്ധതികൾ ഏറ്റെടുത്തിരുന്നു. ഇവയെ, പൂർത്തീകരിച്ച പദ്ധതികൾ, ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികൾ, ഉപേക്ഷിക്കപ്പെട്ട/റദ്ദാക്കിയ പദ്ധതികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി ഓഡിറ്റ് തരംതിരിച്ചു. ഭാഗികമായി പൂർത്തീകരിച്ചതും ഉപേക്ഷിക്കപ്പെട്ട/റദ്ദാക്കിയതുമായ എല്ലാ പദ്ധതികളെയും വിശദമായ പരിശോധനയ്ക്കായി ഓഡിറ്റ് തിരഞ്ഞെടുത്തു. മാത്രമല്ല, ഓരോ യുഎൽബിയിലും ഓരോ മേഖലയിലും മിഷന്റെ ഓരോ ഘടകത്തിനും കീഴിലുള്ള പൂർത്തിയാക്കിയ പദ്ധതികളുടെ 25 ശതമാനവും (പരമാവധി 10 പദ്ധതികളും കുറഞ്ഞത് രണ്ട് പദ്ധതികളും എന്ന നിബന്ധന പാലിച്ചുകൊണ്ട്) വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ഒൻപത് മിഷൻ നഗരങ്ങൾ ഏറ്റെടുത്ത പദ്ധതികളിൽ വിശദമായ പരിശോധനയ്ക്കായി ഓഡിറ്റ് തിരഞ്ഞെടുത്ത പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം 1.1ൽ** വിശദീകരിച്ചിരിക്കുന്നു.

## 1.8 കൃതജ്ഞത

പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന/നഗര മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ, കേരള ജല അതോറിറ്റി എന്നിവർ നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## 1.9 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെപറയുന്ന അദ്ധ്യായങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു.

- അദ്ധ്യായം II: മിഷൻ ആസൂത്രണം ചെയ്യൽ
- അദ്ധ്യായം III: സാമ്പത്തിക മാനേജ്മെന്റ്
- അദ്ധ്യായം IV: പദ്ധതി നടപ്പാക്കൽ
- അദ്ധ്യായം V: പദ്ധതി നിരീക്ഷണം



# അദ്ധ്യായം II

# മിഷൻ ആസൂത്രണം ചെയ്യൽ

# അദ്ധ്യായം II
# മിഷൻ ആസൂത്രണം ചെയ്യൽ

എല്ലാ വീടുകൾക്കും സുനിശ്ചിതമായ കുടിവെള്ള വിതരണവും സീവേജ് കണക്ഷനും ഉറപ്പുവരുത്തുക എന്നത് മിഷന്റെ പ്രാഥമിക ലക്ഷ്യം ആയിരുന്നെങ്കിലും ഈ ലക്ഷ്യം നേടുന്നതിന് വേണ്ടിയുള്ള ആസൂത്രണം സംസ്ഥാനം നടത്തിയിരുന്നില്ല. മഴവെള്ളഓടകൾ, നഗര ഗതാഗതം എന്നീ മേഖലയിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനായി, കുടിവെള്ള മേഖലയിൽ മിഷൻ നഗരങ്ങൾ നിർദ്ദേശിച്ച പദ്ധതികളുടെ എണ്ണവും വ്യാപ്തിയും എസ്.എച്ച്.പി.എസ്.സി വെട്ടിച്ചുരുക്കി. പദ്ധതി രൂപീകരണത്തിനും നടപ്പാക്കലിനും വേണ്ടിയുള്ള ഏജൻസികളെ തീരുമാനിക്കുന്നതിനുള്ള കാലതാമസം കാരണം മിഷൻ ആരംഭിച്ച് ഒൻപത് വർഷം കഴിഞ്ഞിട്ടും പ്രധാനമായും കുടിവെള്ളം, സീവേജ് എന്നീ മേഖലകളിലെ പദ്ധതികളുടെ നടപ്പാക്കൽ താമസിക്കുകയും പദ്ധതികൾ പൂർത്തിയാകാതിരിക്കുകയും ചെയ്തു. കുടിവെള്ളം, സിവറേജ് എന്നീ മേഖലകളിലെ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഡിപിആറുകൾ കെഡബ്ല്യൂഎ തയ്യാറാക്കാത്തത് പദ്ധതികളുടെ രൂപകൽപനയിലും എസ്റ്റിമേറ്റിലുമുള്ള മാറ്റം, തുക വർദ്ധിക്കൽ, പ്രവൃത്തിയുടെ വ്യാപ്തിയിൽ കുറവ്, പദ്ധതികളുടെ താമസിച്ചുള്ള നടപ്പാക്കൽ എന്നിവയ്ക്ക് കാരണമായി. ആവശ്യമായ വൈദഗ്ധ്യത്തിന്റെ അഭാവം കാരണം സിവറേജ്/സെപ്റ്റേജ് പദ്ധതികളുടെ മതിയായതും സമയബന്ധിതവുമായ നടപ്പാക്കൽ ആസൂത്രണം ചെയ്യാൻ കെഡബ്ല്യൂഎക്ക് കഴിഞ്ഞില്ല. ശരിയായ സ്ഥല പരിശോധനയില്ലാതെയും പൊതുജനാഭിപ്രായം തേടാതെയും എംപാനൽ ചെയ്ത ഏജൻസികൾ ഡിപിആറുകൾ തയ്യാറാക്കിയത്, ₹233.55 കോടിയുടെ 27 പദ്ധതികൾ ഉപേക്ഷിക്കുന്നതിന് കാരണമായി.

## 2.1 പദ്ധതി ആസൂത്രണം

ആസൂത്രണ പ്രക്രിയയുടെ ആദ്യഘട്ടമായി അമൃത് ഘടകങ്ങളെ സംബന്ധിച്ച് ലഭ്യമായ ഡാറ്റായിൽ നിന്നും യുഎൽബികൾ സേവന നിലവാര വിടവുകൾ നിർണ്ണയിക്കണമെന്ന് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. വിടവുകൾ നിർണ്ണയിച്ചതിനുശേഷം, ആ വിടവുകൾ നികത്തുന്നതിനായി മിഷൻ നഗരങ്ങൾ സേവന നിലവാര മെച്ചപ്പെടുത്തൽ പദ്ധതികൾ (എസ്.എൽ.ഐ.പികൾ) തയ്യാറാക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ എല്ലാ മിഷൻ നഗരങ്ങളുടെയും എസ്.എൽ.ഐ.പികൾ സംസ്ഥാന വാർഷിക പ്രവർത്തനപദ്ധതിയിലേയ്ക്ക് (എസ്.എ.എ.പി) കൂട്ടിച്ചേർക്കേണ്ടതാണ്. സംസ്ഥാനതല സാങ്കേതികസമിതി (എസ്.എൽ.ടി.സി) സാങ്കേതികമായി വിലയിരുത്തുകയും അംഗീകാരം നൽകുകയും ചെയ്തതിന് ശേഷം എസ്.എ.എ.പിയിൽ ഉള്ള പദ്ധതികൾ സംസ്ഥാന തല ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എച്ച്.പി.എസ്.സി) അംഗീകരിക്കുന്നു. മിഷന് കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളുടെ വർഷം തിരിച്ചുള്ള മെച്ചപ്പെടുത്തലുകളെ സൂചിപ്പിക്കുന്ന സംസ്ഥാനതലസേവന മെച്ചപ്പെടുത്തൽ പദ്ധതി ആണ് എസ്.എ.എ.പി.

മിഷൻ ഘടകങ്ങളായ കുടിവെള്ള വിതരണം, സീവേജ്, സെപ്റ്റേജ്, മഴവെള്ള ഓട, ഹരിത ഇടങ്ങളും പാർക്കുകളും എന്നിവയുടെ നേട്ടങ്ങൾ എം.ഒ.എച്ച്.യു.എ നിർദ്ദേശിച്ച സേവന നിലവാര അളവുകോലുകൾ (എസ്എൽബി) അനുസരിച്ച് വിലയിരുത്തുകയുണ്ടായി.

ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ കാണിക്കുന്ന ഒരു ഫ്ലോ ചാർട്ട് **ചാർട്ട് 2.1ൽ** കൊടുത്തിരിക്കുന്നു.

**ചാർട്ട് 2.1: അമൃത് പദ്ധതികളുടെ ആസൂത്രണത്തിന്റെ ഘട്ടങ്ങൾ കാണിക്കുന്ന ഫ്ലോ ചാർട്ട്**




*(ഉറവിടം : മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ)*

പദ്ധതി രൂപകല്പന, വികസനം, നടത്തിപ്പ്, മാനേജ്മെന്റ് എന്നിവയ്ക്ക് മുഴുവൻ പിന്തുണയും ഉറപ്പാക്കുന്നതിന് പ്രോജക്ട് ഡെവലപ്മെൻറ് ആന്റ് മാനേജ്മെന്റ് കൺസൾട്ടന്റുമാരെ നിയോഗിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കണ്ടെത്തിയ പോരായ്മകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

### 2.1.1 മിഷൻ നഗരങ്ങൾ വിടവുകൾ നിർണ്ണയിച്ചത്

യഥാർത്ഥ സേവന നിലവാര വിടവുകളുടെ നിർണ്ണയം എസ്.എൽ.ഐ.പികളും എസ്.എ.എ.പികളും തയ്യാറാക്കുന്നതിലും പദ്ധതി വിജയകരമായി നടപ്പാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നു. സേവന നിലവാര വിടവ് നിർണ്ണയിക്കുന്നതിന് ലഭ്യമായ ഡാറ്റായോ സെൻസസ് 2011 ഡാറ്റായോ എം.ഒ.യു.ഡി നടത്തിയ അടിസ്ഥാന സർവ്വേയുടെ (2012) ഡാറ്റായോ ഉപയോഗിക്കണമെന്ന് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. അമൃത് ഘടകങ്ങളെ സംബന്ധിച്ചുള്ള വിടവ് നിർണ്ണയിക്കുന്നതിന് മിഷൻ നഗരങ്ങൾ ലഭ്യമായ ഡാറ്റയാണ് ഉപയോഗിച്ചത്.

ഓരോ ഘടകത്തിനും മന്ത്രാലയം നിർദ്ദേശിച്ച എസ്എൽബികളുടെ ലക്ഷ്യങ്ങളും മിഷൻ നഗരങ്ങൾ കണ്ടെത്തിയ വിടവുകളും **പട്ടിക 2.1ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 2.1 : സേവന നിലവാര അളവുകോലുകളും ലക്ഷ്യങ്ങളും മിഷൻ നഗരങ്ങൾ കണ്ടെത്തിയ വിടവുകളും**

| ഘടകം | സേവന നിലവാര അളവുകോലുകൾ | എസ്എൽബിയിലുള്ള ലക്ഷ്യങ്ങൾ | സേവനം നൽകുന്നതിൽ മിഷൻ നഗരങ്ങൾ കണ്ടെത്തിയ വിടവ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കൊച്ചി | തൃശ്ശൂർ | ഗുരുവായൂർ | പാലക്കാട് | കോഴിക്കോട് | കണ്ണൂർ |
| കുടിവെള്ള വിതരണം | വീടുകളുടെ കവറേജ് (ശതമാനത്തിൽ) | **100** | 22 | 60 | 39 | 11 | 40 | 91 | 38 | 55 | 57 |
| | വിതരണം ചെയ്ത ജലത്തിന്റെ അളവ് (എൽപിസിഡിയിൽ[2]) | **135** | 35 | 70 | 85 | 49 | 42 | 99 | 47 | 35 | 45 |
| | വരുമാന രഹിത ജലത്തിന്റെ തോത് (എൻആർഡബ്ല്യു) (ശതമാനത്തിൽ) | **20** | 15 | 10 | 20 | 26.7 | 10 | 23 | 10 | 10 | 12 |
| സിവറേജിന്റെയും സെപ്റ്റേജിന്റെയും മാനേജ്മെന്റ് | സീവേജ് ശൃംഖലയുടെ കവറേജ് (ശതമാനത്തിൽ) | **100** | 63 | 100 | 100 | 97 | 100 | 90 | 100 | 100 | 100 |
| | സീവേജ് ശേഖരിക്കുന്നതിലെ കാര്യക്ഷമത (ശതമാനത്തിൽ) | **100** | 59 | 100 | 100 | 97 | 100 | 100 | 100 | 100 | 100 |
| | സംസ്കരണത്തിന്റെ കാര്യക്ഷമത (ശതമാനത്തിൽ) | **100** | 05 | 100 | 100 | 96 | 100 | 100 | 100 | 100 | 100 |
| മഴവെള്ള ഓട | മഴവെള്ള ഓട ശൃംഖലയുടെ കവറേജ് (ശതമാനത്തിൽ) | **100** | 40 | 75 | 76 | 57 | 94 | 85 | 39 | 50 | 85 |
| ഹരിത ഇടങ്ങളും പാർക്കുകളും | ഒരാൾക്ക് ലഭ്യമായ തുറസ്സായ സ്ഥലം (ചതുരശ്ര മീറ്ററിൽ) | **10-12[3]** | 9 | 5.19 | 7 | 00 | 00 | 00 | 6.57 | 00 | 6.71 |

*(ഉറവിടം : എസ്.എൽ.ഐ.പിയും യുഎൽബികൾ/കെഡബ്ല്യുഎയിൽ നിന്നും ശേഖരിച്ച വിവരങ്ങളും)*

എല്ലാ മേഖലകളിലും മിഷൻ നഗരങ്ങൾ വിടവുകൾ കണ്ടെത്തിയെങ്കിലും, ഈ വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും ഉള്ള കുറവുകൾ കാരണം ഇനിയുള്ള ഖണ്ഡികകളിൽ വിവരിക്കുന്നത് പോലെ വിടവുകൾ പൂർണ്ണമായി നികത്താൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

[2] ഒരു ദിവസത്തെ ആളോഹരി ലിറ്റർ

[3] എം.ഒ.യു.ഡിയുടെ നഗര, പ്രാദേശിക വികസന പദ്ധതി രൂപീകരണ, നടപ്പാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ, 2014 അടിസ്ഥാനമാക്കി

### 2.1.2 എസ്.എൽ.ഐ.പിയുടെയും എസ്.എ.എ.പിയുടെയും തയ്യാറാക്കലിലെ കുറവുകൾ

സേവന നിലവാരങ്ങളിലെ വിടവുകൾ നിർണ്ണയിച്ചു കഴിഞ്ഞാൽ, ഈ വിടവ് നികത്തിന്നതിനുള്ള പദ്ധതികളും പ്ലാനുകളും തയ്യാറാക്കുകയാണ് അടുത്ത പടി. ഓരോ അമൃത് ഘടകങ്ങൾക്കും എല്ലാ അമൃത് നഗരങ്ങളും സേവന നിലവാര മെച്ചപ്പെടുത്തൽ പദ്ധതി (എസ്.എൽ.ഐ.പി) തയ്യാറാക്കണം എന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. 2015-16 മുതൽ 2017-18 വരെയുള്ള കാലയളവിൽ, അഞ്ച് ഘടകങ്ങളിലായി ₹9860.48 കോടി പദ്ധതി തുകയ്ക്കുള്ള 527 പദ്ധതികൾ നിർദ്ദേശിക്കുന്ന മൂന്ന് എസ്.എൽ.ഐ.പികൾ മിഷൻ നഗരങ്ങൾ തയ്യാറാക്കി.

എസ്എൽബികളിൽ വർഷംതോറുമുള്ള മെച്ചപ്പെടുത്തലുകൾ സൂചിപ്പിക്കുന്ന സംസ്ഥാന തല സേവന മെച്ചപ്പെടുത്തൽ പ്ലാൻ ആണ് എസ്.എ.എ.പി. സംസ്ഥാനതലത്തിൽ, എല്ലാ മിഷൻ നഗരങ്ങളുടെയും എസ്.എൽ.ഐ.പികൾ സംയോജിപ്പിച്ച് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (എസ്.എ.എ.പി) തയ്യാറാക്കേണ്ടതാണ്. ഓരോ വർഷവും ലഭ്യമായ വിഭവങ്ങൾ അടിസ്ഥാനമാക്കി നഗരങ്ങൾക്കും പദ്ധതികൾക്കും മുൻഗണന നൽകി എസ്.എ.എ.പി തയ്യാറാക്കി എം.ഒ.എച്ച്.യു.എയുടെ അംഗീകാരത്തിനായി അയയ്ക്കേണ്ട ഉത്തരവാദിത്തം എസ്.എച്ച്.പി.എസ്.സിയിൽ നിക്ഷിപ്തമായിരുന്നു. എസ്.എ.എ.പി തിരിച്ചുള്ള കാലയളവിന്റെയും എം.ഒ.എച്ച്.യു.എ അംഗീകരിച്ച ഫണ്ടിന്റെയും വിശദാംശങ്ങൾ **അനുബന്ധം 2.1ൽ** കൊടുത്തിരിക്കുന്നു. 2015-16, 2016-17, 2017-20 കാലയളവിലേയ്ക്ക് ₹2357.69 കോടിയുടെ 368 പദ്ധതികളടങ്ങുന്ന മൂന്ന് എസ്.എ.എ.പികൾ എം.ഒ.എച്ച്.യു.എ അംഗീകരിച്ചു. എസ്.എൽ.ഐ.പിയുടെയും എസ്.എ.എ.പിയുടെയും ഘടകം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 2.2ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 2.2: എസ്.എൽ.ഐ.പികളുടെയും എസ്.എ.എ.പികളുടെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | എസ്.എൽ.ഐ.പിയിൽ നിർദ്ദേശിച്ചത് | | എസ്.എ.എ.പിയിൽ അംഗീകരിച്ചത് | |
|---|---|---|---|---|---|
| | | പദ്ധതികളുടെ എണ്ണം | തുക | പദ്ധതികളുടെ എണ്ണം | തുക |
| 1. | കുടിവെള്ള വിതരണം | 107 | 2217.15 | 91 | 1066.92 |
| 2. | സ്വീവേജും സെപ്റ്റേജും | 78 | 4141.15 | 48 | 624.75 |
| 3. | മഴവെള്ള ഓട | 167 | 1976.87 | 100 | 382.29 |
| 4. | നഗരഗതാഗതം | 70 | 1201.76 | 64 | 235.12 |
| 5. | ഹരിതഇടങ്ങളും പാർക്കുകളും | 105 | 323.55 | 65 | 48.61 |
| | **ആകെ** | **527** | **9860.48** | **368** | **2357.69** |

*(ഉറവിടം : എസ്.എം.എം.യുവിൽ നിന്നുള്ള ഡാറ്റ)*

എസ്.എൽ.ഐ.പികളും എസ്.എ.എ.പികളും തയ്യാറാക്കുന്നതിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### *2.1.2.1 സാർവത്രിക കവറേജ് നേടുന്നതിൽ ആസൂത്രണത്തിലെ പരാജയം*

കുടിവെള്ള വിതരണത്തിലും സിവറേജിലും സാർവത്രിക കവറേജ് നേടുക എന്നതായിരുന്നു മിഷന്റെ പ്രാഥമിക ഉദ്ദേശ്യം. അമൃത് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സാർവത്രിക കവറേജ് തുടങ്ങേണ്ടിയിരുന്നത് കുടിവെള്ള വിതരണത്തിലും തുടർന്ന് സിവറേജിലുമാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിവെള്ള വിതരണവും സിവറേജും ഒരുമിച്ച് ചെയ്യാവുന്നതാണ്. സാർവത്രിക കവറേജ് നേടിക്കഴിഞ്ഞാൽ, സംസ്ഥാനം/യുഎൽബികൾക്ക് മറ്റ് ഘടകങ്ങൾ നടപ്പിലാക്കാനായി തെരഞ്ഞെടുക്കാം. കുടിവെള്ള വിതരണത്തിലെ വിടവ് നികത്തുന്നതിനായി ₹2217.15 കോടിയുടെ പദ്ധതികൾ (107 പദ്ധതികൾ) യുഎൽബികൾ കണ്ടെത്തി എസ്.എൽ.ഐ.പിയിൽ ഉൾപ്പെടുത്തിയെങ്കിലും, എസ്.എച്ച്.പി.എസ്.സി 91 പദ്ധതികൾ മാത്രമേ

എസ്.എ.എ.പികളിൽ ഉൾപ്പെടുത്തിയെന്നും പ്രസ്തുത പദ്ധതികളുടെ വ്യാപ്തി ₹1066.92 കോടിയായി വെട്ടിച്ചുരുക്കിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അമൃത് പദ്ധതിയുടെ പ്രാഥമിക പരിഗണന കുടിവെള്ള വിതരണത്തിനായിരുന്നെങ്കിലും മിഷൻ നഗരങ്ങൾ നിർദ്ദേശിച്ച കുടിവെള്ളവിതരണ ഘടകത്തിലെ പദ്ധതികൾ ഒഴിവാക്കുന്നതിനും/വ്യാപ്തി കുറയ്ക്കുന്നതിനുമുള്ള കാരണം രേഖകളിൽ ലഭ്യമല്ലായിരുന്നു.

കൂടാതെ, കിണറുകൾ, കുഴൽ കിണറുകൾ, പൊതുടാപ്പുകൾ, സമൂഹ കുടിവെള്ള വിതരണ പദ്ധതികൾ തുടങ്ങിയവ പോലുള്ള ബദൽ മാർഗ്ഗങ്ങൾ വഴി 19 ശതമാനം വീടുകൾ കുടിവെള്ളത്തിന്റെ ആവശ്യം നിറവേറ്റുന്നു എന്നു പറഞ്ഞുകൊണ്ട്, 81 ശതമാനം വീടുകൾ മാത്രമാണ് (സാർവത്രിക കവറേജിന് പകരം) ടാപ്പിലൂടെയുള്ള ജല വിതരണം ലഭ്യമാക്കാൻ എസ്.എ.എ.പിയിൽ സംസ്ഥാനം ലക്ഷ്യമിട്ടത്. സംസ്ഥാനത്തിന്റെ അത്തരത്തിലുള്ള ഒഴിവാക്കൽ ഏതെങ്കിലും സർവ്വേയുടേയോ യഥാർത്ഥ പഠനത്തിന്റെയോ അടിസ്ഥാനത്തിൽ ആയിരുന്നില്ല എന്നും 19 ശതമാനം വീടുകൾക്ക് കിണറുകളിൽ നിന്നോ, മറ്റു ഉറവിടങ്ങളിൽ നിന്നോ കുടിവെള്ളത്തിനുള്ള മാർഗ്ഗം ഉണ്ടെന്ന അനുമാനത്തിന് എന്തെങ്കിലും ന്യായീകരണം നൽകാൻ എസ്.എം.എം.യുവിന് കഴിഞ്ഞില്ലായെന്നും ഓഡിറ്റ് നിരീക്ഷിച്ചു. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട് (സി.ഡബ്ല്യു.ആർ.ഡി.എം) നടത്തിയ (2019 ആഗസ്റ്റ് ) ഒരു പഠനത്തിൽ വെളിവായത്, കൊച്ചി കോർപ്പറേഷനിലെ 14 ശതമാനം ഭൂഗർഭജല ഉറവിടങ്ങൾ മാത്രമാണ് കുടിവെള്ളത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചത് എന്നാണ്. അതിനാൽ, എസ്.എച്ച്.പി.എസ്.സി, 19 ശതമാനം വീടുകളെ സാർവത്രിക കവറേജിന്റെ നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയത്, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരായിരുന്നു എന്നു മാത്രമല്ല വൃത്തിയുള്ളതും സുരക്ഷിതവുമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള ജനങ്ങളുടെ അവകാശത്തെ വെട്ടിക്കുറക്കുകയും ചെയ്തു.

സാമ്പത്തിക പരിമിതികൾക്ക് പുറമേ ചില പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവും സാങ്കേതികവുമായ വെല്ലുവിളികൾ കാരണം, 100 ശതമാനം കവറേജ് നേടുക എന്നത് ഒരു സങ്കീർണ്ണമായ ദൗത്യമായിരുന്നു എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). ചില വീടുകളെ, പ്രത്യേകിച്ച് വിദൂരമോ എത്തിപ്പെടാൻ പ്രയാസമുള്ളതോ ആയ പ്രദേശങ്ങളെ ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കാര്യത്തിൽ സാങ്കേതിക പരിമിതികൾ നേരിട്ടേക്കാം എന്നതിനാൽ അവരെ ഉൾപ്പെടുത്താൻ പ്രത്യേക ആസൂത്രണവും അധികഘട്ടങ്ങളും ആവശ്യമാണ്. അതിനാൽ, സാങ്കേതികമായും ലോജിസ്റ്റിക് ആയും പെട്ടെന്ന് നടപ്പാക്കൽ സാധ്യമായ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, ഒരു യാഥാർത്ഥ്യബോധത്തോടെയുള്ളതും സാധ്യമായതുമായ സമീപനമാണ് സ്വീകരിച്ചത്. 100 ശതമാനം കവറേജ് ഉടനെ ആസൂത്രണം ചെയ്തിട്ടില്ലെങ്കിലും, യുഎൽബികളിലെ എല്ലാ വീടുകൾക്കും വിശ്വസനീയവും സുസ്ഥിരവുമായ കുടിവെള്ള വിതരണം ഉറപ്പാക്കുക എന്നത് ദീർഘകാല ലക്ഷ്യമാണ്.

പദ്ധതി നടപ്പാക്കലിൽ നേരിടുന്ന ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവും സാങ്കേതികവുമായ വെല്ലുവിളികൾ ഓഡിറ്റ് അംഗീകരിക്കുന്നുണ്ടെങ്കിലും ദുർഘട പ്രദേശങ്ങൾ ലക്ഷ്യമിട്ടുള്ള ഇടപെടലിനു പകരം പെട്ടെന്ന് നടപ്പാക്കൽ സാധ്യമായതും മുൻഗണന കുറഞ്ഞതുമായ മേഖലകളിലെ പദ്ധതികൾ നടപ്പാക്കുന്നതിന് തെരഞ്ഞെടുക്കുകയും, വിദൂരവും സേവനം ലഭ്യമല്ലാത്തതുമായ പ്രദേശങ്ങളിലെ വീടുകളെ അസൂത്രണത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തതിലെ ന്യായീകരണം പദ്ധതിയുടെ അടിസ്ഥാനപരമായ ലക്ഷ്യത്തിന് യോജിക്കുന്നതല്ല.

### *2.1.2.2 പൊതുജന അഭിപ്രായം കൂടാതെ പദ്ധതികൾ ഉൾപ്പെടുത്തൽ*

പദ്ധതികളുടെ തെരഞ്ഞെടുക്കലും അവയുടെ മുൻഗണന നിശ്ചയിക്കലും ജനങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതും റസിഡന്റ്സ് അസോസിയേഷനുകൾ, നികുതിദായക അസോസിയേഷനുകൾ, മുതിർന്ന പൗരൻമാർ, ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ്, ചേരി നിവാസി അസോസിയേഷനുകൾ തുടങ്ങിയ വ്യത്യസ്ത ആളുകൾ ഉൾപ്പെട്ട പൊതുജന കൂടിയാലോചനാ യോഗങ്ങളിലൂടെ ലക്ഷ്യം നേടേണ്ടതുമാണെന്ന്

അമൃത് മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. ഈ കൂടിയാലോചനകളിൽ, കാര്യവിവരമുള്ള തീരുമാനങ്ങളെടുക്കാനും നൂതനമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും പ്രാപ്തമാക്കുന്നതിനു വേണ്ടി, മികച്ച സമ്പ്രദായങ്ങളുടെയും ഉചിതമായ പരിഹാരങ്ങളുടെയും വിശദാംശങ്ങൾ ജനങ്ങളുമായി പങ്കുവെയ്ക്കേണ്ടതാണ്. എന്നാൽ, ഒൻപത് യുഎൽബികളിൽ ആറെണ്ണം[4], പൊതുജനകൂടിയാലോചന നടത്താതെ എസ്.എൽ.ഐ.പികൾ തയ്യാറാക്കി. മറ്റ് മൂന്നു യുഎൽബികൾ[5] പൊതുജനകൂടിയാലോചന നടത്തിയെന്ന് അവകാശപ്പെട്ടുവെങ്കിലും, ഇതിനെ സംബന്ധിക്കുന്ന രേഖകളൊന്നും ഇല്ലായിരുന്നു. അഞ്ച് യുഎൽബികളിലെ ആകെ ₹174.08 കോടി പദ്ധതി തുകയുള്ള ഒൻപത് പദ്ധതികൾ ജനങ്ങളുടെ എതിർപ്പ് കാരണം നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ജനങ്ങളുടെ എതിർപ്പ് കാരണം റദ്ദുചെയ്ത/കാലതാമസം വന്ന പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 2.3ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 2.3: പൊതുജന എതിർപ്പ് കാരണം ഉപേക്ഷിക്കപ്പെട്ട/കാലതാമസം വന്ന പദ്ധതികൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബി യുടെയും ഘടകത്തിന്റെയും പേര്) | പൊതുജനങ്ങളുടെ എതിർപ്പിനുള്ള കാരണം | തൽസ്ഥിതി | പദ്ധതി തുക |
|---|---|---|---|---|
| 1. | ജി.വി.രാജ റോഡ്, സി ലെയിൻ, കണ്ണാന്തുറ ചർച്ച് റോഡ്, ശംഖുമുഖം വാർഡ് (തിരുവനന്തപുരം, എസ്ഡബ്ല്യുഡി) | പൊതുജനങ്ങളുടെ താൽപര്യമില്ലായ്മ | പ്രവൃത്തി റദ്ദാക്കി | 0.45 |
| 2. | എസ്ഡബ്ല്യുഡി വർക്ക് 63-16-ാം തെരുവ് മുതൽ ഗിരിജ തോട് വരെ (തൃശ്ശൂർ) | പ്രവൃത്തി പൂർത്തിയാകുമ്പോൾ മെയിൻ ഓടയിൽ നിന്നും നിർദ്ദേശിച്ച ഓടയിലേക്ക് തിരിച്ചുള്ള ഒഴുക്ക് ഭയന്നതിനാലും യുഎൽബി എഞ്ചിനീയർമാർ നിർദ്ദേശിച്ച പരിഹാരം (സംപ് നിർമ്മിക്കുക) ജനങ്ങൾക്ക് സ്വീകാര്യമല്ലാത്തതിനാലും | പ്രവൃത്തി റദ്ദാക്കി | 0.79 |
| 3. | എസ്ഡബ്ല്യുഡി വർക്ക് 64-മെയിൻ തെരുവ് റോഡ് (തൃശ്ശൂർ) | | | 0.18 |
| 4. | സോൺ എ യിലെ സിവറേജ് സിസ്റ്റത്തിന്റെ നിർമ്മാണം-പാക്കേജ് എ & ബി (കോഴിക്കോട്, സിവറേജ്/സെപ്റ്റേജ്) | ആവിക്കലിലും കോതിയിലും വികേന്ദ്രീകൃത എസ്ടിപികൾ നിർമ്മിക്കുന്നതിനെതിരെയുള്ള പൊതുജന പ്രതിഷേധം | രണ്ട് പദ്ധതികൾ അമൃത് 1.0 യിൽ നിന്നും റദ്ദാക്കുകയും അമൃത് 2.0 യിലേക്ക് മാറ്റുകയും ചെയ്തു | 140.0 |
| 5. | ചക്കംകണ്ടത്തിലെ 10 ലക്ഷം ലിറ്റർ ഒഎച്ച്എസ്ആറിന്റെ നിർമ്മാണം (ഗുരുവായൂർ, ജലവിതരണം) | ചക്കംകണ്ടത്തിൽ ആദ്യം തെരഞ്ഞെടുത്ത സ്ഥലം തണ്ണീർതടമായതുകൊണ്ട് സ്ഥലം നികത്തലിനെതിരെയുള്ള പൊതുജന പ്രതിഷേധം | സ്ഥലം മാറ്റേണ്ടി വന്നത് കാരണം നടപ്പാക്കലിനു കാലതാമസം വരികയും എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും തുക വർദ്ധിക്കുകയും ചെയ്തു | 15.50 |
| 6. | ചക്കംകണ്ടത്തെ സെപ്റ്റേജ് പ്ലാന്റിന്റെ നിർമ്മാണം (ഗുരുവായൂർ, സിവറേജ്/സെപ്റ്റേജ്) | നിയുക്ത സ്ഥലത്തെ മണ്ണിട്ട് നികത്തലിനെതിരെ ജനം പരാതിപ്പെട്ടു. | എസ്.എച്ച്.പി.എസ്.സി പ്രവൃത്തി റദ്ദാക്കി | 4.50 |

4 തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും

5 തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബി യുടെയും ഘടകത്തിന്റെയും പേര്) | പൊതുജനങ്ങളുടെ എതിർപ്പിനുള്ള കാരണം | തൽസ്ഥിതി | പദ്ധതി തുക |
|---|---|---|---|---|
| 7. | വികേന്ദ്രീകൃത സെപ്റ്റേജ് സംസ്കരണ പ്ലാന്റ്, വസൂരിച്ചിറ (കൊല്ലം, സിവറേജ്/സെപ്റ്റേജ്) | വികേന്ദ്രീകൃത എസ്ടിപികൾക്ക് എതിരെയുള്ള പൊതുജന പ്രതിഷേധം | ഡിപിആറുകൾ തയ്യാറാക്കിയതിന് ശേഷം പ്രവൃത്തി റദ്ദു ചെയ്തു | 12.66 |
| 8. | വികേന്ദ്രീകൃത സെപ്റ്റേജ് സംസ്കരണ പ്ലാന്റ്, കരിക്കുഴി ഏല (കൊല്ലം, സിവറേജ്/സെപ്റ്റേജ്) | | | |
| 9. | വികേന്ദ്രീകൃത സെപ്റ്റേജ് സംസ്കരണ പ്ലാന്റ്, ആണ്ടാമുക്കം (കൊല്ലം, സിവറേജ്/സെപ്റ്റേജ്) | | | |
| | **ആകെ** | | | **174.08** |

*(ഉറവിടം : എസ്.എം.എം.യു/സി.എം.എം.യുവിൽ നിന്നും ശേഖരിച്ച ഡാറ്റാ)*

എസ്.എൽ.ഐ.പി തയ്യാറാക്കുന്നതിന് മുമ്പ് മിഷൻ നഗരങ്ങൾ പൊതുജനകൂടിയാലോചന യോഗങ്ങൾ കൂടിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). എന്നാൽ എസ്.എൽ.ഐ.പി തയ്യാറാക്കുന്നതിന് മുമ്പ് പൊതുജനകൂടിയാലോചനാ യോഗങ്ങൾ നടത്തിയത് സംബന്ധിച്ചുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല (2024 ഡിസംബർ). കൂടാതെ, പൊതുജനകൂടിയാലോചന നടത്താതെയാണ് എസ്.എൽ.ഐ.പി തയ്യാറാക്കിയതെന്ന് ഒൻപത് യുഎൽബികളിൽ ആറെണ്ണം മറുപടി നൽകി.

### *2.1.2.3 വിടവ് നികത്തുന്നതിനാവശ്യമായ നിർദ്ദിഷ്ട പദ്ധതികൾ കണ്ടെത്താതിരിക്കൽ*

വ്യക്തമായ പദ്ധതികൾ നിർദ്ദേശിക്കുന്നതിനു പകരം, 'നടപ്പാതയുടെ നവീകരണം', 'ജലസംഭരണിയുടെ നിർമ്മാണം', 'ഓട ശൃംഖലയുടെ നിർമ്മാണം/പുനരുജ്ജീവനം' 'കുളങ്ങളുടെ നവീകരണം' തുടങ്ങിയ പൊതുവായ പേരുകളിൻ കീഴിൽ ഉള്ള പദ്ധതികളാണ് യുഎൽബികൾ നിർദ്ദേശിച്ചതെന്ന് എസ്.എൽ.ഐ.പികൾ/ എസ്.എ.എ.പികളുടെ സൂക്ഷ്മ പരിശോധനയിൽ കണ്ടു. ഇത് സൂചിപ്പിക്കുന്നത് വിടവ് നികത്താനുള്ള പ്രത്യേക പദ്ധതികൾ കണ്ടെത്താതെയാണ് എസ്.എൽ.ഐ.പികൾ/ എസ്.എ.എ.പികൾ തയ്യാറാക്കിയതെന്നായിരുന്നു. കൂടാതെ, മൂന്ന് എസ്.എ.എ.പികളിലായി 368 പദ്ധതികൾ അംഗീകരിച്ചതിൽ, 1095 പദ്ധതികൾ നടപ്പാക്കലിനായി ഏറ്റെടുത്തു. എസ്.എ.എ.പികളിലെ 368 പദ്ധതികളുമായി നടപ്പാക്കിയ 1095 പദ്ധതികൾ മാപ്പിംഗ് ചെയ്യാത്തത് സൂചിപ്പിക്കുന്നത്, നിർദ്ദിഷ്ട പദ്ധതികൾ കണ്ടെത്തിയത് എസ്.എ.എ.പികൾ അംഗീകരിച്ചതിന് ശേഷം മാത്രമാണ് എന്നാണ്.

അംഗീകരിച്ച പദ്ധതികൾ അവയോട് അനുബന്ധപ്പെട്ട് നടപ്പാക്കിയ പാക്കേജുമായി മാപ്പിംഗ് നടത്തേണ്ടതിന്റെ പ്രാധാന്യം അംഗീകരിക്കുകയും കെഡബ്ല്യൂഎ ഉപയോഗിക്കുന്ന പ്രോജക്ട് മേൽനിരീക്ഷണ സോഫ്റ്റ്‌വെയറിൽ എല്ലാ പദ്ധതികളെ ട്രാക്ക് ചെയ്യുന്നതിനും ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും ഉതകുന്ന ഒരു സമഗ്ര മാപ്പിംഗ് സിസ്റ്റം നടപ്പാക്കാൻ സത്വര നടപടികൾ എടുത്തിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു. (2024 ഒക്ടോബർ). കൂടാതെ പദ്ധതികളുടെ ട്രാക്കിംഗ്, സാമ്പത്തിക മേൽനോട്ടവും സുതാര്യതയും വർദ്ധിപ്പിക്കൽ, മെച്ചപ്പെട്ട മേൽനിരീക്ഷണത്തിനും റിപ്പോർട്ടിംഗിനു വേണ്ടി ഓരോ പദ്ധതി ഘടകവും അതിന്റെ ഒറിജിനൽ അനുമതിയുമായി മാപ് ചെയ്യുന്നുണ്ടെന്ന് ഉറപ്പിക്കൽ എന്നിവ ഈ മാപ്പിംഗ് സിസ്റ്റം ഉറപ്പാക്കുന്നതാണ് എന്നാണ്.

### 2.1.2.4 വിടവ് നികത്തുന്നതിന് മതിയായ പദ്ധതികൾ ഉൾപ്പെടുത്താത്തത്

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ ജലവിതരണ ശൃംഖലയിൽ യഥാക്രമം 310 കിമീ, 104 കിമീ, 351 കിമീ, 519 കിലോമീറ്ററിന്റെ വിടവ് കണ്ടെത്തിയെങ്കിലും മുഴുവൻ വിടവും നികത്തുന്നതിനുള്ള പദ്ധതികൾ എസ്.എൽ.ഐ.പിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ, ജലവിതരണ ശൃംഖലയിലെ 12 ശതമാനം മുതൽ 32 ശതമാനം വരെ വിടവ് മാത്രമേ ഈ യുഎൽബികൾക്ക് നികത്താനായുള്ളു.

ഡബ്ല്യുടിപി, ഒ.എച്ച്.എസ്.ആറുകൾ എന്നിവ നിർമ്മിക്കുകയും വലിയ വിതരണ ലൈനുകൾ സ്ഥാപിക്കുകയും ചെയ്തുവെങ്കിലും, ചെറിയ വിതരണ ലൈനുകൾക്കായുള്ള പദ്ധതികൾ എസ്.എ.എ.പിയിൽ ഉൾക്കൊള്ളിക്കുന്നതിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി പരാജയപ്പെട്ടതുകാരണം ഖണ്ഡിക 4.3.4.1-ൽ വിവരിച്ചിരിക്കുന്നത് പോലെ, വീടുകൾക്ക് പൈപ്പ് വെള്ളം നൽകുക എന്ന ലക്ഷ്യം നേടാനായില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു.

ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യതയിൽ ആകെയുള്ള ഒൻപത് മിഷൻ നഗരങ്ങളും വിടവുകൾ കണ്ടെത്തിയെങ്കിലും, മുഴുവൻ വിടവും നികത്തുന്നതിനുള്ള പുതിയ ജലശുദ്ധീകരണ പ്ലാന്റുകൾ (ഡബ്ല്യുടിപികൾ) നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കൊല്ലം കോർപ്പറേഷനും പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളും മാത്രമാണ് ഉൾപ്പെടുത്തിയത്. മൂന്ന് യുഎൽബികൾ[6], 43 മുതൽ 76 ശതമാനം വരെ മാത്രം വിടവ് നികത്തുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി. കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളും ആലപ്പുഴ മുനിസിപ്പാലിറ്റിയും എസ്.എൽ.ഐ.പി/ എസ്.എ.എ.പിയിൽ ഒരു പദ്ധതിയും ഉൾപ്പെടുത്തിയില്ല.

സ്വീവേജ് കലരുന്നതും ഓട തടസപ്പെടുന്നതും കൊണ്ട് വെള്ളപ്പൊക്കം ഉണ്ടാകാൻ സാദ്ധ്യതയുള്ള 148 സ്ഥലങ്ങൾ ഒൻപത് യുഎൽബികൾ കണ്ടെത്തിയെങ്കിലും കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളും പാലക്കാട് മുനിസിപ്പാലിറ്റിയും ഒഴികെയുള്ള യുഎൽബികൾ വിടവുകൾ ഫലപ്രദമായി നികത്തുന്നതിനുള്ള പദ്ധതികൾ മഴവെള്ള ഓടനിർമ്മാണ മേഖലയിൽ നിർദ്ദേശിക്കുന്നതിൽ പരാജയപ്പെട്ടു.

യുഎൽബികളിലെ ഡ്രെയിനേജ് മാസ്റ്റർപ്ലാനിന്റെ അഭാവം മൂലം മഴവെള്ള ഓട നിർമ്മാണ മേഖലയിൽ വിടവ് നികത്തുന്നതിന് പ്രത്യേകമായ പദ്ധതികൾ കണ്ടെത്തിയില്ലെന്ന് എക്സിറ്റ് കോൺഫറൻസിൽ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) പ്രസ്താവിച്ചു (2024 സെപ്റ്റംബർ).

### 2.1.2.5 പദ്ധതി രൂപീകരണത്തിനും നടപ്പാക്കലിനുമുള്ള ഏജൻസികളെ തീരുമാനിക്കുന്നതിലെ കാലതാമസം

ഭാരത സർക്കാർ 2015 ജൂണിൽ അമൃത് പദ്ധതി ആരംഭിക്കുകയും 2015 നവംബറിൽ 2015–16 ലേയ്ക്കുള്ള ആദ്യ എസ്.എ.എ.പി അംഗീകരിക്കുകയും 2015 ഡിസംബറിൽ ആദ്യ ഗഡുവായ ₹57.60 കോടി നൽകുകയും ചെയ്തു. പദ്ധതി രൂപകല്പന തയ്യാറാക്കൽ, ടെൻഡർ പ്രക്രിയയിലെയും അത് അന്തിമമാക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം തുടങ്ങിയവയാണ് പദ്ധതികളുടെ വേഗം കുറയ്ക്കുന്ന കാരണങ്ങൾ ആയി അമൃത് മിഷൻ കണ്ടെത്തിയത്. ഈ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന്, പ്രോജക്ട് ഡെവലപ്മെന്റ് ആന്റ് മാനേജ്മെൻറ് കൺസൾട്ടന്റ്സ് (പി.ഡി.എം.സികൾ) എന്ന് വിളിക്കുന്ന ബാഹ്യസ്ഥാപനങ്ങളുടെ സേവനം തേടാൻ നിർദ്ദേശിച്ചിരുന്നു. ആസൂത്രണം, രൂപകല്പന, മേൽനോട്ടം, പദ്ധതി പരിപാലനം എന്നീ നാല് വിശാല ഘടകങ്ങളായിട്ടാണ് മിഷന് കീഴിൽ പി.ഡി.എം.സിയുടെ സേവനത്തിന്റെ വ്യാപ്തി വിഭജിക്കപ്പെട്ടിരുന്നത്. എസ്.എൽ.ഐ.പി ചട്ടക്കൂടിനെ അടിസ്ഥാനമാക്കി പദ്ധതികൾ കണ്ടെത്തുകയും അതിനാവശ്യമായ അന്വേഷണം, രൂപകല്പന, സംഭരണം, നടപ്പാക്കൽ എന്നിവ

[6] തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ കോർപ്പറേഷനുകൾ

പി.ഡി.എം.സി ചെയ്യേണ്ടതാണ്. പി.ഡി.എം.സി പൊതുസ്വകാര്യ പങ്കാളിത്തത്തിന്റെയും (പിപിപി) ഇടയ്ക്കുള്ള തിരുത്തലിന്റെയും സാധ്യത പരിശോധിക്കുകയും ജനങ്ങളുടെ പ്രതികരണം ലഭിക്കാൻ അവരുമായി ഇടപെടുകയും ചെയ്യേണ്ടതായിരുന്നു. പി.ഡി.എം.സിയെ ഏർപ്പെടുത്താൻ 2015 ഡിസംബറിൽ എസ്.എം.എം.യു താൽപര്യപത്രം ക്ഷണിച്ച് അഞ്ച് ഏജൻസികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയെങ്കിലും, 2016 ഡിസംബറിൽ കൂടിയ ഏഴാമത് എസ്.എച്ച്.പി.എസ്.സി, ജലവിതരണപദ്ധതികൾ നടപ്പാക്കാൻ കെഡബ്ല്യുഎയെ ഏർപ്പെടുത്താൻ തീരുമാനിച്ചു. ജലവിതരണ പദ്ധതികൾക്കായി കെഡബ്ല്യുഎയെ ഏർപ്പെടുത്തിയത്, പി.ഡി.എം.സിയുടെ പ്രവർത്തനവ്യാപ്തി കുറയാൻ കാരണമായതിനാൽ അത് പി.ഡി.എം.സിയുടെ പ്രവർത്തനങ്ങൾ വിഭജിക്കാനും പദ്ധതി വികസനം, ഗുണനിലവാരം ഉറപ്പുവരുത്തൽ, പദ്ധതി മേൽനിരീക്ഷണം എന്നിവ വ്യത്യസ്ത ഏജൻസികളെ ഏൽപ്പിക്കാനും തീരുമാനിച്ചു. കൂടാതെ, പത്താമത്തെയും പതിനാലാമത്തെയും എസ്എച്ച്പിഎസ്സികൾ (2017 ജൂലായ്, ഡിസംബർ) തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലെ സിവറേജ്/സെപ്റ്റേജ് മേഖലയിലെ പദ്ധതികളുടെ നടപ്പാക്കൽ കെഡബ്ല്യുഎയെ ഏൽപ്പിച്ചു. തീരുമാനം എടുക്കുന്നതിലെ ഈ കാലതാമസം കാരണം ജലവിതരണവും സിവറേജും മേഖലകളിലെ പദ്ധതികൾക്കായി കെഡബ്ല്യുഎയുമായി ത്രികക്ഷി ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ (2018 ജനുവരി) താമസം ഉണ്ടായി. അപ്രകാരം, പദ്ധതി നടപ്പാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള കാലതാമസം, പദ്ധതി നടപ്പാക്കലിന് വിശേഷിച്ച് ജലവിതരണ, സിവറേജ് മേഖലകളിലെ പദ്ധതികൾ വൈകുന്നതിന് കാരണമായി. ജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, ജലവിതരണ ലൈനുകൾ സ്ഥാപിക്കൽ, സീവേജ് സംസ്കരണ പ്ലാന്റുകൾ എന്നിവ പോലുള്ള വലിയ പദ്ധതികളിൽ ഭൂരിഭാഗവും 2018ന് ശേഷമാണ് ടെൻഡർ ചെയ്തത്. ഇത് കാരണം പദ്ധതിതുകയിനത്തിൽ ലഭ്യമായ ₹356.27 കോടിയിൽ 2017–18 വരെ ₹12.09 കോടി മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞുള്ളൂ. തത്ഫലമായി ഖണ്ഡികകൾ 4.3ലും 4.5ലും വിശദീകരിച്ചിരിക്കുന്നത് പോലെ കേന്ദ്ര സർക്കാരിൽ നിന്നും തുടർന്നുള്ള ഗഡുക്കൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും, ചെലവ് വർദ്ധിക്കുന്നതിനും പദ്ധതികൾ പൂർത്തിയാകാതെയിരിക്കുന്നതിനും (2024 മാർച്ച്) ഇടയാക്കുകയും ചെയ്തു.

### 2.1.3 വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ

അംഗീകരിച്ച എസ്.എ.എ.പിയിലെ പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും (ഡിപിആർ) ലേലപത്രങ്ങളും തയ്യാറാക്കണമെന്ന് മിഷൻ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 10.3 വിഭാവനം ചെയ്യുന്നു. ഫീൽഡ്/ലബോറട്ടറി പരിശോധനകൾ, സർവ്വേകൾ, സാങ്കേതിക ഓപ്ഷനുകളുടെ രൂപീകരണം, രൂപകല്പന, ചെലവിന്റെ എസ്റ്റിമേറ്റുകൾ, പുനരധിവാസത്തിനുള്ള പരിഹാരം, പാരിസ്ഥിതിക പ്രശ്നങ്ങൾ, പദ്ധതിയുടെ മുഴുവൻ കാലയളവിലേയ്ക്കുമുള്ള പ്രവർത്തനപരിപാലന തന്ത്രം ഉൾപ്പെടെയുള്ള സാമ്പത്തിക ആസൂത്രണം തുടങ്ങിയവ ഡിപിആറുകളിൽ ഉണ്ടായിരിക്കണം. എം.ഒ.യു.ഡി ഇറക്കിയ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷം സാങ്കേതികമായും സാമ്പത്തികമായും എസ്.എൽ.ടി.സി ഡിപിആറുകൾ വിലയിരുത്തേണ്ടതാണ്. ഡിപിആറുകളുടെ നഗരതല അംഗീകാരം യുഎൽബികൾ ഉറപ്പുവരുത്തേണ്ടതാണ്.

തിരുവനന്തപുരം, കൊല്ലം[7], കൊച്ചി[8] മുനിസിപ്പൽ കോർപ്പറേഷനുകളിലെ എല്ലാ ജലവിതരണപദ്ധതികളുടെയും സിവറേജ്/സെപ്റ്റേജ് പദ്ധതികളുടെയും ഡിപിആറുകൾ തയ്യാറാക്കുന്നതിന്, ഏഴാമതും പത്താമതും പതിനാലാമതും എസ്.എച്ച്.പി.എസ്.സികൾ, കേരള ജല അതോറിറ്റിയെ (കെഡബ്ല്യുഎ) ഏൽപ്പിച്ചു (2016 ഡിസംബർ, 2017 ജൂലായ്, 2017 ഡിസംബർ). മറ്റ് മേഖലകളിൽ, ഡിപിആറുകൾ

[7] കുരീപ്പുഴയിലെ എസ്ടിപിയും ബന്ധപ്പെട്ട ഘടകങ്ങളും

[8] എളംകുളത്തെ എസ്ടിപിയും

തയ്യാറാക്കുന്നതിന് കേരള സർക്കാർ എംപാനൽ ചെയ്ത ഏജൻസികളെ യുഎൽബികൾ ഏർപ്പെടുത്തി. തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നത് പോലെ, ഡിപിആറുകൾ തയ്യാറാക്കാതെ കെഡബ്ല്യുഎ പദ്ധതികൾ നടപ്പാക്കിയത്, ഫീൽഡ് പരിശോധന നടത്താതെയും അനുയോജ്യമായ ഭൂമി കണ്ടെത്താതെയും ഡിപിആറുകൾ തയ്യാറാക്കിയത്, മറ്റ് വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള നിയമാനുസൃത ക്ലിയറൻസ് ഉറപ്പുവരുത്താത്തത് തുടങ്ങിയ വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിച്ചു.

### *2.1.3.1 ജലവിതരണ, സിവറേജ് മേഖലയിലെ പദ്ധതികൾ ഡിപിആറുകൾ തയ്യാറാക്കാതെ കെഡബ്ല്യുഎ നടപ്പാക്കിയത്*

മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അംഗീകരിച്ച എസ്.എ.എ.പിയിലുള്ള എല്ലാ പദ്ധതികൾക്കും ഡിപിആറുകൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഡിപിആറുകൾക്ക് പകരം വിശദമായ എൻജിനീയറിംഗ് റിപ്പോർട്ടുകളാണ് (ഡിഇആറുകൾ) ജലവിതരണ, സിവറേജ് മേഖലയിലുള്ള പദ്ധതികൾക്കായി കെഡബ്ല്യുഎ തയ്യാറാക്കിയത്. പദ്ധതികളുടെ രൂപകല്പനയും വിശദമായ എസ്റ്റിമേറ്റുകളും മാത്രമാണ് ഡിഇആറുകളിൽ ഉണ്ടായിരുന്നത്. അതിനാൽ, ഫീൽഡ് പരിശോധനകൾ, സർവ്വേകൾ, സാങ്കേതിക ഓപ്ഷനുകളുടെ രൂപീകരണം, പാരിസ്ഥിതികപ്രശ്നങ്ങൾ, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, തടസ്സരഹിതമായ ഭൂമിയുടെ ലഭ്യത, ഏജൻസികൾ/വകുപ്പുകൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കേണ്ട നിയമാനുസൃത അനുമതി/ക്ലിയറൻസ് എന്നിങ്ങനെയുള്ള കാര്യങ്ങൾ സാങ്കേതികാനുമതി ലഭിക്കുന്നതിനു മുൻപ് വിശകലനം ചെയ്തിരുന്നില്ല. എം.ഒ.യു.ഡിയുടെ മാനുവലുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷം, ഡിപിആറുകൾ സാങ്കേതികമായും സാമ്പത്തികമായും എസ്.എൽ.ടി.സി വിലയിരുത്തേണ്ടതായിരുന്നുവെങ്കിലും, ജലവിതരണ പദ്ധതികളുടെ ഡിഇആറുകൾക്കുള്ള സാങ്കേതികാനുമതി നൽകാൻ, എസ്.എച്ച്.പി.എസ്.സി കെഡബ്ല്യുഎയെ അനുവദിച്ചു (2017 ജൂലായ്). തടസ്സരഹിത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തുക, വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയിൽ നിന്നുള്ള അനുമതി ലഭ്യമാക്കുക മുതലായ കാര്യങ്ങൾ ഉറപ്പാക്കാത്തതുമൂലം രൂപകല്പനയിലും എസ്റ്റിമേറ്റുകളിലുമുള്ള മാറ്റം, ചെലവ് വർദ്ധിക്കൽ, പ്രവൃത്തിയുടെ വ്യാപ്തി കുറയ്ക്കൽ തുടങ്ങിയവയ്ക്ക് കാരണമാകുകയും, അങ്ങനെ **പട്ടിക 2.4ൽ** വിശദീകരിച്ചിരിക്കുന്നത് പോലെ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാവുകയും ചെയ്തെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 2.4 : കെഡബ്ല്യുഎ നടപ്പാക്കിയ ജലവിതരണ പദ്ധതികളിൽ കണ്ട പോരായ്മകൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബിയുടെ പേര്) | എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുക (₹ കോടിയിൽ) | നിരീക്ഷിച്ച പോരായ്മകൾ | അനന്തരഫലം |
|---|---|---|---|---|
| 1. | കുട്ടനല്ലൂരിൽ 5 ലക്ഷം ലിറ്റർ ഒഎച്ച്എസ്ആറിന്റെ നിർമ്മാണം (തൃശ്ശൂർ) | 2.03 | കെഡബ്ല്യുഎ കണ്ടെത്തിയ ഭൂമി ലഭ്യമല്ലായിരുന്നു. | സ്ഥലം മാറിയത് പദ്ധതി തുക വർദ്ധിക്കുന്നതിലേയ്ക്ക് നയിച്ചു. ഭരണാനുമതിയുടെ പരിധിക്കകത്ത് നിർത്തുന്നതിനായി പദ്ധതിയുടെ വ്യാപ്തി കുറച്ചു. നടപ്പാക്കൽ 63 മാസം താമസിച്ചു. പദ്ധതി തുക ₹2.50 കോടിയിലേയ്ക്ക് വർദ്ധിച്ചു. |
| 2. | ചക്കംകണ്ടത്ത് 10 ലക്ഷം ലിറ്റർ ഒഎച്ച്എസ്ആറിന്റെ നിർമ്മാണം (ഗുരുവായൂർ) | 15.50 | 10 എൽഎൽ ഒഎച്ച്എസ്ആറിന്റെ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലായിരുന്നു (തണ്ണീർത്തടം) | സ്ഥലം മാറിയത് രൂപകല്പന മാറുന്നതിലേയ്ക്ക് നയിക്കുകയും പദ്ധതിതുക ₹17.74 കോടി ആയി വർദ്ധിക്കുകയും ചെയ്തു. നടപ്പാക്കൽ 43 മാസം താമസിച്ചു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബിയുടെ പേര്) | എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുക (₹ കോടിയിൽ) | നിരീക്ഷിച്ച പോരായ്മകൾ | അനന്തരഫലം |
|---|---|---|---|---|
| 3. | റൈഡർ മെയിൻ സ്ഥാപിക്കുക, എസി പൈപ്പ് ലൈനുകളും സർവ്വീസ് കണക്ഷനുകളും മാറ്റി സ്ഥാപിക്കുക (പാലക്കാട്) | 54.33 | റോഡ് പുനരുദ്ധാരണ ചെലവുകൾ പോലുള്ള മുഴുവൻ ഘടകങ്ങളും ഉൾക്കൊള്ളിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. | എൽഎസ്ജിഡി എൻജിനീയറിംഗ് വിഭാഗം ആണ് സ്ഥല അളവുകൾ തയ്യാറാക്കിയതും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതും. പദ്ധതി തുക ₹85.15 കോടിയായി വർദ്ധിച്ചു. |
| 4. | ഡബ്ല്യുടിപി മരട് മുതൽ പമ്പ് ഹൗസ്, തമ്മനം വരെ 500 എംഎം ഡി.ഐ പൈപ്പ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ (കൊച്ചി) | 22.5 | പ്രവൃത്തി തുടങ്ങുന്നതിന് മുൻപായി പിഡബ്ല്യുഡി, എൻ.എച്ച്.എ.ഐ, റയിൽവേ അധികാരികൾ എന്നിവരിൽ നിന്നുള്ള അനുമതി ഉറപ്പുവരുത്തിയില്ല. | എൻ.എച്ച്.എ.ഐ അനുമതി നിഷേധിച്ചതിനാൽ പ്രവൃത്തി പൂർത്തിയാക്കാനായില്ല. 2022 മേയിൽ പ്രവൃത്തി റദ്ദാക്കി. |
| 5. | പമ്പ് ഹൗസ്, തമ്മനം മുതൽ ഒഎച്ച്എസ്ആർ കടവന്ത്ര വരെ 500 എംഎം ഡിഐ ലൈൻ സ്ഥാപിക്കൽ (കൊച്ചി) | 9.54 | പ്രവൃത്തി അവാർഡ് ചെയ്യുന്നതിന് മുൻപ് റയിൽവേയുടെ അനുമതി വാങ്ങിയില്ല. | റയിൽവേ ലൈൻ ക്രോസിംഗിന്റെ വർക്ക് പൂർത്തിയാക്കിയില്ല.(2024 മാർച്ച് ) |

*(ഉറവിടം : കെഡബ്ല്യുഎയിൽ നിന്നും ശേഖരിച്ച വിവരം)*

ഡിപിആറുകൾക്ക് പകരം ഡിഇആറുകൾ തയ്യാറാക്കിയത് കർശനമായും അമൃത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായല്ല എന്ന് സർക്കാർ സമ്മതിച്ചെങ്കിലും പദ്ധതിയുടെ സാങ്കേതികവും, സാമ്പത്തികവുമായ സമഗ്രതയ്ക്ക് വിട്ടുവീഴ്ച ചെയ്യാതെ പദ്ധതി അംഗീകാരവും നടപ്പാക്കലും വേഗത്തിലാക്കാനാണ് കെഡബ്ല്യുഎ ഈ സമീപനം സ്വീകരിച്ചതെന്നും, ഡിഇആറുകൾ ഉപയോഗിച്ചത് പദ്ധതിയുടെ അന്തിമഫലത്തെ വിപരീതമായി ബാധിച്ചില്ലെന്നും മറുപടി നൽകി (ഒക്ടോബർ 2024). പദ്ധതിയുടെ അടുത്തഘട്ടങ്ങളിൽ, കെഡബ്ല്യുഎ ഡിപിആറുകൾ തയ്യാറാക്കുമെന്നും ഉറപ്പ് നൽകി.

**പട്ടിക 2.4ൽ** വിശദീകരിച്ചിരിക്കുന്നത് പോലെ, സ്ഥലത്തിന്റെ അനുയോജ്യത നിർണ്ണയിക്കാത്തത്, കണ്ടെത്തിയ സ്ഥലം ലഭ്യമല്ലാത്തത്, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തത്, റയിൽവേ, പിഡബ്ല്യുഡി മുതലായ അധികാരികളിൽ നിന്നുള്ള നിയമാനുസൃത അനുമതികൾ ലഭ്യമാക്കാത്തത് മുതലായ കാരണങ്ങൾ മൂലം ചെലവ് വർദ്ധിക്കൽ, പദ്ധതി നടപ്പാക്കലിൽ അനന്തമായ കാലതാമസം/റദ്ദു ചെയ്യൽ തുടങ്ങിയ സംഭവങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചതിനാൽ മറുപടി സ്വീകാര്യമല്ല. ഡിപിആറുകളിൽ എഞ്ചിനീയറിംഗ്, സാങ്കേതികകാര്യങ്ങൾ മാത്രമല്ല, പദ്ധതികളുടെ എല്ലാ വശങ്ങളും പരിപൂർണ്ണമായി കൈകാര്യം ചെയ്യും എന്നതിനാൽ, ഡിപിആറുകൾ തയാറാക്കുന്നതിലൂടെ ഈ തടസങ്ങൾ കണ്ടെത്തി പരിഹരിക്കപ്പെടുമായിരുന്നു.

### *2.1.3.2 സിവറേജ്/സെപ്റ്റേജ് പദ്ധതികൾ മതിയായ വൈദഗ്ധ്യം ഇല്ലാത്ത കെഡബ്ല്യുഎയെ ഏൽപ്പിച്ചത്*

കെഡബ്ല്യുഎ വഴി മുൻപ് നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യമിട്ട ഫലം നേടുന്നതിലും സമയത്ത് പൂർത്തിയാക്കുന്നതിലും ദയനീയമായി പരാജയപ്പെട്ടുവെന്നും ചെലവ് വർദ്ധിക്കുന്നതിനും ഫണ്ട് നഷ്ടപ്പെടുന്നതിനും കാരണമായെന്നും 2016 ആഗസ്റ്റ് 11 ന് കൂടിയ നാലാമത് എസ്.എച്ച്.പി.എസ്.സി യോഗത്തിൽ, എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി, കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. കെഡബ്ല്യുഎയ്ക്ക് സിവറേജ് പദ്ധതികൾ വികസിപ്പിക്കാനും, രൂപകല്പന ചെയ്യാനും നടപ്പാക്കാനുമായി ഒരു പ്രത്യേക ടീം ഇല്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, എൽഎസ്ജിഡിയുടെ ചോദ്യത്തിന് ടെക്നിക്കൽ മെമ്പർ, കെഡബ്ല്യുഎ മറുപടി നൽകി. എന്നാൽ, പത്താമത്തെയും പതിനാലാമത്തെയും

എസ്.എച്ച്.പി.എസ്.സി തിരുവനന്തപുരം[9], കൊല്ലം[10], കൊച്ചി[11] മുനിസിപ്പൽ കോർപ്പറേഷനുകളിലെ സിവറേജ്/സെപ്റ്റേജ് പരിപാലന പദ്ധതികളുടെ നടപ്പാക്കൽ കെഡബ്ല്യുഎയെ തന്നെ ഏൽപ്പിച്ചു. മതിയായ വൈദഗ്ധ്യം ഇല്ലാത്തതിനാൽ ഖണ്ഡിക 4.5ൽ വിശദീകരിക്കുന്നതുപോലെ ആവശ്യാനുസരണവും സമയബന്ധിതമായും ഈ യുഎൽബികളിലെ സിവറേജ്/സെപ്റ്റേജ് പദ്ധതികളുടെ നടപ്പാക്കൽ ആസൂത്രണം ചെയ്യുന്നതിൽ കെഡബ്ല്യുഎ പരാജയപ്പെട്ടു. കെഡബ്ല്യുഎ ഏറ്റെടുത്ത 132 സിവറേജ്/സെപ്റ്റേജ് പരിപാലന പദ്ധതികളിൽ, ഒരു പദ്ധതി റദ്ദാക്കുകയും ബാക്കിയുള്ള 131 പദ്ധതികളിൽ, 100[12] പദ്ധതികൾ മാത്രമേ പൂർത്തിയാക്കാനും പദ്ധതി തുകയുടെ 73 ശതമാനം മാത്രം ചെലവാക്കാനുമേ കെഡബ്ല്യുഎയ്ക്ക് കഴിഞ്ഞുള്ളൂ (2024 മാർച്ച്). പൂർത്തിയാക്കിയ 100 പദ്ധതികളിൽ 16 എണ്ണം മാത്രമാണ് പുതിയ സിവറേജ് നെറ്റ്‌വർക്ക് സ്ഥാപിക്കൽ/എസ്ടിപിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടതെന്നും ബാക്കി 84 പദ്ധതികളും നിലവിലുള്ള മലിനജലശൃംഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടവ ആയിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. പുതുതായി സ്ഥാപിച്ച ശൃംഖലയുമായി എസ്ടിപിയെ ബന്ധിപ്പിക്കാൻ കെഡബ്ല്യുഎയ്ക്ക് ഇതുവരെ കഴിയാത്തതിനാൽ വിഭാവനം ചെയ്തത് പോലെ മലിനജലശൃംഖലയുടെ വിപുലീകരിക്കാൻ കഴിഞ്ഞില്ല (2024 ജൂലായ്). കൂടാതെ, പ്ലാന്റിലേയ്ക്കുള്ള സീവേജിന്റെ മിനിമം ലഭ്യത ഉറപ്പാക്കാതെ കെഡബ്ല്യുഎ തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ അഞ്ച് എംഎൽഡി എസ്ടിപി നിർമ്മിച്ചത്, ഖണ്ഡിക 4.5.1.1ൽ വിശദീകരിച്ചിരിക്കുന്നത് പോലെ പ്ലാന്റ് ശരിയായി പ്രവർത്തിക്കാത്തതിന് കാരണമായി. കെഡബ്ല്യുഎയുടെ പദ്ധതികളിൽ, താഴെപ്പറയുന്ന പോരായ്മകൾ കൂടി ഓഡിറ്റ് നിരീക്ഷിച്ചു.

- കൊല്ലത്തെ കുരീപ്പുഴയിൽ നിർമ്മിച്ച സീവേജ് സംസ്കരണ പ്ലാന്റ് ഉപയോഗിക്കുന്നതിനായി സിവറേജ് ശൃംഖല സ്ഥാപിക്കുന്നതിന് കെഡബ്ല്യുഎ ആസൂത്രണം ചെയ്യാത്തതുകാരണം ഖണ്ഡിക 4.5.2ൽ വിശദീകരിച്ചിരിക്കുന്നത് പോലെ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞില്ല (2024 ഒക്ടോബർ).
- കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ (കെഎസ്‌യുഡിപി) കീഴിൽ കൊച്ചി കോർപ്പറേഷനിൽ സിവറേജ് ശൃംഖലയും പമ്പിംഗ് മെയിനും സ്ഥാപിക്കാനായി ₹28.69 കോടിയുടെ 120 കി.മീ പൈപ്പുകൾ കെഡബ്ല്യുഎ വാങ്ങി (2015 ഫെബ്രുവരി). ഈ പ്രവൃത്തി പ്രീ ക്ലോസ് ചെയ്തതിനാൽ (2016 മേയ്), 90 കി.മീ പൈപ്പുകൾ, കെഡബ്ല്യുഎയുടെ കൈവശം ഉപയോഗിക്കാതെ അവശേഷിച്ചിരുന്നു. എന്നാൽ യുഎൽബികളിൽ സിവറേജ്/ജലവിതരണ[13] ശൃംഖലയുടെ പദ്ധതികൾ തയ്യാറാക്കിയപ്പോൾ ഈ പൈപ്പുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് കെഡബ്ല്യുഎ ആസൂത്രണം ചെയ്തില്ല.

സിവറേജ്/സെപ്റ്റേജ് മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ മതിയായ വൈദഗ്ധ്യം ഇല്ലാത്ത കെഡബ്ല്യുഎയെ പദ്ധതികൾ ഏൽപ്പിച്ചത്, പദ്ധതികൾ പൂർത്തിയാകാതിരിക്കൽ, നിർമ്മിച്ച ആസ്തികൾ ഉപയോഗിക്കാതിരിക്കൽ, കഴിഞ്ഞ എട്ടു വർഷമായി 90 കി.മീ പൈപ്പുകൾ ഉപയോഗിക്കാതിരിക്കൽ എന്നിവയ്ക്ക് കാരണമായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

9 സിവറേജ് മേഖലയിലെ 135 പദ്ധതികളിൽ, സീവേജ്/സെപ്റ്റേജ് ഗതാഗത വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന ആറ് പദ്ധതികൾ യുഎൽബി ഏറ്റെടുത്തു.

10 കൊല്ലത്തെ അഞ്ച് സീവറേജ് മേഖലയിലെ പദ്ധതികളിൽ രണ്ടെണ്ണം (എസ്ടിപി, കുരീപ്പുഴയും അനുബന്ധഘടകങ്ങളും)

11 കൊച്ചിയിലെ നാല് സിവറേജ് പദ്ധതികളിൽ ഒരു പദ്ധതി (എസ്ടിപി, എളംകുളം)

12 തിരുവനന്തപുരത്ത് 99 പദ്ധതികളും (മലിനജല ശൃംഖല സ്ഥാപിക്കുന്നതിനുള്ള 97 പദ്ധതികളും എസ്ടിപി നിർമ്മിക്കുന്നതിനുള്ള രണ്ട് പദ്ധതികളും) കൊച്ചിയിൽ ഒരു പദ്ധതിയും

13 90 കിലോമീറ്റർ പൈപ്പുകളിൽ, 13 കിലോമീറ്റർ എച്ച്ഡിപിഇ/ഡിഐ പൈപ്പുകൾ ജലവിതരണ പദ്ധതികൾക്കും ഉപയോഗിക്കാം.

വാങ്ങിയ പൈപ്പുകൾ ഗുണനിലവാര പരിശോധന നടത്തിയതിനു ശേഷം ഭാവി പദ്ധതികളിൽ ഫലപ്രദമായി ഉൾപ്പെടുത്തുമെന്ന് കെഎസ്‌യുഡിപിയുടെ കീഴിൽ ഉപയോഗിക്കാതിരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). സിവറേജ് മേഖലയിലെ പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലെ കെഡബ്ല്യുഎയുടെ വീഴ്ചയെയും സിവറേജ് മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യുന്നപ്പോലെ പ്രാപ്തിയുള്ള ഏജൻസിയെ ഏൽപ്പിക്കേണ്ടിയിരുന്നതിന്റെ ആവശ്യകതയേയും മറുപടി അടിവരയിടുന്നു.

### 2.1.3.3 എംപാനൽ ചെയ്ത ഏജൻസികൾ തയ്യാറാക്കിയ ഡിപിആറുകളിലെ പോരായ്മകൾ

പദ്ധതിവികസനത്തിൽ പി.ഡി.എം.സി ഇല്ലാതിരുന്നതിനാൽ, സിവറേജ് മേഖലയിലെ പദ്ധതികളുടെ ഡിപിആറുകൾ തയ്യാറാക്കുന്നതിന് കേരളസർക്കാർ എംപാനൽ ചെയ്ത ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതിന് യുഎൽബികൾക്ക് എസ്.എച്ച്.പി.എസ്.സി നിർദ്ദേശം നൽകിയിരുന്നു (2017 ജൂലായ്). മഴവെള്ള ഓട, നഗരഗതാഗതം, ഹരിത ഇടങ്ങളും പാർക്കുകളും എന്നീ മേഖലകളിൽ, കേരളസർക്കാർ എംപാനൽ ചെയ്ത ഏജൻസികളെയോ മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെയോ ഏജൻസികളെ തെരഞ്ഞെടുക്കാൻ യുഎൽബികൾക്ക് എസ്.എച്ച്.പി.എസ്.സി നിർദ്ദേശം നൽകി. വിവിധ മേഖലകളിലെ പദ്ധതികളുടെ ഡിപിആറുകൾ തയ്യാറാക്കാൻ 53 ഏജൻസികളെ കേരളസർക്കാർ എംപാനൽ ചെയ്തിരുന്നു (2014 ഒക്ടോബർ, 2017 ഫെബ്രുവരി). ടെൻഡർ വിളിച്ച് മിഷൻ നഗരങ്ങൾ ഒൻപത് ഏജൻസികളെ[14] തെരഞ്ഞെടുത്തതിൽ എട്ടെണ്ണം[15] കേരളസർക്കാർ എംപാനൽ ചെയ്ത ഏജൻസികൾ ആയിരുന്നു. തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഈ ഏജൻസികൾ ഡിപിആറുകൾ തയ്യാറാക്കിയതിൽ നിരവധി പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### (എ) തടസ്സ രഹിത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താതെ ഡിപിആറുകൾ തയ്യാറാക്കിയത്

ഭൂമി ലഭ്യമല്ലാതിരിക്കുക/താമസിച്ചു ലഭ്യമാക്കുക, മറ്റ് വകുപ്പുകളിൽ നിന്നുമുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവയാണ് നേരത്തെയുള്ള മിഷനുകളിൽ പദ്ധതി നടപ്പാക്കൽ വൈകിയതിനുള്ള പ്രധാന ഘടകങ്ങളായി എം.ഒ.യു.ഡി കണ്ടെത്തിയത്. അതിനാൽ, ഭൂമി ലഭ്യമല്ലാത്ത ഒരു പദ്ധതിയും അമൃതിൽ ഉൾപ്പെടുത്തരുതെന്നും എല്ലാ വകുപ്പുകളിൽ നിന്നുമുള്ള എല്ലാ അനുമതികളും ലഭിച്ചിട്ടില്ലായെങ്കിൽ വർക്ക് ഓർഡർ നൽകരുതെന്നുമുള്ളത് അമൃത് മാർഗ്ഗനിർദ്ദേശങ്ങളിലെ ഒരു നിബന്ധന ആയിരുന്നു.

എന്നാൽ, എസ്.എ.എ.പിയിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് മുൻപ് തടസ്സരഹിതഭൂമിയുടെ ലഭ്യത യുഎൽബികൾ ഉറപ്പുവരുത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭൂമിയുടെ ലഭ്യത, ഏറ്റെടുക്കലിന്റെ രീതി, വകുപ്പുകൾ/മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതികളുടെ ആവശ്യകത മുതലായവ ഉറപ്പുവരുത്തുന്നതിന് ഡിപിആറുകൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ ഏജൻസികൾ സ്ഥലസന്ദർശനം നടത്തുകയും ഡിപിആറുകളിൽ അവ ഉൾപ്പെടുത്തുകയും വേണം. ഡിപിആറിൽ തെറ്റായ സ്ഥലം കണ്ടെത്തിയത്, പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ ഭൂമി കണ്ടെത്തിയത്, ചെയ്യേണ്ട പ്രവൃത്തിയുടെ തെറ്റായ നിർണ്ണയം, ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള നിയമാനുസൃത അനുമതി ലഭ്യമാക്കാതിരിക്കുക, പൊതുജനങ്ങളുടെ എതിർപ്പ് തുടങ്ങിയ കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു. തടസ്സരഹിത

---

[14] റാം ബയോളജിക്കൽസ്, കിറ്റ്കോ, ജിറ്റ്പാക്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ്, കെഎംആർഎൽ, സുരേഷ് ബാബു ആന്റ് പാർട്ണേഴ്സ്, മുംബൈ, മുരളി അസോസിയേറ്റ്സ്, സ്ട്രക്ച്വേഴ്സ് ഇന്ത്യ ലിമിറ്റഡ്, സലിം ഗ്രൂപ്പ് ഓഫ് എഞ്ചിനീയേഴ്സ്

[15] റാം ബയോളജിക്കൽസ്, കിറ്റ്കോ, ജിറ്റ്പാക്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ്, കെഎംആർഎൽ, സുരേഷ് ബാബു ആന്റ് പാർട്ണേഴ്സ്, മുംബൈ, സ്ട്രക്ച്വേഴ്സ് ഇന്ത്യ ലിമിറ്റഡ്, സലിം ഗ്രൂപ്പ് ഓഫ് എഞ്ചിനീയേഴ്സ്

ഭൂമി ഉറപ്പുവരുത്താതെയും, നിയമാനുസൃത അനുമതികൾ ലഭ്യമാക്കാതെയും ₹272.50 കോടിയുടെ 37 പദ്ധതികൾക്ക് വർക്ക് ഓർഡറുകൾ നൽകുന്നതിന് ഇത് ഇടയാക്കി. **അനുബന്ധം 2.2ൽ** വിശദീകരിക്കുന്നത് പോലെ 37 പദ്ധതികളിൽ, ₹233.55 കോടിയുടെ 27 പദ്ധതികൾ ഉപേക്ഷിക്കുകയും 10 പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വരുകയും ചെയ്തു (2024 മാർച്ച്).

### *(ബി) ഡിപിആർ തയ്യാറാക്കുന്നതിൽ രണ്ട് എംപാനൽ ചെയ്ത ഏജൻസികളുടെ മോശംപ്രകടനം*

സിവറേജ്, മഴവെള്ള ഓട, നഗര ഗതാഗതം എന്നീ ഘടകങ്ങളുടെ ഡിപിആറുകൾ തയ്യാറാക്കുന്നതിന് മെസ്സേർസ് റാം ബയോളജിക്കലിനെയും മെസ്സേർസ് കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡിനെയും (കിറ്റ്കോ) മിഷൻ നഗരങ്ങൾ എംപാനൽ ചെയ്തിരുന്നു. ഈ ഏജൻസികൾ തയ്യാറാക്കിയ ഡിപിആറുകളിലെ അയാഥാർത്ഥ്യ എസ്റ്റിമേറ്റുകൾ, തെറ്റായ സ്ഥലം കണ്ടെത്തൽ മുതലായ ന്യൂനതകൾ കാരണം പദ്ധതി റദ്ദാക്കേണ്ടി വരികയോ/നടപ്പാക്കുന്നതിനുള്ള കാലതാമസം ഉണ്ടാവുകയോ ചെയ്തെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ വിശദീകരിച്ചിരിക്കുന്നു.

#### *(i) മെസ്സേർസ് റാം ബയോളജിക്കൽസ്*

സിവറേജ്/സെപ്റ്റേജ് ഘടകത്തിനു കീഴിലുള്ള പദ്ധതികളുടെ ഡിപിആറുകൾ തയ്യാറാക്കാൻ ഏഴ്[16] യുഎൽബികൾ മെസ്സേർസ് റാം ബയോളജിക്കൽസിനെ തെരഞ്ഞെടുത്തു. ₹280.39 കോടിയുടെ 16 പദ്ധതികളുൾക്കുള്ള ഡിപിആറുകൾ ഏജൻസി തയ്യാറാക്കുകയും ഡിപിആർ ചാർജായി ₹2.67 കോടി ഏജൻസിക്ക് നൽകുകയും ചെയ്തു. എന്നാൽ, **അനുബന്ധം 2.3ൽ** വിശദീകരിച്ചിരിക്കുന്നത് പോലെ, പൊതുജനങ്ങളുമായുള്ള കൂടിയാലോചനയുടെ അഭാവം, ശരിയായ സ്ഥലപഠനം കൂടാതെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയിൽ നിന്നുള്ള സമ്മതം ലഭ്യമാകാതിരിക്കൽ, കണ്ടെത്തിയ ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്താതിരിക്കൽ തുടങ്ങിയ കാരണങ്ങൾ കൊണ്ട് ₹222.64 കോടിയുടെ ആറ് പദ്ധതികൾ റദ്ദു ചെയ്യുകയും ₹11.56 കോടിയുടെ മൂന്ന് പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുകയും ചെയ്തു.

ചുമതലപ്പെടുത്തിയ പദ്ധതികൾ വ്യവസ്ഥാപിതമായും ശാസ്ത്രീയമായും സമയബന്ധിതമായും പൂർത്തിയാക്കാൻ കഴിവില്ലെന്ന് കണ്ടെത്തിയ ഏജൻസികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും എംപാനൽ പട്ടികയിൽ നിന്നും ഒഴിവാക്കാനും അവലോകനയോഗത്തിൽ ചീഫ് സെക്രട്ടറി മിഷൻ ഡയറക്ടറോട് നിർദ്ദേശിച്ചു (2022 ആഗസ്റ്റ്). കോഴിക്കോട് കോർപ്പറേഷനിലെ എസ്ടിപികളുടെ നിർമ്മാണത്തിൽ മെസ്സേർസ് റാം ബയോളജിക്കൽസ് ശരിയായ സ്ഥലപരിശോധന നടത്താതെ ഡിപിആർ തെറ്റായി തയ്യാറാക്കിയത് കാരണം പദ്ധതിയുടെ എസ്റ്റിമേറ്റ് ₹116.50 കോടിയിൽ നിന്നും ₹140 കോടിയായി പുതുക്കേണ്ടിവന്ന എന്ന കാരണത്താൽ ശുചിത്വമിഷൻ[17] ആ സ്ഥാപനത്തെ എംപാനൽ ചെയ്ത ഏജൻസികളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തു (2022 ഓഗസ്റ്റ്). എന്നാൽ, കോഴിക്കോട് കോർപ്പറേഷന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, പിന്നീട് ഈ ഏജൻസിയെ അംഗീകൃത ഏജൻസിയായി വീണ്ടും എംപാനൽ ചെയ്തു (2022 ഡിസംബർ). ഡിപിആർ തയ്യാറാക്കുന്നതിൽ പിഴവ് വരുത്തിയ ഒരു ഏജൻസിയെ കുറഞ്ഞ സമയത്തിനുള്ളിൽ വീണ്ടും എംപാനൽ ചെയ്തത് നിതീകരിക്കത്തക്കതല്ല.

---

[16] കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ

[17] എൽഎസ്ജിഡിയുടെ കീഴിൽ മാലിന്യപരിപാലന മേഖലയിൽ സാങ്കേതിക പിന്തുണ നൽകുന്ന ഗ്രൂപ്പ് ആണ് ശുചിത്വമിഷൻ

### *(ii) മെസ്സേർസ് കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (കിറ്റ്കോ)*

നഗരഗതാഗതം, മഴവെള്ള ഓട, ഹരിത ഇടങ്ങളും പാർക്കുകളും എന്നീ ഘടകങ്ങളുടെ ഡിപിആറുകൾ തയ്യാറാക്കാൻ ഏഴ് യുഎൽബികൾ[18] കിറ്റ്കോയെ ഏൽപ്പിച്ചു. ₹282.53 കോടിയുടെ[19] 370 പദ്ധതികൾക്ക് കിറ്റ്കോ ഡിപിആറുകൾ തയ്യാറാക്കുകയും, ഡിപിആർ ചാർജ്ജായി ₹2.79 കോടി കിറ്റ്കോയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ, **അനുബന്ധം 2.4ൽ** വിശദീകരിച്ചിരിക്കുന്നത്പോലെ, തടസ്സരഹിത ഭൂമി ഉറപ്പുവരുത്താതിരുന്നത്, രൂപകല്പനയും ഡ്രോയിംഗുകളും ഡിപിആറിൽ ഉൾപ്പെടുത്താതിരുന്നത്, വിവിധ വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള സമ്മതം ലഭ്യമാകാതിരുന്നത് മുതലായ കാരണങ്ങൾ മൂലം ₹8.55 കോടിയുടെ 16 പദ്ധതികൾ റദ്ദാക്കുകയും ₹16.72 കോടിയുടെ ആറ് പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുകയും ചെയ്തു. നടപ്പാക്കിയ പദ്ധതികളിൽ കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ, ഫീൽഡ്തല ആവശ്യങ്ങൾ പരിഗണിച്ചപ്പോൾ യുഎൽബികളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിഷ്കരിക്കേണ്ടിവന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ വിശദീകരിക്കുന്നു.

- മഴവെള്ള ഓട, നഗരഗതാഗതം, ഹരിത ഇടങ്ങളും പാർക്കുകളും എന്നീ മേഖലകളിൽ ₹53.48 കോടിയുടെ 40 പദ്ധതികൾക്ക് ഡിപിആറുകൾ തയ്യാറാക്കുന്നതിന് കൊല്ലം കോർപ്പറേഷൻ കിറ്റ്കോയെ ഏൽപ്പിച്ചു. ഏജൻസി തയ്യാറാക്കിയ ഒരു പ്രവൃത്തി ഒഴികെയുള്ള മറ്റ് എല്ലാ ഡിപിആറുകളും വിപുലമായി പരിഷ്കരിക്കേണ്ടി വന്നതു കൊണ്ടും ഉപയോഗപ്രദമല്ലെന്ന് കണ്ടതുകൊണ്ടും, ഒരു പ്രവൃത്തിയുടെ ചാർജ്ജ് കുറച്ചിട്ട് കൺസൾട്ടൻസി ചാർജ്ജായി കൊടുത്ത ₹34.50 ലക്ഷം തിരിച്ചടക്കാൻ യുഎൽബി കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകി (2020 ഫെബ്രുവരി). എന്നാൽ, നാലുവർഷം കഴിഞ്ഞിട്ടും കിറ്റ്കോ ഈ നിർദ്ദേശത്തോട് പ്രതികരിച്ചിട്ടില്ല (2024 മാർച്ച്).
- പാലക്കാട് മുനിസിപ്പാലിറ്റിയിൽ, നഗര ഗതാഗത മേഖലയിൽ നാല് പദ്ധതികൾക്കായി (₹12.25 കോടി ചെലവുള്ള) ഏജൻസി തയ്യാറാക്കിയ ഡിപിആറുകൾക്ക് ഗുരുതരമായ പോരായ്മകൾ ഉണ്ടായിരുന്നതിനാൽ സാങ്കേതികാനുമതിക്ക് സമർപ്പിക്കാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തി. സാങ്കേതിക അനുമതി കിട്ടുന്നതിനായി മുനിസിപ്പാലിറ്റി പുതുതായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി. ഡിപിആറുകൾ തയ്യാറാക്കിയതിലെ പോരായ്മകളും ശരിയായ വീക്ഷണവും ഇല്ലാത്തത് ചെലവ് വർദ്ധിക്കാൻ കാരണമായതിനാൽ, "സ്റ്റേഡിയം ബസ്സ്റ്റാൻഡിന് സമീപം ബസ് ടെർമിനൽ യാർഡിന്റെ നിർമ്മാണം" എന്ന പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയപ്പോൾ ₹1.85 കോടി കിറ്റ്കോയിൽ നിന്നും തിരിച്ചുപിടിക്കാൻ പാലക്കാട് മുനിസിപ്പാലിറ്റിക്ക് സർക്കാർ നിർദ്ദേശം നൽകി (2020 ജനുവരി). മുനിസിപ്പാലിറ്റി തുക തിരിച്ചടയ്ക്കാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയെങ്കിലും (2020 ആഗസ്റ്റ്), കിറ്റ്കോ ഇതുവരെ പ്രതികരിച്ചിട്ടില്ല (2024 മാർച്ച്).
- തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ എംഎൽസിപി പദ്ധതിയിൽ, ഡിപിആറിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റുകൾക്ക് സ്ഥലത്തെ അവസ്ഥയുമായി വലിയ അന്തരം ഉണ്ടായിരുന്നു. പാർക്കിംഗ് ബേയുടെ ഉയരത്തിലെ മാറ്റം, അടിത്തറയുടെ താഴ്ച രണ്ട് മീറ്ററിൽ നിന്ന് 3.5 മീറ്റർ ആയി കൂട്ടിയത്, മണ്ണ് പരിശോധനയ്ക്ക് ശേഷം പൈലുകളുടെ എണ്ണം 12ൽ നിന്നും 24 ആയി കൂട്ടിയത് എന്നിവ കാരണം എസ്റ്റിമേറ്റ് ₹5.64 കോടിയിൽ നിന്ന് ₹6.13 കോടിയായി പരിഷ്കരിച്ചുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഈ ഏജൻസികളുടെ കഴിവില്ലായ്മയുടെ നിരവധി ഉദാഹരണങ്ങൾ യുഎൽബികളുടെ ശ്രദ്ധയിൽ വന്നുവെങ്കിലും, യുഎൽബികൾക്ക് സംഭവിച്ച നഷ്ടം തിരിച്ചുപിടിക്കാനോ ഈ

18 തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കണ്ണൂർ, ആലപ്പുഴ, പാലക്കാട്

19 ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 166 പദ്ധതികളുടെ പദ്ധതി തുകയുടെ വിവരം നൽകിയില്ല

ഏജൻസികളെ പട്ടികയിൽ നിന്നും പുറത്താക്കാനോ വേണ്ട ഫലപ്രദമായ നടപടി ഒന്നും എടുത്തില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

എംപാനൽഡ് ഏജൻസികൾ തയ്യാറാക്കിയ ഡിപിആറുകളിലെ പോരായ്മകൾ യുഎൽബിയിലെ എഞ്ചിനീയറിംഗ് വിഭാഗം പരിഹരിച്ചുവെന്ന് സർക്കാർ മറുപടി നൽകി (2025 ഏപ്രിൽ). മറുപടി ഓഡിറ്റ് കണ്ടെത്തലിനെ സാധൂകരിക്കുന്നതാണ്.

***ശിപാർശ 1: പൊതുജനങ്ങൾക്ക് ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന വിധം ആസൂത്രണ ഘട്ടത്തിൽ ആവശ്യമായ പൊതുജനസമ്പർക്ക യോഗങ്ങൾ കൂടുന്നുണ്ടെന്നും അവ യുഎൽബികൾ രേഖപ്പെടുത്തുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കണം.***

***ശിപാർശ 2: വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഏജൻസികളെ എംപാനൽ ചെയ്യുന്നത് ഏജൻസികൾ മുൻപ് ചെയ്തിട്ടുള്ള പദ്ധതികളുടെ സമഗ്രമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് എന്ന് സർക്കാർ ഉറപ്പാക്കണം.***



# അദ്ധ്യായം III

## സാമ്പത്തിക മാനേജ്മെന്റ്

# അദ്ധ്യായം III
# സാമ്പത്തിക മാനേജ്മെന്റ്

കേന്ദ്ര സർക്കാരും, കേരള സർക്കാരും, മിഷൻ നഗരങ്ങളും തമ്മിലുള്ള ഫണ്ട് പങ്കിടൽ 50:30:20 എന്ന അനുപാതത്തിലായിരുന്നു. 2015-2024 കാലയളവിൽ പദ്ധതി ഫണ്ടായി ₹1161.17 കോടി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പദ്ധതി ഫണ്ടിന് പുറമെ ഭരണ ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും, റിഫോം ഇൻസെന്റീവ്, ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ലോക്കൽ ഏരിയ പ്ലാൻ/ടൗൺ പ്ലാനിംഗ് സ്കീമുകൾ എന്നിവയ്ക്കായി ₹102.95 കോടി കേന്ദ്ര സർക്കാർ അനുവദിച്ചു.

കേന്ദ്ര സർക്കാർ ഫണ്ടുകൾ എസ്.എം.എം.യുവിന് നൽകുന്നതിൽ കേരള സർക്കാരിന്റെ ഭാഗത്തുനിന്ന് 43 ദിവസം മുതൽ 15 മാസം വരെ കാലതാമസമുണ്ടായി. കേന്ദ്രസർക്കാർ ₹1161.17 കോടി അനുവദിച്ചപ്പോൾ, സംസ്ഥാന സർക്കാർ ₹696.70 കോടിക്ക് പകരം അനുവദിച്ചത് ₹691.85 കോടി മാത്രമാണ്. ഇതിനാൽ ₹4.85 കോടിയുടെ കുറവുണ്ടായി. വിനിയോഗത്തിലെ വേഗക്കുറവ് മൂലം സംസ്ഥാനത്തിന്, 2018-19ലെയും, 2022-23ലെയും കേന്ദ്രസർക്കാർ ഫണ്ട് ലഭിച്ചിരുന്നില്ല. കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2023-24ന്റെ അവസാന പാദത്തിൽ കേന്ദ്രസർക്കാർ ഫണ്ടിന്റെ അവസാന ഗഡു ലഭിക്കുന്നതിനായി നിർബന്ധിത വിനിയോഗം കാണിക്കുന്നതിനു വേണ്ടിയുള്ള ചെലവഴിക്കലുകളും കേരള ജല അതോറിറ്റിയിൽ ₹204.47 കോടിയുടെ പാർക്കിങ്ങും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കോഴിക്കോട് കോർപ്പറേഷൻ രണ്ട് പ്രവർത്തികൾക്കായി റോഡ് പുനരുദ്ധാരണചാർജ്ജ് ഇനത്തിൽ പി.ഡബ്ല്യു.ഡിയ്ക്ക് ₹76.07 ലക്ഷം നൽകി. ജനകീയ പ്രതിഷേധത്തെ തുടർന്ന് പദ്ധതികൾ ഉപേക്ഷിച്ചിട്ടും ഈ തുക പദ്ധതി ഫണ്ടിലേയ്ക്ക് തിരിച്ചടച്ചില്ല. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്.എം.എം.യു ₹7.08 കോടിയുടെ റിഫോം ഇൻസെന്റീവ് ഫണ്ട് നിലനിർത്തുകയും ₹15.04 കോടിയുടെ സ്കീം ഫണ്ട് അനുവദനീയമല്ലാത്ത പദ്ധതികൾക്കായി ചെലവഴിക്കുകയും ചെയ്തു. കൊല്ലം കോർപ്പറേഷൻ മാത്രമാണ് 2024 മാർച്ച് വരെയുള്ള ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചത്.

മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, മൊത്തം പദ്ധതിച്ചെലവിന്റെ 50 ശതമാനം കേന്ദ്ര വിഹിതവും ബാക്കി തുക സംസ്ഥാനവും യുഎൽബികളും വഹിക്കേണ്ടതായിരുന്നു. 2015-16 മുതൽ 2023-24 വരെയുള്ള കാലയളവിൽ അമൃത് നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര വിഹിതമായി കേരള സർക്കാരിന് ₹1161.17 കോടി[20] ലഭിച്ചു. പദ്ധതി ഫണ്ടിന് പുറമെ, ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ലോക്കൽ ഏരിയ പ്ലാൻ/ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കൽ (എൽ.എ.പി/ടി.പി.എസ്), ഭരണപരവും ഓഫീസ് പരവുമായ ചെലവുകൾ (എ & ഒഇ) എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചു. ഇതിനു പുറമെ നിശ്ചിത നാഴികക്കല്ലുകൾ നേടിയെടുക്കുന്നതിനുള്ള റിഫോം ഇൻസെന്റീവ് ഫണ്ടുകളും കേരള സർക്കാരിന് ലഭിച്ചു.

മിഷൻ കാലയളവിൽ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ **പട്ടിക 3.1ൽ** പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.1: 2015-24 കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്**

*(₹ കോടിയിൽ)*

| ജിഒഐയിൽ നിന്ന് ലഭിച്ച പദ്ധതി ഫണ്ട് | എ & ഒഇ | റിഫോം ഇൻസന്റീവ് | ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ | എൽഎപി / ടിപിഎസ് | മൊത്തം |
|---|---|---|---|---|---|
| 1161.17 | 36.81 | 59.82 | 5.12 | 1.20 | 1264.12 |

*(ഉറവിടം: എസ്.എം.എം.യു നൽകിയ വിവരങ്ങൾ)*

[20] റിലീസ് ചെയ്ത ഫണ്ടുകളുടെ പലിശയിനത്തിൽ കേന്ദ്ര സർക്കാർ ക്രമീകരിച്ച ₹8.09 കോടി ഉൾപ്പെടുന്നു.

സംസ്ഥാനം/യുഎൽബിയുടെ വിഹിതം പദ്ധതി ഫണ്ടിലേക്ക് മാത്രം നൽകണമെന്നും മറ്റ് ഘടകങ്ങൾക്കുള്ള ഫണ്ട് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കുമെന്നും സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

എല്ലാ ഉപപദ്ധതികൾക്കും കീഴിൽ ഫണ്ടുകൾ ലഭിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും ഓഡിറ്റ് വിശകലനം തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നു.

## 3.1 പദ്ധതി ഫണ്ട്

സംസ്ഥാനത്ത് സ്കീം നടപ്പിലാക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനം, അതായത് ₹1161.17 കോടിയുടെ കേന്ദ്രസഹായം കേന്ദ്ര സർക്കാർ അംഗീകരിച്ചു. ബാക്കിയുള്ള പദ്ധതിച്ചെലവ് യഥാക്രമം 30:20 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്ഥാപനങ്ങളും (യുഎൽബി) പങ്കിടേണ്ടതാണ്. കേന്ദ്ര സഹായമായ ₹1161.17 കോടിക്ക് എതിരെ, മൂന്ന് എസ്.എ.എ.പികളിലായി ₹2357.69 കോടിയുടെ പദ്ധതികൾ അംഗീകരിച്ചു. 2024 മാർച്ച് 31 വരെ വർഷാടിസ്ഥാനത്തിൽ ഫണ്ടുകൾ ലഭിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും വിവരം **പട്ടിക 3.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.2: വർഷാടിസ്ഥാനത്തിൽ ഫണ്ടുകൾ ലഭിച്ചതും വിനിയോഗിച്ചതും**

*(₹ കോടിയിൽ)*

| വർഷം | മുൻനീക്കിയിരിപ്പ് | അനുവദിച്ച ഫണ്ട് | | | ലഭ്യമായ ആകെ തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|---|---|
| | | കേന്ദ്രസർക്കാർ | സംസ്ഥാനം | യുഎൽബി* | | | |
| 2015-16 | 0 | 57.60 | 0 | 0 | 57.60 | 0 | 57.60 |
| 2016-17 | 57.60 | 77.28 | 85.21 | 0 | 220.09 | 0 | 220.09 |
| 2017-18 | 220.09 | 97.36 | 36.40 | 2.42 | 356.27 | 12.09 | 344.18 |
| 2018-19 | 344.18 | 0 | 40.07 | 84.37 | 468.62 | 421.87 | 46.75 |
| 2019-20 | 46.75 | 200.23 | 86.53 | 63.09 | 396.60 | 315.46 | 81.14 |
| 2020-21 | 81.14 | 401.85 | 127.76 | 72.06 | 682.81 | 360.29 | 322.52 |
| 2021-22 | 322.52 | 119.62 | 119.77 | 44.79 | 606.70 | 223.96 | 382.74 |
| 2022-23 | 382.74 | 0 | 71.77 | 51.59 | 506.10 | 257.96 | 248.14 |
| 2023-24 | 248.14 | 207.23 | 0[21] | 63.00 | 518.37 | 315.01 | 203.36 |
| **ആകെ** | | **1161.17** | **567.51** | **381.32** | | **1906.64** | |

** പദ്ധതികളുമായി ബന്ധപ്പെട്ട് യുഎൽബികൾ ചെലവഴിച്ച തുക*

*(ഉറവിടം : എസ്.എം.എം.യു നൽകിയ വിവരങ്ങൾ)*

### 3.1.1 കേരള സർക്കാർ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം

പദ്ധതികൾ നടപ്പിലാക്കുന്നതിനായി എസ്.എം.എം.യുവിന് സമയബന്ധിതമായി ഫണ്ട് ലഭ്യത ഉറപ്പാക്കാൻ, ലഭിച്ച കേന്ദ്രസഹായം സംസ്ഥാന വിഹിതത്തോടൊപ്പം എസ്.എം.എം.യുവിന് ഏഴ് ദിവസത്തിനകം (ഇത് 2018 ഫെബ്രുവരി 28ലെ നിർദ്ദേശപ്രകാരം ഒരു മാസമെന്ന് മാറ്റി) സംസ്ഥാന സർക്കാർ അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിരുന്നു. എന്നിരുന്നാലും, കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതം എസ്.എം.എം.യുവിന് അനുവദിക്കുന്നതിന് 43 ദിവസം മുതൽ 15 മാസം വരെ കാലതാമസമുണ്ടായി. 2024 മാർച്ച് 28-ന് സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര സർക്കാർ വിഹിതത്തിന്റെ അവസാന ഗഡുവായ ₹207.23 കോടി എസ്.എം.എം.യുലേക്ക് 2024 ജൂൺ 25-ന് മാത്രമാണ് അനുവദിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.1ൽ** കാണിച്ചിരിക്കുന്നു.

[21] സംസ്ഥാന വിഹിതമായ ₹124.34 കോടി 2024 ജൂണിൽ നൽകി.

ധനകാര്യ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിക്കാൻ കാലതാമസമുണ്ടായെന്നും അതിനു കാരണം ആ സമയത്ത് ഉണ്ടായ സാമ്പത്തിക ഞെരുക്കങ്ങളാണെന്നും എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി എക്സിറ്റ് കോൺഫറൻസിൽ മറുപടി നൽകി (2024 സെപ്റ്റംബർ). കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പ് ശ്രമിക്കുന്നുണ്ടെന്നും പ്രസ്താവിച്ചു.

### *3.1.1.1 സംസ്ഥാന സർക്കാർ വിഹിതം അനുവദിച്ചതിലെ കുറവ്*

കേന്ദ്ര സർക്കാർ റിലീസ് ചെയ്ത ഫണ്ടുകൾ സംസ്ഥാന/യുഎൽബി വിഹിതത്തോടൊപ്പം സംസ്ഥാന/സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾക്ക് കൈമാറ്റം ചെയ്യുകയും ഈ തുക എസ്.എം.എം.യു പരിപാലിക്കുന്ന സിംഗിൾ നോഡൽ ഏജൻസി (എസ്എൻഎ) അക്കൗണ്ടിൽ സൂക്ഷിക്കുകയും വേണം. ഈ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമായ തുകകളിൽ നിന്നുള്ള പലിശ മിഷൻ ഫണ്ടായി കണക്കാക്കിയതിനാൽ, പലിശയായി ലഭിച്ച ₹8.09 കോടി കേന്ദ്ര സഹായത്തിന്റെ രണ്ടും മൂന്നും ഗഡുക്കളിൽ[22] കേന്ദ്രസർക്കാർ ക്രമീകരിച്ചു. കേന്ദ്രസർക്കാർ അനുവദിച്ച ₹1161.17 കോടിക്ക് (₹8.09 കോടിയുടെ ക്രമീകരിച്ച പലിശ ഭാഗം ഉൾപ്പെടെ) ആനുപാതികമായി സംസ്ഥാന വിഹിതമായി ₹696.70 കോടി സംസ്ഥാന സർക്കാർ നൽകേണ്ടതായിരുന്നു. എന്നാൽ, സംസ്ഥാന സർക്കാർ അനുവദിച്ചത് ₹691.85 കോടി[23] മാത്രമായിരുന്നു. ഇത് ₹4.85 കോടി കുറച്ച് അനുവദിക്കുന്നതിന് കാരണമായി.

### *3.1.1.2 വിനിയോഗത്തിലെ മെല്ലെപ്പോക്ക് കാരണം കേന്ദ്ര വിഹിതം അനുവദിച്ചതിലെ കാലതാമസം*

സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അംഗീകരിച്ച കേന്ദ്ര സർക്കാർ വിഹിതം 20:40:40 എന്നിങ്ങനെ മൂന്ന് ഗഡുക്കളായാണ് അനുവദിക്കുന്നത്. എസ്.എ.എ.പിക്ക് ഉന്നതതല സമിതി അംഗീകാരം ലഭിച്ചതിന് ശേഷം കേന്ദ്ര സഹായത്തിന്റെ ആദ്യഗഡു (20 ശതമാനം) അനുവദിക്കുന്നു. ഓരോ എസ്.എ.എ.പിയിലും മുമ്പ് ലഭിച്ച ഗഡുക്കളുടെ 75 ശതമാനം വിനിയോഗിച്ചതിന് ശേഷം, അംഗീകരിച്ച തുകയുടെ 40 ശമതാനം വീതമുള്ള രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ ത്രൈമാസികമായി നൽകുന്നു. കൂടാതെ, എസ്എൻഎ അക്കൗണ്ടിൽ ലഭ്യമായ ബാലൻസ് തുക ക്ലെയിം ചെയ്ത തുകയുടെ 25 ശതമാനത്തിൽ കുറവുമായിരിക്കണം.

അംഗീകൃത എസ്.എ.എ.പികളുടെ (I, II, III) ആദ്യ ഗഡു 2015 ഡിസംബറിലും (₹57.60 കോടി), 2016 സെപ്റ്റംബറിലും (₹77.28 കോടി), 2018 ഫെബ്രുവരിയിലും (₹97.36 കോടി) ലഭിച്ചതിനു ശേഷം, കൈപ്പറ്റിയ ഫണ്ടുകളുടെ വിനിയോഗം കുറവായതിനാൽ കേന്ദ്ര സർക്കാരിൽ നിന്ന് രണ്ടാം ഗഡു യഥാസമയം ലഭിക്കുന്നതിന് തടസ്സമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. കൈപ്പറ്റിയ കേന്ദ്ര ഫണ്ടിന്റെ 2.61 ശതമാനം (₹6.05 കോടി) മാത്രമേ 2018 മാർച്ച് വരെ വിനിയോഗിക്കാൻ കഴിഞ്ഞുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിനിയോഗത്തിലെ മന്ദഗതി കാരണം 2018–19 ലും 2022–23 ലും സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ ഫണ്ട് ലഭിച്ചില്ല. ഇത് അവസാന ഗഡു അനുവദിക്കുന്നതിനെ ബാധിക്കുകയും, നീട്ടിയ പദ്ധതി കാലയളവിന്റെ അവസാനത്തിൽ (2024 മാർച്ച് 28) മാത്രം അവസാന ഗഡു ലഭിക്കുകയും ചെയ്തു. ലഭ്യമായ ₹2110 കോടി[24] ഫണ്ടിൽ നിന്ന് ₹1906.64 കോടി (2024 മാർച്ച്) യുഎൽബികൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞുവെന്നും ₹203.36 കോടി വിനിയോഗിക്കാതെ അവശേഷിച്ചെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### *3.1.1.3 കേരള ജല അതോറിറ്റിയിൽ ഫണ്ടുകളുടെ പാർക്കിംഗ്*

ഫലപ്രദമായ ധനകാര്യ നിർവ്വഹണത്തിനും പൊതു ചെലവുകളിലെ സുതാര്യതയും ഉറപ്പാക്കുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിലുള്ള ഫണ്ട്

---

[22] 2019 ഓഗസ്റ്റ് 28 ലെ (₹5.49 കോടി) 2020 സെപ്റ്റംബർ 18 ലെ (₹2.6 കോടി) കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം.

[23] 2024 മാർച്ച് 28–ന് ലഭിച്ച കേന്ദ്രസർക്കാർ വിഹിതത്തിനെതിരെ, അനുവദിച്ച (25 ജൂൺ 2024) ₹124.34 കോടിയുടെ സംസ്ഥാന വിഹിതം ഉൾപ്പെടുന്നു.

[24] ₹2110 കോടി = ₹1161.17 കോടി + ₹567.51 കോടി + ₹381.32 കോടി

വിനിയോഗിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു എസ്എൻഎ അക്കൗണ്ട് ആരംഭിക്കാൻ കേന്ദ്രസർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചു (2021 മാർച്ച്). ഗുണഭോക്താക്കൾക്കും കരാറുകാർക്കും മറ്റും പണം നൽകേണ്ട സമയത്ത് എസ്എൻഎ അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നത് തത്സമയാടിസ്ഥാനത്തിൽ ആയിരിക്കണമെന്നും നിർദ്ദേശിച്ചു.

പദ്ധതി നടപ്പിലാക്കുന്നതിനായി നിലനിർത്തിയിരുന്ന എസ്എൻഎ അക്കൗണ്ടിലെ ഇടപാടുകൾ പരിശോധിച്ചപ്പോൾ, 2023-24 വർഷത്തിലെ (2023 ഡിസംബർ വരെ) വിനിയോഗം ₹56 കോടിയാണെന്നും 2023 ഡിസംബർ 31ന് എസ്എൻഎ അക്കൗണ്ടിൽ ₹338.14 കോടി ലഭ്യമായിരുന്നതായും ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, 2023-24ലെ അവസാന മൂന്ന് മാസങ്ങളിൽ എസ്എൻഎ അക്കൗണ്ടിൽ നിന്നുള്ള ഫണ്ടിന്റെ ഒഴുക്ക് ₹260.68 കോടി[25] ആയിരുന്നു, അതുവഴി എസ്എൻഎ അക്കൗണ്ട് ബാലൻസ് ₹77.46 കോടിയായി കുറഞ്ഞു. അവസാന പാദത്തിലെ ചെലവുകളുടെ ബാഹുല്യം ഓഡിറ്റിൽ വിശകലനം ചെയ്യുകയും, കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ₹204.47 കോടി[26] കേരള ജല അതോറിറ്റിയിൽ പാർക്ക് ചെയ്തതായും (2024 മാർച്ച്) ശ്രദ്ധയിൽപ്പെട്ടു.

വസൂരിച്ചിറയിലെ ഡബ്ല്യുടിപിയുടെയും (₹2.19 കോടി), കുരീപ്പുഴയിലെ എസ്ടിപിയുടെയും (₹1.68 കോടി) ട്രയൽ റണ്ണും കമ്മീഷൻ ചെയ്യലുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2024 ഫെബ്രുവരിയിൽ ₹3.87 കോടി ക്രമവിരുദ്ധമായി അനുവദിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എൻ.എച്ച്.എ.ഐയുടെ അനുമതി ലഭ്യമല്ലാത്തതിനാൽ ഡബ്ല്യുടിപിയിലേയ്ക്കുള്ള അസംസ്കൃത ജലം പമ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികൾ തടസ്സപ്പെട്ടതിനാൽ, 2025 ഡിസംബറിൽ മാത്രമേ ഡബ്ല്യുടിപി കമ്മീഷൻ ചെയ്യപ്പെടുകയുള്ളൂവെന്ന് പ്രതീക്ഷിച്ചിരുന്നു. കൂടാതെ, മലിനജല ചാലുകൾ സ്ഥാപിക്കാത്തതിനാൽ എസ്ടിപി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമായിരുന്നില്ല. പദ്ധതികൾ വിജയകരമായി കമ്മീഷൻ ചെയ്തതിന് ശേഷം മാത്രം നൽകേണ്ട തുകകൾ മുൻകൂട്ടി അനുവദിച്ചത് ക്രമരഹിതമാണ്. പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതുവരെ ഈ തുക കെഡബ്ല്യുഎയിൽ പാർക്ക് ചെയ്യപ്പെടുന്നതിന് ഇത് കാരണമാകും.

മുപ്പത്തിയഞ്ചാം എസ്.എച്ച്.പി.എസ്.സിയുടെ ശിപാർശ പ്രകാരം, അമൃത് 2.0 ലെ 41 പദ്ധതികൾ അമൃത് 1.0 ലേക്ക് മാറ്റാൻ 2024 മാർച്ചിൽ കേരള സർക്കാർ അംഗീകാരം നൽകുകയും, തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾ 29 പദ്ധതികൾക്കായി ₹20.80 കോടി കെഡബ്ല്യുഎയ്ക്ക് മുൻകൂറായി അനുവദിക്കുകയും ചെയ്തു. ഈ പദ്ധതികൾ ഇതിനകം തന്നെ ആരംഭിച്ചതായും ആദ്യ ബില്ലുകൾ അനുവദിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ ഈ പദ്ധതികൾക്കായി കെഡബ്ല്യുഎയ്ക്ക് മുൻകൂർ പണം നൽകേണ്ട ആവശ്യമില്ലായിരുന്നു. കൂടാതെ, ത്രികക്ഷി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 20 ശതമാനം മുൻകൂർ തുകയ്ക്ക് പകരം, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി, 16 പദ്ധതികൾക്കായി പദ്ധതി തുകയുടെ 40 ശതമാനം മുൻകൂറായി കൈമാറി.

കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം കാണിക്കുന്നതിനും കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനും മാത്രമാണ് കെഡബ്ല്യുഎയിൽ ഫണ്ടുകൾ പാർക്ക് ചെയ്തിരിക്കുന്നതെന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾ സൂചിപ്പിക്കുന്നു.

കേന്ദ്ര ഫണ്ടിന്റെ അവസാന ഗഡു നഷ്ടപ്പെടാതിരിക്കാനാണ്, കെഡബ്ല്യുഎയ്ക്ക് തുക കൈമാറിയതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) എക്സിറ്റ് കോൺഫറൻസിൽ (2024 സെപ്റ്റംബർ) പറഞ്ഞു. നിർവ്വഹണ ഏജൻസികളിൽ ഫണ്ട് പാർക്ക് ചെയ്യുന്നത് സാമ്പത്തിക തത്വങ്ങൾക്ക് വിരുദ്ധവും എസ്എൻഎ അക്കൗണ്ട് തുറക്കുന്നതിന്റെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതുമായതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല.

[25] ഭരണപരമായ ചെലവുകളും ഓഫീസ് ചെലവുകളും, ജിഐഎസ്, റിഫോം ഇൻസെന്റീവ് ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നു.

[26] ₹6.22 കോടി പലിശ ഉൾപ്പെടെ (പദ്ധതിയുടെ കണക്കിൽ എസ്.എം.എം.യു ഉൾപ്പെടുത്താത്തത്)

## 3.2 ഭരണപരമായ ചെലവുകളും ഓഫീസ് ചെലവുകളും

മിഷൻ നടത്തിപ്പിനെ പിന്തുണക്കുന്ന സ്ഥാപനപരമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള ഫണ്ടുകളാണ് ഭരണപരമായ ചെലവുകളുടെയും ഓഫീസ് ചെലവുകളുടെയും ഭാഗമാകുന്നത്. നിലവിലുള്ള സമഗ്ര ശേഷി വികസന പരിപാടി (സി.സി.ബി.പി), സ്വതന്ത്ര അവലോകന, നിരീക്ഷണ ഏജൻസികൾ (ഐ.ആർ.എം.എ) മുതലായവയും ഈ അനുവദിച്ച തുകയിൽ നിന്ന് ധനസഹായം ലഭിക്കുന്നു. കേന്ദ്ര സർക്കാർ ഭരണപരമായ ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കുമുള്ള ഫണ്ടുകൾ അനുവദിച്ചതും തുടർന്ന് സംസ്ഥാന സർക്കാർ എസ്.എം.എം.യുവിന് ഫണ്ട് നൽകിയതുമായ രേഖകൾ ഓഡിറ്റ് പരിശോധിച്ചു. ഫണ്ട് സ്വീകരിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ **പട്ടിക 3.3ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.3: ഭരണപരവമായ ചെലവുകളും ഓഫീസ് ചെലവുകളും – ഫണ്ട് അനുവദിച്ചത്**

*(₹ കോടിയിൽ)*

| വർഷം | കേന്ദ്ര സർക്കാർ ഫണ്ട് | | എസ്.എം.എം.യു ലേക്ക് സംസ്ഥാന സർക്കാർ അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|
| | കേന്ദ്രസർക്കാരിൽ നിന്ന് കിട്ടാനുള്ളത് | അനുവദിച്ച തുക | | |
| 2015-16 | 2.25 | 2.25 | 2.25 | 1.08 |
| 2016-17 | 10.30 | 5.15 | 5.15 | 1.03 |
| 2017-18 | - | 0 | 0 | 8.39 |
| 2018-19 | 15.49 | 15.49 | 15.49 | 9.14 |
| 2019-20 | 18.62 | 9.31 | 9.31 | 5.08 |
| 2020-21 | - | 0 | 0 | 4.79 |
| 2021-22 | 18.45 | 4.61 | 4.61 | 4.66 |
| 2022-23 | - | 0 | 0 | 2.08 |
| 2023-24 | - | 0 | 0 | 0.02 |
| **ആകെ** | **65.11** | **36.81** | **36.81** | **36.27** |

*(ഉറവിടം: എസ്.എം.എം.യു നൽകിയ വിവരം)*

ഭരണപരമായ ചെലവുകളും ഓഫീസ് ചെലവുകൾക്കുമായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട ₹65.11 കോടിയിൽ ₹36.81 കോടി മാത്രമാണ് ലഭിച്ചത്. സംസ്ഥാന സർക്കാർ എസ്.എം.എം.യുവിലേക്ക് ഭരണപരമായ ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കുമായി ഫണ്ട് അനുവദിക്കുന്നതിൽ 35 ദിവസം മുതൽ 19 മാസം വരെ കാലതാമസമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക അനുമതി വൈകിയതാണ് ഫണ്ട് അനുവദിക്കുന്നത് വൈകാൻ കാരണമെന്ന് മിഷൻ ഡയറക്ടർ മറുപടി നൽകി.

കോതിയിലും ആവിക്കലിലും എസ്ടിപികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴുക്കുചാലുകൾ സ്ഥാപിക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ 2021 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ റോഡ് പുനരുദ്ധാരണത്തിനായി പിഡബ്ല്യുഡിയിൽ നിക്ഷേപിച്ച ₹76.07 ലക്ഷവും ചെലവാക്കിയ തുകയിൽ ഉൾപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ജനകീയ പ്രതിഷേധത്തെത്തുടർന്ന് ഈ നിർമ്മാണങ്ങൾ റദ്ദാക്കിയെങ്കിലും പിഡബ്ല്യുഡിക്ക് റോഡ് പുനരുദ്ധാരണത്തിന് നൽകിയ തുക ഇതുവരെ കോർപ്പറേഷൻ ആവശ്യപ്പെടുകയോ പദ്ധതി ഫണ്ടിലേക്ക് അടക്കുകയോ ചെയ്തിട്ടില്ല (2024 നവംബർ). റോഡ് പുനരുദ്ധാരണത്തിന് പിഡബ്ല്യുഡിക്ക് അടച്ച തുക അമൃത് 2.0 പ്രകാരം നടപ്പിലാക്കേണ്ട ജോലികൾക്കായി ക്രമീകരിക്കുമെന്ന് (2024 ഡിസംബർ) കോർപ്പറേഷൻ മറുപടി നൽകി. എസ്.എൽ.ഐ.പി തയ്യാറാക്കുന്നതിനും മിഷൻ നഗരങ്ങളുടെ ശേഷി നിർമ്മാണത്തിനുമായി ₹2.25 കോടി (ഒരു യുഎൽബിക്ക് ₹25 ലക്ഷം എന്ന നിരക്കിൽ) എസ്.എം.എം.യുവിന് അനുവദിച്ചെങ്കിലും, എസ്.എം.എം.യു ആ തുക മിഷൻ നഗരങ്ങൾക്ക് കൈമാറിയില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എസ്.എം.എം.യുവിന് ₹63,000 മാത്രമേ ഇതിനായി ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.

യുഎൽബികൾ ആവശ്യപ്പെടാത്തതിനാലാണ് എസ്.എൽ.ഐ.പി തയ്യാറാക്കുന്നതിനായി യുഎൽബികൾക്ക് ഫണ്ട് കൈമാറാത്തതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, എൽഎസ്ജിഡി എക്സിറ്റ് കോൺഫറൻസിൽ പ്രസ്താവിച്ചു (2024 സെപ്റ്റംബർ). എന്നിരുന്നാലും യുഎൽബികൾക്ക് സഹായം കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകി. എസ്.എൽ.ഐ.പികൾ തയ്യാറാക്കേണ്ട ഉത്തരവാദിത്വം മിഷൻ നഗരങ്ങളിൽ നിക്ഷിപ്തമായിരിക്കെ, എസ്.എൽ.ഐ.പികൾ തയ്യാറാക്കുന്നതിനായി കേന്ദ്രസർക്കാർ പ്രത്യേകമായി അനുവദിച്ച ഫണ്ടുകൾ അവർക്ക് കൈമാറേണ്ടതായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല. കൂടാതെ, ഒരു മാസത്തിനുള്ളിൽ യുഎൽബികൾക്ക് ഫണ്ട് അനുവദിക്കണമെന്ന കേന്ദ്രസർക്കാരിന്റെ വ്യവസ്ഥയും പാലിക്കപ്പെട്ടില്ല.

## 3.3 റിഫോം ഇൻസെന്റീവ്

ഒരു കൂട്ടം പരിഷ്കാരങ്ങളിലൂടെ ഭരണം മെച്ചപ്പെടുത്തുക എന്നതായിരുന്നു മിഷന്റെ ലക്ഷ്യങ്ങളിലൊന്ന്. മിഷൻ കാലയളവിൽ 11 പരിഷ്കാരങ്ങൾ നടപ്പാക്കേണ്ടതായിരുന്നു. മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്ന പരിഷ്കാരങ്ങൾ കൈവരിക്കുന്നതിൽ യുഎൽബിയുടെ മുൻവർഷത്തെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് ഇൻസെന്റീവ് തുക അനുവദിച്ചത്. സംസ്ഥാനത്തിന് ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങളും ചെലവുകളും **പട്ടിക 3.4ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.4 : റിഫോം ഇൻസെന്റീവ്-സംസ്ഥാനത്തിന് ലഭിച്ചതും യുഎൽബികൾക്ക് അനുവദിച്ചതുമായ ഫണ്ടുകൾ**

*(₹ കോടിയിൽ)*

| വർഷം | കേന്ദ്രസർക്കാർ അനുവദിച്ചത് | കേരളസർക്കാർ അനുവദിച്ചത് | യുഎൽബികൾക്ക് അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|
| | അനുവദിച്ച തുക | എസ്.എം.എം.യുവിന് അനുവദിച്ച തുക | | |
| 2016-17 | 15.00 | 0 | 0 | 0 |
| 2017-18 | 16.68 | 15.00 | 12.00 | 0 |
| 2018-19 | 15.89 | 16.68 | 3.35 | 0 |
| 2019-20 | 12.25 | 28.14 | 32.47 | 38.57 |
| 2021-22 | 0 | 0 | 0 | 9.95 |
| 2022-23 | 0 | 0 | 0 | 0 |
| 2023-24 | 0 | 0 | 4.92 | 11.00 |
| **ആകെ** | **59.82** | **59.82** | **52.74** | **59.52** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ വിവരങ്ങൾ)*

മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പുതിയ പ്രോജക്ടുകൾ ഉൾപ്പെടെ, അമൃത് പദ്ധതിയിൽ അനുവദനീയമായ ഘടകങ്ങളിൽ മാത്രമേ ഇൻസെന്റീവ് അവാർഡ് തുക മിഷൻ നഗരങ്ങൾക്ക് ഉപയോഗിക്കാൻ കഴിയൂ. ഇൻസെന്റീവ് സംസ്ഥാന വിഹിതമായി ഉപയോഗിക്കാൻ കഴിയില്ലെങ്കിലും, യുഎൽബികൾക്ക് പ്രോജക്റ്റ് ഫണ്ടിംഗിനായി ഇൻസെന്റീവ് തുക വിനിയോഗിക്കാം. എന്നാൽ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹59.82 കോടിയിൽ ₹7.08 കോടി എസ്.എം.എം.യു നിലനിർത്തി (2024 മാർച്ച്). എസ്.എം.എം.യു കൈവശം വെച്ചിരുന്ന ₹7.08 കോടിയിൽ നിന്ന് നവകേരള അർബൻ പോളിസി തയ്യാറാക്കൽ എന്ന അനുവദനീയമല്ലാത്ത പദ്ധതിക്കായി ₹4.00 കോടി എസ്.എം.എം.യു ചെലവഴിച്ചു.

നവകേരള അർബൻ പോളിസിയിലൂടെ തദ്ദേശസ്ഥാപനങ്ങളിലെ പരിഷ്കാരങ്ങൾക്കായുള്ള നയങ്ങൾ രൂപീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നു എക്സിറ്റ് കോൺഫറൻസിൽ പ്രിൻസിപ്പൽ സെക്രട്ടറി, എൽഎസ്ജിഡി പ്രസ്താവിച്ചു (2024 സെപ്റ്റംബർ). മിഷൻ നഗരങ്ങൾക്ക് മാത്രമേ റിഫോം ഇൻസെന്റീവ് ഫണ്ട് വിനിയോഗിക്കുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുവദിക്കുന്നുള്ളൂ എന്നതിനാലും

സർക്കാരിന് നയരൂപീകരണത്തിനായി ഫണ്ട് വിനിയോഗിക്കാൻ അനുവാദം ഇല്ലാത്തതിനാലും മറുപടി സ്വീകാര്യമല്ല.

## 3.4 ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ, എൽഎപി, ടിപിഎസ് എന്നിവ തയ്യാറാക്കുന്നതിനുള്ള കേന്ദ്രസഹായം നഷ്ടപ്പെട്ടത്

### 3.4.1 ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

മിഷൻ നഗരങ്ങൾക്കായി ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുക എന്നത് അമൃതിന് കീഴിലുള്ള ഒരു ഉപപദ്ധതിയായിരുന്നു. തിരഞ്ഞെടുത്ത അമൃത് നഗരങ്ങൾക്കായി ജിയോഗ്രാഫിക്കൽ ഇൻഫൊർമേഷൻ സിസ്റ്റം (ജിഐഎസ്) ഉപയോഗിച്ച് പൊതുവായ ഡിജിറ്റൽ ജിയോ-റഫറൻസ്ഡ് അടിസ്ഥാന ഭൂപടങ്ങളും ഭൂവിനിയോഗ ഭൂപടങ്ങളും വികസിപ്പിക്കലും മാസ്റ്റർ പ്ലാൻ രൂപീകരണവും എന്നതായിരുന്നു ലക്ഷ്യം. മിഷൻ നഗരങ്ങളിൽ ഉപപദ്ധതി നടപ്പാക്കുന്നതിന് ₹6.40 കോടി കേന്ദ്രസർക്കാർ അനുവദിച്ചു. നാല് ഗഡുക്കളായി (20:40:20:20) ഫണ്ട് അനുവദിക്കേണ്ടതിൽ, ആദ്യ മൂന്ന് ഗഡുക്കളായി ₹5.12 കോടി സംസ്ഥാനത്തിന് ലഭിച്ചു. ഭൂപടങ്ങളും ജിഐഎസ് അധിഷ്ഠിത മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിന്റെ ചുമതല തിരുവനന്തപുരത്തെ ചീഫ് ടൗൺ പ്ലാനർക്ക് ആയിരുന്നു. ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ **പട്ടിക 3.5ൽ** പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.5: ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ**

***(₹ കോടിയിൽ)***

| വർഷം | കേന്ദ്രസർക്കാർ അനുവദിച്ചത് | എസ് എംഎംയുവിലേക്ക് കേരള സർക്കാർ അനുവദിച്ചത് | ചെലവ് |
|---|---|---|---|
| 2017-18 | 1.16 | 1.16 | 0 |
| 2018-19 | 0 | 0 | 0.79 |
| 2019-20 | 2.31 | 2.31 | 2.45 |
| 2020-21 | 0 | 0 | 0.15 |
| 2021-22 | 1.65 | 1.65 | 0.79 |
| 2022-23 | 0 | 0 | 0.43 |
| 2023-24 | 0 | 0 | 0.31 |
| **ആകെ** | **5.12** | **5.12** | **4.92** |

*(ഉറവിടം: എസ്.എം.എം.യു നൽകിയ വിശദാംശങ്ങൾ)*

പരിഷ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഒമ്പത് അമൃത് നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിനും കേന്ദ്ര ഫണ്ടിന്റെ 75 ശതമാനം വിനിയോഗിച്ചതിനും ശേഷമേ ഫണ്ടിന്റെ നാലാമത്തെ (അവസാനത്തെ) ഗഡു ക്ലെയിം ചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽ, കൊല്ലം കോർപ്പറേഷനൊഴികെയുള്ള മറ്റൊരു യുഎൽബികൾക്കും മാസ്റ്റർ പ്ലാൻ അന്തിമമാക്കാൻ കഴിഞ്ഞില്ല (2024 മാർച്ച്), ഇത് നാലാം ഗഡുവായ ₹1.28 കോടി ലഭിക്കാത്തതിന് കാരണമായി.

### 3.4.2 ലോക്കൽ ഏരിയ പ്ലാനും (എൽഎപി) ടൗൺ പ്ലാനിംഗ് സ്കീമും (ടിപിഎസ്)

ഇന്ത്യയിലെ 25 അമൃത് നഗരങ്ങളിൽ ലോക്കൽ ഏരിയാ പ്ലാനും (എൽഎപി), ടൗൺപ്ലാനിംഗ് സ്കീമും (ടിപിഎസ്) രൂപീകരിക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരമാണ് തിരഞ്ഞെടുക്കപ്പെട്ട ഒരു നഗരം. നിലവിലുള്ള ബ്രൗൺ ഫീൽഡ് ഏരിയകളുടെ[27]

[27] തിരുവനന്തപുരം കോർപ്പറേഷനിലെ വാർഡുകളായ തമ്പാനൂരും, പാളയവും, തൈക്കാടും, വഴുതക്കാടും

പുനർവികസനമാണ് ലോക്കൽ ഏരിയ പ്ലാൻ ലക്ഷ്യമിടുന്നത്, അതേസമയം ടൗൺ പ്ലാനിംഗ് സ്കീം ഗ്രീൻ ഫീൽഡ് ഏരിയകളുടെ[28] ആസൂത്രിത വിപുലീകരണത്തിന് വഴിയൊരുക്കുന്നു.

പദ്ധതി നടപ്പാക്കാൻ അനുവദിച്ച ₹രണ്ട് കോടിയിൽ (എൽഎപിക്കും ടിപിഎസിനും ₹ഒരു കോടി വീതം) സംസ്ഥാനത്തിന് ₹1.2 കോടി ലഭിച്ചു (ആദ്യ രണ്ട് ഗഡുക്കളായ[29] 60 ശതമാനം). എൽഎപി, ടിപിഎസ് എന്നിവ തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ കണ്ടെത്തിയത് തമിഴ്നാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ സ്റ്റഡീസിനെയാണ് (ടിഎൻഐയുഎസ്). ഫണ്ട് വിനിയോഗത്തിലല്ല മറിച്ച് നാഴികക്കല്ലുകളുടെ നേട്ടത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പദ്ധതിക്കുള്ള ഫണ്ട് അനുവദിച്ചത്. 'ലാൻഡ് പൂളിംഗിനുള്ള ചട്ടങ്ങളുടെ രൂപീകരണം' എന്ന നാഴികക്കല്ല് കൈവരിക്കാനാകാത്തതിനാൽ, പദ്ധതിക്കായി അനുവദിച്ച ₹0.80 കോടി കേരള സർക്കാരിന് നഷ്ടമായി. ₹0.65 കോടി വിനിയോഗിച്ചെങ്കിലും ലക്ഷ്യം കൈവരിക്കാനായില്ല (2024 മാർച്ച്).

## 3.5 അനുവദനീയമല്ലാത്ത ചെലവുകൾ

പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി മാത്രം സ്കീം ഫണ്ട് വിനിയോഗിക്കാനാണ് മാർഗ്ഗനിർദ്ദേശങ്ങൾ അനുവദിക്കുന്നത്. എന്നാൽ, മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് കെഡബ്ല്യുഎയുടെ കെട്ടിട നിർമ്മാണത്തിനും മുൻ സ്കീമുകളുടെ ബാധ്യത തീർപ്പാക്കുന്നതിനും മിഷൻ ഫണ്ട് വിനിയോഗിച്ച സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക 3.6** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.6: അനുവദനീയമല്ലാത്ത ചെലവുകളുടെ സന്ദർഭങ്ങൾ**

| ക്രമ നമ്പർ | തുക വക മാറ്റിയതിന്റെ ഉദ്ദേശ്യം | യുഎൽബി യുടെ പേര് | തുക (₹ കോടി യിൽ) | ഫണ്ടിന്റെ തരം | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1. | കെഡബ്ല്യുഎയ്ക്ക് അഞ്ച് ഓഫീസ് കെട്ടിടങ്ങൾ | തിരുവനന്തപുരം കൊച്ചി കോർപ്പറേഷനുകളും പാലക്കാട് മുനിസിപ്പാലിറ്റിയും | 2.48 | പദ്ധതി ഫണ്ട് | മൂന്ന് സ്മാർട്ട് ഓഫീസുകളുടെയും രണ്ട് ഓഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണം |
| 2. | കോടതി ഉത്തരവ് പ്രകാരമുള്ള കെഎസ്‌യുഡിപി ബാധ്യത അമൃത് ഫണ്ടിൽ നിന്നും തീർപ്പാക്കൽ | കൊല്ലം കോർപ്പറേഷൻ | 0.73 | പദ്ധതി ഫണ്ട് | കേരള സുസ്ഥിരനഗരവികസന പദ്ധതിയ്ക്ക് (കെഎസ്‌യുഡിപി) കീഴിൽ ചിന്നക്കടയ്ക്ക് (കൊല്ലം) സമീപം അണ്ടർപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരന് നൽകേണ്ടിയിരുന്ന കുടിശ്ശിക നഗരസഭ അടച്ചു. |
| 3. | ചാവക്കാട് ഹൈസ്കൂളിലെ കളിസ്ഥലത്ത് സിന്തറ്റിക് ടർഫ് നിർമ്മാണം | ഗുരുവായൂർ മുനിസിപ്പാലിറ്റി | 0.62 | പദ്ധതി ഫണ്ട് | സ്കൂളിലെ കളിസ്ഥലത്ത് സിന്തറ്റിക് ടർഫ്, ഡ്രെയിനേജുകൾ, ടോയ്‌ലറ്റ് ബ്ലോക്ക് തുടങ്ങിയ നിർമ്മിച്ചു |
| 4. | നവകേരള അർബൻ പോളിസി | എസ്.എം.എം.യു | 4.00 | റിഫോം ഇൻസെന്റിവ് ഫണ്ട് | നവകേരള അർബൻ പോളിസി തയ്യാറാക്കുന്നതിനായി എസ്എൻഎ അക്കൗണ്ടിൽ നിന്ന് (2024 മാർച്ച്) പിൻവലിക്കുകയും അർബൻ ഡയറക്ടറുടെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തു. |
| 5. | പദ്ധതി ഫണ്ടിൽ നിന്ന് ഓപ്പറേഷൻ ആന്റ് മെയ്ന്റനൻസ് കണ്ടെത്തിയത് | തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ | 7.21 | പദ്ധതി ഫണ്ട് | പദ്ധതി ഫണ്ടിൽ നിന്ന് ഓപ്പറേഷൻ ആന്റ് മെയ്ന്റനൻസ് ചെലവ് വഹിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ വിലക്കുന്നു. എന്നാൽ, തിരുവനന്തപുരം കോർപ്പറേഷനിലെ അരുവിക്കരയിൽ 75 എംഎൽഡി |

[28] കോർപ്പറേഷന്റെ വിഴിഞ്ഞം ഏരിയ

[29] 2019 ജൂലൈയിലും 2022 മെയിലും

| ക്രമ നമ്പർ | തുക വക മാറ്റിയതിന്റെ ഉദ്ദേശ്യം | യുഎൽബി യുടെ പേര് | തുക (₹ കോടി യിൽ) | ഫണ്ടിന്റെ തരം | പരാമർശങ്ങൾ |
|---|---|---|---|---|---|
| | | | | | ഡബ്ല്യുടിപിയും 53 ഫ്ലോ മീറ്ററുകളും സ്മാർട്ട് മീറ്ററുകളും കൊച്ചി കോർപ്പറേഷനിൽ എളംകുളത്ത് എസ്ടിപിയും സ്ഥാപിക്കുന്നതിനു വേണ്ടി പദ്ധതി ഫണ്ടിൽ ഓപ്പറേഷൻ ആൻറ്റ് മെയ്ന്റനൻസ് ചെലവ് ഉൾപ്പെടുത്തി. |
| | ആകെ | | 15.04 | | |

*(ഉറവിടം : എസ്.എം.എം.യു/സി.എം.എം.യു/കെഡബ്ല്യുഎയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിനായി ₹11.04 കോടിയുടെ പദ്ധതി ഫണ്ടും ₹നാല് കോടിയുടെ റിഫോം ഇൻസെന്റിവ് ഫണ്ടും വകമാറ്റിയതായി ഓഡിറ്റ് കണ്ടെത്തി.

കെഡബ്ല്യുഎയുടെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും പദ്ധതി ഫണ്ടിൽ നിന്ന് ഭരണപരമായ ചെലവുകളും ഓഫീസ് ചെലവുകളും വഹിക്കുന്നതും സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം സമ്മതിച്ചുകൊണ്ട്, ജലവിഭവ വകുപ്പിന്റെ പ്രതികരണം ലഭ്യമാക്കുമെന്ന് എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി എക്സിറ്റ് കോൺഫറൻസിൽ ഉറപ്പ് നല്കി (2024 സെപ്റ്റംബർ). കൂടുതൽ മറുപടി ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

## 3.6 യുഎൽബികൾക്ക് വായ്പാ സഹായം മുൻകൂർ അനുവദിച്ചതുകൊണ്ട് ഒഴിവാക്കാമായിരുന്ന ഭാരം

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പദ്ധതി ഫണ്ടിന്റെ 20 ശതമാനം മിഷൻ നഗരങ്ങൾ നൽകണം. ഭൂരിഭാഗം മിഷൻ നഗരങ്ങൾക്കും യുഎൽബി വിഹിതം നിറവേറ്റാനുള്ള സാമ്പത്തിക ശേഷിയില്ലാത്തതിനാൽ, ജലവിതരണം, സീവേജ്/സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികളുടെ പദ്ധതിച്ചെലവിന്റെ യുഎൽബി വിഹിതത്തിന്റെ 15 ശതമാനം സംസ്ഥാനസർക്കാർ വായ്പയായി അനുവദിക്കാൻ പത്താമത് എസ്.എച്ച്.പി.എസ്.സി യോഗം തീരുമാനിച്ചു. ബന്ധപ്പെട്ട യുഎൽബികളുടെ വികസന ഫണ്ടിൽ നിന്ന് 10 വർഷകാലയളവിൽ തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശ നിരക്കിൽ വായ്പ തുക തിരിച്ചുപിടിക്കുന്നതാണ്. അതനുസരിച്ച്, 2018 ജൂലൈയിലും നവംബറിലും രണ്ട് ഗഡുക്കളായി ₹254.36 കോടി എസ്.എം.എം.യുവിന് കേരള സർക്കാർ അനുവദിച്ചു. യുഎൽബികൾക്ക് എസ്.എം.എം.യു 2018 ഒക്ടോബർ 29 മുതൽ 2021 ഡിസംബർ 15 വരെ അഞ്ച് ഗഡുക്കളായി ലോൺ തുക വിതരണം ചെയ്തു. എന്നാൽ, എസ്.എം.എം.യു കൈകാര്യം ചെയ്യുന്ന എസ്എൻഎ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തത് 2022 മാർച്ചിലാണ്.

ജലവിതരണ, മലിനജല മേഖലകൾക്ക് കീഴിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിലെ മെല്ലെപ്പോക്കും 17 പദ്ധതികളുടെ റദ്ദാക്കലും കാരണം അനുവദിച്ച ₹254.36 കോടി വായ്പാ തുകയിൽ ₹217.83 കോടി (86 ശതമാനം) മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ (2024 മാർച്ച്) എന്നും ₹36.56 കോടി എസ്.എം.എം.യുവിൽ വിനിയോഗിക്കാതെ കിടക്കുകയാണെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മിഷൻ നഗരങ്ങൾ ലോൺ തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതിനാൽ, വർഷാവർഷം കൈവരിച്ച ചെലവുകളുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ലോൺ തുക അനുവദിക്കേണ്ടതായിരുന്നു.

***ശിപാർശ 3: സ്കീം ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്നും നിർവ്വഹണ ഏജൻസികളിൽ ഫണ്ട് പാർക്ക് ചെയ്യുന്നില്ലെന്നും സർക്കാർ ഉറപ്പാക്കണം.***



# അദ്ധ്യായം IV

## പദ്ധതി നടപ്പാക്കൽ

# അദ്ധ്യായം IV
# പദ്ധതി നടപ്പാക്കൽ

ജലവിതരണത്തിൽ സാർവ്വത്രിക നേട്ടം കൈവരിക്കുക എന്നതായിരുന്നു മിഷന്റെ പ്രാഥമിക ലക്ഷ്യം. എന്നിരുന്നാലും, മിഷൻ നഗരങ്ങളിൽ ഒന്നിനുപോലും നാളിതുവരെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല (2024 ഒക്ടോബർ). ഒൻപതു മിഷൻ നഗരങ്ങളിൽ ഗാർഹിക ജലവിതരണം 9.39 ശതമാനം മുതൽ 89.16 ശമതാനം വരെ ആയിരുന്നു. കൊല്ലം ജില്ലയിലെ വസൂരിച്ചിറയിൽ ₹40.62 കോടി ചെലവഴിച്ചു നിർമ്മിച്ച 100 എംഎൽഡി ജലസംസ്കരണ പ്ലാന്റ്, അസംസ്കൃത ജല പമ്പിംഗ് മെയിൻ പൂർത്തീകരിക്കാത്തതു മൂലം ഉപയോഗശൂന്യമായി കിടന്നു. നഗരത്തിലെ ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ ഏറ്റെടുത്ത പദ്ധതികൾ ₹20.44 കോടി ചെലവാക്കിയിട്ടും പൂർത്തിയാകാതെ അവശേഷിച്ചു. പമ്പിംഗ് മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ സ്ഥാപിക്കാതിരുന്നതിനാലും വിതരണ ലൈനുകളിലെ ചോർച്ചയും കാരണം കെഡബ്ല്യുഎ മൂന്നു യുഎൽബികളിൽ ₹31.51 കോടി ചെലവഴിച്ച് നിർമ്മിച്ച നാല് ഓവർഹെഡ് സർവ്വീസ് റിസർവോയറുകളും പ്രവർത്തനരഹിതമായി അവശേഷിച്ചു.

സിവറേജ് സംവിധാനം നടപ്പാക്കുന്ന കാര്യത്തിൽ ഒൻപതു മിഷൻ നഗരങ്ങളുടെ നിലവാരം തീരെ മോശമായിരുന്നു, അതായത് ആറ് നഗരങ്ങളിൽ വീടുകളിൽ നിന്നും സ്വീവേജ് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഇല്ലാതിരിക്കുകയും കൊച്ചി, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് യഥാക്രമം മൂന്നും ഒന്നും ശതമാനം എന്ന തുച്ഛമായ കവറേജും ആയിരുന്നു. പുറപ്പെടുവിക്കുന്ന സ്വീവേജിന്റെ 34 ശതമാനം സംസ്കരിച്ചിരുന്ന തിരുവനന്തപുരം കോർപ്പറേഷന്, കെഡബ്ല്യുഎ പ്രവൃത്തി പൂർത്തിയാക്കാത്തതിനാലും നിലവിലുള്ള എസ്ടിപിയുമായി ബന്ധിപ്പിക്കാത്തതിനാലും പ്രവൃത്തി ആരംഭിച്ച് അഞ്ചുവർഷം കഴിഞ്ഞിട്ടും, അതിന്റെ സ്വീവർ ശൃംഖല വിപുലീകരിക്കാൻ കഴിഞ്ഞില്ല. കൊല്ലം ജില്ലയിലെ കുരീപ്പുഴയിൽ നിർമ്മാണത്തിലിരിക്കുന്ന എസ്ടിപിയിലേയ്ക്ക് സ്വീവേജ് കൊണ്ടുവരുന്നതിനുള്ള ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ എറ്റെടുക്കാൻ കെഡബ്ല്യുഎ/കൊല്ലം കോർപ്പറേഷനുണ്ടായ വീഴ്ച പദ്ധതി പൂർത്തിയാകാതിരിക്കുന്നതിനും ₹16.84 കോടി ചെലവിട്ട് നിർമ്മിച്ച എസ്ടിപി നിഷ്ക്രിയമായി കിടക്കുന്നതിനും ഇടയാക്കി.

വൈദ്യുതി പോസ്റ്റുകൾ, സ്റ്റേ വയറുകൾ, ടെലികോം ബോക്സുകൾ പോലുള്ള തടസ്സങ്ങൾ നീക്കം ചെയ്യാതെയായിരുന്നു നഗര ഗതാഗത ഘടകത്തിനു കീഴിൽ പരിശോധന നടത്തിയ നടപ്പാതകളിൽ 47 ശതമാനവും നിർമ്മിച്ചിരുന്നത്. പരിശോധന നടത്തിയ 37 ശതമാനം നടപ്പാതകളും ഭിന്നശേഷി സൗഹൃദമായിരുന്നില്ല, 53 ശതമാനം നടപ്പാതകളിൽ കാഴ്ച പരിമിതിയുള്ളവർക്ക്, സൗകര്യപ്രദമായ സ്പർശന നടപ്പാത ഇല്ലായിരുന്നു.

വെള്ളപ്പൊക്കം തടയുന്നതിനായുള്ള ഓടകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതായിരുന്നു മിഷന്റെ ലക്ഷ്യമെങ്കിലും, കൊച്ചി കോർപ്പറേഷൻ ₹45.43 കോടി ചെലവഴിച്ചത് മലിനജലം കലരുന്നതും വെള്ളപ്പൊക്കവും തടയുന്നതിനുമുള്ള കൃത്യമായ പദ്ധതികൾ തയ്യാറാക്കാതെയായിരുന്നു. തന്മൂലം, നഗരത്തിൽ വെള്ളപൊക്കം ഉണ്ടാകുന്നത് തടയാനായില്ലെന്ന് മാത്രവുമല്ല, ചളി/പായൽ മാറ്റുന്നതുൾപ്പെടെയുള്ള സാധാരണ പരിപാലന പ്രവർത്തനങ്ങൾക്കായി പദ്ധതി ഫണ്ട് ചെലവഴിക്കുകയും ചെയ്തു. ഒരു പ്രാഥമിക ഓടയിലേയ്ക്ക് സംയോജനം ഉറപ്പാക്കാതെ പ്ലാവർകോട്-ഉള്ളൂർക്കോണം-അണ്ടൂർപൊയ്ക റോഡിൽ തിരുവനന്തപുരം കോർപ്പറേഷൻ ഓട നിർമ്മിച്ചത് പ്രസ്തുത പ്രദേശത്ത് വെള്ളപ്പൊക്കം ഉണ്ടാക്കുന്നതിന് ഇടയായി.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന ഘടകത്തിനു കീഴിൽ തൃശ്ശൂർ കോർപ്പറേഷനിലെ നെഹ്റു പാർക്കിൽ നിർമ്മിച്ച മ്യൂസിക്കൽ ഫൗണ്ടൻ പ്രവർത്തനരഹിതമായതിനാൽ അതിനായി ചെലവഴിച്ച ₹27.92 ലക്ഷം വിഫലമായി. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ കൊച്ചി കോർപ്പറേഷന്റെ ചെലവന്നൂർ കായൽ തീരത്തെ പാർക്ക് നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരികയും തൻമൂലം പദ്ധതിയ്ക്കായി ചെലവഴിച്ച ₹28.22 ലക്ഷം നിഷ്ഫലമായിത്തീരുകയും ചെയ്തു.

## 4.1 പദ്ധതികളുടെ നിർവ്വഹണം

അമൃത് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം എല്ലാ വീടുകളിലും ജലവിതരണവും സിവറേജ് സംവിധാനവും (സെപ്റ്റേജ് ഉൾപ്പെടെ) ഉറപ്പാക്കണം എന്നതായിരുന്നു. ഇവയിലുള്ള സാർവ്വത്രിക കവറേജ് കൈവരിക്കുന്നതോടെ സംസ്ഥാനം/യുഎൽബികൾക്ക് അടുത്ത മുൻഗണന തീരുമാനിക്കാവുന്നതാണ്. തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനോ വാഹനങ്ങൾ മുഖാന്തരം ഉണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിനോ ഏതാണ് തദ്ദേശമുൻഗണന എന്നതിന്റെ അടിസ്ഥാനത്തിൽ മഴവെള്ള ഓടകൾ നിർമ്മിക്കുന്നതിനോ നഗര ഗതാഗതത്തിനു ഫണ്ടുകൾ നൽകുന്നതിനോ തീരുമാനിക്കാം. എന്നാൽ, സാർവ്വത്രിക കവറേജ് കൈവരിക്കുക എന്ന ലക്ഷ്യത്തിനു പകരം, ജി.ഒ.കെ എല്ലാ അഞ്ചു ഘടകങ്ങളിലെയും പദ്ധതികൾ എസ്.എ.എ.പിയിൽ ഉൾപ്പെടുത്തുകയും നിർവ്വഹിക്കുകയും ചെയ്തു. ഘടകാടിസ്ഥാനത്തിൽ യുഎൽബികൾ നിർദ്ദേശിച്ച പദ്ധതികളും, നടപ്പാക്കുന്നതിലെ കാര്യക്ഷമതയും തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

## 4.2 പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി

ജിഒകെ ₹2535.07 കോടി പദ്ധതി ചെലവുള്ള 1185 പദ്ധതികൾ നടപ്പാക്കുന്നതിനായി ഏറ്റെടുത്തു. 2024 മാർച്ച് വരെ 939 പദ്ധതികൾ പൂർത്തീകരിക്കുകയും 172 പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയും 74 പദ്ധതികൾ റദ്ദാക്കുകയും ചെയ്തു. പദ്ധതികൾക്കായി ഇതുവരെ (2024 മാർച്ച്) ₹1906.98 കോടി ചെലവഴിച്ചു. അംഗീകരിച്ച പദ്ധതികളുടെയും ചെലവിന്റെയും ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 4.1ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.1: 2024 മാർച്ച് 31 ലെ ഘടകങ്ങൾ തിരിച്ചുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഘടകം | അംഗീകരിച്ച പദ്ധതികളുടെ എണ്ണം[30] | പദ്ധതി തുക[31] | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് | നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ | ചെലവ് | റദ്ദാക്കിയ പദ്ധതികൾ | പദ്ധതി തുക | ആകെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം[32] | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ജലവിതരണം | 221 | 1558.54 | 160 | 800.53 | 57 | 403.24 | 4 | 18.56 | 1203.77 | 74 | 77 |
| 2. | സിവറേജും സെപ്റ്റേജും | 165 | 381.39 | 101 | 148.46 | 51 | 99.99 | 13 | 256.94 | 248.45 | 66 | 65 |
| 3. | മഴവെള്ള ഓട | 565 | 357.19 | 499 | 250.79 | 37 | 38.06 | 29 | 13.73 | 288.85 | 93 | 81 |
| 4. | നഗര ഗതാഗതം | 147 | 189.46 | 107 | 96.80 | 21 | 30.95 | 19 | 29.76 | 127.75 | 84 | 67 |
| 5. | ഹരിത ഇടങ്ങളും പാർക്കുകളും | 87 | 48.49 | 72 | 35.78 | 6 | 2.38 | 9 | 4.52 | 38.16 | 92 | 79 |
| | **ആകെ** | **1185** | **2535.07** | **939** | **1332.36** | **172** | **574.62** | **74** | **323.51** | **1906.98** | **85** | **75** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റയിൽ നിന്നും തയ്യാറാക്കിയത്)*

30 റദ്ദാക്കിയ 74 പദ്ധതികൾ ഉൾപ്പെടുന്നു

31 റദ്ദാക്കിയ പദ്ധതികളിൽ നിന്നുള്ള സേവിംഗ് ഒന്നുകിൽ പുതിയ പദ്ധതികൾ അനുവദിക്കാനോ ഒരേ ഘടകത്തിലേയോ മറ്റു ഘടകങ്ങളിലേയോ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പദ്ധതി തുക പുതുക്കുന്നതിനോ ഉപയോഗിച്ചതിനാൽ റദ്ദാക്കിയ പദ്ധതികളുടെ പദ്ധതി തുക ഉൾപ്പെടുത്തിയിട്ടില്ല.

32 റദ്ദാക്കിയ 74 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

പട്ടികയിൽ കാണുന്നതുപോലെ പദ്ധതിയുടെ കാലാവധി തുടങ്ങി ഒൻപതു കൊല്ലം കഴിഞ്ഞിട്ടും 85 ശതമാനം പദ്ധതികൾ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സ്വീവേജും സെപ്റ്റേജും ഘടകത്തിലാണ് ഏറ്റവും കൂടുതൽ റദ്ദാക്കൽ കണ്ടത്, അതിൽ എസ്.എ.എ.പി അനുമതി നൽകിയ പദ്ധതി തുകയുടെ 41.13 ശതമാനം (₹256.94 കോടി) തുകയുള്ള പദ്ധതികൾ റദ്ദുചെയ്തു. അമൃത് പദ്ധതിയുടെ കീഴിൽ കൈവരിച്ച നേട്ടത്തിന്റെ ഘടകങ്ങൾ തിരിച്ചുള്ള 2024 മാർച്ച് 31 ലെ സ്ഥിതി താഴെ കാണുന്ന **പട്ടിക 4.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.2: 2024 മാർച്ചിലെ ഘടകങ്ങൾ തിരിച്ചുള്ള നേട്ടത്തിന്റെ തൽസ്ഥിതി**

| ക്രമ നമ്പർ | ഘടകം | നേട്ടത്തിന്റെ തൽസ്ഥിതി |
|---|---|---|
| 1. | ജലവിതരണം | അമൃതിന് കീഴിൽ 5.37 ശതമാനം കുടുംബങ്ങൾക്ക് പുതിയ വാട്ടർ കണക്ഷൻ ലഭ്യമാക്കി. 100 ശതമാനം എന്ന ലക്ഷ്യത്തിനെതിരായി ആകെ നേട്ടം 69.06 ശതമാനത്തിൽ നിലകൊണ്ടു. |
| 2. | സിവറേജും സെപ്റ്റേജും | അമൃതിന് കീഴിൽ 0.13 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ സിവറേജ് കണക്ഷനുകൾ ലഭ്യമാക്കിയിരുന്നുള്ളൂ. 100 ശതമാനം ലക്ഷ്യത്തിനഭിമുഖമായി ആകെ നേട്ടം 11.25 ശതമാനത്തിൽ നിലകൊണ്ടു. |
| 3. | മഴവെള്ള ഓട | ഡ്രെയിനേജ് ശൃംഖലയിലെ ഗ്യാപ്പിന്റെ 5.59 ശതമാനം നികത്തി. |
| 4. | നഗര ഗതാഗതം | 65 നടപ്പാതകൾ, 23 ഫുട്ട് ഓവർ ബ്രിഡ്ജുകൾ, മൂന്നു മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മിച്ചു. |
| 5. | ഹരിത ഇടങ്ങളും പാർക്കുകളും | 30 പുതിയ പാർക്കുകൾ നിർമ്മിക്കുകയും 36 പാർക്കുകൾ നവീകരിക്കുകയും ചെയ്തു. |

*(ഉറവിടം : എസ്.എം.എം.യു/യുഎൽബികൾ/കെഡബ്ല്യുഎ നൽകിയ ഡാറ്റാ)*

പദ്ധതി പ്രകാരം ജലവിതരണവും സിവറേജും മുൻഗണനാമേഖലകളായിരുന്നെങ്കിലും മൂന്ന്[33] മിഷൻ സിറ്റികൾക്ക് പദ്ധതിയിലൂടെ ഇതുവരെ പുതിയ കുടിവെള്ള കണക്ഷൻ നൽകാൻ കഴിഞ്ഞില്ല. മറ്റുള്ള നഗരങ്ങളിൽ അമൃതിന് കീഴിൽ നൽകിയ വാട്ടർ കണക്ഷന്റെ ശതമാനം 0.5 ശതമാനം മുതൽ 15.43 ശതമാനം വരെയായിരുന്നു. സിവറേജും സെപ്റ്റേജും മേഖലയിൽ, കണ്ണൂരും തിരുവനന്തപുരവും[34] ഒഴികെയുള്ള ഒരു മിഷൻ നഗരത്തിനും പുതിയ സിവറേജ്/സെപ്റ്റേജ് കണക്ഷൻ നൽകാൻ കഴിഞ്ഞില്ല. മോശമായ പ്രകടനം, നിർവ്വഹണത്തിലെ കാലതാമസം, റദ്ദാക്കൽ എന്നിവയുടെ കാരണങ്ങളുടെ വിശദമായ വിശകലനം തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു.

## 4.3 ജലവിതരണ പദ്ധതികളുടെ നിർവ്വഹണം

എല്ലാ കുടുംബങ്ങൾക്കും 135 എൽപിസിഡി ജലം വിതരണം ചെയ്യുക എന്ന സാർവ്വത്രിക നേട്ടം കൈവരിക്കുക എന്നതിനായിരുന്നു അമൃത് മിഷൻ പരമപ്രാധാന്യം നൽകിയത്. ജലസംസ്കരണ പ്ലാന്റുകളുടെയും സർവ്വീസ് റിസർവോയറുകളുടേയും നിർമ്മാണം, വിതരണ ലൈനുകൾ സ്ഥാപിക്കൽ, പഴയതും കേടുപാടുള്ളതുമായ പൈപ്പുലൈനുകൾ നവീകരിക്കുക/മാറ്റുക, ഫ്ളോ/സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക എന്നിവയായിരുന്നു ജലവിതരണ മേഖലയുടെ കീഴിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ. ജലവിതരണമേഖലയുടെ കീഴിൽ നടപ്പാക്കുന്നതിനായി ₹1558.54 കോടിയുടെ 221 പദ്ധതികൾ മിഷൻ നഗരങ്ങൾ ഏറ്റെടുത്തിരുന്നതിൽ 160 പദ്ധതികൾ പൂർത്തീകരിക്കുകയും, 57 പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും നാലു പദ്ധതികൾ റദ്ദാക്കുകയും ചെയ്തു. പദ്ധതികൾ നടപ്പാക്കുന്നതിനായി ₹1203.77 കോടി

[33] കൊച്ചി കോർപ്പറേഷൻ, ആലപ്പുഴ, ഗുരുവായൂർ മുനിസിപ്പാലിറ്റികൾ

[34] നിലവിലുണ്ടായിരുന്ന സീവറേജ് ലൈനിൽ നിന്നും പുതിയ കണക്ഷൻ നൽകി

ചെലവാക്കിയിരുന്നു (2024 മാർച്ച്). അംഗീകരിച്ച പദ്ധതികളുടെയും നടപ്പാക്കിയതിന്റെയും തൽസ്ഥിതി **പട്ടിക 4.3 ൽ** വിവരിച്ചിരിക്കുന്നു.

**പട്ടിക 4.3: ജലവിതരണമേഖലയിൽ അംഗീകരിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ**

*(₹ കോടിയിൽ)*

| ക്രമനമ്പർ | യുഎൽബികളുടെ പേര് | അനുവദിച്ച പദ്ധതികളുടെ എണ്ണം[35] | പദ്ധതി തുക[36] | പൂർത്തിയാക്കിയ പദ്ധതികൾ | ചെലവ് | നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ | ചെലവ് | റദ്ദാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി തുക | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം[37] | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 57 | 122.85 | 45 | 85.48 | 12 | 4.70 | ഇല്ല | ഇല്ല | 90.18 | 79 | 73 |
| 2. | കൊല്ലം | 19 | 169.12 | 14 | 28.54 | 4 | 46.72 | 1 | 1.04 | 75.26 | 78 | 45 |
| 3. | കൊച്ചി | 37 | 181.08 | 16 | 55.52 | 21 | 50.84 | ഇല്ല | ഇല്ല | 106.36 | 43 | 59 |
| 4. | തൃശ്ശൂർ | 29 | 219.32 | 20 | 107.90 | 8 | 87.11 | 1 | 17.00 | 195.01 | 71 | 89 |
| 5. | കോഴിക്കോട് | 30 | 216.44 | 28 | 78.15 | 2 | 111.33 | ഇല്ല | ഇല്ല | 189.48 | 93 | 88 |
| 6. | കണ്ണൂർ | 13 | 144.08 | 12 | 119.59 | 1 | 24.34 | ഇല്ല | ഇല്ല | 143.93 | 92 | 99 |
| 7. | ആലപ്പുഴ | 12 | 179.58 | 8 | 82.57 | 3 | 61.87 | 1 | 0.025 | 144.44 | 73 | 80 |
| 8. | ഗുരുവായൂർ | 12 | 170.74 | 6 | 121.30 | 5 | 13.14 | 1 | 0.50 | 134.44 | 55 | 79 |
| 9. | പാലക്കാട് | 12 | 155.33 | 11 | 121.48 | 1 | 3.19 | ഇല്ല | ഇല്ല | 124.67 | 92 | 80 |
| | **ആകെ** | **221** | **1558.54** | **160** | **800.53** | **57** | **403.24** | **4** | **18.565** | **1203.77** | **74** | **77** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റായിൽ നിന്നും തയ്യാറാക്കിയത്)*

ഒൻപത് മിഷൻ നഗരങ്ങളിലെ 221 പദ്ധതികളിൽ, ₹1006.85 കോടിയുടെ 81 പദ്ധതികൾ ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തുകയും തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്ന ന്യൂനതകൾ വെളിപ്പെടുകയും ചെയ്തു.

### 4.3.1 കൊല്ലം മുനിസ്സിപ്പൽ കോർപ്പറേഷൻ

കോർപ്പറേഷൻ പ്രദേശത്ത് പൈപ്പിലൂടെയുള്ള ജലവിതരണം വിപുലീകരിക്കുന്നതിനായി തടയണ[38], ശേഖരണ കിണർ, ജലസംസ്കരണ പ്ലാന്റ് , ഒഎച്ച്എസ്ആർ എന്നിവയുടെ നിർമ്മാണം, വിതരണ ലൈനുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന "കൊല്ലത്തിനായുള്ള ജല വിതരണ വിപുലീകരണ പദ്ധതി", എന്ന പേരിൽ അമൃത്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) എന്നിവയുടെ ധനസഹായത്തോടെ ഒരു സമഗ്രപദ്ധതിയ്ക്ക് കെഡബ്ല്യുഎ രൂപം നൽകി. വസൂരിച്ചിറയിലെ ഡബ്ല്യുടിപി, ഞാൻകടവിലെ തടയണ, ഒഎച്ച്എസ്ആർലേയ്ക്കുള്ള രണ്ട് വിതരണ ലൈനുകളുടെ നിർമ്മാണം എന്നിവ അമൃത് പദ്ധതിയുടെ കീഴിൽ ആസൂത്രണം ചെയ്തിരുന്നു.

---

35 റദ്ദാക്കിയ പദ്ധതികളും ഉൾപ്പെടുന്നു

36 റദ്ദാക്കിയ പദ്ധതികളുടെ തുക ഉൾപ്പെടുത്തിയിട്ടില്ല

37 റദ്ദാക്കിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല

38 പുഴയുടെ മുകൾഭാഗത്തെ ജലത്തിന്റെ ലെവൽ ഉയർത്തുന്നതിനോ ഒഴുക്ക് നിയന്ത്രിക്കുന്നതിനോ ആയി നദിയുടെ കുറുകെ പണിയുന്ന ഒരു താഴ്ന്ന ഡാം.

### 4.3.1.1 അസംസ്കൃത ജല പമ്പിംഗ് മെയിൻ പൂർത്തിയാക്കാത്തതുമൂലം നിഷ്ക്രിയമായ ഡബ്ല്യുടിപി

വസൂരിച്ചിറയിൽ 100 എംഎൽഡി ജല സംസ്കരണ പ്ലാന്റ് നിർമ്മാണം കെഡബ്ല്യുഎ 2020 ജനുവരിയിൽ തുടങ്ങുകയും ₹40.62 കോടി ചെലവു ചെയ്ത് 2023 ഡിസംബറിൽ പൂർത്തിയാക്കുകയും ചെയ്തു[39]. എന്നാൽ, ശേഖരണ കിണറിൽ നിന്നും ഡബ്ല്യുടിപി യിലേക്ക് അസംസ്കൃത ജലം കൊണ്ടുവരുന്നതിനുള്ള അസംസ്കൃത ജല പമ്പിംഗ് മെയിൻ[40] സ്ഥാപിക്കാൻ കെഡബ്ല്യുഎയ്ക്ക് കഴിയാതിരുന്നതു കാരണം ഡബ്ല്യുടിപി ഇതുവരേയും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല (2024 മാർച്ച്). തടസ്സരഹിതമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാൻ വിശദമായ സർവ്വേ നടത്തുന്നതിൽ കെഡബ്ല്യുഎയ്ക്ക് ഉണ്ടായ വീഴ്ചയാണ്, ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള കാലതാമസത്തിന്റെ കാരണമെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. റെയിൽവേ റോഡിനെ പെരിനാട് പഞ്ചായത്ത് റോഡാണെന്ന് തെറ്റിദ്ധരിച്ച് റെയിൽവേ ട്രാക്കിന് സമാന്തരമായി 930 മീറ്റർ നീളത്തിൽ പൈപ്പുലൈനുകൾ സ്ഥാപിക്കാനായിരുന്നു കെഡബ്ല്യുയുഎ ആദ്യം പദ്ധതിയിട്ടിരുന്നത്. എന്നാൽ, റെയിൽവേയുടെ അനുമതിയ്ക്കായി സമീപിച്ചപ്പോൾ (2019 ജൂലൈ), ഓരോ 100 മീറ്റർ ദൂരത്തിലും സ്ലൂയിസ് വാൽവ് സൗകര്യം നൽകി 1400 എംഎം വ്യാസമുള്ള (20 എംഎം കട്ടിയുള്ള) കേസിംഗ് പൈപ്പുകളിലൂടെ മാത്രമേ പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പാടുള്ളൂ എന്ന് റെയിൽവെ അധികാരികൾ കെഡബ്ല്യുഎയെ അറിയിച്ചു (2020 ജനുവരി). ഈ ശിപാർശ സാങ്കേതികമായി പ്രായോഗികമല്ലെന്ന് കണ്ടതിനാൽ കെഡബ്ല്യുഎ, എൻഎച്ച് 183ൽ കൂടി പുതിയ ഒരു അലൈൻമെന്റ്[41] കണ്ടെത്തുകയും, (2020 ഫെബ്രുവരി) പുതിയ അലൈൻമെന്റിന്റെ അനുമതിയ്ക്കായി നിർദ്ദേശങ്ങൾ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സിന് (മോർത്ത്) അയക്കുകയും ചെയ്തു (2020 നവംബർ). കെഡബ്ല്യുഎ സമർപ്പിച്ച നിർദ്ദേശം അപൂർണ്ണമായിരുന്നതിനാൽ മോർത്തിന്റെ നിർദ്ദേശപ്രകാരം അവ 2021 ജൂലൈയിൽ വീണ്ടും സമർപ്പിക്കുകയുണ്ടായി. അതിനിടെ, എൻഎച്ച് 183ന്റെ ഈ ഭാഗത്ത് ടാറിംഗ് ജോലികൾ 2021 സെപ്റ്റംബറിൽ പിഡബ്ല്യുഡി (എൻഎച്ച്) നടത്തുകയുണ്ടായി. റോഡിന്റെ കേടുപാടുബാദ്ധ്യതാ കാലാവധി 2024 സെപ്റ്റംബർ വരെ ഉണ്ടായിരുന്നതിനാൽ കെഡബ്ല്യുഎയുടെ അഭ്യർത്ഥന മോർത്ത് നിരസിച്ചു (2022 മെയ്). റെയിൽവേയുടെ വസ്തുവിൽകൂടി പൈപ്പുലൈനുകൾ ഇടുന്നതിന് അത്തരം ഒരു നിബന്ധന റെയിൽവേ നിഷ്കർഷിച്ചിരുന്നത് വളരെ ആദ്യം 2020 ഫെബ്രുവരിയിൽ തന്നെ കെഡബ്ല്യുഎയ്ക്ക് അറിയാമായിരുന്നിട്ടും, എൻഎച്ചിലൂടെയുള്ള മറ്റൊരു അലൈൻമെന്റ് കണ്ടെത്തിയിരുന്നിട്ടും എൻഎച്ച് 183ൽ കൂടിയുള്ള അലൈൻമെന്റിന് മോർത്തിന്റെ അനുമതി ആവശ്യപ്പെടുന്നതിന് കെഡബ്ല്യുഎ 2020 നവംബർ വരെ കാത്തു നിന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിനുപുറമെ, ഈ പ്രവൃത്തിയുടെ തന്നെ മറ്റൊരു ഭാഗത്ത്[42] 2480 മീറ്റർ ദൂരത്തിൽ എൻഎച്ചിലൂടെ കടക്കുന്നതിനുള്ള അനുമതി 2019 ഡിസംബറിൽ മോർത്ത് നൽകുകയും ആ പ്രവൃത്തി 2020 നവംബറിൽ നിർവ്വഹിക്കുകയും ചെയ്തിരുന്നു. പ്രവൃത്തി തുടങ്ങുന്നതിനു മുമ്പ് സർവേ നടത്തി ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനും പകരം കണ്ടെത്തിയ സ്ഥലത്തിന് സമയോചിതമായ മോർത്തിന്റെ അനുമതി വാങ്ങുന്നതിനുള്ള നടപടികൾ എടുക്കുന്നതിനും കെഡബ്ല്യുഎയ്ക്ക് ഉണ്ടായ വീഴ്ച, ശേഖരണ കിണറിൽ നിന്നും ഡബ്ല്യുടിപിയിലേയ്ക്ക് അസംസ്കൃത ജലം കൊണ്ടുവരുന്നതിനുള്ള പൈപ്പുകൾ ഇടുന്ന ജോലി പൂർത്തീകരിക്കാതിരിക്കുന്നതിനും ₹40.62 കോടി ചെലവിൽ നിർമ്മിച്ച ഡബ്ല്യുടിപി വെറുതെ കിടക്കുന്നതിനും ഇടയാക്കി (2024 മാർച്ച്). തത്ഫലമായി കുടിവെള്ള വിതരണത്തിന്റെ വ്യാപ്തി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല (2024 ഒക്ടോബർ). കെഡബ്ല്യുഎ ഡിപിആറിനു

39 മലിനജലം പുറന്തള്ളുന്നതിനുള്ള ഓടയുടെ നിർമ്മാണം ഒഴികെ

40 കിഫ്ബി ധനസഹായത്തോടെ ₹145.52 കോടി ചെലവിൽ നിർമ്മിക്കാനും 2020 ജൂണിൽ പൂർത്തീകരിക്കാനും ലക്ഷ്യമിട്ടിരുന്നു

41 ഇളമ്പള്ളൂർ മുതൽ നന്തിരിക്കൽ വരെ

42 നീരൊഴുക്ക് മുതൽ ഇളമ്പള്ളൂർ വരെ

പകരം ഡിഇആർ മാത്രമാണ് തയ്യാറാക്കിയത് എന്നത് ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

അതുകൂടാതെ, ശേഖരണ കിണറിലേയ്ക്ക് മതിയായ ജലവിതരണം ഉറപ്പാക്കുന്നതിനുള്ള തടയണ നിർമ്മാണം ജലസേചന വകുപ്പിനെ ഏൽപ്പിച്ചിരുന്നതും ഇതുവരെ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല (2024 ഒക്ടോബർ). എസ്റ്റിമേറ്റിൽ പറഞ്ഞിരുന്ന നദിയുടെ ആഴത്തിൽ മാറ്റം ഉള്ളതായി വർക്ക് അവാർഡ് ചെയ്തതിന് ശേഷം (2020 ജൂൺ) കരാറുകാരൻ റിപ്പോർട്ട് ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിൽ നിഷ്കർഷിച്ചിരിക്കുന്ന നാല് മീറ്റർ ആഴത്തിനു വിപരീതമായി നദിയുടെ മധ്യഭാഗത്ത് (തടയണ നിർമ്മിക്കപ്പെടേണ്ട സ്ഥലം) അളക്കപ്പെട്ട ആഴം ഒൻപത് മീറ്റർ വരെ ആയിരുന്നു. ഇതിന്റെ ഫലമായി ഡിസൈൻ മാറ്റം വരുത്തേണ്ടതിനാൽ അനുമതി നൽകിയ നിരക്കുമായി തുടർന്നു പോകാൻ കരാറുകാരൻ വിസമ്മതിച്ചു. എസ്റ്റിമേറ്റ് പുതുക്കുകയും നിരവധി തവണ റീടെൻഡറിംഗ് നടത്തുകയും ചെയ്തെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ അവാർഡു ചെയ്യാൻ കഴിഞ്ഞില്ല (2023 ഡിസംബർ). അതിനാൽ, ജിഒകെ പ്രവൃത്തി റദ്ദാക്കുകയും (2024 മാർച്ച്) അമൃത് 2.0 നുകീഴിൽ ഏറ്റെടുക്കുവാൻ കെഡബ്ല്യുഎയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു (2024 മാർച്ച്).

അങ്ങനെ ജലസേചന വകുപ്പിന്റെ/കെഡബ്ല്യുഎയുടെ മോശമായ ആസൂത്രണവും പദ്ധതി നിർവ്വഹണവും ₹46.09 കോടിയുടെ[43] നിഷ്ഫല മുതൽമുടക്കിനും, പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും കാരണമായി.

റെയിൽവേ ലൈനിനു സമാന്തരമായി കിടക്കുന്ന റോഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച അനിശ്ചിതത്വം, റെയിൽവേ സമർപ്പിച്ച നിർദ്ദേശങ്ങളിലെ അപ്രായോഗികത, കോവിഡ് 19 മഹാമാരി സംബന്ധിച്ച നിയന്ത്രണങ്ങൾ, കെഡബ്ല്യുഎയ്ക്ക് സമയബന്ധിതമായി അനുമതി നൽകുവാൻ എൻഎച്ച്-മോർത്തിന്റെ ഭാഗത്തു നിന്നുള്ള കാലതാമസം എന്നീ കാരണങ്ങൾ പൈപ്പ് ലൈൻ പൂർത്തീകരിക്കാനുള്ള കാലതാമസത്തിന് ഇടയാക്കി എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). എൻഎച്ച്എഐയിൽ നിന്നും അനുമതി നേടുന്നതിനായി വീണ്ടും നടപടി സ്വീകരിച്ചതായും അറിയിച്ചു.

എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തടസ്സമില്ലാത്ത ഭൂമി കെഡബ്ല്യുഎ ഉറപ്പാക്കിയിരുന്നില്ല എന്ന വസ്തുത അവശേഷിക്കുന്നു. കൂടാതെ, ബദൽ അലൈൻമെന്റിനുള്ള അനുമതിക്കായി കെഡബ്ല്യുഎ മോർത്തിനെ സമീപിക്കാൻ എട്ടു മാസമെടുത്തു. ഇതിനുപുറമെ, പൂർണ്ണരൂപത്തിലുള്ള ചെക്ക്ലിസ്റ്റ്, സ്റ്റാമ്പ് പേപ്പറിലുള്ള അണ്ടർടേക്കിങ്ങസ്, കെഎസ്ഇബി, ബിഎസ്എൻഎൽ എന്നിവയിൽ നിന്നുള്ള നിയമപരമായ ക്ലിയറൻസുകൾ എന്നിവ പോലുള്ള ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചത്. ഇത് അനുമതി ലഭിക്കാതിരിക്കുന്നതിനും പദ്ധതിപൂർത്തിയാക്കുന്നിതിനുമുള്ള അനിശ്ചിതമായ കാലതാമസത്തിനും ഇടയാക്കി.

തടയണ നിർമ്മാണത്തെ സംബന്ധിച്ചുള്ള നിരീക്ഷണത്തിന്, വർക്കിന്റെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, എസ്റ്റിമേഷൻ, നിർവ്വഹണം എന്നിവ ചെയ്തത് ജലസേചന വകുപ്പാണെന്നും കെഡബ്ല്യുഎയുടെ പങ്ക് സാങ്കേതിക അനുമതി നൽകൽ, ടെൻഡർ വിളിക്കൽ, കരാർ ഏർപ്പെടുത്തൽ എന്നതിൽ പരിമിതമായിരുന്നു എന്നുമാണ് കേരള സർക്കാർ മറുപടി നൽകിയത്. എന്നാൽ, സാങ്കേതിക അനുമതി നൽകിയത് കെഡബ്ല്യുഎ ആയതിനാൽ തെറ്റായ എസ്റ്റിമേറ്റിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കെഡബ്ല്യുഎയ്ക്ക് ഒഴിഞ്ഞുമാറാൻ ആകാത്തതിനാലും ഇത് അന്തിമമായി പ്രവൃത്തി റദ്ദുചെയ്യുന്നതിലേയ്ക്ക് നയിച്ചതിനാലും മറുപടി സ്വീകാര്യമല്ല.

[43] ഡബ്ല്യുടിപിയിൽ നിന്നും വടക്കേവിളയിലെ നിലിവിലെ ഒഎച്ച്എസ്ആർലേയ്ക്ക് ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കൽ (2021 ഡിസംബർ, ₹3.56 കോടി), ഞാൻകടവിൽ ഇൻടേക്ക് കിണർ നിർമ്മാണം (2020 മെയ്, ₹1.91 കോടി), വസൂരിച്ചിറയിൽ ഡബ്ല്യുടിപി (₹40.62 കോടി)

### 4.3.2 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

കൊച്ചി കോർപ്പറേഷൻ അതിന്റെ അധികാര പരിധിയിൽ ആളോഹരി കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ₹181.08 കോടിയുടെ 37 പദ്ധതികൾ നിർദ്ദേശിച്ചു. ഏഴ് ഒഎച്ച്എസ്ആർ/ജിഎൽഎസ്ആർകളുടെ നിർമ്മാണം, പമ്പിംഗ് മെയ്ൻ/ട്രാൻസ്മിഷൻ പൈപ്പുലൈനുകൾ സ്ഥാപിക്കൽ, പഴയതും കേടുപാടുള്ളതുമായ പൈപ്പുലൈനുകൾ മാറ്റിസ്ഥാപിക്കുക, കേടുപാടുപറ്റിയ 5000 ജലവിതരണ കണക്ഷനുകൾ മാറ്റിസ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നതായിരുന്നു ഈ പദ്ധതികൾ. ഇതുവരെ 16 പദ്ധതികൾ (₹55.52 കോടി) പൂർത്തീയാക്കുകയും, 21 പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമാണ് (2024 മാർച്ച്). അമൃത് ഫണ്ടിൽ നിന്നും ₹106.36 കോടി വിനിയോഗിച്ചതിനു ശേഷവും ആളോഹരി ജലവിതരണത്തിൽ യാതൊരു പുരോഗതിയും കൈവരിക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തിയത് തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

#### *4.3.2.1 നിഷ്ക്രിയമായ ഓവർഹെഡ് സർവ്വീസ് റിസർവോയറുകൾ (ഒഎച്ച്എസ്ആർ)*

കലൂരും പടിഞ്ഞാറൻ കൊച്ചിപ്രദേശത്തും മതിയായ ജലലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 40 എൽഎൽ[44] ഒഎച്ച്എസ്ആർ കലൂരിലും 25 എൽഎൽ ഒഎച്ച്എസ്ആർ കരുവേലിപ്പടിയിലുമായി രണ്ടു ഒഎച്ച്എസ്ആർകളുടെ നിർമ്മാണം കെഡബ്ല്യുഎ ₹35.92 കോടിക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. കളമശ്ശേരിയിലെ നിർദ്ദിഷ്ട ഡബ്ല്യുടിപിയിൽ[45] നിന്നും കൊണ്ടുവരുന്ന ജലം ശേഖരിക്കാനാണ് കലൂരിലെ 40 എൽഎൽ ഒച്ച്എസ്ആർ കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഭൂമി ലഭ്യമല്ലാത്തതിനാൽ കളമശ്ശേരിയിലെ 135 എംഎൽഡി ഡബ്ല്യുടിപിയുടെ നിർമ്മാണം ഉപേക്ഷിച്ചതിനാൽ ആലുവയിലെ നിലവിലുള്ള ഡബ്ല്യുടിപിയുടെ ട്രാൻസ്മിഷൻ ടങ്കിൽ നിന്നും (കലാദർശനാ ജംഗ്ഷൻ) ശുദ്ധീകരിച്ച ജലം കൊണ്ടുവരാൻ തീരിമാനിച്ചു. എന്നാൽ, പൈപ്പുലൈൻ ഇടുന്ന പ്രവൃത്തി നിരവധി തവണ ടെൻഡർ ചെയ്തതിനുശേഷവും അവാർഡു ചെയ്യാൻ സാധിച്ചില്ല. സംസ്കരിച്ച ജലം ലഭ്യമല്ലാത്തതിനാൽ, ₹15.32 കോടി ചെലവിൽ നിർമ്മിച്ച (2022 മെയ് ) 40 എൽഎൽ ഒഎച്ച്എസ്ആർ ഇതുവരെയും ഉപയോഗിക്കാൻ കഴിഞ്ഞില്ല (2024 ഒക്ടോബർ). ഇതിനുപുറമെ, ₹8.79 കോടി ചെലവിൽ നിർമ്മിച്ച (2022 ഡിസംബർ) കരുവേലിപ്പടിയിലെ 25 എൽഎൽ ഒഎച്ച്എസ്ആർ, അകത്തേയ്ക്കും പുറത്തേയ്ക്കും ഉള്ള വാൽവുകളും, പമ്പ് ഹൗസിലെ ഇലക്ട്രിക് മോട്ടോറും പ്രവർത്തിക്കാത്തതുകാരണം 2023 സെപ്റ്റംബർ മുതൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ, മതിയായ ജലവിതരണം ഉറപ്പാക്കുന്നതിനായി ₹24.11 കോടി ചെലവ് ചെയ്തു നിർമ്മിച്ച രണ്ട് ഒ.എച്ച്.എസ്.ആറുകൾ അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെട്ടു.

കലൂരിൽ നിഷ്ക്രിയമായി കിടക്കുന്ന ഒഎച്ച്എസ്ആറിനെ സംബന്ധിച്ച്, ഒഎച്ച്എസ്ആർലെ അകത്തേയ്ക്കും പുറത്തേയ്ക്കും ഉള്ള പൈപ്പുലൈനുകൾ ഇടുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ച് പ്രവൃത്തി ടെൻഡർ ചെയ്തു കഴിഞ്ഞെന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). പ്രസ്തുത പ്രവൃത്തി 2024 ഡിസംബർ 31 ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും പൂർത്തിയാകുന്നതോടെ 40 എൽഎൽ ഒഎച്ച്എസ്ആറിലൂടെ ജലവിതരണം നടത്താനാകുമെന്നും മറുപടി നൽകി.

എന്നാൽ, ₹15.32 കോടി ചെലവഴിച്ചു 2022 മേയ് മാസത്തിൽ പൂർത്തികരിച്ച 40 എൽഎൽ ഒഎച്ച്എസ്ആർ കഴിഞ്ഞ രണ്ടു വർഷത്തിലധികമായി നിഷ്ക്രിയമായി കിടക്കുകയാണെന്ന വസ്തുത നിലനിൽക്കുന്നു. കൂടാതെ, കരുവേലിപടിയിലെ 20 എൽഎൽ ഒഎച്ച്എസ്ആർ നിഷ്ക്രിയമായി കിടക്കുന്നതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തിന് സർക്കാർ മറുപടിയിൽ പരാമർശമില്ല.

---

44 ലക്ഷം ലിറ്റർ

45 അമൃത് പദ്ധതിയുടെ കീഴിൽ നിർദ്ദേശിച്ചതല്ല

### 4.3.2.2 കോർപ്പറേഷനിൽ ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിക്കാത്തത്

കൊച്ചി നഗരത്തിലേയ്ക്ക് അധിക ശുദ്ധീകരിച്ച ജലം (18 എംഎൽഡി വരെ) മരട് ഡബ്ല്യുടിപിയിൽ നിന്നും കൊണ്ടുവരുക എന്ന ഉദ്ദേശ്യത്തോടെ കെഡബ്ല്യുഎ രണ്ട് പദ്ധതികൾ അമൃതിന് കീഴിൽ ഉൾപ്പെടുത്തി. ₹22.50 കോടി പദ്ധതി ചെലവിൽ മരടിലെ ഡബ്ല്യുടിപിയിൽ നിന്നും തമ്മനത്തെ പമ്പ് ഹൗസിലേയ്ക്ക് 5900 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ (500 എം.എം ഡി.ഐ പൈപ്പ്) ഇടുന്നതിനും മറ്റേത് ₹9.54 കോടി പദ്ധതി ചെലവിൽ തമ്മനത്തെ പമ്പ് ഹൗസിൽ നിന്ന് കടവന്ത്രയിലെ ഒഎച്ച്എസ്ആർലേയ്ക്ക് 500 എം.എം ഡി.ഐ പൈപ്പുലൈൻ ഇടുന്നതിനുമായിരുന്നു. എന്നാൽ, രണ്ട് പദ്ധതികളും പൂർത്തീകരിക്കാതെ അവശേഷിക്കുകയും, ഉദ്ദേശ്യം കൈവരിക്കാതിരിക്കുകയും ചെയ്തതത് താഴെ വിവരിച്ചിരിക്കുന്നു.

#### *(a) മരടിലെ ഡബ്ല്യുടിപിയിൽ നിന്നും തമ്മനത്തെ പമ്പ് ഹൗസിലേയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ*

മരടിലെ 100 എംഎൽഡി ഡബ്ല്യുടിപിയിൽ നിന്നും തമ്മനത്തെ ജിഎൽഎസ്ആർലേയ്ക്ക് ശുദ്ധജലം കൊണ്ടുപോകുന്നതിനായി ഉപയോഗിച്ചിരുന്ന നിലവിലെ ട്രാൻസ്മിഷൻ ലൈനിലെ 500 എംഎം എസി പൈപ്പുകളെ 500 എംഎം ഡിഐ പൈപ്പുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിച്ച് തമ്മനത്തെ പമ്പ് ഹൗസിലേയ്ക്കുള്ള ജലവിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായിരുന്നു ₹22.50 കോടിയുടെ നിർദ്ദിഷ്ട പദ്ധതി. 5850 മീറ്റർ ദൂരം (3700 മീറ്റർ എൻഎച്ച് വഴിയും 2150 മീറ്റർ പിഡബ്ല്യുഡി/എൽഎസ്ജിഐ/ റെയിൽവേ റോഡ് വഴിയും) പൈപ്പ് ഇടുന്നതായിരുന്നു പദ്ധതി, ഇതിന് പിഡബ്ല്യുഡി, എൻ.എച്ച്.എ.ഐ, റെയിൽവേ അധികാരികൾ എന്നിവരിൽ നിന്നും അനുമതി ആവശ്യമായിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ അധികാരികളിൽ നിന്നും അനുമതി വാങ്ങുന്നതിനു മുൻപേ വർക്ക് അവാർഡു ചെയ്തതായി (2018 ജൂൺ) ഓഡിറ്റ് നിരീക്ഷിച്ചു. എൻഎച്ച് ലൂടെ 3700 മീറ്റർ ദൂരം പൈപ്പിടുന്നതിന് എൻ.എച്ച്.എ.ഐ അനുമതി നിഷേധിച്ചെങ്കിലും (2018 ഫെബ്രുവരി), കെഡബ്ല്യുഎ, പിഡബ്ല്യുഡി റോഡിലൂടെ ബാക്കിയുള്ള ദൂരം (2524 മീറ്റർ)[46] പൈപ്പിടുന്ന ജോലി ₹11.39 കോടി ചെലവിൽ പൂർത്തിയാക്കി (2020 ഫെബ്രുവരി). 3700 മീറ്റർ ദൂരം പൈപ്പ് ഇടുന്ന ജോലി തുടങ്ങാൻ കഴിയാത്തതു കാരണം പ്രസ്തുത പ്രവൃത്തി 2022 മേയിൽ അവസാനിപ്പിച്ചു. അങ്ങനെ, തമ്മനം പമ്പ് ഹൗസിലേയ്ക്കുള്ള ജലവിതരണം ഊർജ്ജിതപ്പെടുത്തുക എന്ന ഉദ്ദേശ്യം ₹11.39 കോടി മുടക്കിയിട്ടും സാക്ഷാത്കരിക്കാൻ കഴിഞ്ഞില്ല.

എൻഎച്ച് ലൂടെ 3700 മീറ്റർ ദൂരം ഓപ്പൺ കട്ട് രീതിയിൽ ഉള്ള പൈപ്പിടൽ നിർദ്ദേശത്തിനു എൻ.എച്ച്.എ.ഐ അനുമതി നിഷേധിക്കുകയും കോൺക്രീറ്റ് ഡക്ടിലൂടെ മാത്രം പൈപ്പിടൽ അനുവദിക്കുകയും ചെയ്തതിനാൽ, കെഡബ്ല്യുഎ മുനിസിപ്പൽ റോഡിലൂടെ അലൈൻമെന്റ് പുതുക്കി നിശ്ചയിച്ചു എന്ന് സർക്കാർ മറുപടി പറഞ്ഞു (2024 ഒക്ടോബർ) എന്നാൽ, മുനിസിപ്പൽ റോഡിലൂടെയുള്ള പൈപ്പിടലിനുള്ള ടെൻഡർ ഏറ്റെടുക്കുവാൻ ആരും ഉണ്ടായിരുന്നില്ല. ആയതിനാൽ, എൻഎച്ച് 66ലൂടെ പൈപ്പ് ലൈൻ ഇടുന്നതിനുള്ള അനുമതിയ്ക്കായി കെഡബ്ല്യുഎ എൻ.എച്ച്.എ.ഐയെ വീണ്ടും സമീപിച്ചു. ഇടപ്പള്ളി മുതൽ അരൂർ വരെ റോഡ് വീതി കൂട്ടുന്ന പ്രവൃത്തികൾ എൻ.എച്ച്.എ.ഐ നിർദ്ദേശിച്ചിരിക്കുന്നതിനാൽ, എൻ.എച്ച്.എ.ഐയിൽ നിന്നും അനുകൂല തീരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

എന്നാൽ, പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് നിയമപരമായ അനുമതികൾ അധികാരികളിൽ നിന്നും വാങ്ങാതിരുന്നതിനാൽ നിർമ്മിച്ച അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ നാലുവർഷമായി നിഷ്ക്രിയമായി കിടിക്കുന്നതിനും അങ്ങനെ, കൊച്ചി

[46] ആദ്യം നിർദ്ദേശിച്ച ദൂരം 1830 മീറ്റർ ആയിരുന്നു. പ്രവൃത്തി ചെയ്തുകൊണ്ടിരുന്നപ്പോൾ ദൂരം 2524 മീറ്റർ ആയി മാറ്റം വരുത്തി

നഗരത്തിന് അധികജലം നൽകുക എന്ന ലക്ഷ്യം കൈവരിക്കാതിരിക്കാനും ഇടയാക്കി എന്ന വസ്തുത നിലനിൽക്കുന്നു (2024 ഒക്ടോബർ).

***(b) തമ്മനം പമ്പ് ഹൗസിൽ നിന്നും കടവന്ത്രയിലെ ഒഎച്ച്എസ്ആർലേയ്ക്കുള്ള ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ***

കൊച്ചി കോർപ്പറേഷൻ പ്രദേശത്ത് ജലവിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി തമ്മനം പമ്പ്ഹൗസിൽ നിന്നും കടവന്ത്രയിലെ ഒഎച്ച്എസ്ആർലേയ്ക്ക് 17.30 എംഎൽഡി ശുദ്ധീകരിച്ച ജലം കൊണ്ടുവരുന്നതിനായി ₹9.54 കോടി പദ്ധതി ചെലവിൽ പുതിയ 500 എം.എം ഡി.ഐ പൈപ്പ് ലൈൻ സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പ്രവൃത്തി 2018 ജൂണിൽ തുടങ്ങുകയും പൊന്നുരുന്നിയിലെ റെയിൽവേ ലൈൻ ക്രോസിംഗ് ഒഴികെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി ₹9.05 കോടി ചെലവിൽ പൂർത്തിയാക്കുകയും ചെയ്തു. റെയിവെ ലൈൻ ക്രോസിംഗ് വർക്ക് പ്രത്യേകം ഏർപ്പാടാക്കിയിരുന്നെങ്കിലും ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞില്ല (2024 മാർച്ച്). റെയിൽവേ ലൈൻ ക്രോസിംഗിന്റെ പ്രവൃത്തി പൂർത്തികരിച്ചാലും, മുകളിലത്തെ ഖണ്ഡികയിൽ പരമാശിച്ച മരട്-തമ്മനം പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കാത്തതു മൂലം 17.30 എംഎൽഡി അധിക ജലം വിതരണത്തിനായി കൊണ്ടു വരുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയില്ല. ഇതിനു പുറമെ, ശുദ്ധീകരിച്ച ജലം സംഭരിക്കാൻ ഉദ്ദേശിച്ചിരുന്ന കടവന്ത്രയിലെ ഒഎച്ച്എസ്ആർ, ആവശ്യമായ മർദ്ദത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ കഴിഞ്ഞ 40 വർഷമായി ഉപയോഗിക്കാതെ കിടക്കുകയാണ്. പദ്ധതി ഏറ്റെടുക്കുന്നതിനുമുമ്പ് ഒഎച്ച്എസ്ആർന്റെ ഘടനാപരമായ ബലം കെഡബ്ല്യുഎ ഉറപ്പാക്കിയിരുന്നില്ലായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പൈപ്പിടൽ ജോലികൾ 2024 ഒക്ടോബറോടെ പൂർത്തിയാക്കുമെന്നും നിലവിലെ ഒഎച്ച്എസ്ആർ ഏകദേശം 40 കൊല്ലത്തോളം പഴക്കമുള്ളതിനാൽ ടാങ്കിന്റെ ഘടനാപരമായ ബലം നിർണ്ണയിക്കുന്നതിന് കെഡബ്ല്യുഎ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി എൻജിനീയറിംഗ് കോളേജിനെ സമീപിച്ചെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

കെഡബ്ല്യുഎയുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണമില്ലായ്മ പദ്ധതിയുടെ പൂർത്തീകരണത്തിന് അനന്തമായ കാലതാമസത്തിനിടയാക്കി എന്നത് ശരിവയ്ക്കുന്നതായിരുന്നു സർക്കാരിന്റെ മറുപടി.

### 4.3.3 തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

അമൃത് പദ്ധതി തുടങ്ങുന്ന സമയത്ത് തൃശ്ശൂർ കോർപ്പറേഷനിൽ 33.70 എംഎൽഡി ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യത ഉണ്ടായിരുന്നു. 60.48 ശതമാനം കുടുംബങ്ങൾക്ക് 93 എൽപിസിഡി എന്ന തോതിൽ വിതരണം ചെയ്തിരുന്നു. സാർവ്വത്രിക വിതരണം കൈവരിക്കുന്നതിനായി 26.3 എംഎൽഡി ശുദ്ധീകരിച്ച ജലത്തിന്റെ ആവശ്യകത നിർണ്ണയിച്ചു. ഇതിനായി (i) പീച്ചിയിൽ 20 എംഎൽഡി ജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം, (ii) കുട്ടനല്ലൂർ, ഒല്ലൂർ എന്നിവിടങ്ങളിൽ രണ്ടു ഒഎച്ച്എസ്ആർ നിർമ്മാണം, (iii) 117 കിലോമീറ്റർ വിതരണ ലൈനുകൾ സ്ഥാപിക്കുകയും സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്യുക എന്നിവ ഉൾപ്പെടുന്ന ₹219.32 കോടിയുടെ 29 പദ്ധതികൾ കോർപ്പറേഷൻ നിർദ്ദേശിച്ചു. 29 പദ്ധതികളിൽ, 20 പദ്ധതികൾ പൂർത്തിയാക്കുകയും എട്ട് പദ്ധതികൾ നടന്നു കൊണ്ടിരിക്കുകയും, ഒരു പദ്ധതി റദ്ദാക്കുകയും ചെയ്തു. പദ്ധതിയ്ക്കായി ഇതേവരെ ₹195.01 കോടി ചെലവാക്കുകയും ചെയ്തു (2024 മാർച്ച്). പൂർത്തിയാക്കിയ/നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഇനി വരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

#### *4.3.3.1 കോർപ്പറേഷനിലെ ജലവിതരണം മെച്ചപ്പെടാതിരിക്കൽ*

ജില്ലയിൽ ഉണ്ടായിരുന്ന വിവിധ ഡബ്ല്യുടിപികളിൽ നിന്നും 33.70 എംഎൽഡി (പീച്ചിയിൽ നിന്നും 14.5 എംഎൽഡിയും 35.5 എംഎൽഡിയും, മുളയത്ത് നിന്നും 1.5 എംഎൽഡിയും, ആറാട്ടുപുഴയിൽ നിന്നും 18 എംഎൽഡിയും) ശുദ്ധീകരിച്ച ജലം തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിലേയ്ക്ക് അമൃത് പദ്ധതിയുടെ തുടക്കത്തിൽ കെഡബ്ല്യുഎ

വിതരണം ചെയ്തിരുന്നു. ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ₹13.17 കോടി ചെലവിൽ പീച്ചിയിൽ 20 എംഎൽഡി ഡബ്ല്യൂടിപിയുടെ നിർമ്മാണം കോർപ്പറേഷൻ നിർദ്ദേശിച്ചു (എസ്.എ.എ.പി 2016-17). 20 എംഎൽഡി ഡബ്ല്യൂടിപിയുടെ നിർമ്മാണം ₹10.10 കോടി ചെലവിൽ പൂർത്തിയാക്കി (2021 മാർച്ച്). എന്നാൽ, പുതിയ ഡബ്ല്യൂടിപി ആരംഭിച്ചതിന് തൊട്ടുപിന്നാലെ, പീച്ചിയിലെ പഴയ 14.5 എംഎൽഡി ഡബ്ല്യൂടിപി കെഡബ്ല്യൂഎ ഡീകമ്മീഷൻ ചെയ്തു (2021 ഏപ്രിൽ). വർദ്ധിച്ച ശേഷിയുള്ള പുതിയ ഡബ്ല്യൂടിപി നിർമ്മിച്ചുവെങ്കിലും നഗരത്തിലെ ജലലഭ്യതയിൽ യാതൊരു വർദ്ധനവും ഉണ്ടായില്ലെന്നും കോർപ്പറേഷന് ലഭ്യമായിരുന്ന ആകെ ശുദ്ധികരിച്ച ജലത്തിന്റെ അളവ് 33.70 എംഎൽഡിയിൽ തന്നെ നിലനിന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

അമൃത് നടപ്പാക്കുന്നതിന് മുമ്പ് ഉൽപ്പാദനം 70 എംഎൽഡിയും കോർപ്പറേഷന് വിതരണം ചെയ്തിരുന്നത് 33.70 എംഎൽഡിയും ആയിരുന്നു എന്നും അമൃത് 1.0 നടപ്പാക്കിയതിനു ശേഷം ഉൽപ്പാദനം 75.5 എംഎൽഡിയായി വർദ്ധിച്ച് കോർപ്പറേഷനുള്ള വിതരണം 44 എംഎൽഡിയായി വർദ്ധിപ്പിച്ചു എന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). കെഡബ്ല്യൂഎയും യുഎൽബിയും നൽകിയ വിവരങ്ങൾ (2025 ഫെബ്രുവരി) പ്രകാരം 20 എംഎൽഡി ഡബ്ല്യൂടിപി കമ്മീഷൻ ചെയ്തതിനുശേഷവും കോർപ്പറേഷന് വിതരണം ചെയ്തിരുന്ന ശുദ്ധജലത്തിന്റെ അളവ് മാറ്റമില്ലാതെ തുടർന്നു എന്നതിനാൽ മറുപടി നിലനിൽക്കുന്നതല്ല.

### 4.3.3.2 സൈറ്റിൽ മാറ്റം വന്നതിലൂടെ പ്രവൃത്തിയുടെ വ്യാപ്തിയിലുണ്ടായ കുറവും നിഷ്ക്രിയമായ ഒഎച്ച്എസ്ആറും

തൃശ്ശൂർ കോർപ്പറേഷന്റെ കുട്ടനല്ലൂർ ഡിവിഷനിലെ നിവാസികൾക്ക് കുടിവെള്ളം വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടനല്ലൂർ ഗവൺമെന്റ് കോളേജിൽ ₹2.03 കോടി പദ്ധതി ചെലവിൽ (ഡിഎസ്ആർ 2016) അഞ്ച് എൽഎൽ ഒഎച്ച്എസ്ആർ, അഞ്ച് എൽഎൽ സംപ് എന്നിവയുടെ നിർമ്മാണം എസ്.എ.എ.പി 2017-18 ൽ അംഗീകരിക്കുകയും പദ്ധതിയുടെ സാങ്കേതിക അനുമതി 2018 ഫെബ്രുവരിയിൽ ലഭിക്കുകയും ചെയ്തു. കോളേജിൽ ആദ്യം കണ്ടെത്തിയിരുന്ന സ്ഥലം, കോളേജ് പ്രിൻസിപ്പലിന്റെ അഭ്യർത്ഥന (2018 ജനുവരി) പ്രകാരം കോളേജ് ക്യാപസിലെ തന്നെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റിയിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഫൗണ്ടേഷൻ ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിനായി പുതിയ സൈറ്റിൽ മണ്ണിന്റെ പഠനം നടത്താതെ കെഡബ്ല്യൂഎ വർക്ക് അവാർഡു ചെയ്തു (2018 ഡിസംബർ). കരാറുകാരൻ നടത്തിയ (2019 ഫെബ്രുവരി) മണ്ണ് പരിശോധനപ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന റാഫ്റ്റ് ഫൗണ്ടേഷൻ പുതിയ സൈറ്റിന് അനുയോജ്യമല്ല എന്നു കാണുകയും ഒഎച്ച്എസ്ആർ-ന് പൈൽ ഫൗണ്ടേഷന്റെ ആവശ്യകത നിർണ്ണയിക്കുകയും അതിനാൽ സ്ട്രക്ച്ചറൽ ഡിസൈനിൽ മാറ്റം വേണ്ടി വരുകയും ചെയ്തു. പൈൽ ഫൗണ്ടേഷൻ വർക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ, പ്രത്യേക വർക്ക് ആയി അവാർഡ് ചെയ്യാം എന്ന് കെഡബ്ല്യൂഎ സമ്മതിക്കുകയുണ്ടായി. പൈൽ ഫൗണ്ടേഷന് ടെൻഡറുകൾ ക്ഷണിച്ചെങ്കിലും ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറായില്ല. അതിനാൽ ഒറിജിനൽ കരാർ അവസാനിപ്പിക്കുകയും (2021 നവംബർ), എസ്റ്റിമേറ്റ് ₹2.5 കോടിയിലേയ്ക്ക് (ഡിഎസ്ആർ 2018) പുതുക്കുകയും (2022 ഫെബ്രുവരി) എസ്റ്റിമേറ്റ് തുക ഭരണാനുമതിയ്ക്കുള്ളിൽ പരിമിതപ്പെടുത്തുന്നതിനായി അഞ്ച് എൽഎൽ സംപിന്റെ നിർമ്മാണം പ്രവൃത്തിയുടെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. പിന്നീട് മറ്റൊരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും (2022 ഏപ്രിൽ) ₹2.18 കോടി ചെലവിൽ പ്രവൃത്തിപൂർത്തീകരിക്കുകയും ചെയ്തു (2024 മാർച്ച്). എന്നിരുന്നാലും, സംയുക്ത ഭൗതിക പരിശോധനയിൽ (2025 ഫെബ്രുവരി) നിർമ്മാണം പൂർത്തിയായി 11 മാസം കഴിഞ്ഞിട്ടും ജലവിതരണം ആരംഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടു. ഒഎച്ച്എസ്ആറിന്റെ ശരിയായ പ്രവർത്തനത്തിനായി കുട്ടനെല്ലൂർ ഒഎച്ച്എസ്ആറിന് ചുറ്റുമുള്ള പൈപ്പ്‌ലൈനുകളുടെ വേർതിരിക്കലും സ്കൗർ ലൈൻ വിപുലീകരണവും നടത്തണമെന്ന് കെഡബ്ല്യൂഎ മറുപടി നൽകി (2025 ഫെബ്രുവരി). ചില വേർതിരിക്കൽ ജോലികൾക്കും പൈപ്പ് ഇടുന്ന

ജോലികൾക്കും പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ടെൻഡർ ചെയ്യാൻ കഴിഞ്ഞില്ലെന്നും പ്രസ്താവിച്ചു.

സ്ഥലപഠനം നടത്താതെ പ്രവൃത്തി അനുവദിച്ചത് പദ്ധതിയുടെ പൂർത്തീകരണത്തിൽ കാലതാമസത്തിനും ജലസംഭരണ ശേഷി കുറയ്ക്കുന്നതിനും കാരണമായതായി ഓഡിറ്റ് കണ്ടെത്തി. കൂടാതെ, നിർമ്മിച്ച ഒഎച്ച്എസ്ആർ ഉപയോഗശൂന്യമായി കിടക്കുന്നതിനാൽ ₹2.18 കോടി ചെലവഴിച്ചിട്ടും കുട്ടനെല്ലൂർ ഡിവിഷനിലെ താമസക്കാർക്ക് കുടിവെള്ളം നൽകുക എന്ന ലക്ഷ്യം കൈവരിക്കാനായില്ല.

സ്ഥാനം മാറിയത് മൂലമാണ് അളവുകളിൽ വ്യത്യാസങ്ങൾ ഉണ്ടായതെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ). എന്നിരുന്നാലും പുതിയ സ്ഥലത്തെ മണ്ണിന്റെ പഠനം നടത്താത്തതിനെക്കുറിച്ച് മറുപടി നിശബ്ദമാണ്.

#### 4.3.3.3 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കലും പുതിയ കണക്ഷനുകൾ നൽകലും

തൃശ്ശൂർ കോർപ്പറേഷൻ കുടിവെള്ള വിതരണം നടത്തുന്ന പഴയ മുനിസിപ്പൽ പ്രദേശത്ത് പുതിയ വാട്ടർ കണക്ഷനുകൾ നൽകുന്നതിനും, സർവ്വേയ്ക്കും, കേടായ വാട്ടർമീറ്ററുകളും പൈപ്പുലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനും ₹മൂന്ന് കോടി ചെലവിൽ ഒരു പദ്ധതി 2015-16ലെ എസ്.എ.എ.പിയിൽ തൃശ്ശൂർ കോർപ്പറേഷൻ ഉൾപ്പെടുത്തിയിരുന്നു. തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് വിതരണ സംവിധാനങ്ങളിലൂടെയുള്ള കുടിവെള്ള നഷ്ടം കുറയ്ക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. ₹62 ലക്ഷം ചെലവിൽ കേടായ മീറ്ററുകൾ കണ്ടെത്തി പുതിയവ സ്ഥാപിക്കാനുള്ള സർവ്വേ, 500 പുതിയ സർവ്വീസ് കണക്ഷനുകൾ നൽകൽ എന്നിവ പ്രവൃത്തിയുടെ പരിധിയിൽ ഉൾപ്പെടുത്തി പ്രവൃത്തി കെഡബ്ല്യുഎയെ ഏൽപ്പിച്ചു (2017 ഫെബ്രുവരി). സർവ്വേയിലൂടെ 1114 കേടായ മീറ്റർ കണ്ടെത്തിയെങ്കിലും വാട്ടർ മീറ്ററുകളുടെ വില വർദ്ധനവുകാരണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നത് 754ൽ പരിമിതപ്പെടുത്തി. കെഡബ്ല്യുഎ 500 പുതിയ കണക്ഷനുകൾ നൽകുകയും, ഉപഭോക്താക്കൾ തന്നെ അവരുടെ കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിനാൽ വെറും 454 കേടായ മീറ്ററുകൾ മാത്രം കെഡബ്ല്യുഎ മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇതിനായി, കെഡബ്ല്യുഎയ്ക്ക് ₹71.09 ലക്ഷം നൽകി. എന്നാൽ പുതിയ കണക്ഷനുകൾ/കേടായ വാട്ടർമീറ്ററുകൾ സ്ഥാപിച്ച സ്ഥലങ്ങളിലെ ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കാതെയായിരുന്നു കോർപ്പറേഷൻ കെഡബ്ല്യുഎയ്ക്ക് തുക നൽകിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഉപഭോക്താക്കളുടെ വിശദാംശങ്ങളുടെ അഭാവത്തിൽ ബില്ല് തയ്യാറാക്കുന്നതിനായി ഉപഭോക്താക്കളെ തിരിച്ചറിയാൻ കോർപ്പറേഷന് കഴിയാതിരിക്കുകയും തൻമൂലം 2021 ഡിസംബറിൽ പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമുള്ള ബില്ല് തയ്യാറാക്കുന്നത് കുടിശ്ശിക ആകുകയും ചെയ്തു. ഇത് മൂലം കഴിഞ്ഞ രണ്ട് വർഷത്തിലധികമായി (2024 മെയ്) കോർപ്പറേഷന് റവന്യൂ വസൂലാക്കാൻ കഴിഞ്ഞില്ല. ഉപഭോക്തൃ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഉപഭോക്താക്കളെ തിരിച്ചറിയാൻ സംയുക്ത പരിശോധനാ സംഘം രൂപീകരിക്കാൻ 2024 മെയിൽ കെഡബ്ല്യുഎ കോർപ്പറേഷനോട് അഭ്യർത്ഥിച്ചു.

തുക നൽകുന്നതിനു മുമ്പ് കെഡബ്ല്യുഎ നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിൽ കോർപ്പറേഷന്റെ ഭാഗത്തുണ്ടായ വീഴ്ച, കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും പുതിയ കണക്ഷനുകൾ നൽകുന്നതിനും കോർപ്പറേഷൻ ₹71.09 ലക്ഷം ചെലവാക്കിയതിനു ശേഷവും റവന്യൂ വസൂലാക്കാതിരിക്കുന്നതിന് ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തകരാറുള്ള മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിനെക്കുറിച്ചുള്ള പുതുക്കിയ വിവരങ്ങൾ കെഡബ്ല്യുഎയിൽ നിന്ന് ലഭ്യമാക്കുമെന്നും കുടിശ്ശിക ഈടാക്കുന്നത് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (ഏപ്രിൽ 2025).

### 4.3.4 ഗുരുവായൂർ മുനിസിപ്പാലിറ്റി

അമൃത് പദ്ധതിയുടെ ആരംഭത്തിൽ (2015-16) ഗുരുവായൂർ മുനിസിപ്പാലിറ്റി 17,297 കുടുംബങ്ങളിൽ 1,624 കുടുംബങ്ങൾക്ക് (9.39 ശതമാനം) 36 എൽപിസിഡി എന്ന തോതിൽ 7.84 എംഎൽഡി ശുദ്ധീകരിച്ച ജലം വിതരണം ചെയ്തിരുന്നു. സാർവ്വത്രിക

വിതരണം (22.27 എംഎൽഡി) കൈവരിക്കുന്നതിനായി 14.43 എംഎൽഡി ശുദ്ധീകരിച്ച ജലത്തിന്റെ ആവശ്യകതയുണ്ടെന്ന് നിർണ്ണയിച്ചു. ഇതിനായി ₹170.74 കോടി ചെലവിൽ (i) കോട്ടപ്പടിയിൽ 15 എംഎൽഡി ഡബ്ല്യുടിപിയുടെ നിർമ്മാണം, കരുവന്നൂർ നദിയിൽ ഇല്ലിക്കലിൽ ശേഖരണ കിണർ നിർമ്മാണം, (ii) ശേഖരണ കിണറിൽ നിന്നും ഡബ്ല്യുടിപിയിലേയ്ക്ക് 40 കിലോമീറ്റർ അസംസ്കൃത ജല പമ്പിംഗ് മെയിൻ സ്ഥാപിക്കൽ (iii) 10 എൽഎൽ ഒഎച്ച്എസ്ആർ നിർമ്മാണം (iv) മൂന്ന് മേഖലകളിൽ വിതരണ ശൃംഖലകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന 12 പദ്ധതികൾ മുനിസിപ്പാലിറ്റി നിർദ്ദേശിച്ചു. ഓഡിറ്റിന്റെ വിശദ പരിശോധന താഴെ പറയുന്നവ വെളിപ്പെടുത്തി.

### 4.3.4.1 വീടുകളിലേയ്ക്ക് ജലവിതരണം ചെയ്യുന്നതിനായി വിതരണലൈനുകൾ സ്ഥാപിക്കാതിരുന്നത്

₹134.44 കോടി ചെലവിൽ കോട്ടപ്പടിയിൽ 15 എംഎൽഡി ഡബ്ല്യുടിപിയുടെ നിർമ്മാണം (2021 ജനുവരി), ഗുരുവായൂരിൽ 10 എൽഎൽ ഒഎച്ച്എസ്ആർ (2023 ഓഗസ്റ്റ്), ഡബ്ല്യുടിപി മുതൽ ഒഎച്ച്എസ്ആർ വരെ അസംസ്കൃത ജലപമ്പിംഗ് മെയിൻ (2023 ഡിസംബർ), രണ്ടു മേഖലകളിൽ[47] വിതരണ ശൃംഖലകൾ എന്നിവ കെഡബ്ല്യുഎ പൂർത്തിയാക്കി. എന്നാൽ, ഇട്ടിരുന്ന വിതരണ ലൈനുകൾ 600 എംഎം മുതൽ 160 എംഎം വ്യാസം വരെ ഉള്ളതായിരുന്നതിനാലും പ്രധാന പിഡബ്ല്യുഡി/മുനിസിപ്പൽ റോഡുകൾ വഴി മാത്രമേ പോയിരുന്നുള്ളൂ എന്നതിനാലും വീടുകളിലേയ്ക്ക് ജലം വിതരണം ചെയ്യുന്നതിനായി മെയിൻ വിതരണ ലൈനിൽ നിന്നും ചെറിയ വിതരണ ലൈനുകൾ ഇടുന്നതിനുള്ള പദ്ധതി മുനിസിപ്പാലിറ്റി നിർദ്ദേശിക്കാത്തതിനാലും ഈ പദ്ധതിയിലൂടെ ഒരു പുതിയ ഉപഭോക്താവിനുപോലും ജലം ലഭ്യമാക്കാൻ മുനിസിപ്പാലിറ്റിയ്ക്ക് ഇതുവരെ കഴിഞ്ഞില്ല (2024 മാർച്ച്). തൽഫലമായി, ₹134.44 കോടി ചെലവിൽ പ്രവൃത്തിപൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞിട്ടും, ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല (മാർച്ച് 2024).

മുഴുവൻ ശൃംഖലയും കെഡബ്ല്യുഎ ആണ് ഡിസൈൻ ചെയ്തതെങ്കിലും അമൃതിന് കീഴിൽ ഫണ്ടുകളുടെ കുറവു കാരണം നിർദ്ദേശം വെട്ടിച്ചുരുക്കേണ്ടി വന്നു എന്നും സർവ്വീസ് കണക്ഷനുകൾ നൽകുന്നതിനായുള്ള പദ്ധതി അമൃത് 2.0ൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). ജലവിതരണമേഖലയിലുള്ള പദ്ധതികളുടെ വ്യാപ്തി വെട്ടിച്ചുരുക്കി കുറഞ്ഞ പരിഗണനയുള്ള മേഖലകൾക്ക് ഫണ്ടുകൾ നൽകുവാൻ സംസ്ഥാന തലത്തിൽ തീരുമാനം എടുത്തതിനാലാണ് ഫണ്ടുകളുടെ കുറവ് ഉണ്ടായതെന്നതിനാൽ മറുപടി നിലനിൽക്കുന്നതല്ല. കൂടാതെ, ₹134.44 കോടി ചെലവഴിച്ചിട്ടും നിവാസികൾക്ക് കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാൽ പദ്ധതിയുടെ ശരിയായ നിർവ്വഹണം ആസൂത്രണം ചെയ്യുന്നതിൽ യുഎൽബി/എസ്.എച്ച്.പി.എസ്.സി/എസ്.എൽ.ടി.സി/കെഡബ്ല്യുഎ പരാജയപ്പെട്ടതായി മറുപടി സ്ഥിരീകരിക്കുന്നു.

### 4.3.5 കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

അമൃത് പദ്ധതിയുടെ ആരംഭത്തിൽ, കണ്ണൂർ കോർപ്പറേഷനിൽ 43 ശതമാനം കുടുംബങ്ങൾക്ക് 90 എൽപിസിഡി ആളോഹരി വിതരണം എന്ന തോതിൽ വിതരണം ചെയ്യാൻ 21.90 എംഎൽഡി ശുദ്ധീകരിച്ച ജലം ലഭ്യമായിരുന്നു. സാർവ്വത്രിക വിതരണം കൈവരിക്കുന്നതിനായി 23 എംഎൽഡി ശുദ്ധജലം ആവശ്യമാണെന്ന് നിർണ്ണയിച്ചു. ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ചാവശ്ശേരി പറമ്പയിലെ ഡബ്ല്യുടിപിയുടെ ശേഷി 30 എംഎൽഡിയിൽ നിന്നും 40 എംഎൽഡി ആയി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി (₹7.80 കോടി), പള്ളിക്കുന്നിലും തോട്ടടയിലും രണ്ടു ഒഎച്ച്എസ്ആറുകളുടെ നിർമ്മാണം (₹7.45 കോടി), നാലുമേഖലകളിൽ വിതരണ ലൈനുകൾ ഇടുകയും വീടുകൾക്ക് സർവ്വീസ് കണക്ഷനുകൾ നൽകുകയും (₹128.83 കോടി) ചെയ്യുക തുടങ്ങിയ 13 പദ്ധതികൾ കോർപ്പറേഷൻ നിർദ്ദേശിച്ചു.

[47] ഗുരുവായൂരും, പൂക്കോട് മേഖലകൾ

₹7.80 കോടി ചെലവിൽ 10 എംഎൽഡി ഡബ്ല്യുടിപി നിർമ്മിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി 2019 മേയിൽ കെഡബ്ല്യുഎ പൂർത്തിയാക്കി. എന്നാൽ, പുതിയ ഡബ്ല്യുടിപിയിലേയ്ക്ക് അസംസ്കൃത ജലം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്നത് എസ്റ്റിമേറ്റിൽ കെഡബ്ല്യുഎ ഉൾപ്പെടുത്താത്തതിനാലും വർദ്ധിപ്പിച്ച അളവിലുള്ള അസംസ്കൃത ജലം പമ്പ് ചെയ്യുന്നതിനു ആവശ്യമായ ശേഷി നിലവിലുള്ള മോട്ടോർ പമ്പുകൾക്കു ഇല്ലാതിരുന്നതിനാലും ഡബ്ല്യുടിപിയുടെ ശേഷി വർദ്ധിപ്പിച്ചതിന്റെ പ്രയോജനം ലഭിച്ചില്ല. മോട്ടോർ പമ്പുകൾ സ്ഥാപിക്കാതിരുന്നതുമൂലം കഴിഞ്ഞ നാലു വർഷമായി ഡബ്ല്യുടിപിയിൽ നിന്നുള്ള ശുദ്ധീകരിച്ച ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. അമൃത് 2.0ന്റെ രണ്ടാം ഘട്ടത്തിൽ ഡബ്ല്യുടിപിക്കായുള്ള പുതിയ മോട്ടോർ പമ്പുകളുടെ സ്ഥാപിക്കൽ കെഡബ്ല്യുഎ നിർദ്ദേശിച്ചിരുന്നു. പ്ലാന്റിലേയ്ക്ക് അസംസ്കൃത ജലം കൊണ്ടുവരുന്നതിനായി മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്നത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിൽ കെഡബ്ല്യുഎക്കുണ്ടായ അലംഭാവം മൂലം ₹7.80 കോടി ചെലവഴിച്ചിട്ടും ലക്ഷ്യം കൈവരിക്കാനായില്ല (2024 മാർച്ച് ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഡബ്ല്യു.ടി.പി നിർമ്മിച്ച് അഞ്ച് വർഷത്തിന് ശേഷവും പ്രത്യേകിച്ച് കോർപ്പറേഷനിലെ 50 ശതമാനം വീടുകളിലും പൈപ്പ് ജലവിതരണം അപ്രാപ്യമായിരുന്നിട്ടും ജലവിതരണം വർദ്ധിപ്പിക്കുന്നതിനുള്ള അത്യാവശ്യ ഘടകമായ മോട്ടോർ പമ്പുകൾ സ്ഥാപിക്കാത്തത് കെഡബ്ല്യുഎയുടെ ഭാഗത്തുനിന്നുള്ള കടുത്ത അശ്രദ്ധയെ സൂചിപ്പിക്കുന്നു.

യുഎൽബിയുടെ നിലവിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം അമൃത് 2.0ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് കണ്ടെത്തൽ അംഗീകരിച്ചുകൊണ്ട് സർക്കാർ പ്രസ്താവിച്ചു(2025 ഏപ്രിൽ).

### 4.3.6 പാലക്കാട് മുനിസിപ്പാലിറ്റി

അമൃത് പദ്ധതിയുടെ ആരംഭത്തിൽ, പാലക്കാട് മുനിസിപ്പാലിറ്റിയ്ക്ക് 62 ശതമാനം കുടുംബങ്ങൾക്ക് 88 എൽപിസിഡി ആളോഹരി വിതരണം എന്ന തോതിൽ വിതരണം ചെയ്യുന്നതിന് 23.5 എംഎൽഡി ശുദ്ധീകരിച്ച ജലം ലഭ്യമായിരുന്നു. സാർവ്വത്രിക വിതരണം കൈവരിക്കുന്നതിനായി 21.5 എംഎൽഡി ശുദ്ധജലത്തിന്റെ ആവശ്യകത നിർണ്ണയിച്ചിരുന്നു. ഈ കുറവ് മറികടക്കുന്നതിനും സാർവ്വത്രിക വിതരണം കൈവരിക്കുന്നതിനുമായി **പട്ടിക 4.4ൽ** കാണിച്ചിരിക്കുന്ന പദ്ധതികൾ മൂന്നു എസ്.എ.എ.പികളിൻ കീഴിൽ അംഗീകരിച്ചു.

**പട്ടിക 4.4: പാലക്കാട് മുനിസിപ്പാലിറ്റിയുടെ ജലവിതരണ പദ്ധതികൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതികളുടെ എണ്ണം | എസ്റ്റിമേറ്റ് ചെലവ് | 2024 മാർച്ച് 31 ലെ ചെലവ് |
|---|---|---|---|---|
| 1. | 45 എംഎൽഡി ജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം | 1 | 22.26 | 17.43 |
| 2. | ഒഎച്ച്എസ്ആറുകളുടെ നിർമ്മാണം | 3 | 17.00 | 15.36 |
| 3. | വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കൽ | 3 | 77.07 | 72.77 |
| | **ആകെ** | **7** | **116.33** | **105.56** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റ)*

45 എംഎൽഡി ഡബ്ല്യുടിപിയുടെയും സംസ്കരിച്ച ജലം ശേഖരിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനായുള്ള മൂന്നു ഒഎച്ച്എസ്ആറുകളുടെയും നിർമ്മാണം 2022 ജൂണിൽ പൂർത്തിയാക്കി. പദ്ധതിയുടെ കീഴിൽ ₹105.56 കോടി ചെലവാക്കിയിട്ടും ഇതുവരെ (2024 മാർച്ച് ) ആറുശതമാനം കുടുംബങ്ങൾക്കു മാത്രമേ (2466 കുടുംബങ്ങൾ) പുതിയ

വാട്ടർകണക്ഷനുകൾ നൽകുവാൻ മുനിസിപ്പാലിറ്റിയ്ക്ക് കഴിഞ്ഞുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതികളുടെ നടപ്പാക്കലിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

### 4.3.6.1 മൂത്തൻതറയിലെ നിഷ്ക്രിയമായ ഒഎച്ച്എസ്ആർ

മൂത്തൻതറ സോണിലേയ്ക്ക് ശുദ്ധജലവിതരണം സാദ്ധ്യമാക്കുന്നതിനായി മൂത്തൻതറയിൽ 23.5 എൽഎൽ ഒഎച്ച്എസ്ആറിന്റെ നിർമ്മാണവും വിതരണ ശൃംഖല സ്ഥാപിക്കുന്നതും മുനിസിപ്പാലിറ്റി നിർദ്ദേശിക്കുകയും ₹30.14 കോടി[48] ചെലവു ചെയ്തു 2022 മേയിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ, മൂത്തൻതറയിൽ നിർമ്മിച്ച (2022 മേയ്) ഒഎച്ച്എസ്ആറും, സ്ഥാപിച്ച വിതരണലൈനുകളും വെണ്ണക്കര മേഖലയിലേക്കുള്ള വിതരണ ലൈനിലെ ചോർച്ച കാരണം ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. കനത്ത വാഹന ഗതാഗതമുള്ള തിരക്കേറിയ മാർക്കറ്റിന്റെ നടുവിലുള്ള റോഡിന്റെ ഉപരിതലത്തിൽ നിന്നും മൂന്നു മീറ്റർ താഴ്ചയിൽ ലൈൻ ചാർജ്ജു ചെയ്യുന്ന സമയത്ത് ചോർച്ച കണ്ടെത്തി. ചോർച്ച പരിഹരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും സൈറ്റിന്റെ സ്ഥിതി കാരണം കരാറുകാരൻ ചോർച്ച പരിഹരിക്കാനുള്ള പ്രവൃത്തികൾ നടത്തിയില്ല. എന്നാൽ, കരാറുകാരനെതിരെ കെഡബ്ല്യൂഎ ഒരു നടപടിയും ഇതുവരെ എടുത്തില്ല (2024 മാർച്ച്). അങ്ങനെ, ₹30.14 കോടി ചെലവാക്കിയിട്ടും മൂത്തൻതറ സോണിലേയ്ക്ക് ജലവിതരണം നടത്തുക എന്ന ലക്ഷ്യം കൈവരിക്കാനായില്ല (2024 ഒക്ടോബർ).

നിലവിലുള്ള എസി വിതരണ ലൈനുകളിൽ ലോഡ് പ്രയോഗിച്ചപ്പോൾ വർദ്ധിച്ച മർദ്ദംമൂലം നിലവിലുള്ള എല്ലാ എസി പൈപ്പുകളും പൊട്ടാൻ കാരണമായി എന്നും തൽഫലമായി, പഴയ എസി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതുവരെ കെഡബ്ല്യൂഎ താൽകാലികമായി ഒഎച്ച്എസ്ആർ പ്രവർത്തനരഹിതമാക്കിയെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

### 4.3.6.2 പാലക്കാട്ടെ 45 എംഎൽഡി ഡബ്ല്യൂടിപിയുടെ കുറഞ്ഞ കാര്യക്ഷമത

മലമ്പുഴയിൽ 45 എംഎൽഡി ഡബ്ല്യൂടിപി നിർമ്മിക്കുന്നതിനായുള്ള ഒരു പദ്ധതിയ്ക്ക് പാലക്കാട് മുനിസിപ്പാലിറ്റി രൂപം നൽകുകയും (എസ്.എ.എ.പി 2016-17) ₹17.43 കോടി ചെലവാക്കി 2022 മേയിൽ പ്ലാന്റ് കമ്മീഷൻ ചെയ്യുകയും ചെയ്തു. എന്നാൽ, 2022 സെപ്റ്റംബർ മുതൽ 2023 നവംബർ വരെ ഡബ്ല്യൂടിപിയിൽ നിന്നും ലഭിച്ച ശുദ്ധീകരിച്ച ജലത്തിന്റെ മാസ ശരാശരി അളവ് 8.4 എംഎൽഡി മുതൽ 44.5 എംഎൽഡി വരെ ആയിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 35 എംഎൽഡിയിൽ കൂടുതൽ ശുദ്ധീകരിച്ച ജലം ലഭിച്ചിരുന്നത് വെറും 43 ദിവസങ്ങളിൽ മാത്രമായിരുന്നു എന്നും ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. ശുദ്ധീകരിച്ച ജലത്തിന്റെ അളവിൽ കുറവു വന്നതിന്റെ കാരണം ഗ്രേഡഡ് ഫിൽറ്റർ മീഡിയയിലെ തകരാറുകൾ മൂലം ഫിൽറ്റർ ബെഡുകൾ തുടർച്ചയായി അടയുന്നതും അത് മൂലമുള്ള ബാക്ക്വാഷും കൊണ്ടാണ് എന്നാണ് കെഡബ്ല്യൂഎയുടെ അഭിപ്രായം. ട്രയൽ റണ്ണിന്റെ സമയത്തു തന്നെ അടിക്കടി ഫിൽട്ടർ ബെഡുകൾ അടയുന്ന പ്രശ്നം കണ്ടിരുന്നെങ്കിലും ന്യൂനതകൾ പരിഹരിക്കുന്നതിന് കെഡബ്ല്യൂഎ യാതൊരു നടപടിയും എടുത്തിരുന്നില്ല എന്നും കരാറുകാരന് പെർഫോമൻസ് ഗാരണ്ടി ഉൾപ്പെടെ മുഴുവൻ കരാർ തുകയും നൽകി എന്നും ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. 45 എംഎൽഡി ഡബ്ല്യൂടിപിയുടെ ടർബിഡിറ്റിയും ബാക്ക്വാഷ് ഡേറ്റായും, ഇതേ ഉറവിടത്തിൽ നിന്നും വെള്ളം എടുത്തിരുന്ന നിലവിലുള്ള മറ്റ് രണ്ടു ഡബ്ല്യൂടിപികളുടെ വിവരങ്ങളുമായി താരതമ്യം ചെയ്തപ്പോൾ വെളിപ്പെട്ടത്, ഇതേ നിലവാരം ഉള്ള ടർബിഡിറ്റിക്ക് 45 എംഎൽഡി ഡബ്ല്യൂടിപിയ്ക്ക് ആവശ്യമായിരുന്ന ബാക്ക്വാഷുകളുടെ എണ്ണം മറ്റ് രണ്ടു ഡബ്ല്യൂടിപികളിലേതിനേക്കാൾ ഇരട്ടി ആയിരുന്നു എന്നാണ്. ഇത് സൂചിപ്പിക്കുന്നത് 45 എംഎൽഡി ഡബ്ല്യൂടിപിയിലെ ഫിൽറ്റർ ബെഡുകൾ തുടർച്ചയായി അടയുകയും കൂടുതൽ എണ്ണം ബാക്ക്വാഷുകൾ വേണ്ടിവരികയും എന്നും ഇത് ഡബ്ല്യൂടിപിയുടെ കുറഞ്ഞ പ്രവർത്തനത്തിന് ഇടയാക്കുകയും ചെയ്തു എന്നുമാണ്.

[48] വിതരണശൃംഖല സ്ഥാപിക്കുന്നതിനു ₹24.92 കോടിയും ഒ.എച്ച്.എസ്.ആറിന്റെ നിർമ്മാണത്തിനു ₹5.22 കോടിയും

കരാർ വ്യവസ്ഥകൾ പ്രകാരം സംസ്കരണ പ്രക്രിയ കാര്യക്ഷമവും മിതവ്യയവും ആയിരിക്കണം എന്നും 500 എൻ.റ്റി.യു വരെ ടർബിഡിറ്റി ഉള്ള അസംസ്കൃത ജലം സംസ്കരിക്കാൻ കഴിയുന്ന രീതിയിൽ ഡിസൈൻ ചെയ്തതായിരിക്കണം പ്ലാന്റ് എന്നുമായിരുന്നു. എന്നാൽ, മൂന്നു എൻ.റ്റി.യു ടർബിഡിറ്റിയിൽ പോലും ഫിൽറ്റർ ബെഡുകൾ അടയുകയും കൂടുതൽ ബാക്ക്വാഷുകൾ വേണ്ടി വരുകയും ചെയ്തിരുന്നു. അങ്ങനെ, പ്ലാന്റിന്റെ തകരാറുകൾ പരിഹരിക്കുന്നതിന് സമയോചിതമായ നടപടി എടുക്കുന്നതിൽ കെഡബ്ല്യുഎയ്ക്ക് ഉണ്ടായ വീഴ്ച സംസ്കരണ പ്ലാന്റിന്റെ കുറഞ്ഞ കാര്യക്ഷമതയ്ക്ക് ഇടയാക്കി.

45 എംഎൽഡി ഡബ്ല്യുടിപിയുടെ ഫിൽറ്റർ ബെഡുകൾക്ക് തകരാറുകൾ ഇല്ലായിരുന്നു എന്നും വേനൽക്കാലമാസങ്ങളിൽ (ഫെബ്രുവരി മുതൽ ജൂലൈ വരെ) അസംസ്കൃത ജലത്തിലെ ആൽഗയുടെ സാന്നിദ്ധ്യം ആണ് ഫിൽറ്റർ ബെഡുകൾ അടയാൻ കാരണം എന്നും സർക്കാർ മറുപടി പറഞ്ഞു (2024 ഒക്ടോബർ). 2035 വർഷം വരെ വിഭാവനം ചെയ്തിരുന്ന ശുദ്ധജല ഉൽപ്പാദനം 39.95 എംഎൽഡി മാത്രമാണെന്നും 43.08 എംഎൽഡി ഉൽപ്പാദനം വിഭാവനം ചെയ്തിരുന്നത് 2050 ഓടെ ആണെന്നും മറുപടിയിൽ പറഞ്ഞു.

2024 മേയ്-ജൂണിലെ ടർബിഡിറ്റിയുടെയും ബാക്ക്വാഷിന്റെയും വിശകലനം കാണിക്കുന്നത് 45 എംഎൽഡി ഡബ്ല്യുടിപിയുടെ ഫിൽറ്റർ ബെഡുകളിലെ ബാക്ക്വാഷുകളുടെ നിരക്ക് ഒരു ദിവസം 1.33–2.17 എന്ന പരിധിയിൽ ആയിരുന്നപ്പോൾ, അതേ അസംസ്കൃത ജലം ഉപയോഗിക്കുന്ന മറ്റു രണ്ടു ഡബ്ല്യുടിപികളിൽ വേണ്ടി വന്ന ബാക്ക്വാഷുകളുടെ നിരക്ക് 0.33–0.83 എന്ന പരിധിയിൽ ആയിരുന്നു എന്നതിനാൽ മറുപടി നിലനിൽക്കുന്നതല്ല. ഇതിനു പുറമെ, 2021ൽ തന്നെ 45 എംഎൽഡി ജലത്തിന്റെ ആവശ്യകത എസ്.എൽ.ഐ.പിയിൽ നിർദ്ദേശിക്കുകയും, മുനിസിപ്പാലിറ്റിക്ക് വേണ്ടി മാത്രമായി ഒരു ഡബ്ല്യുടിപി നിർമ്മിക്കാൻ തീരുമാനിക്കുകയും നിലവിലുള്ള സംസ്കരണ പ്ലാന്റുകളിൽ നിന്നുള്ള ശുദ്ധീകരിച്ച ജലം സമീപ പഞ്ചായത്തുകൾക്ക് നൽകാമെന്ന് മുനിസിപ്പാലിറ്റി തീരുമാനിക്കുകയും ചെയ്തിരുന്നതിനാൽ ഇപ്പോൾ 45 എംഎൽഡി ജലത്തിന്റെ ആവശ്യകത ഇല്ലെന്നുള്ള മറുപടി സ്വീകാര്യമല്ല.

### 4.3.7 ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ

മുഴുവൻ ജലവിതരണ സംവിധാനത്തിലെയും ജലത്തിന്റെ പ്രവാഹത്തിന്റെ യഥാസമയ നിരീക്ഷണം നടത്തുന്നതിലൂടെ നഗരത്തിന് കാര്യക്ഷമമായ ജലവിതരണ സംവിധാനം ഉറപ്പാക്കാൻ കഴിയുകയും പമ്പിംഗിന്റെ സമയം, വിതരണസംവിധാനത്തിൽ ജലത്തിന്റെ മർദ്ദം, പ്രവാഹം തുടങ്ങിയ വിവരങ്ങൾ പതിവായി നിരീക്ഷിക്കുന്നതിന് ജലവിതരണ ഏജൻസിയെ സഹായിക്കുകയും ചെയ്യും. ഇതിനു പുറമെ, വിതരണ ശൃംഖലയിലെ ഓവർ ഹെഡ്, അണ്ടർഗ്രൗണ്ട് റിസർവോയറുകളുടെ എൻട്രിയിലും, എക്സിറ്റിലും ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്നത് വിതരണം ചെയ്ത ജലത്തിന്റെ യഥാസമയ നിരീക്ഷണത്തിനും, ചോർച്ചകൾ സമയോചിതമായി കണ്ടുപിടിക്കുന്നതിനും സഹായിക്കും. വിതരണ സംവിധാനത്തിലേയ്ക്ക് എത്തിച്ച ജലത്തിന്റെ മേൽനിരീക്ഷണത്തിന്റെ ആവശ്യകത കൃത്യമായി തിരിച്ചറിഞ്ഞ്, 2016 ഓഗസ്റ്റ് 26ന് കൂടിയ ആറാമത് എസ്.എച്ച്.പി.എസ്.സി വിതരണ പോയിന്റുകളിൽ യുഎൽബികൾ ബൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കി. എന്നാൽ, ഒഎച്ച്എസ്ആർ അല്ലാതെയുള്ള സ്ഥലങ്ങളിൽ ബൾക്ക്/ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മാത്രമേ ഏറ്റെടുത്തിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മിഷൻ നഗരങ്ങളിൽ ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്നതിലും/പ്രവർത്തിപ്പിക്കുന്നതിലും ഇനിപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ അമൃത് പദ്ധതിയിൻ കീഴിൽ 53 ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകുകയും, അവ സ്ഥാപിക്കുന്നതിനായി ക്വോട്ട് ചെയ്ത നിരക്കായ ₹ആറു കോടിയ്ക്ക് മുംബൈയിലെ മെസേർസ് ഫ്രണ്ട്സ് എഞ്ചിനീയറിംഗ് കോർപ്പറേഷന് പ്രവൃത്തി

ഏൽപ്പിക്കുകയും ചെയ്തു (2019 ജൂലൈ). എന്നാൽ 43 ഫ്ലോമീറ്ററുകൾ സ്ഥാപിച്ച ശേഷം പ്രവൃത്തി അവസാനിപ്പിക്കുകയും (2022 ഏപ്രിൽ) കരാറുകാരന് ₹4.80 കോടി നൽകുകയും ചെയ്തു. ജലവിതരണം നിർത്തിവയ്ക്കുന്നതിന് കെഡബ്ല്യുഎ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിലുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ബാക്കി 10 ഫ്ലോമീറ്ററുകൾ സ്ഥാപിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- ആലപ്പുഴ മുനിസിപ്പാലിറ്റി പുതിയതായി നിർമ്മിച്ച നാല് ഒഎച്ച്എസ്ആറുകളിൽ ഫ്ലോമീറ്റർ സ്ഥാപിച്ചത് പരിശോധിച്ചതിൽ (2024 സെപ്റ്റംബർ) രണ്ട് ഫ്ലോമീറ്ററുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വൈദ്യുതി കണക്ഷൻ ഏർപ്പാടാക്കാത്തതു കാരണം കൊമ്മാടിയിലെ ഫ്ലോമീറ്റർ പ്രവർത്തിക്കുന്നില്ല. തത്തംപള്ളിയിലെ ഫ്ലോമീറ്റർ കേടായ നിലയിൽ ആയിരുന്നു.

- കൊച്ചി കോർപ്പറേഷനിൽ കരുവേലിപ്പടിയിലെയും പച്ചാളത്തെയും ഒഎച്ച്എസ്ആറുകളിൽ സ്ഥാപിച്ച ഫ്ലോമീറ്ററുകൾ ഓഡിറ്റ് പരിശോധിക്കുകയും (2023 നവംബർ), സ്ഥാപിച്ച രണ്ട് ഫ്ലോമീറ്ററുകളും പ്രവർത്തിക്കുന്നില്ല എന്ന് നിരീക്ഷിക്കുകയും ചെയ്തു. ഫ്ലോമീറ്ററുകൾ മെയിന്റെനൻസ് കാലാവധിയുടെ കീഴിൽ ആയതിനാൽ കരാറുകാരനോട് തകരാറുകൾ പരിഹരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് കെഡബ്ല്യുഎ മറുപടി പറഞ്ഞു (2024 ജനുവരി). എന്നാൽ, കരാറുകാരൻ ഇതുവരെയും (2024 മേയ്) ഫ്ലോമീറ്ററുകളിലെ തകരാറുകൾ പരിഹരിച്ചിട്ടില്ല.

- കണ്ണൂർ കോർപ്പറേഷൻ-കണ്ണൂർ കോർപ്പറേഷനിലെ പള്ളിക്കുന്നിൽ പുതിയതായി നിർമ്മിച്ച 24 എൽഎൽ ഒഎച്ച്എസ്ആറിൽ സ്ഥാപിച്ച (2019 ജനുവരി) മൂന്ന് ഫ്ലോമീറ്ററുകളും പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. (2024 ജനുവരി). രണ്ട് ഫ്ലോമീറ്ററുകൾ ഇടിമിന്നലിൽ കേടായെന്നും മൂന്നാമത്തേത് ട്രാൻസ്മിഷൻ മെയിൻ മാറ്റി വയ്ക്കുന്ന പ്രവൃത്തിക്കിടയിൽ കേടായെന്നും കെഡബ്ല്യുഎ മറുപടി പറഞ്ഞു (2024 ഫെബ്രുവരി). എന്നാൽ, ഇതുവരെയും തകരാറുകൾ കെഡബ്ല്യുഎ പരിഹരിച്ചിട്ടില്ല (2024 ഒക്ടോബർ).

ഫ്ലോമീറ്ററുകൾ സ്ഥാപിക്കാത്തതും സ്ഥാപിച്ച ഫ്ലോമീറ്ററുകൾ ശരിയായി പ്രവർത്തിക്കുന്നു എന്നും ഉറപ്പുവരുത്താത്തതും മിഷൻ നഗരങ്ങൾക്ക് കാര്യക്ഷമമായ ജലവിതരണം ഉറപ്പാക്കുന്നതിൽ കെഡബ്ല്യുഎയുടെ അലംഭാവത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ കെഡബ്ല്യുഎയോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ഏപ്രിൽ).

### 4.3.8 തിരുവനന്തപുരത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ

തിരുവനന്തപുരം കോർപ്പറേഷനിൽ മാസത്തിൽ 500 കിലോലിറ്ററിൽ കൂടുതൽ ഉപഭോഗം ഉള്ള ബൾക്ക് ഉപഭോക്താക്കൾക്ക് ₹1.27 കോടി ചെലവിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി കെഡബ്ല്യുഎ നിർദ്ദേശിച്ചു. കെഡബ്ല്യുഎയുടെ ബില്ലിംഗ് സോഫ്റ്റ്വെയറുമായി ജിഎസ്എം/ജിപിആർഎസ് ഇന്റർഫേസ് മുഖാന്തിരം സ്മാർട്ട് മീറ്ററുകൾക്ക് ഓട്ടോമാറ്റിക് റീഡിംഗ് സൗകര്യം ഉണ്ടാകുമെന്നതിനാൽ സമയത്തു തന്നെ കൃത്യമായ ബില്ലുകൾ നൽകി റവന്യൂ വർദ്ധിപ്പിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം.

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ചെന്നൈയിലെ മെസേർസ് ബേസ് ഇലക്ട്രോണിക്സ് ആന്റ് സിസ്റ്റംസ് എന്ന കരാറുകാരന് ക്വോട്ട് ചെയ്ത നിരക്കായ ₹91.24 ലക്ഷത്തിന് നൽകി (2018 ജൂലൈ). കരാർ പ്രകാരം, കരാറുകാരൻ 394 സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കേണ്ടതും, കെഡബ്ല്യുഎയുടെ ബില്ലിംഗ് സംവിധാനത്തിൽ ജലത്തിന്റെ

ഉപഭോഗം യഥാസമയം റെക്കോഡു ചെയ്യുന്നതിനായി കെഡബ്ല്യുഎയുടെ ഇ-അബാക്കസ് സോഫ്റ്റ്വെയറുമായി (ബില്ലിംഗ് സോഫ്റ്റ്വെയർ) സ്മാർട്ട് മീറ്ററുകൾ ലിങ്ക് ചെയ്യുന്നതിന് ഒരു ആപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസ് (എപിഐ) വികസിപ്പിക്കേണ്ടതുമാണ്. കരാറുകാരൻ 381 സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചെങ്കിലും (2021 ഒക്ടോബർ), കെഡബ്ല്യുഎയ്ക്ക് എപിഐ നൽകിയില്ല. ആയതിനാൽ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം കൈവരിക്കാതിരിക്കുകയും, കരാറുകാരന് നൽകിയ ₹31.69 ലക്ഷം നിഷ്ഫലമായി തുടരുകയും ചെയ്തു.

കരാറുകാരൻ ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കാത്തതു കാരണം സ്ഥാപിച്ച മീറ്ററുകൾ മെക്കാനിക്കൽ മീറ്ററുകളായി പ്രവർത്തിച്ചു എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). കരാറുകാരനിൽ നിന്നും നിരന്തരമായി പ്രതികരണമില്ലാത്തതു കാരണം, ശേഷിച്ച പ്രവൃത്തി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പൂർത്തിയാക്കാനുള്ള ഉദ്ദേശത്തോടുകൂടി 2024 സെപ്റ്റംബറിൽ കരാർ അവസാനിപ്പിക്കുകയും ചെയ്തു. എന്നിരുന്നാലും സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു മൂന്നുവർഷം പിന്നിട്ടും ₹31.69 ലക്ഷം ചെലവഴിച്ചിട്ടും ജല ഉപയോഗത്തിന്റെ തൽസമയ നിരീക്ഷണം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല എന്ന വസ്തുത നിലനിൽക്കുന്നു.

### 4.3.9 നിലവിലെ സ്കാഡാ സംവിധാനങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിൽ നിഷ്ഫലമായ ചെലവ്

സെൻട്രൽ പബ്ലിക് ഹെൽത്ത് ആന്റ് എൺവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ (സിപിഎച്ച്ഇഇഒ) ഓപ്പറേഷൻ ആന്റ് മെയ്ൻറനൻസ് മാനുവൽ പ്രകാരം ജല ഉപഭോഗസംവിധാനത്തിന്റെ ഓപ്പറേഷന്റെയും മെയിന്റനൻസിന്റെയും പരിശോധന, മേൽനിരീക്ഷണം, നിയന്ത്രണം എന്നിവ സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റാ അക്വിസിഷൻ (സ്കാഡാ)[49] സംവിധാനം മുഖാന്തിരം യന്ത്രവൽക്കരിക്കാൻ സാധിക്കുന്നതാണ്. a) ഫീൽഡ് ഉപകരണങ്ങൾ, സെൻസറുകൾ, ആക്ച്വേറ്ററുകൾ b) റിമോട്ട് സ്റ്റേഷനുകൾ c) കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് d) സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ എന്നിവയാണ് സ്കാഡാ സംവിധാനത്തിലെ നാല് ഘടകങ്ങൾ.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ മാവൂരിലെ 54 എംഎൽഡി ഡബ്ല്യുടിപിയ്ക്ക് 2017 ഡിസംബറിൽ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജിക്കാ) പദ്ധതി പ്രകാരം സ്ഥാപിച്ച സ്കാഡാ സംവിധാനത്തിലൂടെ, ഡാറ്റാ ശേഖരിക്കാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ, വാൽവുകളും പമ്പുകളും മാനുവൽ ആയി നിയന്ത്രിക്കണമായിരുന്നു. കൺട്രോൾ വാൽവുകളും പമ്പുകളും ഓട്ടോമാറ്റിക് ആയി പ്രവർത്തിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനായി ₹29.64 ലക്ഷത്തിന് പ്രോഗ്രാമബിൾ ലോജിക്ക് കൺട്രോളർ (പിഎൽസി) സ്കാഡാ അപ്ഗ്രേഡേഷൻ ഉൾപ്പെടുന്ന ₹2.70 കോടിയുടെ ഒരു പദ്ധതി 54 എംഎൽഡി ഡബ്ല്യുടിപിയുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കെഡബ്ല്യുഎ നിർദ്ദേശിച്ചു (എസ്.എ.എ.പി 2016-17). പിഎൽസി സ്കാഡായ്ക്ക് ഒപ്പം ക്ലിയർ വാട്ടർ പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള നിലവിലെ 450 എംഎം ഡെലിവറി വാൽവുകൾക്ക് ഇലക്ട്രിക്ക് ആക്ച്വേറ്ററുകൾ നിർമ്മിക്കുക, ലിക്വിഡ് എമിറ്റിംഗ് ഡയോഡ്/ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേ യൂണിറ്റോടെയുള്ള ഇലക്ട്രോമാഗ്നറ്റിക്ക് ഫ്ലോമീറ്ററുകൾ സ്ഥാപിക്കുക, ജിഎസ്എം മുഖാന്തിരം വയർലെസ് ട്രാൻസ്ഫർ സംവിധാനത്തോടെ ഫ്ലോമീറ്റർ ഡാറ്റാ അക്വിസിഷൻ സോഫ്റ്റ്വെയറുമായി കപ്ലിംഗ് ചെയ്യുക എന്നിവ ഉൾപ്പെട്ടതായിരിന്നു പ്രവൃത്തി.

ആറു മാസ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കണം എന്ന വ്യവസ്ഥയോടെ ₹2.06 കോടിയ്ക്ക് ഡേവിഡ് മാൻഗന് കരാർ നൽകി (2018 ഡിസംബർ). സ്കാഡായുടെ പ്രവർത്തനത്തിന് ആവശ്യമായ ഇലക്ട്രിക് ആക്ച്വേറ്ററുകളും, ഇലക്ട്രോമാഗ്നറ്റിക്ക് ഫ്ലോമീറ്ററുകളും സ്ഥാപിച്ചെങ്കിലും, കണക്ടിവിറ്റി പ്രശ്നങ്ങൾ മൂലം ഡബ്ല്യുടിപിയിൽ 2ജി

[49] പ്ലാന്റിന്റെ പ്രവർത്തനങ്ങൾ മേൽനിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉപയോഗിക്കുന്ന ഒരു കംപ്യൂട്ടർ കൺട്രോൾ സിസ്റ്റം ആണ് സ്കാഡാ.

സിമ്മുകൾ ഉപയോഗിച്ച് നേരത്തേ ഇൻസ്റ്റാൾ ചെയ്തിരുന്ന സിസ്റ്റവും പുതിയതായി നിർദ്ദേശിച്ചിരുന്ന സിസ്റ്റവുമായി യോജിക്കാത്തതുകാരണം പിഎൽസി-സ്കാഡാ ഇൻസ്റ്റാൾ ചെയ്യുവാൻ കരാറുകാരന് കഴിഞ്ഞില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, പിഎൽസി സ്കാഡായുടെ ശേഷിക്കുന്ന പ്രവൃത്തികളിൽ നിന്നും കരാറുകാരനെ കെഡബ്ല്യുഎ ഒഴിവാക്കി (2021 ജൂലൈ). സ്കാഡായുടെ പ്രവർത്തനത്തിന് ആവശ്യമായ ഇലക്ട്രിക് ആക്ച്വേറ്ററുകളും ഇലക്ട്രോമാഗ്നറ്റിക് ഫ്ലോമീറ്ററുകളും സ്ഥാപിച്ചതിനായി ₹17.81 ലക്ഷം ഉൾപ്പെടെ കരാറുകാരന് ₹1.92 കോടി നൽകി (2021 ജൂലൈ) ഡബ്ല്യുടിപിയിൽ നിലവിലുണ്ടായിരുന്ന സ്കാഡാ സംവിധാനം 2020 സെപ്റ്റംബർ മുതൽ പ്രവർത്തനരഹിതമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പഴയ സിസ്റ്റവും പുതിയതായി നിർദ്ദേശിച്ച സിസ്റ്റവുമായി യോജിക്കുമോ എന്ന് ഉറപ്പുവരുത്താതെയാണ് കെഡബ്ല്യുഎ പദ്ധതി നിർവ്വഹിച്ചത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്കാഡാ സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാത്തതിനാൽ, ഇലക്ട്രിക് ആക്ച്വേറ്ററുകളും ഇലക്ട്രോമാഗ്നറ്റിക് ഫ്ലോമീറ്ററുകളും സ്ഥാപിക്കുന്നതിന് ചെലവായ ₹17.81 ലക്ഷം നിഷ്ഫലമായി തുടർന്നു.

₹1.07 കോടിയുടെ ഒരു പുതിയ സ്കാഡാ പദ്ധതി നടപ്പിലാക്കിവരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

പ്രായോഗികത ഉറപ്പാക്കാതെയായിരുന്നു കെഡബ്ല്യുഎ അപ്ഗ്രേഡേഷൻ നിർവ്വഹിച്ചത് എന്ന ഓഡിറ്റ് നിരീക്ഷണത്തെ ശരിവയ്ക്കുന്നതാണ് മറുപടി.

## 4.4 സേവന നിലവാര അളവുകോലുകൾ കൈവരിച്ചതിന്റെ സ്ഥിതി

അഞ്ച് വർഷത്തിനുള്ളിൽ (2015-16 മുതൽ 2019-20 വരെ) ജലവിതരണത്തിലും സിവറേജിലും സാർവ്വത്രിക കവറേജ് പോലുള്ള സേവന നിലവാര അളവുകോലുകൾ കൈവരിക്കുക എന്നതായിരുന്നു അമൃതിന്റെ ലക്ഷ്യം. എന്നാൽ, ജലവിതരണ മേഖലയിൽ ₹1203.77 കോടി ചെലവു ചെയ്തിട്ടും ഒരൊറ്റ മിഷൻ നഗരത്തിനും സാർവ്വത്രിക നേട്ടം എന്ന ലക്ഷ്യം കൈവരിക്കാനോ, മിഷൻ തുടങ്ങുന്ന സമയത്ത് നിലനിന്നിരുന്ന സേവന നിലവാരങ്ങളിൽ കാര്യമായ പുരോഗതി കൊണ്ടുവരാനോ കഴിഞ്ഞിരുന്നില്ല. ജലവിതരണമേഖലയെ സംബന്ധിച്ച സേവന നിലവാര അളവുകോലുകൾ മിഷൻ നഗരങ്ങൾ കൈവരിച്ചതിന്റെ **പട്ടിക 4.5ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 4.5: ജലവിതരണത്തിൻകീഴിൽ മിഷൻ നഗരങ്ങൾ സേവന നിലവാര അളവുകോലുകൾ കൈവരിച്ചതിന്റെ സ്ഥിതി**

| സേവന നിലവാര അളവുകോലുകൾ | | മിഷൻ നഗരങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കൊച്ചി | തൃശ്ശൂർ | ഗുരുവായൂർ | പാലക്കാട് | കോഴിക്കോട് | കണ്ണൂർ |
| വീട്ടുകളുടെ കവറേജ് (ശതമാനത്തിൽ) | **അമൃതിന് മുൻപ്** | 77.7 | 40.3 | 61 | 89.2 | 60.5 | 9.4 | 61.7 | 45 | 42.3 |
| | **അമൃതിന് ശേഷം** | 78.2 | 55. 5 | 61 | 89.2 | 65.8 | 9.4 | 67.3 | 60.4 | 49.3 |
| ലക്ഷ്യം :100 ശതമാനം | **നേട്ടം** | 0.5 | 15.2 | ഇല്ല | ഇല്ല | 5.3 | ഇല്ല | 5.6 | 15.4 | 7 |

| സേവന നിലവാര അളവുകോലുകൾ | | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കൊച്ചി | തൃശൂർ | ഗുരുവായൂർ | പാലക്കാട് | കോഴിക്കോട് | കണ്ണൂർ |
|---|---|---|---|---|---|---|---|---|---|---|
| | | **മിഷൻ നഗരങ്ങൾ** | | | | | | | | |
| വിതരണം ചെയ്യു ജലത്തിന്റെ അളവ് (എൽപിസിഡിയിൽ[50]) ലക്ഷ്യം : 135 എൽപിസിഡി | **അമൃതിന് മുൻപ്** | 100 | 65 | 50 | 86 | 93 | 36 | 88 | 100 | 90 |
| | **അമൃതിന് ശേഷം** | 113.4 | 61.0 | 76.5 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല[51] | 60.6 | 115.6 | 87.3 | 70.6 |
| | **നേട്ടം** | 13.4 | ഇല്ല | 26.5 | | | 24.6 | 27.6 | ഇല്ല | ഇല്ല |
| വരുമാനരഹിത ജലത്തിന്റെ അളവ് (എൻആർ ഡബ്ല്യു) (ശതമാനത്തിൽ) ലക്ഷ്യം : 20 ശതമാനം | **അമൃതിന് മുൻപ്** | 35 | 30 | 40 | 46.7 | 30 | 43 | 30 | 30 | 32 |
| | **അമൃതിന് ശേഷം** | ഡാറ്റ ലഭ്യമല്ല | | | | 28.9[52] 51.1[53] | 70 | 40.8 | 30.6 | 51.9 |
| | **നേട്ടം** | | | | | --[54] | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

*(ഉറവിടം : യുഎൽബികളും കെഡബ്ല്യുഎയും നൽകിയ വിവരങ്ങൾ)*

### 4.4.1 ജലവിതരണ കണക്ഷനുകളുടെ കവറേജ്

ഒൻപത് മിഷൻ നഗരങ്ങളിലെയും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുക എന്ന സാർവ്വത്രിക നേട്ടം കൈവരിക്കുകയായിരുന്നു പദ്ധതിയുടെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഒരെണ്ണം. കുടിവെള്ള വിതരണത്തിനായി നൽകിയ ഗാർഹിക കണക്ഷനുകളുടെ സ്ഥിതിയും പദ്ധതി തുടങ്ങിയതിനുശേഷം ഗാർഹികകണക്ഷനുകളുടെ എണ്ണത്തിലെ വർദ്ധനവും **പട്ടിക 4.6ൽ** കൊടുത്തിരിക്കുന്നു.

---

50 ഒരു ദിവസത്തെ ആളോഹരി ലിറ്റർ

51 അമൃതിന് മുൻപുള്ള വിവരങ്ങൾ മുഴുവൻ മുനിസിപ്പൽ കോർപ്പറേഷനെയും സംബന്ധിക്കുന്നത്. എന്നാൽ, അമൃതിന് ശേഷമുള്ള വിവരങ്ങൾ കെഡബ്ല്യുഎ ജലവിതരണം നടത്തിയിരുന്ന പ്രദേശങ്ങളെ സംബന്ധിച്ചത്. അതിനാൽ തുലനം ചെയ്യാവുന്നതല്ല

52 കെഡബ്ല്യുഎ ജലവിതരണണം നടത്തിയിരുന്ന മുനിസിപ്പൽ പ്രദേശം

53 യുഎൽബികൾ ജലവിതരണം നടത്തിയിരുന്ന മുനിസിപ്പൽ പ്രദേശങ്ങളിലേത്

54 അമൃതിന് ശേഷമുള്ള വിവരങ്ങൾ അമൃതിന് മുൻപുള്ള വിവരങ്ങളുമായി തുലനം ചെയ്യാൻ കഴിയാത്തതു കാരണം വിലയിരുത്താൻ കഴിഞ്ഞില്ല

**പട്ടിക 4.6: ടാപ്പ് കണക്ഷൻ ഉള്ള കുടുംബങ്ങളുടെ സ്ഥിതി**

| ക്രമനമ്പർ | യുഎൽബിയുടെ പേര് | എസ്.എൽ.ഐ.പി പ്രകാരം ആകെയുള്ള കുടുംബങ്ങളുടെ എണ്ണം | വാട്ടർ ടാപ്പ് കണക്ഷനുള്ള കുടുംബങ്ങളുടെ എണ്ണം | വാട്ടർ കണക്ഷനുള്ള കുടുംബങ്ങളുടെ ശതമാനം (അമൃതിന് മുൻപ്) | വിടവ് നികത്തുന്നതിനായി സ്ഥാപിക്കേണ്ട വിതരണ ലൈനിന്റെ ദൈർഘ്യം (കിമീ) | സ്ഥാപിച്ച വിതരണ ലൈനിന്റെ ദൈർഘ്യം (കിമീ) | അമൃതിൽ നൽകിയ വാട്ടർകണക്ഷനുകളുടെ എണ്ണം | അമൃതിന് ശേഷം വാട്ടർകണക്ഷൻ ഉള്ള കുടുംബങ്ങളുടെ ശതമാനം | കുടുംബ കണക്ഷനുകളുടെ വർദ്ധനവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 2,46,803 | 1,91,845 | 77.73 | 310 | 37.79 | 1,206 | 78.22 | 0.49 |
| 2. | കൊല്ലം | 98,367 | 39,662 | 40.32 | 104 | 17.6 | 14,973 | 55.54 | 15.22 |
| 3. | കൊച്ചി | 1,51,412 | 1,35,000 | 89.16 | 0 | 0 | 0 | 89.16 | ഇല്ല |
| 4. | തൃശ്ശൂർ | 78,336 | 47,378 | 60.48 | 117 | 105.3 | 4,206 | 65.85 | 5.37 |
| 5. | കോഴിക്കോട് | 1,23,776 | 55,690 | 44.99 | 351 | 112.74 | 19,100 | 60.42 | 15.43 |
| 6. | കണ്ണൂർ | 61,883 | 26,186 | 42.32 | 519 | 68.3 | 4,344 | 49.34 | 7.02 |
| 7. | ആലപ്പുഴ | 39,894 | 24,318 | 60.96 | 0 | 0 | 0 | 60.96 | ഇല്ല |
| 8. | ഗുരുവായൂർ | 17,297 | 1,624 | 9.39 | 172 | 110.14 | 0 | 9.39 | ഇല്ല |
| 9. | പാലക്കാട് | 44,000 | 27,152 | 61.71 | 110 | 141 | 2466 | 67.31 | 5.60 |
| | **ആകെ** | **8,61,768** | **5,48,855** | **63.69** | **1683** | **592.87** | **46,295** | **69.06** | **5.37** |

*(ഉറവിടം : യുഎൽബികളും കെഡബ്ല്യൂഎയും നൽകിയ വിവരങ്ങൾ)*

പദ്ധതിയുടെ ആരംഭത്തിൽ ഒൻപതു മിഷൻ നഗരങ്ങളിൽ ജലവിതരണം ഉണ്ടായിരുന്ന കുടുംബങ്ങൾ 9.39 ശതമാനം മുതൽ 89.16 ശതമാനം വരെ ആയിരുന്നു. ആറു യുഎൽബികളിൽ കുടുംബകണക്ഷനുകളുടെ എണ്ണത്തിലെ വർദ്ധനവ് 0.49 മുതൽ 15.43 ശതമാനം വരെ മാത്രമായിരുന്നു എന്നും, മൊത്തത്തിൽ 30.94 ശതമാനത്തിന്റെ പ്രകടമായ വിടവ് നിലനിന്നിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൊച്ചി കോർപ്പറേഷനും, ആലപ്പുഴ, ഗുരുവായൂർ മുനിസിപ്പാലിറ്റികൾക്കും ജലവിതരണത്തിന്റെ വ്യാപ്തിയിൽ മെച്ചമൊന്നും വരുത്താൻ കഴിഞ്ഞില്ല. കുടിവെള്ള വിതരണ ശൃംഖല ഇല്ലാത്ത പ്രദേശങ്ങളിലേക്ക് ശൃംഖല വിപുലീകരിക്കുന്നതിനേക്കാൾ പഴയ വിതരണ ലൈനുകൾ പുനരുദ്ധരിക്കാൻ പ്രാധാന്യം നൽകിയത് പ്രകടമായ നേട്ടം കൈവരിക്കാതിരിക്കുന്നതിന് ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അമൃതിന് മുൻപും ശേഷവും ജലവിതരണ കവറേജിന്റെ നില **ചാർട്ട് 4.1 ൽ** ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 4.1 : ജലവിതരണമേഖലയുടെ കീഴിൽ അമൃതിന് മുൻപും ശേഷവും വാട്ടർ കണക്ഷനുകളുടെ കവറേജ്**




*(ഉറവിടം : യുഎൽബികളും കെഡബ്ല്യൂഎയും നൽകിയ ഡാറ്റ)*

### 4.4.2 ആളോഹരി ജലവിതരണം

എസ്എൽബി സൂചിക പ്രകാരം, ഓരോ കുടുബങ്ങൾക്കും പ്രതിദിനം ആളോഹരി 135 ലിറ്റർ (എൽപിസിഡി) കുടിവെള്ളം നൽകേണ്ടതാണ്. ആളോഹരി ജലവിതരണത്തിൽ കൈവരിച്ച നേട്ടത്തിന്റെ വിശദവിവരങ്ങൾ **പട്ടിക 4.7ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 4.7: ആളോഹരി ജലവിതരണത്തിലെ നേട്ടം**

| ക്രമ നമ്പർ | യുഎൽബിയുടെ പേര് | അമൃതിന് മുമ്പുള്ള എൽപിസിഡി | ശുദ്ധീകരിച്ച ജലത്തിന്റെ അളവിൽ കണ്ടെത്തിയ വിടവ് | ഏറ്റെടുത്ത ഡബ്ല്യുടിപികളുടെ ശേഷി | നിർമ്മിച്ച ഡബ്ല്യുടിപികളുടെ ശേഷി | അമൃതിന് ശേഷം എൽപിസിഡി (യുഎൽബികൾ അവകാശപ്പെട്ടത്) | അമൃതിന് ശേഷമുള്ള എൽപിസിഡി ഓഡിറ്റ് കണക്കാക്കിയത്[55] |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 100 | 105 | 75 | 75 | 277 | 113.44 |
| 2. | കൊല്ലം | 65 | 44.5 | 100 | ഇല്ല[56] | 50 | 61.03 |
| 3. | ആലപ്പുഴ | 50 | 15.9 | ഇല്ല | ഇല്ല | 120 | 76.45 |
| 4. | കൊച്ചി | 86 | 204 | ഇല്ല | ഇല്ല | ബാധകമല്ല | -- [57] |
| 5. | തൃശൂർ | 93 | 26.3 | 20 | 20 | 70 | 58.42 |
| 6. | കോഴിക്കോട് | 100 | 12.0 | ഇല്ല | ഇല്ല | ബാധകമല്ല | 87.27 |
| 7. | കണ്ണൂർ | 90 | 23 | 10 | 10 | ബാധകമല്ല | 70.57 |
| 8. | ഗുരുവായൂർ | 36 | 14.43 | 15 | 15 | 70 | 60.63 |
| 9. | പാലക്കാട് | 88 | 21.5 | 45 | 45 | 70 | 115.56 |

*(ഉറവിടം : യുഎൽബികളും കെഡബ്ല്യുഎയും നൽകിയ വിവരങ്ങൾ)*

ഒൻപതു യുഎൽബികളിൽ, മൂന്നു[58] യുഎൽബികൾ പദ്ധതിയ്ക്ക് ശേഷം ആളോഹരി ജലവിതരണം മെച്ചപ്പെടുത്തിയെന്ന് അവകാശപ്പെട്ടു. എന്നാൽ, വിവിധ യുഎൽബികളുടെ അവകാശവാദത്തിൽ താഴെ വിവരിച്ചിരിക്കുന്ന പോലെ പൊരുത്തക്കേടുകൾ ഓഡിറ്റ് കണ്ടെത്തി.

- ഒരു ജില്ലയിലെ ജല ശുദ്ധീകരണ പ്ലാന്റുകൾ മിഷൻ നഗരങ്ങൾക്ക് പുറമെ സമീപ പഞ്ചായത്തുകളിലെയും മറ്റു മുനിസിപ്പാലിറ്റികളിലെയും ജനങ്ങളുടെ ആവശ്യങ്ങളും നിറവേറ്റിയിരുന്നതിനാൽ, മിഷൻ നഗരങ്ങൾക്ക് വിതരണം ചെയ്തിരുന്ന ജലത്തിന്റെ അളവ് കണക്കാക്കുന്നതിന് യാതൊരു സംവിധാനവും ഇല്ലായിരുന്നു. മിഷൻ നഗരങ്ങൾക്ക് വിതരണം ചെയ്തിരുന്ന ജലത്തിന്റെ അളവ് കണക്കാക്കുന്നതിന് കെഡബ്ല്യുഎ ബൾക്ക് മീറ്ററുകൾ സ്ഥാപിച്ചിരുന്നില്ല.

- 135 എൽപിസിഡി കൈവരിക്കുന്നതിനായി ഓരോ കുടുംബങ്ങൾക്കും ടാപ് കണക്ഷൻ ആവശ്യമാണെന്നിരിക്കെ, ജലവിതരണ കണക്ഷനുകൾ നൽകുന്നതിൽ സാർവ്വത്രിക നേട്ടം ഉറപ്പാക്കാൻ സംസ്ഥാനത്തെ യുഎൽബികൾ പരാജയപ്പെട്ടതിനാൽ എസ്എൽബി ലക്ഷ്യം ഒരു യുഎൽബിക്കും കൈവരിക്കാനായില്ല.

---

55 2024 ജനുവരി/ഫെബ്രുവരിയിലെ ഇ-അബാക്കസ് ഡാറ്റയുടെ അടിസ്ഥാനത്തിൽ

56 100 എംഎൽഡി ഡബ്ല്യുടിപിയുടെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും അസംസ്കൃത ജലപമ്പിംഗ് മെയിൻ സ്ഥാപിക്കാത്തതു കാരണം ഡബ്ല്യുടിപി പ്രവർത്തനരഹിതമായി തുടരുന്നു.

57 ഇ-അബാക്കസ് ഡാറ്റ നൽകിയിട്ടില്ല

58 തിരുവനന്തപുരം, ആലപ്പുഴ, ഗുരുവായൂർ

ആയതിനാൽ, എസ്എൽബിയിലെ ലക്ഷ്യമായ കുടുംബങ്ങൾക്കെല്ലാം ജലവിതരണ കണക്ഷനുകൾ എന്ന സാർവ്വത്രിക നേട്ടവും ആളോഹരി ജലവിതരണവും മിഷൻ നഗരങ്ങൾ ഇതുവരെയും ഒരു യുഎൽബിക്കും കൈവരിക്കാനായില്ല.

### 4.4.3 വരുമാന രഹിത ജലത്തിന്റെ വ്യാപ്തി (എൻആർഡബ്ല്യു)

യാതൊരു വരുമാനവും ലഭിക്കാത്ത ഉൽപ്പാദിപ്പിക്കുന്ന/വിതരണം ചെയ്യുന്ന ജലത്തിന്റെ അളവിനെ കുറിക്കുന്നതാണ് വരുമാന രഹിത ജലം എന്ന പദം. ഇത് ആകെ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെയും (ശുദ്ധീകരണ പ്ലാന്റിനു പുറത്തേക്ക് പോകുന്ന) ആകെ വിൽക്കുന്ന ജലത്തിന്റെയും വ്യത്യാസം, ആകെ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ ശതമാന നിരക്കിൽ കണക്കാക്കുന്നത് ആണ്. എൻആർഡബ്ല്യു 20 ശതമാനം വരെ കുറയ്ക്കുക എന്നതായിരുന്നു പദ്ധതിയുടെ കീഴിലുള്ള സേവന നിലവാര അളവുകോലൽ അനുസരിച്ച് കൈവരിക്കേണ്ട ഒരു ലക്ഷ്യം. ഒരു നഗരത്തിലെ ജലലഭ്യത, വൈദ്യുതി ഉപഭോഗം, വില വസൂലാക്കൽ എന്നിവയിൽ എൻആർഡബ്ല്യുവിന് പ്രകടമായ സ്വാധീനമുണ്ട്. എൻആർഡബ്ല്യു സ്വീകാര്യമായ നിലകളിലേയ്ക്ക് കുറക്കേണ്ടത് ജലവിതരണ സേവനങ്ങളുടെ സാമ്പത്തിക നിലനിൽപ്പിന് മർമ്മ പ്രധാനമായ ഒരു ഘടകമാണ്. ഒരു ഫലപ്രദമായ എൻആർഡബ്ല്യു കുറയ്ക്കൽ തന്ത്രം ആവിഷ്കരിക്കുന്നതിനുള്ള സുപ്രധാനമായ കാര്യം എൻആർഡബ്ല്യുവും അതിന്റെ ഘടകങ്ങളും ഉണ്ടാകാനുള്ള കാരണത്തെക്കുറിച്ച് വ്യക്തമായ ധാരണ രൂപപ്പെടുത്തുക എന്നതാണ്. എൻആർഡബ്ല്യുന്റെ ഘടകങ്ങൾ **ചാർട്ട് 4.2ൽ** കൊടുത്തിരിക്കുന്നു.

**ചാർട്ട് 4.2: എൻആർഡബ്ല്യുവിന്റെ ഘടകങ്ങൾ**

| | | |
|---|---|---|
| **വരുമാന രഹിത ജലം** | ബില്ല് ചെയ്യാത്ത അംഗീകരിച്ച ഉപഭോഗം | ബില്ല് ചെയ്യാത്ത മീറ്റർ ചെയ്ത ഉപഭോഗം |
| | | ബില്ല് ചെയ്യാത്ത മീറ്റർ ചെയ്യാത്ത ഉപഭോഗം |
| | അപ്പാരന്റ് ലോസസ് | അനധികൃത ഉപഭോഗം |
| | | മീറ്റർ ചെയ്യുന്നതിലെ കൃത്യതയില്ലായ്മ |
| | റിയൽ ലോസസ് | ഉപഭോക്താവിന്റെ മീറ്റർ ചെയ്യുന്ന പോയിന്റ് വരെയുള്ള ട്രാൻസ്മിഷനിലെയും വിതരണത്തിലെയും ചോർച്ചകൾ |
| | | യുട്ടിലിറ്റികളുടെ ശേഖരണ ടാങ്കുകളിലെ കവിഞ്ഞൊഴുകലും ചോർച്ചയും |

*(ഉറവിടം : എംഒയുഡി പുറപ്പെടുവിച്ച എൻആർഡബ്ല്യു മാനുവൽ)*

എംഒയുഡി പുറപ്പെടുവിച്ച എൻആർഡബ്ല്യു മാനുവൽ പ്രകാരം, ഒരു ജല ഓഡിറ്റിലൂടെ എൻആർഡബ്ല്യു കണക്കാക്കേണ്ടതാണ്. ഇതിനു പുറമെ, എൻആർഡബ്ല്യു കുറക്കുന്നതിനുള്ള പദ്ധതിയിൽ വിതരണ ശൃംഖലയുടെ മാപ്പിംഗ്, ചോർച്ചയുടെ മാപ്പിംഗ്, മീറ്ററിംഗ് ഉറപ്പുവരുത്തൽ, ചോർച്ചകൾ കണ്ടുപിടിക്കൽ, സ്കാഡാ എന്നിവ ഉൾപ്പെടേണ്ടതാണ്. മിഷൻ നഗരങ്ങളിൽ എൻആർഡബ്ല്യുവിന്റെ വ്യാപ്തി വിശകലനം ചെയ്യുന്നതിനായി ജല ഓഡിറ്റ് ഇതുവരെ കെഡബ്ല്യുഎ നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ എസ്.എൽ.ഐ.പിയിൽ പരാമർശിച്ചിരിക്കുന്ന എൻആർഡബ്ല്യുവിന്റെ വ്യാപ്തിയ്ക്ക് യാതൊരു ആധികാരികതയുമില്ല. അഞ്ചു മിഷൻ നഗരങ്ങളിലെ എൻആർഡബ്ല്യുവിന്റെ വ്യാപ്തി ഓഡിറ്റ് നിർണ്ണയിക്കുകയും[59] ഈ യുഎൽബികൾ അവകാശപ്പെട്ടതിനേക്കാൾ വളരെയധികം കൂടുതൽ ആയിരുന്നു എൻആർഡബ്ല്യു എന്നും കണ്ടെത്തി.

[59] വിതരണം ചെയ്തതായി കെഡബ്ല്യുഎഅവകാശപ്പെട്ട ആകെ ജലത്തിന്റെ അളവും ഉപഭോഗത്തെ സംബന്ധിച്ച ഇ-അബാക്കസ് ഡാറ്റായും അടിസ്ഥാനമാക്കി

അമൃതിന് മുൻപും ശേഷവും അഞ്ച് അമൃത് നഗരങ്ങളിലെ എൻആർഡബ്ല്യുന്റെ വ്യാപ്തി **പട്ടിക 4.8ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 4.8: അമൃതിന് മുൻപും ശേഷവുമുള്ള എൻആർഡബ്ല്യുന്റെ വ്യാപ്തി**

*(ശതമാനത്തിൽ)*

| ക്രമ നമ്പർ | യുഎൽബിയുടെ പേര് | എസ്.എൽ.ഐ.പി പ്രകാരം അമൃതിന് മുൻപുള്ള എൻആർഡബ്ല്യുവിന്റെ വ്യാപ്തി | അമൃതിന് ശേഷമുള്ള എൻആർഡബ്ല്യുവിന്റെ വ്യാപ്തി ഓഡിറ്റ് നിർണ്ണയിച്ചത് |
|---|---|---|---|
| 1. | തൃശ്ശൂർ | 30 | 28.85 [60] |
| 2. | കോഴിക്കോട് | 30 | 30.63 |
| 3. | കണ്ണൂർ | 32 | 51.93 |
| 4. | ഗുരുവായൂർ | 43 | 70.00 |
| 5. | പാലക്കാട് | 30 | 40.76 [61] |

*(ഉറവിടം : യുഎൽബികളും കെഡബ്ല്യുഎയും നൽകിയ വിവരങ്ങൾ)*

അഞ്ചു മിഷൻ നഗരങ്ങളിലെ നിലവിലെ എൻആർഡബ്ല്യുവിന്റെ നിലവാരം വച്ച് കെഡബ്ല്യുഎയ്ക്ക് പ്രതിദിനം ഏകദേശം ₹3.33 ലക്ഷത്തിന്റെ[62] സാമ്പത്തിക നഷ്ടം (കിലോലിറ്ററിന് ₹14.41 എന്ന നിരക്കിൽ) ഉണ്ടെന്ന് ഓഡിറ്റ് കണക്കാക്കി.

നഗരത്തിലേയ്ക്ക് ജലം നൽകുന്ന ജല ശുദ്ധീകരണ പ്ലാന്റിന്റെ ആകെ ഉൽപ്പാദനശേഷിയിൽ നിന്നാണ് ഓഡിറ്റ് എൻആർഡബ്ല്യു കണക്കാക്കിയതെന്ന് സർക്കാർ മറുപടി പറഞ്ഞു (2024 ഒക്ടോബർ). സമീപ പഞ്ചായത്തുകൾക്കും ജല ശുദ്ധീകരണ സംവിധാനത്തിൽ നിന്നും ജലം വിതരണം ചെയ്തിരുന്നതിനാൽ മൊത്തം ഉൽപ്പാദനം മുഴുവനായിട്ട് നഗര ഉപഭോക്താക്കളുടെ ബില്ലിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ എൻആർഡബ്ല്യു കണക്കുകൾ പെരുപ്പിച്ചാണ് കാണിച്ചത് എന്നും ജല മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കൃത്യമായ അളവിനും ബില്ലിംഗിനുമായി ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്നതും, സത്വരമായി ചോർച്ച കണ്ടുപിടിക്കുന്നതും പോലുള്ള ഫലപ്രദമായ നടപടികൾ ഘട്ടം ഘട്ടമായി നടപ്പാക്കിവരുകയാണെന്നും പ്രസ്താവിച്ചു.

എൻആർഡബ്ല്യു കണക്കാക്കിയത് ഡബ്ല്യുടിപിയുടെ ഉൽപ്പാദനശേഷിയുടെ അടിസ്ഥാനത്തിൽ അല്ല നേരെമറിച്ച് കെഡബ്ല്യുഎ യുഎൽബികൾക്ക് വിതരണം ചെയ്തു എന്ന് അവകാശപ്പെട്ട മൊത്തം ജലത്തിന്റെ അളവിന്റെയും, കെഡബ്ല്യുഎയുടെ ഇ-അബാക്കസ് ബില്ലിംഗ് സംവിധാനത്തിൽ നിന്നും ശേഖരിച്ച ഡാറ്റയുടെയും അടിസ്ഥാനത്തിൽ ആയിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല. ഇതിനു പുറമെ, എൻആർഡബ്ല്യു കണക്കാക്കിയത് കെഡബ്ല്യുഎ സ്ഥിരീകരിച്ചിരുന്നു.

## 4.5 സിവറേജ് സൗകര്യങ്ങളുടേയും സെപ്റ്റേജ് സംസ്കരണ പദ്ധതികളുടേയും നടപ്പാക്കൽ

മലിനജലത്തിൽ നിന്നും മാലിന്യത്തെ നീക്കംചെയ്ത്, ജലചക്രത്തിലേക്ക് തിരികെ കൊണ്ടുപോകാൻ കഴിയുന്ന ഒരു ദ്രവമാക്കി മാറ്റുന്ന പ്രക്രിയ ആണ് സീവേജ് സംസ്കരണം (ഗാർഹിക മലിനജല സംസ്കരണവും മുനിസിപ്പൽ മലിനജല സംസ്കരണവും). സിവറേജിനേയും സീവേജ് സംസ്കരണത്തെയും പറ്റിയുള്ള സി.പി.എച്ച്.ഇ.ഇ.ഒ മാനുവൽ പ്രകാരം, ഉപയോഗിക്കുന്ന ജലത്തിന്റെ ഏകദേശം 80 ശതമാനവും മലിനജലമായി മാറുന്നു. സംസ്കരിച്ച മലിനജലത്തിന്റെ പുനരുപയോഗം,

---

60 പഴയ മുനിസിപ്പൽ പ്രദേശം പരിഗണിച്ചിട്ടില്ല

61 1331 പൊതു ടാപ്പുകൾ വഴി വിതരണം ചെയ്ത ജലത്തിന്റെ അളവ് കെഡബ്ല്യുഎ നൽകാത്തതിനാൽ അത് പരിഗണിച്ചിട്ടില്ല.

62 പ്രതിദിനം 23126 കിലോലിറ്റർ എൻആർഡബ്ല്യു ₹14.41 ഒരു കിലോലിറ്ററിന് (കെഡബ്ല്യുഎ വസൂലാക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക്)

നദികൾ, കുളങ്ങൾ, കായലുകൾ പോലുള്ള ജലസ്രോതസ്സുകളിൽ നിന്നും ഭൂഗർഭ ജലസ്രോതസ്സുകളിൽ നിന്നുമുള്ള ജലത്തിന്റെ ആവശ്യത്തെ കുറയ്ക്കുകയും അസംസ്കൃതജലത്തിന്റെ കുറഞ്ഞ ഉപഭോഗം പ്രകൃതിദത്തജല വിഭവങ്ങൾ സംരക്ഷിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

സിവറേജും സെപ്റ്റേജ് സംസ്കരണവും എന്ന ഘടകത്തിൻ കീഴിൽ എല്ലാ വീടുകൾക്കും സിവറേജ് കണക്ഷനുകൾ നൽകിക്കൊണ്ട് ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളിൽ നേരിട്ട് സ്വാധീനിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനാണ് അമൃത് പദ്ധതിയിലൂടെ ഉദ്ദേശിച്ചത് . വികേന്ദ്രീകൃതവും പരസ്പരം ബന്ധിപ്പിക്കുന്നതുമായ ഭൂഗർഭ സിവറേജ് സിസ്റ്റം, പഴയ സിവറേജ് സിസ്റ്റത്തിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും പുനഃസ്ഥാപനം, സംസ്കരിച്ച ജലത്തിന്റെ പുനഃചംക്രമണവും പുനരുപയോഗവും, കക്കൂസ് മാലിന്യ സംസ്കരണം, അഴുക്കുചാലുകളുടെയും സെപ്റ്റിക് ടാങ്കുകളുടേയും യന്ത്രവൽകൃതവും ജൈവപരവും ആയ വൃത്തിയാക്കൽ, പ്രവർത്തന ചെലവ് മുഴുവനായി വീണ്ടെടുക്കൽ എന്നിവ ഇതിൽ ഉൾപ്പെട്ടിരുന്നു. മിഷൻ നഗരങ്ങൾ നിർദ്ദേശിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 4.9ൽ** വിവരിച്ചിരിക്കുന്നു.

**പട്ടിക 4.9: നടപ്പിലാക്കിയ സിവറേജ്/സെപ്റ്റേജ് സംസ്കരണ പദ്ധതികളുടെ യുഎൽബി തിരിച്ചുള്ള വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | യുഎൽബി | അനുവദിച്ച പദ്ധതികളുടെ എണ്ണം[63] | പദ്ധതി തുക[64] | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് | നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ എണ്ണം | ചെലവ് | റദ്ദുചെയ്ത പദ്ധതികളുടെ എണ്ണം | പദ്ധതി തുക | ആകെ ചെലവ് | ചെലവിന്റെ ശതമാനം | പൂർത്തിയാക്കിയതിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 135 | 226.0 | 99 | 107.44 | 35 | 53.05 | 1 | 4.80 | 160.49 | 71 | 74 |
| 2. | കൊല്ലം | 5 | 31.91 | ഇല്ല | ഇല്ല | 2 | 16.84 | 3 | 12.66 | 16.84 | 53 | ഇല്ല |
| 3. | കൊച്ചി | 4 | 35.18 | 1 | 14.66 | 1 | 8.96 | 2 | 29.06 | 23.62 | 67 | 50 |
| 4. | തൃശ്ശൂർ | 4 | 8.36 | ഇല്ല[65] | ഇല്ല | 3 | 2.74 | 1 | 53.40 | 2.74 | 33 | ഇല്ല |
| 5. | കോഴിക്കോട് | 4 | 21.53 | ഇല്ല | ഇല്ല | 2 | 15.41 | 2 | 140.00 | 15.41 | 72 | ഇല്ല |
| 6. | കണ്ണൂർ | 3 | 49.06 | 1 | 26.36 | 2 | 0.80 | ഇല്ല | ഇല്ല | 27.16 | 55 | 33 |
| 7. | ആലപ്പുഴ | 5 | 4.99 | ഇല്ല | ഇല്ല | 4 | 2.19 | 1 | 0.44 | 2.19 | 44 | ഇല്ല |
| 8. | ഗുരുവായൂർ | 2 | 0.50 | ഇല്ല | ഇല്ല | 1 | 0.00 | 1 | 4.50 | 0.00 | ഇല്ല | ഇല്ല |
| 9. | പാലക്കാട് | 3 | 3.86 | ഇല്ല | ഇല്ല | 1 | 0.00 | 2 | 12.08 | 0.00 | ഇല്ല | ഇല്ല |
| | **ആകെ** | **165** | **381.39** | **101** | **148.46** | **51** | **99.99** | **13** | **256.94** | **248.45** | **65** | **66** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റ)*

165 പദ്ധതികൾ അനുവദിച്ചതിൽ 2024 മാർച്ച് വരെ ₹182.48 കോടി പദ്ധതി അടങ്കലുള്ള 101 പദ്ധതികൾ പൂർത്തിയാക്കുകയും[66] ₹198.91 കോടി പദ്ധതി അടങ്കലുള്ള 51 പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമായിരുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിന് ₹248.45 കോടി ചെലവായി (2024 മാർച്ച്). ഈ മേഖലയിൽ എസ്.എ.എ.പിയിൽ അനുവദിച്ച പദ്ധതി തുകയായ ₹624.75 കോടിയിൽ, ₹256.94 കോടി (41.13 ശതമാനം) പദ്ധതി അടങ്കലുള്ള 13 പദ്ധതികൾ റദ്ദു ചെയ്തു. സിവറേജ്/സെപ്റ്റേജ് മേഖലയിൽ പൂർത്തിയാക്കിയ പദ്ധതികൾ 66 ശതമാനം മാത്രം ആയിരുന്നപ്പോൾ, മഴവെള്ളഓടകൾ, നഗര ഗതാഗതം എന്നീ മേഖലകളിൽ പൂർത്തിയാക്കൽ ശതമാനം യഥാക്രമം 93 ഉം 84 ഉം

63 റദ്ദു ചെയ്ത പദ്ധതികൾ ഉൾപ്പെടെ

64 റദ്ദു ചെയ്ത പദ്ധതികളുടെ പദ്ധതി തുക ഉൾപ്പെടുത്തിയിട്ടില്ല

65 തൃശ്ശൂരിലെ ഒരു പദ്ധതി 2024 ഫെബ്രുവരിയിൽ പൂർത്തിയാക്കിയെങ്കിലും അന്തിമബിൽ ഇനിയും കൊടുത്തു തീർക്കേണ്ടതുണ്ട്.

66 തിരുവനന്തപുരത്ത് 99 പദ്ധതികൾ

ആയിരുന്നു എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. അമൃതിന് കീഴിൽ കുടിവെള്ള വിതരണം കഴിഞ്ഞാൽ സിവറേജ്/ സെപ്റ്റേജ് മേഖലയ്ക്ക് മുൻഗണന നൽകിയിരുന്നിട്ടും സിവറേജ്/ സെപ്റ്റേജ് മേഖലയേക്കാളും മഴവെള്ളഓടകൾ, നഗരഗതാഗതം എന്നിവയിലെ പദ്ധതികൾ നടപ്പിലാക്കാനാണ് യുഎൽബികൾ ഊന്നൽ കൊടുത്തിരുന്നതെന്ന് ഇത് സൂചിപ്പിക്കുന്നു.

ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയ 58 പദ്ധതികളിൽ[67], ഇനിയുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നത് പോലെ സ്ഥലത്തിന്റെ അഭികാമ്യത ഉറപ്പാക്കാതെ പദ്ധതികൾ ഏറ്റെടുക്കൽ, തടസ്സരഹിത ഭൂമി ഉറപ്പാക്കാതിരിക്കൽ, പൂർത്തിയാക്കുന്നതിലെ കാലതാമസം, സമയവും ചെലവും അധികരിക്കൽ തുടങ്ങിയ വിവിധ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

### 4.5.1 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

മുട്ടത്തറയിൽ 107 എംഎൽഡി ശേഷിയുള്ള ഒരു സ്വീവേജ് സംസ്കരണ പ്ലാന്റ് തിരുവനന്തപുരം കോർപ്പറേഷനുണ്ട് (2013ൽ കമ്മീഷൻ ചെയ്തു). അതിൽ പൈപ്പ് വഴിയുള്ള സിവറേജ് സംവിധാനത്തിൽ 37 ശതമാനം വീടുകൾ ഉൾപ്പെടുകയും, 63 ശതമാനം വീടുകൾ (1,55,486) ശൃംഖലയിൽ ഉൾപ്പെടാതെ അവശേഷിക്കുകയും ചെയ്തു. മുനിസിപ്പൽ കോർപ്പറേഷനിലെ അമ്പത് ശതമാനത്തിൽ കൂടുതൽ വാർഡുകളിൽ സിവറേജ് ശൃംഖലയുടെ അഭാവം കാരണം പ്ലാന്റിലേയ്ക്കുള്ള ഒഴുക്ക് 44 എംഎൽഡി മാത്രമായിരുന്നു.

കോർപ്പറേഷന്റെ നാല് ബ്ലോക്കുകളിലേക്ക് (എൽ, കെ, ജെ, ഐ) സിവറേജ് ശൃംഖല വിപുലീകരിക്കുന്നതിനും നിലവിലുള്ള ശൃംഖലകളുടെ പുനരുജ്ജീവനത്തിനുമായി ₹201.23 കോടി പദ്ധതി തുകയുള്ള 127 പദ്ധതികൾ കെഡബ്ല്യൂഎ ഏറ്റെടുത്തു. ഇതിൽ പുതിയ അഴുക്കുചാൽ ശൃംഖല സ്ഥാപിക്കുന്നതിനും പമ്പ്ഹൗസുകൾക്കുമായി 32 പദ്ധതികളും നിലവിലുള്ള പഴയതും കേടുപാടുള്ളതുമായ ലൈനുകളുടെ പുനരുജ്ജീവനത്തിനായി 95 പദ്ധതികളും ഉൾപ്പെട്ടിരുന്നു. നിലവിലുള്ള സിവറേജ് ശൃംഖലകളുടെ പുനരുജ്ജീവനത്തിനു വേണ്ടിയുള്ള 88 ശതമാനം പദ്ധതികളും പൂർത്തീകരിച്ചെങ്കിലും പുതിയ സിവറേജ് ശൃംഖല സ്ഥാപിക്കുന്നതിൽ, 41 ശതമാനം പ്രവൃത്തികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളൂ (2024 മാർച്ച്). നാല് പമ്പ് ഹൗസുകൾ, എട്ട് കിണറുകൾ, നാല് ഗ്രിട്ട് ചേമ്പറുകൾ എന്നിവയുടെ നിർമ്മാണം, 13.07 കിലോമീറ്റർ ട്രങ്ക് മെയിനും, 13.44 കിലോമീറ്റർ നീളത്തിൽ പമ്പിംഗ് മെയിനും സ്ഥാപിക്കൽ എന്നിവ പുതിയ സിവറേജ് ശൃംഖല സ്ഥാപിക്കലിൽ ഉൾപ്പെട്ടിരുന്നു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഏറ്റെടുത്ത സിവറേജ് ശൃംഖലയുടെ ഡയഗ്രം, **ചിത്രം 4.1ൽ** കാണിച്ചിരിക്കുന്നു.

[67] പൂർത്തിയാക്കിയത് – 10, റദ്ദ് ചെയ്തവ – 13, തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ – 35

**ചിത്രം 4.1: തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ സിവറേജ് ശൃംഖലകൾ**




*(ഉറവിടം : കെഡബ്ല്യുഎ/യുഎൽബി നൽകിയ ഡാറ്റയുടെ അടിസ്ഥാനത്തിൽ)*

**പട്ടിക 4.10ൽ** വിശദീകരിച്ചിരിക്കുന്ന കാരണങ്ങൾ മൂലം തുടങ്ങി അഞ്ച് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായില്ലെന്നും, 26.51 കിലോമീറ്റർ സിവറേജ് ലൈൻ വിഭാവനം ചെയ്തതിൽ 20.03 കിലോമീറ്റർ നീളം മാത്രമാണ് ഇത് വരെ (2024 മാർച്ച്) പൂർത്തീകരിക്കാൻ കഴിഞ്ഞതെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 4.10: തിരുവനന്തപുരം കോർപ്പറേഷനിലെ പുതിയ സിവറേജ് ശൃംഖല നടപ്പാക്കലിന്റെ സ്ഥിതിയും തിരിച്ചറിഞ്ഞ തടസ്സങ്ങളും**

| ക്രമ നമ്പർ | പ്രവൃത്തികളുടെ വിശദാംശങ്ങൾ | പരാമർശം |
|---|---|---|
| 1. | മുട്ടത്തറ എസ്ടിപി മുതൽ എടത്തറ പമ്പിംഗ് സ്റ്റേഷൻ വരെ | • മുട്ടത്തറ എസ്ടിപിയിലേക്ക് ബന്ധിപ്പിക്കുന്നതിനുള്ള അവസാന ഘട്ടമായ കാരാളി ലൈനിലെ പമ്പിംഗ് മെയിൻ (1.608 കി.മീ) സ്ഥാപിക്കൽ പ്രവൃത്തി ജനങ്ങളുടെ എതിർപ്പ് കാരണം ഇതുവരെ (2024 മാർച്ച്) നൽകാൻ കഴിഞ്ഞില്ല.<br>• എൻഎച്ചിന് കുറുകെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ പ്രവൃത്തി ചെയ്യാത്തത് കാരണം, അന്തിമസംഗമസ്ഥാനമായ എടത്തറ പമ്പ് ഹൗസിൽ നിന്നുള്ള പമ്പിംഗ് മെയിൻ മുട്ടത്തറ എസ്ടിപിയിലേക്ക് ബന്ധിപ്പിക്കാൻ കഴിയാത്തതു മൂലം ഇത് 2.114 കിലോമീറ്ററിന്റെ പൂർത്തികരണ വിടവിന് ഇടയാക്കി. കോൺട്രാക്ടറുടെ കരാർ കാലാവധി 2021 മാർച്ചിന് അവസാനിച്ചുവെന്നും എൻഎച്ച് ക്രോസ്സിങ്ങിനുള്ള അനുമതി കിട്ടിയത് 2021 ഏപ്രിലിൽ മാത്രമാണെന്നും പ്രസ്താവിച്ചുകൊണ്ട് റിസ്ക് ആന്റ് കോസ്റ്റ് നിബന്ധന ചെലുത്താതെ, കോൺട്രാക്ടറുടെ അഭ്യർത്ഥന പ്രകാരം മെസേർസ് മേരി മാതായുമായുള്ള കരാർ അവസാനിപ്പിച്ചു (2022 ഏപ്രിൽ) വെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ലൈസൻസ് ഫീസ് അടക്കുന്നതിന് വിധേയമായി എൻഎച്ച് ക്രോസിംഗ് അനുമതി നൽകാമെന്ന് വളരെ നേരത്തെ |

| ക്രമ നമ്പർ | പ്രവൃത്തികളുടെ വിശദാംശങ്ങൾ | പരാമർശം |
|---|---|---|
| | | 2020 ഒക്ടോബറിൽ തന്നെ കെഡബ്ല്യുഎയെ അറിയിച്ചിരുന്നുവെന്ന് ഓഡിറ്റ് കണ്ടു. പ്രസ്തുത പ്രവൃത്തി ചെയ്യാതെ കോൺട്രാക്ടറെ പോകാൻ അനുവദിച്ചതിലൂടെ പദ്ധതിയുടെ ഉത്തമ താൽപ്പര്യങ്ങൾക്കനുസരിച്ചല്ല കെഡബ്ല്യുഎ പ്രവർത്തിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആറു പ്രവൃത്തികളായി വിഭജിച്ചുകൊണ്ട് ഇത് പുനർദർഘാസ് നടത്തിയെങ്കിലും പൈപ്പ് വിതരണം ഒഴികെയുള്ള ഒരു പ്രവൃത്തിയും ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല (2024 മാർച്ച്) |
| 2. | ആക്കുളം മുതൽ എടത്തറ പമ്പിംഗ് സ്റ്റേഷൻ വരെ | • സ്വകാര്യഭൂമി ഏറ്റെടുക്കാത്തതും, ആമയിഴഞ്ചാൻ തോട് ക്രോസ് ചെയ്യുന്നതിന് ജലസേചന വകുപ്പിന്റെ അനുമതി കിട്ടാത്തതും മൂലം പുലയനാർക്കോട്ട സ്റ്റില്ലിംഗ് ചേമ്പറിൽ നിന്നുമുള്ള ട്രങ്ക് മെയിൻ എടത്തറ പമ്പിംഗ് സ്റ്റേഷനുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞില്ല. |
| 3. | കുളത്തൂരിൽ നിന്നും കരിമണൽ പമ്പിംഗ് സ്റ്റേഷനിലേക്ക് | • തെറ്റിയാർ തോടിനു കുറുകെ പൈപ്പ് സ്ഥാപിക്കാനുള്ള അനുമതി ജലസേചന വകുപ്പിൽ നിന്നും കിട്ടാത്തത് കാരണം അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പറിൽ നിന്നുള്ള ട്രങ്ക് മെയിൻ കരിമണലിലുള്ള ഗ്രിറ്റ് ചേമ്പറിലേക്ക് ബന്ധപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. അതിനാൽ , കുളത്തൂർ പമ്പിംഗ് സ്റ്റേഷൻ കരിമണൽ പമ്പിംഗ് സ്റ്റേഷനിലേക്ക് ബന്ധപ്പെടുത്താതെ തുടർന്നു. |
| 4. | കിണറുകളുടെയും ഗ്രിറ്റ് ചേമ്പറുകളുടേയും നിർമ്മാണം | • കട്ടിയുള്ളതും ചെളികലർന്നതുമായ മണ്ണിന്റെ സാന്നിദ്ധ്യം കാരണം ഗ്രിറ്റ് ചേമ്പറിന്റെയും കിണറിന്റെയും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ എടത്തറയിലെ പമ്പിംഗ് സ്റ്റേഷൻ പൂർത്തിയാകാതെ അവശേഷിച്ചു. ഇത് മണ്ണ് പരിശോധന നടത്തിയതിലെ പോരായ്മകളെ ചൂണ്ടിക്കാണിക്കുന്നു.<br>• കിണർകുഴിക്കലും അവസാന പ്രവൃത്തികളും ചെയ്യാത്തതിനാൽ കരിമണൽ പമ്പിംഗ് സ്റ്റേഷനിലെ കിണർ നിർമ്മാണം പൂർത്തിയായില്ല.<br>• ആക്കുളം പമ്പിംഗ് സ്റ്റേഷൻ (95 ശതമാനം പൂർത്തിയായത്)– അവസാന പ്രവൃത്തികൾ, വൈദ്യുതീകരണം മുതലായവ പൂർത്തിയായില്ല. മെക്കാനിക്കൽ സ്ക്രീൻ സ്ഥാപിക്കാത്തതിനാൽ ആക്കുളം പംമ്പിംഗ് സ്റ്റേഷനിലെ ഗ്രിറ്റ് ചേമ്പർ പൂർത്തിയായില്ല. |
| 5. | കുളത്തൂരിലേക്കുള്ള സിവർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | • എൻഎച്ച്എഐയുടെ അനുമതി കിട്ടാത്തത് മൂലം കഴക്കൂട്ടം പ്രദേശത്തു നിന്നും കുളത്തൂർ പമ്പിംഗ് സ്റ്റേഷനിലേക്ക് സീവേജ് കൊണ്ടുവരാനുദ്ദേശിച്ചുള്ള ട്രങ്ക് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യാൻ കഴിഞ്ഞില്ല. അതിനാൽ അമൃത് 2.0 യിലേക്ക് മാറ്റി. |

*(ഉറവിടം : കെഡബ്ല്യുഎ/യുഎൽബിയിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ)*

മുകളിൽ പറഞ്ഞ കാരണങ്ങൾ മൂലം വ്യത്യസ്ത സ്ട്രെച്ചുകളിലുള്ള പമ്പിംഗ്/ട്രങ്ക് മെയിനുകളുടെ ബന്ധിപ്പിക്കലും, ട്രങ്ക് മെയിനുകൾ സ്ഥാപിക്കലും സാദ്ധ്യമാക്കാത്തതിനാൽ ഇതുവരെയും ലക്ഷ്യം നേടാൻ കഴിഞ്ഞില്ല (2024 മാർച്ച്).

സാങ്കേതിക വെല്ലുവിളികൾ, കരാറുകാരുമായുള്ള പ്രശ്നങ്ങൾ, പ്രാദേശിക എതിർപ്പ് തുടങ്ങിയ വസ്തുതകൾ മൂലം പദ്ധതി പൂർത്തിയാക്കാൻ താമസം ഉണ്ടായി എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് മുൻപായി ആ പ്രദേശത്ത് സിവറേജ് സൗകര്യങ്ങൾ ആവശ്യപ്പെട്ട് കാരാളി ഭാഗത്ത് പൊതുജന എതിർപ്പ് ഉണ്ടായതുമൂലം എടത്തറ മുതൽ മുട്ടത്തറ വരെ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് കാര്യമായ താമസം ഉണ്ടായതെന്നും പ്രസ്താവിച്ചു. കാരാളി പ്രദേശത്ത് സീവേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഒരു പ്രത്യേക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് എന്നും പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതാണ് എന്നും മറുപടിയിൽ പറഞ്ഞു. എന്നാൽ, നിർമ്മാണം പൂർത്തിയാക്കി 10 വർഷം

കഴിഞ്ഞിട്ടും മുട്ടത്തറ എസ്ടിപി യുടെ 59 ശതമാനവും ഉപയോഗിക്കാതെയിരുന്നു എന്ന വസ്തുത അവശേഷിക്കുന്നു.

### *4.5.1.1 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അഞ്ച് എംഎൽഡി സീവേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം – ₹ 14.65 കോടിയുടെ നിഷ്ഫല ചെലവ്*

തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിനും (നാല് ആശുപത്രികളും, ക്വാർട്ടേഴ്സും) പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിക്കും വേണ്ടി ഒരു പ്രത്യേക എസ്ടിപി സ്ഥാപിക്കുകയെന്ന ഉദ്ദേശ്യത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ ₹19.16 കോടി പദ്ധതി അടങ്കലിന് അഞ്ച് എംഎൽഡി സീവേജ് സംസ്കരണ പ്ലാന്റിന്റെ (എസ്ടിപി) നിർമ്മാണം അംഗീകരിച്ചു (എസ്.എ.എ.പി 2016–17 ഉം 2017–18ഉം). ഈ പരിസരത്തുനിന്നും പുറപ്പെടുവിക്കപ്പെടുന്ന സീവേജ് (3.2 എംഎൽഡി [68]) മെഡിക്കൽ കോളേജ് കാമ്പസിലുള്ള രണ്ട് കളക്ഷൻ വെല്ലുകളിൽ ശേഖരിക്കുകയും പിന്നീട് പ്രധാന സിവർ ലൈനിലേയ്ക്ക് പമ്പ് ചെയ്ത് മുട്ടത്തറ സീവേജ് സംസ്കരണ പ്ലാന്റിലേയ്ക്ക് ഒഴുക്കിവിടുകയും ചെയ്യുന്നു. കേടായ കളക്ഷൻ വെല്ലുകളും പ്രവർത്തന രഹിതമായ പമ്പുകളും കാരണം അടുത്തുള്ള കനാലിലേയ്ക്ക് സീവേജ് കവിഞ്ഞൊഴുകി അന്തരീക്ഷം മലിനമാക്കുന്നത് കൊണ്ട്, കാമ്പസിന് ഒരു പ്രത്യേക എസ്ടിപി നിർമ്മിക്കുന്നതിന് നിർദ്ദേശിക്കുകയും, 2016 ഡിസംബറിൽ കൂടിയ ഏഴാമത് എസ്.എച്ച്.പി.എസ്.സി പ്ലാന്റിന്റെ നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്തു. 2019 മാർച്ചിൽ പ്രവൃത്തി ആരംഭിക്കുകയും ₹14.65 കോടി ചെലവിൽ 2022 ജനുവരിയിൽ പൂർത്തിയാക്കുകയും ചെയ്തു.

എന്നാൽ മതിയായ അളവിൽ മലിനജലം പ്ലാന്റിൽ എത്താത്തത് മൂലം എസ്ടിപി ശരിയായി പ്രവർത്തിക്കുന്നില്ല (2024 ഫെബ്രുവരി) എന്നും അടുത്തുള്ള ചാലിലേയ്ക്കാണ് ഇതിൽ നിന്നുള്ള ജലം തുറന്ന് വിടുന്നതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അടുത്തുള്ള ചാലിനെ മലീമസമാക്കുന്ന തരത്തിൽ ടോട്ടൽ കോളിഫോമിന്റെയും ഫീക്കൽ കോളിഫോമിന്റെയും സാന്നിദ്ധ്യം അംഗീകൃത അളവിനെക്കാൾ കൂടുതൽ ആണെന്ന്, (അകത്തേയ്ക്ക് വരുന്ന പോയിന്റ്, പുറത്തേയ്ക്ക് പോകുന്ന പോയിന്റ്, അടുത്തുള്ള ചാലിലേയ്ക്ക് അനധികൃതമായി ഒഴുക്കിവിടുന്ന പോയിന്റ്) എന്നിവിടങ്ങളിലെ സാമ്പിളുകളുടെ അപഗ്രഥനം നടത്തിയതിനു ശേഷം, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് (കെ.എസ്.പി.സി.ബി) അറിയിച്ചു (2023 ഡിസംബർ). അവശ്യ അളവിൽ താഴെ മാത്രം മലിനജലം പ്ലാന്റിൽ എത്തുന്നത് കൊണ്ട്, മലിനജലം നിലനിർത്തുന്ന സമയം കൂട്ടുകയും പ്ലാന്റ് സെപ്റ്റിക് ആയി ശരിയായി പ്രവർത്തിക്കാതാവുകയും ചെയ്തുവെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ, കെഡബ്ല്യുഎ റിപ്പോർട്ട് ചെയ്തു (2023 നവംബർ). കൂടാതെ, പ്ലാന്റിൽ സ്ലഡ്ജ് ഉണ്ടാകുന്നില്ല എന്നതും പ്ലാന്റ് ശരിയായി പ്രവർത്തിക്കുന്നില്ലെന്നതിന്റെ സൂചനയാണ്. എസ്ടിപിയിൽ 1.5 എംഎൽഡി സീവേജിൽ താഴെ മാത്രമാണ് എത്തുന്നുള്ളൂ എന്നതുകൊണ്ട് 2.5 എംഎൽഡി ശേഷിയുള്ള ഒരു മൂവിംഗ് ബെഡ് ബയോഫിലിം റിയാക്ടർ (എംബിബിആർ) ഉപയോഗിക്കുന്നില്ലെന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെയും പുലയനാർകോട്ടയിലെ നെഞ്ചുരോഗ ആശുപത്രിയിലെയും, പരിസരങ്ങളിൽ നിന്നും ഗുരുത്വാകർഷണം മൂലമുള്ള ഒഴുക്ക് സാദ്ധ്യമല്ലാത്തതിനാൽ, ഈ കെട്ടിടങ്ങളൊന്നും എസ്ടിപിയുമായി ബന്ധിപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പ്ലാന്റിലേയ്ക്ക് മിനിമം അളവിൽ മലിനജലത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെ മെഡിക്കൽ കോളേജിൽ എസ്ടിപി നിർമ്മിച്ചത്, പ്ലാന്റ് പരാജയപ്പെടാനും അതിന്റെ നിർമ്മാണത്തിനായി ചെലവാക്കിയ ₹14.65 കോടി നിഷ്ഫലമാകാനും ഇടയാക്കി.

പ്ലാന്റിൽ പരിഹാര നടപടികൾ എടുത്തുവെന്നും പുറത്തേക്ക് ഒഴുകുന്ന ജലം, ഡിസ്ചാർജ് മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). എന്നാൽ കെ.എസ്.പി.സി.ബി 2024 നവംബറിൽ നടത്തിയ മലിനജല

[68] കാമ്പസിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ കെഡബ്ല്യുഎ എസ്റ്റിമേറ്റ് ചെയ്തത് (നാല് എംഎൽഡിയുടെ 80 ശതമാനം)

അപഗ്രഥനത്തിൽ ഡിസ്ചാർജ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്നും, പുറത്തേയ്ക്ക് ഒഴുക്കി വിടുന്ന ജലത്തിൽ കോളിഫോമിന്റെയും ഫീക്കൽ കോളിഫോമിന്റെയും സാന്നിദ്ധ്യം കൂടുതൽ അളവിൽ ആയിരുന്നുവെന്നും സൂചിപ്പിക്കുന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ ആശുപത്രി എസ്ടിപിയുടെ പ്രവർത്തനാനുമതി പുതുക്കിയിട്ടില്ല (2025 ജനുവരി).

### 4.5.2 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

കൊല്ലം കോർപ്പറേഷന് മുനിസിപ്പാലിറ്റി പ്രദേശത്തെ സിവറേജ് ശേഖരിക്കുന്നതിനും സംസ്കരണത്തിനുമുള്ള സംവിധാനമില്ല. എസ്.എൽ.ഐ.പിയിൽ നടത്തിയ വിലയിരുത്തൽ പ്രകാരം, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ 98,367 വീടുകൾ ബന്ധിപ്പിക്കാൻ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് 508 കിലോമീറ്റർ സിവറേജ് ശൃംഖല വേണ്ടിവരും. അതിനാൽ, കുരിപ്പുഴ ഒരു സീവേജ് സംസ്കരണ പ്ലാന്റും മൂന്ന് വികേന്ദ്രീകൃത എസ്ടിപികളും[69] സ്ഥാപിക്കുന്നതിനും കെ.എസ്.യു.ഡി.പിയുടെ കീഴിൽ സ്ഥാപിച്ച സിവറേജ് ശൃംഖലയും പമ്പിംഗ് സ്റ്റേഷനുകളും പൂർത്തിയാക്കുന്നതിനും വേണ്ടി യുഎൽബി/കെഡബ്ല്യുഎ പദ്ധതികൾ നിർദ്ദേശിച്ചു.

കുരീപ്പുഴയിൽ നിർദ്ദേശിക്കപ്പെട്ട എസ്ടിപി 12 എംഎൽഡി ശേഷിയുള്ളതും കുറഞ്ഞത് ആറ് എംഎൽഡി സീവേജ് കൊണ്ട് പ്രവർത്തിപ്പിക്കാവുന്നതുമായിരുന്നു. ഈ പ്രവൃത്തി ₹25.97 കോടിക്ക്, 2020 ഏപ്രിലിൽ ഒരു കരാറുകാരന് നൽകി. എന്നാൽ, സ്ഥലത്തിന്റെ ഉടമസ്ഥതയിൽ തർക്കം ഉണ്ടായിരുന്നതിനാൽ 2021 ഒക്ടോബറിൽ മാത്രമാണ് പ്രവൃത്തി തുടങ്ങാനായത്. 2024 ജനുവരി വരെ, ₹16.84 കോടി ചെലവഴിച്ചുകൊണ്ട് എസ്ടിപിയുടെ നിർമ്മാണം 92 ശതമാനം പൂർത്തീകരിച്ചു. ഭരണനിർവ്വഹണ കെട്ടിടത്തിന്റെ പൂർത്തീകരണം, മൂന്ന് ഇലക്ട്രോമെക്കാനിക്കൽ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ ജോലികൾ എന്നിവ പൂർത്തിയാകാത്ത ജോലികളിൽ ഉൾപ്പെടുന്നു. എന്നാൽ, വീടുകളിൽ നിന്നും എസ്ടിപി വരെ മലിനജലം എത്തിക്കുന്ന സീവർ ശൃംഖല ഇതുവരെയും (2025 ജനുവരി) സ്ഥാപിക്കാൻ കഴിയാത്തതിനാലും യന്ത്രങ്ങൾ സ്ഥാപിക്കുന്നത് നിഷ്ക്രിയമായിരിക്കുന്നത് മൂലം ഭാഗങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത വർദ്ധിക്കുകയും ചെയ്യുന്നതിനാലും 92 ശതമാനം പൂർത്തികരിച്ച നിലയിൽ പ്രവൃത്തി സ്തംഭിച്ചു. മേഖല III ലുള്ള ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ടായിരുന്നുവെങ്കിലും ഇത് ആറ് കിമി അകലത്തായിരുന്നു എന്നും എസ്ടിപിയിലേക്ക് കണക്റ്റിവിറ്റി ഇല്ലായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, എസ്ടിപിയിലേക്ക് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് കെഎസ്‌യുഡിപിയുടെ കീഴിൽ സ്ഥാപിച്ച സീവർ ശൃംഖല നീട്ടുന്നതിനുള്ള പദ്ധതിയുടെ കരാർ ഇതുവരെയും (2024 ഒക്ടോബർ) നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ, പ്ലാന്റിലേയ്ക്ക് മലിനജലം എത്തിക്കുന്നതിനുള്ള ശൃംഖല സ്ഥാപിക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതു കാരണം സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമാവുകയും ₹16.84 കോടി ചെലവാക്കിയിട്ടും ലക്ഷ്യം നിറവേറ്റാതിരിക്കുകയും ചെയ്യുന്നതിനിടയാക്കി.

കൊല്ലം കോർപ്പറേഷനുവേണ്ടിയുള്ള സിവറേജ് പദ്ധതിയുടെ നടപ്പാക്കൽ കെഎസ്‌യുഡിപി പദ്ധതിയിൽ ഏറ്റെടുത്തിരുന്നു എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). മേഖലയിൽ സീവർ ശൃംഖല സ്ഥാപിക്കുന്നതിനും കുരിപ്പുഴ എസ്ടിപി നിർമ്മാണവും ഇതിൽ ഉൾപ്പെട്ടിരുന്നു. പൊതുജനങ്ങളുടെ എതിർപ്പ് കാരണം എസ്ടിപി നിർമ്മിക്കാനാകാത്തതിനാൽ, സീവർ ലെയിനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2020 ആഗസ്റ്റിൽ നിർത്തിവച്ചു. ഈ പദ്ധതി വീണ്ടും അമൃത് ഏറ്റെടുത്തുവെങ്കിലും, സീവർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാനാളില്ലായിരുന്നു. കൂടിയ താഴ്ചയിലുള്ള മണ്ണ് നീക്കം ചെയ്യൽ, തിരക്കേറിയതും ഇടുങ്ങിയതുമായ റോഡുകളിലൂടെയുള്ള പൈപ്പ് സ്ഥാപിക്കൽ, ഇളകിയ മണ്ണ്, ഉയർന്ന വാട്ടർ ടേബിൾ എന്നിവയാണ് കരാർ ഏറ്റെടുക്കാത്തതിന് കാരണങ്ങളായി തിരിച്ചറിഞ്ഞത്. അമൃത് അവസാനിച്ചതിനാൽ,

---

[69] വസൂരിച്ചിറ, ആണ്ടാമുക്കം, കരിക്കുഴി ഏലാ

പദ്ധതിയെ അമൃത് 2.0യിലേയ്ക്ക് മാറ്റാൻ എസ്.എച്ച്.പി.എസ്.സി തീരുമാനിച്ചു (2024 ആഗസ്റ്റ്). എന്നാൽ, പ്രാദേശികവെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിനും സീവർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനും വേണ്ടി എടുത്ത ഫലപ്രദമായ നടപടികളെക്കുറിച്ച് സർക്കാർ മറുപടി നിശബ്ദമാണ്.

### 4.5.3 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

അമൃത് പദ്ധതിയുടെ തുടക്കത്തിൽ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധികാര പരിധിയിൽ 1956ൽ പ്രവർത്തനം തുടങ്ങിയ എളംകുളത്തുള്ള 4.5 എംഎൽഡി എസ്ടിപിയിലൂടെയുള്ള, മൂന്ന് ശതമാനം സീവറേജ് ശൃംഖല മാത്രമാണ് ഉണ്ടായിരുന്നത്. അമൃത് പദ്ധതിയുടെ ഭാഗമായി, 50 കിമി ശൃംഖലയോടെ (ഡിവിഷൻ 15,16,17) വികേന്ദ്രീകൃത സിവറേജ് സംസ്കരണ സംവിധാനം നടപ്പാക്കുന്നതിനുള്ള മൂന്ന് പദ്ധതികളും എളംകുളത്ത് നിലവിലുള്ള എസ്ടിപിയുടെ പുനരുജ്ജീവനത്തിനുള്ള ഒരു പദ്ധതിയും ഉൾപ്പടെ ₹64.24 കോടിയുടെ പദ്ധതികൾ എസ്.എ.എ.പി (2015–16, 2016–17) അംഗീകരിച്ചു. എന്നാൽ, വികേന്ദ്രീകൃത എസ്ടിപി നിർമിക്കുന്നതിനുള്ള രണ്ട് പദ്ധതികൾ ജനങ്ങളുടെ എതിർപ്പ് കാരണം റദ്ദു ചെയ്യേണ്ടിവന്നു[70]. ഡിവിഷൻ 16ൽ ₹18.66കോടി പദ്ധതി അടങ്കലുള്ള വികേന്ദ്രീകൃത സീവേജ് സംസ്കരണ സംവിധാനം നിർമിക്കുന്നതിനായി, 2020 ഡിസംബറിൽ കരാർ നൽകിയെങ്കിലും ഇതുവരെ (2024 നവംബർ) 45 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. ₹16.52 കോടി പദ്ധതി തുകയുള്ള എളംകുളത്തെ 4.5 എംഎൽഡി സീവേജ് സംസ്കരണ പ്ലാന്റിന്റെ പുനരുജ്ജീവന നിർദ്ദേശം ആറാമത്തെ എസ്.എൽ.ടി.സി (2017 ഫെബ്രുവരി) തള്ളിക്കളയുകയും പുതിയ ശൃംഖല ഒന്നും ചേർക്കാതെ അഞ്ച് എംഎൽഡി ശേഷിയുള്ള ഒരു പുതിയ എസ്ടിപി നിർമ്മിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ₹12.06 കോടി ചെലവിട്ട് സംസ്കരണപ്ലാന്റിന്റെ നിർമ്മാണം 2022 മേയിൽ പൂർത്തിയാക്കിയെങ്കിലും, ഗ്രിറ്റ് മാറ്റുന്ന സംവിധാനത്തിലെ ന്യൂനതകൾ, എംബിബിആറിലെ തടസ്സം, സ്ലഡ്ജ് സംസ്കരണ സംവിധാനം നടപ്പാക്കാതിരിക്കൽ മുതലായവ മൂലം പ്ലാന്റ് പ്രവർത്തനം തുടങ്ങിയത് 2024 ഒക്ടോബറിൽ മാത്രമാണ്. എന്നിരുന്നാലും, കൊച്ചി കോർപ്പറേഷനിൽ സീവർ ശൃംഖല വിപുലപ്പെടുത്താതിരുന്നത് കൊണ്ട്, പദ്ധതി കാലയളവ് അവസാനിച്ചിട്ടും ₹23.62 കോടി ചെലവഴിച്ചിട്ടും കവറേജ് അതു പോലെ തന്നെ തുടർന്നു.

പ്രവർത്തനക്ഷമമായ ഒരു ശൃംഖല, അമൃത് 1.0ൽ സ്ഥാപിച്ചിട്ടില്ലെന്നും. അമൃത് 2.0, റിബിൾഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയ്ക്ക് കീഴിൽ നെറ്റ്‌വർക്ക് സ്ഥാപിക്കാൻ നിർദേശിച്ചു എന്നും സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

### 4.5.4 തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

സീവേജോ സെപ്റ്റേജോ സംസ്കരിക്കുന്നതിന് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് ഒരു സംവിധാനവും ഇല്ലായിരുന്നു. അതിനാൽ എസ്ടിപി നിർമ്മാണത്തിനായി യുഎൽബി മൂന്നു പദ്ധതികൾ ഏറ്റെടുത്തു. അതായത് (i) തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനായുള്ള 2.5 എംഎൽഡി വികേന്ദ്രീകൃത സിവറേജ് പദ്ധതിയുടെ നിർമ്മാണം (ii) ജനറൽ ആശുപത്രിയിൽ 360 കെഎൽഡി സിവറേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം (iii) രാമവർമപുരത്ത് 100 കെഎൽഡി സെപ്റ്റേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം.

തെരഞ്ഞെടുത്ത ഭൂമി തണ്ണീർത്തടമായതിനാലും തണ്ണീർതടം തരം മാറ്റാനുള്ള അനുമതി സർക്കാർ നൽകാത്തതിനാലും, മൂന്ന് പദ്ധതികളിൽ, വഞ്ചിക്കുളത്തുള്ള 2.5 എംഎൽഡി പ്ലാന്റിന്റെ നിർമ്മാണം തുടങ്ങാനായില്ല. മറ്റു രണ്ട് പദ്ധതികളായ, ജനറൽ ആശുപത്രിയിലെ 360 കെഎൽഡി സീവേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണവും, രാമവർമ്മപുരത്തുള്ള 100 കെഎൽഡി സെപ്റ്റേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണവും നടപ്പാക്കുന്നതിനായി മെസേഴ്സ് ഗ്രീൻ എക്കോ വാട്ടർ സിസ്റ്റംസ്, ഹൈദരാബാദിനെ തെരഞ്ഞെടുത്തു (2019 ഡിസംബർ). 360 കെഎൽഡി എസ്ടിപിയുടെ പ്രവൃത്തി തുടങ്ങാത്തതിനാലും 100 കെഎൽഡി എസ്ടിപിക്ക് വേണ്ടി കരാറിൽ

[70] ഡിവിഷൻ 15നും 17നും വേണ്ടി വികേന്ദ്രീകൃത സീവേജ് സംസ്കരണ സംവിധാനം നടപ്പാക്കൽ.

ഏർപ്പെടാത്തതുകൊണ്ടും കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിക്കുകയും സ്ഥാപനത്തെ കോർപ്പറേഷൻ കരിമ്പട്ടികയിൽപെടുത്തുകയും ചെയ്തു (2022 ജനുവരി). കരാർ അവസാനിപ്പിക്കുന്നതിൽ ഒന്ന് മുതൽ രണ്ട് വർഷത്തെ കാലതാമസം വരുത്തിയത് ഇത് പ്രവൃത്തി പുനഃദർഘാസ് ചെയ്യുന്നതിൽ കാലതാമസത്തിന് ഇടയാക്കുകയും ചെയ്തു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ജനറൽ ആശുപത്രിയിലെ എസ്ടിപി നിർമ്മാണം പൂർത്തിയാക്കിയെങ്കിലും (2024 ഫെബ്രുവരി), രാമവർമപുരത്തെ എസ്ടിപി നിർമ്മാണത്തിന്റെ പ്രവൃത്തി ജനങ്ങളുടെ എതിർപ്പ് മൂലം തുടങ്ങാനായില്ല (2024 ഡിസംബർ). അയതിനാൽ, പദ്ധതി കാലയളവ് കഴിഞ്ഞിട്ടും (2024 ഡിസംബർ), കോർപ്പറേഷൻ നിവാസികൾക്ക് സിവറേജ്/സെപ്റ്റേജ് സംസ്കരണത്തിനുള്ള സൗകര്യം നൽകുക എന്ന ലക്ഷ്യം നേടാനായില്ല.

വികേന്ദ്രീകൃത എസ്.ടി.പി നിർമ്മാണതിനായി ഭൂമിയുടെ ലഭ്യത പരിശോധിച്ചു വരികയാണെന്ന് സർക്കാർ അറിയിച്ചു (2025 ഏപ്രിൽ).

### 4.5.5 കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

കോർപ്പറേഷനിലെ 14 വാർഡുകൾക്കായി (പഴയ കണ്ണൂർ മുനിസിപ്പൽ പ്രദേശം) പടന്നപ്പാലത്ത് മൂന്ന് എംഎൽഡി എസ്.ടി.പിയും വികേന്ദ്രീകൃത സിവറേജ് ശൃംഖല, ചെലോറയിൽ ഒരു എംഎൽഡി സെപ്റ്റേജ് സംസ്കരണ പ്ലാന്റ്, പഴയ കണ്ണൂർ ഏരിയയിൽ വീടുകൾക്ക് കണക്ഷൻ നൽകാനുള്ള ഒരു പദ്ധതി എന്നീ മൂന്ന് പ്രൊജക്ട്കൾ ₹49.06 കോടിയ്ക്ക് അമൃത് പദ്ധതിയിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്തു. കോർപ്പറേഷൻ പ്രദേശത്ത്, മൂന്ന് എംഎൽഡി എസ്ടിപിയ്ക്കുള്ള ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ, കാണത്തുർ, തളിക്കാവ് എന്നീ രണ്ട് വാർഡുകൾക്കായി (1500 കണക്ഷനുകൾ) ഒരു എംഎൽഡി എസ്ടിപിയ്ക്കും ചെലോറയിൽ ഒരു 100 കെഎൽഡി സെപ്റ്റേജ് പ്ലാന്റിനും വേണ്ടിയുള്ള ഡിപിആർ തയ്യാറാക്കി (2018). ₹26.36 കോടി ചെലവിട്ട് പടന്നപ്പാലത്തുള്ള ഒരു എംഎൽഡി എസ്ടിപിയുടെ നിർമ്മാണം 2023 ഡിസംബറിൽ പൂർത്തിയാക്കി. എന്നാൽ, 2024 ജൂണിൽ മാത്രമാണ് ഗാർഹിക കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ കരാർ നൽകിയത്. അതിനാൽ 870 ഗാർഹിക കണക്ഷനുകളും, 36 വ്യാവസായിക കണക്ഷനുകളുമാണ് നൽകാൻ കഴിഞ്ഞത് (2024 ഡിസംബർ). ചെലോറയിലെ 100 കെഎൽഡി സെപ്റ്റേജ് പ്ലാന്റിന്റെ നിർമ്മാണ കരാർ പ്രവൃത്തി 2019 നവംബറിൽ നൽകിയിരുന്നുവെങ്കിലും സിവിൽ പ്രവൃത്തിയുടെ 60 ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത് (2024 ഡിസംബർ). അതിനാൽ, പദ്ധതി കാലയളവിന്റെ അവസാനമായിട്ടും (2024 ഡിസംബർ) സീവർ ശൃംഖലയുടെ കവറേജ് 1.4 ശതമാനമായി നിലകൊണ്ടു.

### 4.5.6 ആലപ്പുഴ നഗരസഭ

ആലപ്പുഴ നഗരസഭയ്ക്ക് ഒരു സീവേജ് സംസ്കരണ പ്ലാന്റോ, സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള വ്യവസ്ഥാപിതവും സംഘടിതവുമായ ഒരു രീതിയോ ഇല്ലായിരുന്നു. സീവേജ് ശൃംഖല വിപുലപ്പെടുത്തുന്നതിനുള്ള ഉദ്യമങ്ങളിൽ ഇടുങ്ങിയ തെരുവ്, പരന്ന ഭൂപ്രകൃതി, ഉയർന്ന ഭൂഗർഭജലനിരപ്പ് ഉൾപ്പെടെ നിരവധി വെല്ലുവിളികൾ നഗരം അഭിമുഖീകരിക്കുന്നുണ്ടായിരുന്നു. 39,894 വീടുകളിൽ നിന്നുള്ള സീവേജ് ഉത്പാദനം 22 എംഎൽഡി ആയി കണക്കാക്കിയിരുന്നു. വികേന്ദ്രീകൃത സീവേജ്/സെപ്റ്റേജ് സംസ്കരണ സംവിധാനമാണ് നഗരത്തിന് പ്രായോഗിക പരിഹാരം എന്നത് പരിഗണിച്ച്, ₹6.79 കോടി അടങ്കൽ തുക വരുന്ന നാല് എസ്ടിപി പദ്ധതികൾ അതായത്, തൊട്ടുമുടി കോളനിയിൽ 50 കെഎൽഡി എസ്ടിപിയുടെ നിർമ്മാണം (2017–18), ശതാബ്ദി മന്ദിരത്തിൽ 15 കെഎൽഡി എസ്ടിപിയുടെ നിർമ്മാണം (2016–17), ജനറൽ ആശുപത്രിയിൽ 240 കെഎൽഡി എസ്ടിപിയുടെ നിർമ്മാണം (2015–16), രണ്ട് സഞ്ചരിക്കുന്ന സെപ്റ്റേജ് സംസ്കരണ യൂണിറ്റുകൾ വാങ്ങൽ (2017–18) എന്നിവ

എസ്.എ.എ.പിയിൽ അംഗീകരിച്ചു. നഗരസഭ, ₹2.19 കോടി[71] ചെലവഴിച്ച് ജനറൽ ആശുപത്രിയിൽ 240 കെഎൽഡി എസ്ടിപിയുടെ നിർമ്മാണം 2024 ഫെബ്രുവരിയിൽ പൂർത്തീകരിക്കുകയും 2024 നവംബറിൽ ഒരു സഞ്ചരിക്കുന്ന സെപ്റ്റേജ് സംസ്കരണ യൂണിറ്റ് വാങ്ങുകയും ചെയ്തു. ശതാബ്ദി മന്ദിരം ഉൾപ്പെടുന്ന പ്രദേശത്തിനായി ഒരു എസ്ടിപിയുടെ നിർമ്മാണത്തിനുള്ള പദ്ധതി അമൃത് 2.0ൽ നിർദ്ദേശിച്ചതിനാൽ ശതാബ്ദി മന്ദിരം എസ്ടിപി നിർമ്മാണപദ്ധതി റദ്ദു ചെയ്തു (2023 മാർച്ച്). കൂടാതെ, 2024 മാർച്ച് 31നകം തുടങ്ങാൻ സാദ്ധ്യതയില്ലാത്തതിനാൽ, തൊട്ടുമുടി കോളനിയിലെ എസ്ടിപിയുടെ നിർമ്മാണ പദ്ധതി അമൃതിൽ നിന്നും റദ്ദു ചെയ്യുകയും (2024 മാർച്ച്) അമൃത് 2.0ത്തിൽ നിർദ്ദേശിക്കുകയും ചെയ്തു. അതിനാൽ പദ്ധതികാലയളവിന്റെ അവസാനം (2024 ഡിസംബർ) നഗരസഭാവാസികൾക്കുള്ള സീവേജ് സംസ്കരണ സൗകര്യം ഒരു സഞ്ചരിക്കുന്ന സെപ്റ്റേജ് സംസ്കരണ യൂണിറ്റിലേയ്ക്ക് പരിമിതപ്പെട്ടു.

### 4.5.7 എസ്ടിപികളിൽ തുടർച്ചയായ ഓൺലൈൻ മേൽനീരിക്ഷണ സംവിധാനം (ഒ.സി.എം.എസ്) സ്ഥാപിക്കാതിരിക്കൽ

എസ്ടിപിയിൽ തുടർച്ചയായ ഓൺലൈൻ മേൽനീരിക്ഷണ സംവിധാനം (ഒ.സി.എം.എസ്) സ്ഥാപിച്ചുകൊണ്ട് സംസ്കരിച്ച ജലത്തിന്റെ ഘടകങ്ങളുടെ തത്സമയ മേൽനീരിക്ഷണം നടത്തണമെന്ന് കേന്ദ്രസർക്കാർ നിർദേശങ്ങൾ (2020 ജൂലൈ) നിഷ്കർഷിക്കുന്നു. എന്നാൽ, മിഷൻ നഗരങ്ങൾ തയ്യാറാക്കിയ സിവറേജ്/സെപ്റ്റേജ് സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകളിലൊന്നിലും ഒ.സി.എം.എസ് സ്ഥാപിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു എന്നും ഒരൊറ്റ എസ്ടിപികളിലും ഒ.സി.എം.എസ് സ്ഥാപിച്ചിരുന്നില്ല എന്നും ഓഡിറ്റ് കണ്ടെത്തി.

ഒ.സി.എം.എസ് പ്രവൃത്തിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ലഭ്യമായ വിഭവങ്ങൾ/സമ്പാദ്യങ്ങൾ ഉപയോഗിച്ച് സ്ഥാപിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

## 4.6 സിവറേജ്, സെപ്റ്റേജ് സംവിധാനങ്ങളുടെ സാർവത്രിക കവറേജിന്റെ നില

ജലവിതരണത്തിൽ സാർവത്രിക കവറേജും തുടർന്ന് സിവറേജ്, സെപ്റ്റേജ് സംസ്കരണത്തിലും സാർവത്രിക കവറേജ് കൈവരിക്കാൻ അമൃത് മിഷൻ ലക്ഷ്യമിട്ടിരുന്നു. സിവറേജ് പൈപ്പ് ലൈൻ ശൃംഖലയിൽ 4764 കി.മീന്റെ കുറവും സംസ്കരണ ശേഷിയിൽ 300 എംഎൽഡിയുടെ കുറവും മിഷൻ നഗരങ്ങൾ കണ്ടെത്തി. അമൃത് പദ്ധതി തുടങ്ങിയപ്പോൾ സീവേജ് സംസ്കരിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നത്. തിരുവനന്തപുരത്തും, കൊച്ചിയിലും മാത്രമായിരുന്നു. ഈ നഗരങ്ങളിൽ പുറപ്പെടുവിച്ചിരുന്ന ആകെ 382.90 എംഎൽഡിയിൽ[72] 49 എംഎൽഡി (13 ശതമാനം) മാത്രമാണ് സംസ്കരിക്കപ്പെട്ടിരുന്നത്. അമൃത് കാലയളവിൽ വീട്ടുകളിൽ പുറപ്പെടുവിക്കുന്ന സിവറേജ് സംസ്കരണത്തിനായി എസ്ടിപി (ഒരു എംഎൽഡി) നിർമ്മിച്ചത് കണ്ണൂർ കോർപ്പറേഷൻ മാത്രമായിരുന്നു. തിരുവനന്തപുരം (5 എംഎൽഡി), ആലപ്പുഴ (240 കെഎൽഡി), തൃശ്ശൂർ (360 കെഎൽഡി), കോഴിക്കോട് (2 എംഎൽഡി) എന്നി മിഷൻ നഗരങ്ങൾ ആശുപത്രികളിൽ എസ്ടിപികൾ നിർമ്മിച്ചു. അതിനാൽ മിഷൻ നഗരങ്ങളിൽ 300 എംഎൽഡി സംസ്കരണശേഷിയുടെ കുറവ് കണക്കാക്കിയതിനെതിരെ, 2024 മാർച്ച് വരെ മിഷൻ നഗരങ്ങൾക്ക്, 13.7 എംഎൽഡിയുടെ വർദ്ധനവ് മാത്രമായിരുന്നു സാദ്ധ്യമാക്കാൻ കഴിഞ്ഞത്. അതായത്, മിഷൻ നഗരങ്ങൾക്ക് അവരുടെ സീവേജ് സംസ്കരണശേഷി ആറു ശതമാനം മാത്രമാണ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത്.

[71] 2024 മാർച്ച് വരെ ചെലവഴിച്ചത്

[72] കെഡബ്ല്യുഎ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ 80 ശതമാനം

### 4.6.1 മിഷൻ നഗരങ്ങളിലെ സിവർ ശൃംഖലയുടെ കവറേജ്

**അനുബന്ധം 4.1ൽ** കൊടുത്തിരിക്കുന്നതു പോലെ, കണ്ണൂർ ഒഴികെ മറ്റൊരു മിഷൻ നഗരത്തിലും സിവർ ശൃംഖലയുടെ കവറേജ് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, കണ്ണൂർ കോർപ്പറേഷന് 1.4 ശതമാനം വീടുകളിൽ മാത്രമാണ് സിവറേജ് ശൃംഖല സ്ഥാപിക്കാൻ കഴിഞ്ഞത് (2024 ഡിസംബർ). അമൃത് പദ്ധതിയുടെ ആരംഭത്തിൽ ഉണ്ടാകുന്ന സീവേജിന്റെ 34 ശതമാനം സംസ്കരിച്ചിരുന്ന തിരുവനന്തപുരം കോർപ്പറേഷന്, കെഡബ്ല്യുഎ പ്രവൃത്തി പൂർത്തിയാക്കാത്തതിനാലും നിലവിലുള്ള എസ്ടിപിയുമായി ബന്ധിപ്പിക്കാത്തതിനാലും പ്രവൃത്തി ആരംഭിച്ച് അഞ്ചുവർഷം കഴിഞ്ഞിട്ടും, അതിന്റെ സീവർ ശൃംഖല വിപുലീകരിക്കാൻ കഴിഞ്ഞില്ല. കുരീപ്പുഴയിൽ നിർമ്മിച്ച എസ്ടിപിയിലേക്ക് സീവേജ് എത്തിക്കുന്നതിനുള്ള ശൃംഖല സ്ഥാപിക്കുന്നതിൽ കെഡബ്ല്യുഎ/കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരാജയപ്പെട്ടതു കാരണം ₹16.84 കോടി ചെലവിട്ട് നിർമ്മിച്ച എസ്ടിപി നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കി. അങ്ങനെ, അമൃത് പദ്ധതിയുടെ അവസാനമായിട്ടും, സിവറേജ് സംവിധാനം നടപ്പാക്കുന്ന കാര്യത്തിൽ ഒൻപതു മിഷൻ നഗരങ്ങളുടെ നിലവാരം തീരെ മോശമായിരുന്നു, അതായത് ആറ് നഗരങ്ങളിൽ വീടുകളിൽ നിന്നും സീവേജ് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഇല്ലാതിരിക്കുകയും കൊച്ചി, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് യഥാക്രമം മൂന്നും ഒന്നും ശതമാനം എന്ന തുച്ഛമായ കവറേജും ആയിരുന്നു. ഉണ്ടാകുന്ന സീവേജിന്റെ 34 ശതമാനമെങ്കിലും സംസ്കരിക്കുന്ന കേരളത്തിലെ ഒരെ ഒരു നഗരം തിരുവനന്തപുരം മാത്രമായിരുന്നു. കൂടാതെ, അമൃതിന് കീഴിൽ 0.13 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ സിവറേജ് കണക്ഷനുകൾ നൽകാൻ കഴിഞ്ഞിരുന്നുള്ളൂ. 100 ശതമാനം എന്ന ലക്ഷ്യത്തിനെതിരായി നേട്ടം 11.25 ശതമാനത്തിൽ നിലകൊണ്ടു (2024 ഡിസംബർ).

ഉപയോഗപ്രദമായ കാര്യങ്ങൾക്ക് ജലം പുനഃചംക്രമണം നടത്തുകയും മലിനജലം പുനരുപയോഗിക്കുകയും ചെയ്യുകയെന്നത് സിവറേജ് മേഖലയുടെ ഒരു ഘടകം ആയിരുന്നു. നിഷ്കർഷിച്ച നിബന്ധനകൾ പ്രകാരം യുഎൽബികളിൽ ഉത്പാദിപ്പിക്കപ്പെടുന്ന സീവേജിന്റെ കുറഞ്ഞത് 20 ശതമാനമെങ്കിലും കുടിക്കാനല്ലാത്ത കാര്യങ്ങൾക്ക് പുനരുപയോഗിക്കണമെന്നായിരുന്നു അളവ്കോൽ. എന്നാൽ, സംസ്കരിച്ച ജലത്തിന്റെ ഒരു ഭാഗം തോട്ടം നനയ്ക്കാൻ ഉപയോഗിച്ചത് ഒഴികെ, ഒരു മിഷൻ നഗരവും സംസ്കരിച്ച ജലത്തിന്റെ പുനഃചംക്രമണത്തിനോ/പുനരുപയോഗത്തിനോ വേണ്ട സംവിധാനം സ്ഥാപിച്ചിട്ടില്ല.

***ശിപാർശ 4: ജല ശുദ്ധീകരണ, മാലിന്യ സംസ്കരണ പ്ലാന്റുകൾ നിഷ്ക്രിയമായി കിടക്കുന്നത് ഒഴിവാക്കാൻ അവയുടെ നിർമ്മാണത്തോടൊപ്പം വിതരണ/സിവർ ശൃംഖലകളും ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***

## 4.7 ജലവിതരണ, സിവറേജ് മേഖലയിൽ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനവും പരിപാലനവും

എസ്.എ.എ.പിയിൽ നിർദ്ദേശിക്കുന്ന പദ്ധതികളിൽ, യൂസർ ചാർജ് ചുമത്തിയോ മറ്റ് വരുമാന മാർഗ്ഗങ്ങളിലൂടെയോ കുറഞ്ഞത് അഞ്ച് വർഷത്തേയ്ക്കുള്ള പ്രവർത്തനവും പരിപാലനവും (ഒആന്റ്എം) ഉൾക്കൊള്ളിക്കണമെന്ന് അമൃത് മാർഗ്ഗനിർദേശങ്ങൾ നിഷ്കർഷിക്കുന്നു. എന്നാൽ, പദ്ധതി തുക കണക്കാക്കുന്നതിൽ നിന്നും ഒആന്റ്എം തുക ഒഴിവാക്കേണ്ടതും, അവ സ്വയംപര്യാപ്തവും ചെലവ് തിരിച്ചുകിട്ടുന്നതുമാക്കുന്നതിനും വേണ്ടി യുക്തമായ ചെലവ് വീണ്ടെടുക്കൽ സംവിധാനത്തിലൂടെ സംസ്ഥാനം/യുഎൽബികൾ ഒആന്റ്എം ഫണ്ട് ചെയ്യേണ്ടതുമാണ്. യൂസർ ചാർജസ് അടിസ്ഥാനമാക്കി അഞ്ച് വർഷത്തേയ്ക്കുള്ള ഒആന്റ്എം ദർഘാസിൽ ഉൾക്കൊള്ളിക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. എന്നാൽ, പദ്ധതികൾ പൂർത്തീകരിച്ചിട്ടും അഞ്ചു ജലവിതരണ/സിവറേജ് പദ്ധതികൾക്ക് ഒആന്റ്എം ഉടമ്പടി ചെയ്യതിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 4.11ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 4.11 : ജലവിതരണ, സിവറേജ് സംസ്കരണ പ്ലാന്റുകളിലെ ഒആന്റ്എമ്മിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | യുഎൽബി | ഒആന്റ് എം ആവശ്യമുള്ള പദ്ധതികളുടെ എണ്ണം | ദർഘാസിൽ ഒആന്റ് എം ഉൾകൊള്ളിച്ച പദ്ധതികളുടെ എണ്ണം | അഗ്രിമെന്റിൽ ഒആന്റ് എം ഉൾപ്പെടുത്തിയ പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികൾ | ഡിഎൽപിയിലെ പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 2 | 2 | 2 | 2 | 0 |
| 2. | കൊല്ലം | 2 | 2 | 2 | 1 | 0 |
| 3. | ആലപ്പുഴ | 1 | 1 | 1 | 1 | 1 |
| 4. | കൊച്ചി | 1 | 1 | 1 | 1 | 1 |
| 5. | തൃശൂർ | 2 | ഇല്ല | ഇല്ല | 2 | 1 |
| 6. | ഗുരുവായൂർ | 1 | ഇല്ല | ഇല്ല | 1 | 0 |
| 7. | പാലക്കാട് | 1 | ഇല്ല | ഇല്ല | 1 | 0 |
| 8. | കോഴിക്കോട് | 1 | ഇല്ല | ഇല്ല | ഇല്ല | 0 |
| 9. | കണ്ണൂർ | 3 | ഇല്ല | ഇല്ല | 2 | 1 |
| | **ആകെ** | **14** | **6** | **6** | **11** | **4** |

*(ഉറവിടം : കെഡബ്ല്യുഎ/യുഎൽബികൾ നൽകിയ വിവരങ്ങൾ)*

ഡിഫക്ട് ലയബിലിറ്റി കാലയളവിന് ശേഷം അഞ്ച് വർഷം ആയിരിക്കണം ഒആന്റ്എം കാലയളവ് കണക്കാക്കേണ്ടതെന്ന് എസ്.എ.എ.പി നിഷ്കർഷിച്ചിരുന്നെങ്കിലും, രണ്ട് പദ്ധതികളിൽ ഒരു വർഷ ഡിഫക്ട് ലയബിലിറ്റി കാലയളവ് (ഡിഎൽപി) ചേർത്താണ് അഞ്ച് വർഷം ഒആന്റ്എം യുഎൽബികൾ/കെഡബ്ല്യുഎ കണക്കാക്കിയത്. ഇത് ഒആന്റ്എം കാലയളവ് ഫലത്തിൽ ഒരു വർഷം കുറയ്ക്കുക മാത്രമല്ല കരാറുകാരന് അനർഹമായ നേട്ടവും നൽകി. ഒആന്റ്എം ചെലവ് വഹിക്കുന്നതിന് പദ്ധതി തുക വിനിയോഗിക്കുന്നത് മിഷൻ മാർഗനിർദ്ദേശങ്ങൾ വിലക്കിയിട്ടും യുക്തമായ ചെലവ് വീണ്ടെടുക്കൽ സംവിധാനത്തിലൂടെ, സംസ്ഥാനം/യുഎൽബികൾ ഒആന്റ്എം ഫണ്ട് ചെയ്യേണ്ടിയിരുന്നിട്ടും, തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ പദ്ധതി തുകയിൽ നിന്നും ₹7.21 കോടി ഒആന്റ്എം ചാർജ്ജുകൾക്കായി ചെലവാക്കി.

ദർഘാസ്/കരാറിൽ ഒആന്റ്എം ഉൾപ്പെടുത്താത്തതിനെ സംബന്ധിച്ച് യുഎൽബികൾ മറുപടി പറഞ്ഞത് എല്ലാ പദ്ധതികൾക്കും ഡിഎൽപി ഉണ്ടായിരുന്നു എന്നാണ്. കൂടാതെ ഡിഎൽപിയ്ക്കു ശേഷം, ഒആന്റ്എം ചുമതലകൾ യുഎൽബി/കെഡബ്ല്യുഎ ഏറ്റെടുക്കുകയും ആന്തരികമായി നിർവ്വഹിക്കുകയും ചെയ്യുന്നതിനാൽ ഒആന്റ്എം കരാറിൽ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം യുഎൽബികൾ ശരിയായ രീതിയിൽ നടത്തുന്നു എന്ന് ഉറപ്പാക്കുന്നതിനായി യൂസർ ചാർജ്ജുകളുടെ അടിസ്ഥാനത്തിൽ അഞ്ചു കൊല്ലത്തേയ്ക്കുള്ള ഒആന്റ്എം കരാറിൽത്തന്നെ ഉൾപ്പെടുത്തണം എന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

### 4.7.1 കരാറുകാരനുള്ള അനർഹമായ ആനുകൂല്യം

തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള ജല വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി അരുവിക്കരയിൽ ₹70 കോടി പദ്ധതി ചെലവു വരുന്ന 75 എംഎൽഡി ജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള ഒരു പദ്ധതിയ്ക്ക് അനുമതി നൽകുകയും (എസ്എഎപി 2016-17) ₹68 കോടിയ്ക്ക് പദ്ധതിയ്ക്കുള്ള സാങ്കേതിക അനുമതി നൽകുകയും ചെയ്തു (2017 ഡിസംബർ). പ്രസ്തുത പ്രവൃത്തി ₹62.89 കോടിയ്ക്ക്, അഞ്ചു വർഷത്തെ ഒആന്റ്എം ഉൾപ്പെടെ ടെൻഡർ (ലംപ്സം കോൺട്രാക്റ്റ്) ചെയ്യുകയും₹56.29 കോടിയ്ക്ക് (ടെൻഡർ ചെയ്ത പിഎസിയേക്കാളും 10.5 ശതമാനം താഴെ) കരാർ നൽകുകയും (2018 ജൂൺ) ₹57.01

കോടി ചെലവു ചെയ്ത് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു (2021 ഫെബ്രുവരി). ₹62.89 കോടിയുടെ ടെൻഡർ ചെയ്ത പിഎസിയിൽ, ₹6.17 കോടി ട്രയൽ റണ്ണിനും കമ്മീഷനിംഗിനും ശേഷം അഞ്ചു കൊല്ലത്തെ ഓപ്പറേഷൻ ആന്റ് മെയിന്റൻസിന് മാറ്റി വച്ചിരുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ടെൻഡർ ചെയ്ത പിഎസിയേക്കാൾ സ്വീകരിച്ച പിഎസി 10.5 ശതമാനം കുറവായതിനാൽ ഡബ്ല്യൂടിപി അഞ്ചു കൊല്ലത്തേയ്ക്ക് പരിപാലിക്കുന്നതിനുള്ള ഒആന്റ്എം ചെലവ് ഇനത്തിൽ കരാറുകാരന് നൽകേണ്ട അനുവദനീയമായ തുക ₹5.52 കോടി ആയിരുന്നു. എന്നാൽ, കരാർ നൽകിയതിനു ശേഷം, നിർവ്വഹിക്കേണ്ട എല്ലാ ഐറ്റം ഓഫ് വർക്കുകളിലും ഒആന്റ്എം ചെലവ് പങ്കിടുന്ന രീതിയിൽ (പ്രോറേറ്റാ ഷെയർ) കെഡബ്ല്യുഎ പേയ്മെന്റ് ഷെഡ്യൂൾ തയ്യാറാക്കി. പ്രവൃത്തിയുടെ എല്ലാ ഇനങ്ങൾക്കുമൊപ്പം ഒആന്റ്എം ഉൾപ്പെടുത്തിയത് എല്ലാ പാർട്ട് പേയ്മെന്റുകൾക്കുമൊപ്പം ₹4.95 കോടിയുടെ (ഒരു ശതമാനം, അതായത് ₹0.57 കോടി പരിരക്ഷയ്ക്കായി ബില്ലുകളിൽ നിന്നും പിടിച്ചു വച്ചിരുന്നു) ഒആന്റ്എം മുൻകൂറായി നൽകുന്നതിന് ഇടയാക്കി. പ്രവൃത്തിയുടെ വിജയകരമായ കമ്മീഷനിംഗിനു ശേഷം അഞ്ചുകൊല്ലം കൊണ്ടു നൽകേണ്ട ഒആന്റ്എം ചാർജ്ജുകൾ പാർട്ട് ബില്ലുകൾക്ക് ഒപ്പം നൽകിയത്, കരാറുകാരന് അനർഹമായ ആനുകൂല്യത്തിന് ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

***ശിപാർശ 5: ദീർഘകാലം സുസ്ഥിരമായി നേട്ടങ്ങൾ ലഭിക്കുന്നതിനായി നിർമ്മിച്ച വസ്തുവകകളുടെ പ്രവർത്തനത്തിനും പരിപാലനത്തിനും മതിയായ നടപടികൾ കെഡബ്ല്യുഎ/യുഎൽബികൾ ഏറ്റെടുക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.***

## 4.8 നഗര ഗതാഗതത്തിന് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പ്

പൊതുഗതാഗതത്തിലേക്ക് മാറുന്നതിലൂടെ മലിനീകരണം കുറയ്ക്കുക അല്ലെങ്കിൽ മോട്ടോർ-രഹിത ഗതാഗത സൗകര്യങ്ങൾ നിർമ്മിക്കുക എന്നത് അമൃതിന്റെ ലക്ഷ്യങ്ങളിലൊന്നായിരുന്നു. നഗരഗതാഗത ഘടകത്തിന് കീഴിൽ നടപ്പാതകൾ, കാലനടമേൽപ്പാലങ്ങൾ (എഫ്.ഒ.ബി), സൈക്കിൾ ട്രാക്കുകൾ, മൾട്ടി ലെവൽ കാർ പാർക്കിംഗ് (എം.എൽ.സി.പി) തുടങ്ങിയ വിവിധ പദ്ധതികൾ യുഎൽബികൾ നടപ്പാക്കി. ഫണ്ട് വിഹിതവും സൃഷ്ടിക്കപ്പെട്ട സൗകര്യങ്ങളും **അനുബന്ധം 4.2ൽ** കാണിച്ചിരിക്കുന്നു. ഏറ്റെടുത്ത 147 പദ്ധതികളിൽ, 107 പദ്ധതികൾ പൂർത്തീകരിക്കുകയും 21 പ്രോജക്റ്റുകൾ നടന്നുകൊണ്ടിരിക്കുകയും 19 പദ്ധതികൾ റദ്ദാക്കുകയും ചെയ്തു (2024 മാർച്ച്). പദ്ധതികൾക്കായി അനുവദിച്ച ₹189.46 കോടിയിൽ ₹127.75 കോടി ചെലവഴിച്ചു. 65 നടപ്പാതകൾ, 23 കാലനടമേൽപ്പാലങ്ങൾ/സബ്‌വേകൾ, മൂന്ന് എം.എൽ.സി.പികൾ എന്നിവയുടെ നിർമ്മാണം ഈ ഘടകത്തിന് കീഴിൽ നടന്ന പ്രധാന പ്രവർത്തനങ്ങളാണ്. രണ്ട് മിഷൻ[73] നഗരങ്ങളിലെ എം.എൽ.സി.പി പദ്ധതികൾ നടപ്പാക്കാത്തതും, അനുമതിയില്ലാത്തതിനാൽ കൊച്ചിയിലെ നടപ്പാത, സൈക്കിൾ ട്രാക്ക് പദ്ധതികളും വിവിധ മിഷൻ നഗരങ്ങളിലെ നടപ്പാതകളും ഉപേക്ഷിച്ചതുമാണ് ചെലവ് കുറയാൻ കാരണമായത്.

നടപ്പാതകളുടെ നിർമ്മാണത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഓഡിറ്റ് പരിശോധിച്ചു, ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### 4.8.1 നടപ്പാതകളുടെ നിർമ്മാണവും പരിപാലനവും

എല്ലാ കാൽനടയാത്രക്കാരും പ്രധാനമായും ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തെയും കാൽനടക്കാർക്കുള്ള നടപ്പാതകൾ എന്ന് നിർവ്വചിക്കുന്നു. അവ റോഡുകളോട് ചേർന്നോ റോഡിൽ നിന്ന് അകലെയോ ആകാം. റോഡുകളും റെയിൽപാതകളും പോലെ തന്നെ ബന്ധിപ്പിച്ചതും തുടർച്ചയായതുമായ ഒരു ഗതാഗത സംവിധാനമായി നടപ്പാതകളെ കണക്കാക്കണം. ഫലപ്രദമാകണമെങ്കിൽ, റോഡിന്റെ ഇരുവശങ്ങളിലും, വാഹനപ്പാതയുടെ നിരപ്പിൽ നിന്ന് ഉയരത്തിൽ കെർബുകൾ കൊണ്ട് വേർതിരിച്ചു

73 തിരുവനന്തപുരവും കൊല്ലവും

വേണം നടപ്പാതകൾ നിർമ്മിക്കേണ്ടത്. എന്നാൽ, വൈദ്യുത പോസ്റ്റ്, ടെലിഫോൺ പോസ്റ്റ്, ട്രാൻസ്ഫോർമറുകൾ, എന്നിവ പോലുള്ള തടസ്സങ്ങൾ നീക്കാതെ നടപ്പാതകൾ നിർമ്മിക്കുക, വാഹനപ്പാതയുടെ അതേ നിരപ്പിൽ നടപ്പാത നിർമ്മിക്കുക, ഭിന്നശേഷി സൗഹൃദ നടപ്പാതകൾ നിർമ്മിക്കാതിരിക്കുക തുടങ്ങിയവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവയെപ്പറ്റി തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

### *4.8.1.1 തടസ്സങ്ങൾ നീക്കാതെയുള്ള നടപ്പാതകളുടെ നിർമ്മാണം*

കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങളെ സംബന്ധിച്ച ഇന്ത്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി) മാർഗ്ഗനിർദ്ദേശങ്ങൾ, 2012 നിർദ്ദേശിക്കുന്നത് പ്രകാരം നടപ്പാതകൾ തിരശ്ചീനമായും ലംബമായും എല്ലാ തടസ്സങ്ങളിൽ നിന്നും മുക്തമായിരിക്കണം (വീതി-1.8 മീറ്റർ x ഉയരം-2.2 മീറ്റർ). യൂട്ടിലിറ്റി കുഴലുകൾ, യൂട്ടിലിറ്റി തൂണുകൾ, വൈദ്യുത-ജല അല്ലെങ്കിൽ ടെലികോം ബോക്സുകൾ, മരങ്ങൾ, അടയാളബോർഡുകൾ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഒന്നും ഈ മേഖലയിൽ സ്ഥാപിക്കാൻ പാടില്ല. എന്നാൽ, നടപ്പാത നിർമ്മിച്ചപ്പോൾ, മിഷൻ നഗരങ്ങൾ ഈ ആവശ്യകതയെ അവഗണിക്കുകയും മേൽപറഞ്ഞ തടസ്സങ്ങൾ നീക്കാതെയോ ഈ പ്രദേശങ്ങളിൽ കാൽനടയാത്രക്കാർക്ക് സൗകര്യപ്രദമായി അധിക സ്ഥലങ്ങൾ ഉറപ്പാക്കാതെയോ നടപ്പാതകൾ നിർമ്മിച്ചു. ഏഴ് യുഎൽബികളിലെ[74] 19 നടപ്പാതകളിൽ യുഎൽബി ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ, വൈദ്യുത പോസ്റ്റുകൾ, സ്റ്റേ വയറുകൾ, ടെലികോം ബോക്സുകൾ, മരങ്ങൾ, ട്രാഫിക് അടയാളങ്ങൾ മുതലായവ അഞ്ച് യുഎൽബികളിലെ[75] ഒമ്പത് നടപ്പാതകളിൽ (47 ശതമാനം) കാൽനടയാത്രക്കാർക്ക് ഗുരുതരമായ ഭീഷണി ഉയർത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇവ **ചിത്രം 4.2ൽ** കാണിച്ചിരിക്കുന്നു.



***ചിത്രം 4.2: കൊല്ലം കോർപ്പറേഷനിലെ എആർ ക്യാമ്പ്-മെമു ഷെഡ് നടപ്പാതയിലെ അടയാള ബോർഡ്, കൊടിമരം***

രണ്ട് യുഎൽബികളിൽ[76] (അഞ്ച് നടപ്പാതകൾ) കെർബുകളും സംരക്ഷണ റെയിലുമില്ലാതെ നടപ്പാതയുടെ നിർമ്മാണവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരങ്ങൾ **അനുബന്ധം 4.3ൽ** കൊടുത്തിരിക്കുന്നു. കടയുടമകൾ നടപ്പാതകൾ കൈയേറിയതും യുഎൽബികൾ തന്നെ നടപ്പാതയിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾ നിർമ്മിച്ചതും സംയുക്ത ഭൗതിക പരിശോധനയുടെ സമയത്ത് ശ്രദ്ധയിൽപ്പെട്ടത് **ചിത്രം 4.3, ചിത്രം 4.4, ചിത്രം 4.5** എന്നിങ്ങനെ കാണിച്ചിരിക്കുന്നു.

74 തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും

75 തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളും, ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളും

76 കൊച്ചി കോർപ്പറേഷനും ആലപ്പുഴ മുനിസിപ്പാലിറ്റിയും





***ചിത്രം 4.3: കൊല്ലം കോർപ്പറേഷനിലെ മാർക്കറ്റ് റോഡിൽ അതേ പൊക്കത്തിൽ ഉള്ള നടപ്പാതയും വാഹനങ്ങൾ നടപ്പാത മുഴുവൻ പാർക്കുചെയ്തിരിക്കുന്നതും***



***ചിത്രം 4.4: കടയുടമകൾ കയ്യേറിയ മേലാമുറി കൽമണ്ഡപം നടപ്പാത, പാലക്കാട്***



***ചിത്രം 4.5: ആലപ്പുഴയിലെ തത്തമ്പള്ളി വാർഡിൽ നടപ്പാതയിൽ നിർമ്മിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്***

കെർബ്, സംരക്ഷണ റെയിൽ എന്നിവയുടെ നിർമ്മാണം നടത്താത്തതു കൊണ്ട് പൊതുജനം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി നടപ്പാത ഉപയോഗപ്പെടുത്തുകയും ഇത് നടപ്പാത നിർമ്മിച്ചതിന്റെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുകയും ചെയ്തു.

തടസ്സങ്ങൾ നീക്കാനായുള്ള നിർദ്ദേശം യുഎൽബികൾക്ക് നൽകിയെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

### *4.8.1.2 ഭിന്നശേഷി സൗഹൃദ നടപ്പാതകൾ നിർമ്മിക്കാത്തത്*

ഐ.ആർ.സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വീൽചെയർ ഉപയോഗിക്കുന്നവർക്കും, കാഴ്ച വൈകല്യമുള്ള വ്യക്തികൾക്കും കാഴ്ചയുള്ള വ്യക്തിയുടെയോ വഴികാട്ടിയായ നായയുടെയോ സഹായത്തോടെ സഞ്ചരിക്കാൻ സൗകര്യത്തിന് നടപ്പാതക്ക് കുറഞ്ഞത് 1800 മില്ലിമീറ്റർ വീതി ഉണ്ടായിരിക്കണം. നിലവിലുള്ള പാതകൾക്ക് 1800 മില്ലിമീറ്ററിൽ താഴെയാണ് വീതിയെങ്കിൽ, 1800 മില്ലിമീറ്റർ വീതിയും 2500 മില്ലിമീറ്റർ നീളവുമുള്ള പാസിംഗ് സ്ഥലങ്ങൾ, ഉപയോഗത്തിന്റെ തീവ്രതയനുസരിച്ച്, ഉചിതമായ ആവൃത്തിയിൽ നിർമ്മിക്കണം. സംയുക്ത ഭൗതിക പരിശോധനയിൽ, നാല് യുഎൽബികളിൽ[77] ഏഴ് നടപ്പാതകളിൽ (പരിശോധിച്ച നടപ്പാതകളുടെ 37 ശതമാനം)

[77] തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളും, ആലപ്പുഴ മുനിസിപ്പാലിറ്റിയും

ഏറ്റവും കുറഞ്ഞ വീതിയായ 1800 മില്ലിമീറ്റർ ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, കാഴ്ച വൈകല്യമുള്ള ആളുകൾക്ക് സൗകര്യപ്രദമായ സ്പർശന നടപ്പാത നാല് യുഎൽബികളിലെ[78] 10 കാൽനടപ്പാതകളിൽ (53 ശതമാനം) ഇല്ലായിരുന്നു.

ഭിന്നശേഷി സൗഹൃദ നടപ്പാതകൾ നിർമ്മിക്കണമെന്നത് കേരള സർക്കാർ ഇപ്പോൾ നിർബന്ധമാക്കിയതായി എക്സിറ്റ് കോൺഫറൻസിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്താവിച്ചു (സെപ്റ്റംബർ 2024).

### *4.8.1.3 നിർമ്മാണം ഉപേക്ഷിച്ചത് മൂലമുള്ള നിഷ്ഫല ചെലവ്*

ചിലവന്നൂർ കായലിനു കുറുകെ (ഇളംകുളം മെട്രോ സ്റ്റേഷനോട് ചേർന്ന് സഹോദരൻ അയ്യപ്പൻ റോഡ് മുതൽ സുബാഷ് ചന്ദ്രബോസ് റോഡ് വരെ) സരോവരം നടപ്പാതയോടൊപ്പം സൈക്കിൾ ട്രാക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൊച്ചി കോർപ്പറേഷൻ നഗര ഗതാഗത ഘടകത്തിന് കീഴിൽ ₹9.31 കോടിയുടെ പദ്ധതി മെസേർസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഏൽപ്പിച്ചു (ജനുവരി 2018). ചിലവന്നൂർ കായൽ പരിസരത്ത് നിർമ്മാണം നടത്തേണ്ടതിനാൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി നിർബന്ധമായിരുന്നു. എന്നാൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്ന് അനുമതി ലഭിക്കുന്നതിന് മുമ്പ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർമ്മാണം ആരംഭിക്കുകയും (2019 ജനുവരി) പൊതുജനങ്ങളുടെ പ്രതിഷേധത്തെത്തുടർന്ന് പദ്ധതി നിർത്തിവയ്ക്കുകയും ചെയ്തു. കേരള തീരദേശ പരിപാലന അതോറിറ്റി നിർമ്മാണത്തിന് അനുമതി നിഷേധിച്ചതിനാൽ (2020 ജനുവരി), ₹0.95 കോടി രൂപ ചെലവഴിച്ച ശേഷം പദ്ധതി ഉപേക്ഷിച്ചു. അമൃത് പദ്ധതിയിൽ നിന്ന് എസ്.എച്ച്.പി.എസ്.സി 2022 ജൂലൈയിൽ ഈ പദ്ധതി റദ്ദാക്കുകയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ചെലവ് വഹിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയാത്തതിനാൽ, അമൃതിൽ നിന്ന് ലഭിച്ച തുക നിഷ്ഫലമായിത്തീർന്നു.

കെ.എം.ആർ.എല്ലിനോട് തുക തിരിച്ചടക്കാൻ നിർദേശിച്ചിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

### 4.8.2 കാൽനട മേൽപ്പാലങ്ങൾ

എല്ലാ റോഡ് ഉപയോക്താക്കൾക്കും സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് നടത്തം സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ് കാൽനട മേൽപ്പാലങ്ങളുടെ പ്രാഥമിക ഉദ്ദേശ്യങ്ങളിലൊന്ന്. ഈ പാലങ്ങൾ രൂപകൽപ്പന ചെയ്യേണ്ടത് കാൽനടയാത്രക്കാരുടെ ഒഴുക്കും സഞ്ചാരവും കണക്കിലെടുത്തും നടത്തം ഒരു സ്വീകാര്യമായ ഗതാഗത മാർഗ്ഗമായി കണക്കാക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാവണം. എസ്.എൽ.ഐ.പികൾ പ്രകാരം, കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനായി കാൽനട മേൽപ്പാലങ്ങൾക്ക് ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയത് രണ്ട്[79] മിഷൻ നഗരങ്ങൾ മാത്രമാണ്. ഒൻപത് മിഷൻ നഗരങ്ങളിൽ അഞ്ചെണ്ണം[80] മിഷൻ ഫണ്ട് ഉപയോഗിച്ച് 23 കാൽനട മേൽപ്പാലങ്ങൾ/സബ്‌വേകൾ നിർമ്മിച്ചത് ഓഡിറ്റ് പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ സംഗ്രഹിച്ചിരിക്കുന്നു.

### *4.8.2.1 ഐആർസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തത്*

ഐആർസിയുടെ കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഭിന്നശേഷിക്കാർക്ക് കാൽനട മേൽപ്പാലങ്ങളുടെ ഉപയോഗം സുഗമമാക്കുന്നതിന് കാൽനട മേൽപ്പാലങ്ങളിൽ റാമ്പ്/ലിഫ്റ്റ് നിർബന്ധമാണ്. എന്നാൽ, നാല് യുഎൽബികൾ[81] നിർമ്മിച്ച 89 ശതമാനം (ഒൻപതിൽ

---

[78] തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളും, ആലപ്പുഴ മുനിസിപ്പാലിറ്റിയും

[79] കോഴിക്കോട് കോർപ്പറേഷനും, പാലക്കാട് മുനിസിപ്പാലിറ്റിയും

[80] കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളും, ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളും

[81] കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളും, പാലക്കാട് മുൻസിപ്പാലിറ്റിയും

എട്ട് എണ്ണം)[82] കാൽനട മേൽപ്പാലങ്ങൾക്കും ഈ സൗകര്യം ഉണ്ടായിരുന്നില്ല. റോഡുകൾ മുറിച്ചുകടക്കാൻ കാൽനട മേൽപ്പാലങ്ങൾ ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം കണ്ടെത്തുന്നതിന് യു എൽ ബി ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് സംയുക്ത ഭൗതിക പരിശോധന നടത്തിയതിന്റെ, വിശദാംശങ്ങൾ **പട്ടിക 4.12ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.12: കാൽനട മേൽപ്പാലത്തിന്റെ ഉപയോഗം സംബന്ധിച്ച സർവ്വേ ഫലങ്ങൾ**

| ക്രമ നമ്പർ | കാൽനട മേൽപ്പാലത്തിന്റെ പേരും സ്ഥലവും | പരിശോധനാ തീയതി | ഒരു മണിക്കൂറിൽ റോഡുകൾ മുറിച്ചു കടന്ന ആൾക്കാരുടെ എണ്ണം | ഒരു മണിക്കൂറിൽ കാൽനട മേൽപ്പാലം ഉപയോഗിച്ച് റോഡുകൾ മുറിച്ചു കടന്ന ആൾക്കാരുടെ എണ്ണം | കാൽനട മേൽപ്പാലം ഉപയോഗിച്ച കാൽനടയാത്രക്കാരുടെ ശതമാനം |
|---|---|---|---|---|---|
| 1. | നോർത്ത് സ്റ്റാൻഡ്, തൃശ്ശൂർ | 2024 ജൂൺ 22 | 73 | 27 | 37 |
| 2. | വിക്ടോറിയ കോളേജ് ജംഗ്ഷൻ, പാലക്കാട് | 2023 ജൂലൈ 11 | 432 | 22 | 5 |
| 3. | സെന്റ് ജോസഫ് ഹൈസ്കൂൾ ജംഗ്ഷൻ, കൊല്ലം | 2023 ജൂലൈ 20 | 393 | 123 | 31 |
| 4. | ഹൈസ്കൂൾ ജംഗ്ഷൻ, കൊല്ലം | 2023 ജൂലൈ 21 | 413 | 77 | 19 |
| 5 | പുതിയ ബസ് സ്റ്റാൻഡ്, കോഴിക്കോട് | 2023 ഡിസംബർ 28 | 1257 | 1257 | 100 |

*(ഉറവിടം : യുഎൽബി ഉദ്യോഗസ്ഥരുമായി ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധന)*

കോഴിക്കോട് കോർപ്പറേഷൻ നിർമ്മിച്ച കാൽനട മേൽപ്പാലം ഒഴികെ, മറ്റ് സ്ഥലങ്ങളിലെ ഭൂരിഭാഗം കാൽനടയാത്രക്കാരും കാൽനട മേൽപ്പാലങ്ങൾ തിരഞ്ഞെടുത്തില്ല. മറ്റുള്ള കാൽനടമേൽപ്പാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോഴിക്കോട് ബസ് സ്റ്റാൻഡിലെ കാൽനട മേൽപ്പാലം ഉപയോഗിക്കുന്നതിനുള്ള പ്രധാന കാരണം ലിഫ്റ്റ്/എസ്കലേറ്ററുകൾ ഉള്ളതും, റോഡിലൂടെ കാൽനടയാത്രക്കാർ കടക്കുന്നത് തടയാൻ ബാരിക്കേഡുകൾ സ്ഥാപിച്ചതുമാണെന്നും ഇവ മറ്റു കാൽനടമേൽപ്പാലങ്ങളിൽ ഉണ്ടായിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

[82] ആലപ്പുഴയിലെ 13 കാൽനട മേൽപ്പാലങ്ങൾ കനാൽ മുറിച്ചുകടക്കാൻ ഉപയോഗിച്ചിരുന്നതിനാൽ പരിഗണിച്ചില്ല.

### *ശ്രദ്ധയിൽപ്പെട്ട മികച്ച പ്രവർത്തന രീതി*

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് പുതിയ ബസ് സ്റ്റാൻഡിൽ ഒരു കാൽനട മേൽപ്പാലം നിർമ്മിച്ചത് ലിഫ്റ്റ്, എസ്കലേറ്റർ എന്നിവയുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കി ആയിരുന്നു. ഒരുമണിക്കൂറിൽ കാൽനട മേൽപ്പാലം ഉപയോഗിച്ച് റോഡ് മുറിച്ചുകടക്കാൻ 1257 പേർ (ലിഫ്റ്റ് വഴി 273, പടികളിലൂടെ 144, എസ്കലേറ്റർ വഴി 840) ഉണ്ടായിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നത് തടയാൻ ബാരിക്കേഡുകൾ ഉണ്ടായിരുന്നതിനാൽ, കാൽനട മേൽപ്പാലം ഉപയോഗിക്കാതെ ആർക്കും റോഡ് മുറിച്ചുകടക്കാൻ കഴിഞ്ഞില്ല. ഉചിതമായ സ്ഥലവും ലിഫ്റ്റ്, എസ്കലേറ്റർ എന്നീ സൗകര്യങ്ങളും ഉണ്ടായിരുന്നതിനാലാണ് കാൽനട മേൽപ്പാലം പ്രത്യേകിച്ചും വിജയകരമായത്.**

***ചിത്രം 4.6: കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ന്യൂ ബസ് സ്റ്റാൻഡിൽ നിർമ്മിച്ച കാൽനട മേൽപ്പാലം***





### *4.8.2.2 നടപ്പാതകൾ തടസ്സപ്പെടുത്തുന്ന രീതിയിൽ മേൽപ്പാലങ്ങളുടെ ക്രമരഹിതമായ നിർമ്മാണം*

പദ്ധതിയുടെ ഭാഗമായി കൊല്ലത്ത് മൂന്ന് കാൽനട മേൽപ്പാലങ്ങൾ (i) സെന്റ് ജോസഫ് ജംഗ്ഷൻ (ii) ചെമ്മാമുക്ക് (iii) ഹൈസ്കൂൾ ജംഗ്ഷൻ എന്നിവിടങ്ങളിൽ നിർമ്മിച്ചു. റോഡിന്റെ ഇരുവശത്തുമുള്ള നിലവിലെ നടപ്പാത തടസ്സപ്പെടുത്തി കാൽനടയാത്രക്കാരെ വാഹനപാത ഉപയോഗിക്കാൻ നിർബന്ധിതരാക്കുന്ന രീതിയിൽ ആയിരുന്നു മൂന്ന് കാൽനട മേൽപ്പാലങ്ങളും നിർമ്മിച്ചതെന്ന് സംയുക്ത ഭൗതിക പരിശോധനാ സമയത്ത് ഓഡിറ്റ് നിരീക്ഷിച്ചു. കാൽനട മേൽപ്പാലങ്ങളുടെ ചിത്രങ്ങൾ **ചിത്രം 4.7ലും ചിത്രം 4.8ലും** കാണിച്ചിരിക്കുന്നു.



***ചിത്രം 4.7: കൊല്ലത്തെ ചെമ്മാമുക്കിൽ നടപ്പാതയിൽ നിർമ്മിച്ച കാൽനട മേൽപ്പാലം***



***ചിത്രം 4.8: കൊല്ലം ഹൈസ്കൂൾ ജംഗ്ഷനിൽ നടപ്പാതയിൽ നിർമ്മിച്ച കാൽനട മേൽപ്പാലം***

കാൽനട മേൽപ്പാലങ്ങളുടെ സ്ഥലങ്ങൾ തിരഞ്ഞെടുത്തത് വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു പൊതു, സ്വകാര്യ സ്ഥാപനങ്ങളും ഉള്ളത് പരിഗണിച്ചാണെന്നും സ്ഥലപരിമിധി കാരണം പരമാവധി ലഭ്യമായ സ്ഥലം നിർമ്മാണത്തിന് ഉപയോഗിച്ചു എന്നും കൊല്ലം കോർപ്പറേഷൻ മറുപടി നൽകി. നടപ്പാത തടസ്സപ്പെടുത്തിയുള്ള കാൽനടമേൽപ്പാലങ്ങളുടെ നിർമ്മാണം, ഐആർസി മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചു കൊണ്ടാണ് എന്നു മാത്രമല്ല, നടപ്പാത ഉപയോഗിക്കുന്ന കാൽനടക്കാരെ വാഹനപാത ഉപയോഗിക്കാൻ നിർബന്ധിതരാക്കുകയും അവരെ വാഹനാപകട സാദ്ധ്യതയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല.

## 4.9 മഴവെള്ള ഓടകളുടെ നിർവ്വഹണം

മഴവെള്ള ഓടകളുടെ നിർമ്മാണവും പരിപാലനവും നഗരങ്ങളിലെ വെള്ളപ്പൊക്കം കുറയ്ക്കുകയും ആത്യന്തികമായി ഇല്ലാതാക്കുകയും അതുവഴി നഗരങ്ങളെ സുരക്ഷിതമാക്കുകയും ചെയ്യേണ്ടതാണ്. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും വെള്ളപ്പൊക്കം ഒഴിവാക്കാൻ മഴവെള്ളം ഒഴുക്കിവിടാനുള്ള പദ്ധതികൾ യുഎൽബികൾ നിർദ്ദേശിക്കുകയും ചെയ്യണം. മഴവെള്ളത്തിൽ മലിനജലം കലരുന്ന സംഭവങ്ങളും പദ്ധതിയുടെ ഭാഗമായി ഇല്ലാതാക്കേണ്ടത്. ഒമ്പത് മിഷൻ നഗരങ്ങൾ ₹357.19 കോടിയുടെ 565 പദ്ധതികൾ ഏറ്റെടുക്കുകയും ₹288.85 കോടി ചെലവിൽ 499 പദ്ധതികൾ നടപ്പാക്കുകയും ചെയ്തത് **പട്ടിക 4.13ൽ** വിശദീകരിക്കുന്നു.

**പട്ടിക 4.13: മഴവെള്ള ഓടകളുടെ നിർമ്മാണത്തിന് അനുവദിച്ച പദ്ധതികളും പൂർത്തീകരിച്ചവയും**

*(₹ കോടിയിൽ)*

| യു.എൽ.ബി | അനുവദിച്ച പദ്ധതികളുടെ എണ്ണം[83] | പദ്ധതി തുക | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ എണ്ണം | റദ്ദാക്കിയ പദ്ധതികളുടെ എണ്ണം | ആകെ ചെലവായ തുക | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം | ചെലവായ തുകയുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 124 | 51.99 | 106 | 11 | 7 | 37.85 | 91 | 73 |
| കൊല്ലം | 21 | 28.59 | 20 | 0 | 1 | 20.86 | 100 | 73 |
| കൊച്ചി | 49 | 53.86 | 48 | 1 | 0 | 45.43 | 98 | 84 |
| തൃശ്ശൂർ | 76 | 29.93 | 67 | 0 | 9 | 28.94 | 100 | 97 |
| കോഴിക്കോട് | 16 | 49.93 | 9 | 7 | 0 | 31.32 | 56 | 63 |
| കണ്ണൂർ | 12 | 39.35 | 11 | 1 | 0 | 36.41 | 92 | 93 |
| ആലപ്പുഴ | 168 | 54.14 | 146 | 14 | 8 | 44.63 | 91 | 82 |
| ഗുരുവായൂർ | 12 | 13.85 | 11 | 1 | 0 | 13.18 | 92 | 95 |
| പാലക്കാട് | 87 | 35.55 | 81 | 2 | 4 | 30.23 | 98 | 85 |
| **ആകെ** | **565** | **357.19** | **499** | **37** | **29** | **288.85** | **93** | **81** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ വിവരങ്ങൾ)*

സൂക്ഷ്മപരിശോധനയ്ക്കായി 128 പദ്ധതികൾ ഓഡിറ്റ് തിരഞ്ഞെടുത്തു[84] ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു.

### 4.9.1 കണക്റ്റിവിറ്റിയുടെ അഭാവം വെള്ളപ്പൊക്കത്തിലേക്ക് നയിച്ചത്

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ചന്തവിള വാർഡിലെ പ്ലാവർകോട്-ഉള്ളൂർക്കോണം-അണ്ടൂർപൊയ്ക റോഡിൽ ₹55.19 ലക്ഷം ചെലവിൽ 0.40 കിലോമീറ്റർ നീളത്തിൽ മഴവെള്ള ഓട നിർമ്മിച്ചു (ഫെബ്രുവരി 2020). ആ പ്രദേശത്തെ മഴവെള്ളം

[83] റദ്ദാക്കിയ പദ്ധതികൾ ഉൾപ്പെടെ

[84] 64 പൂർത്തീകരിച്ചവ, 35 നിർമ്മാണത്തിലിരിക്കുന്നവ, 29 റദ്ദാക്കിയതുമായ പദ്ധതികൾ

ഒഴുകിപ്പോകുന്നതിനായി ഓടയെ ഒരു പ്രാഥമിക ഓടയുമായി (തെറ്റിയാർ തോട്) ബന്ധിപ്പിക്കാനായിരുന്നു വിഭാവനം ചെയ്തത്. എന്നാൽ, സ്വകാര്യ ഭൂമിയുള്ളതിനാൽ അലൈൻമെന്റ് മാറ്റുകയും പ്രാഥമിക ഓടയുമായി ബന്ധിപ്പിച്ചിട്ടില്ലാത്ത നിലവിലുള്ള സെക്കൻഡറി ഓടയുമായി ഈ ഓടയെ ബന്ധിപ്പിച്ചു. നിർവ്വഹണ സമയത്ത് ഓടയുടെ കണക്റ്റിവിറ്റി മാറിയതും തെറ്റിയാർ തോട്ടിലേക്ക് കണക്റ്റിവിറ്റി ഇല്ലാത്തതും ആ പ്രദേശത്തെ വെള്ളപ്പൊക്കത്തിലേക്ക് നയിച്ചു. അങ്ങനെ, ഓടയുടെ നിർമ്മാണം അതിന്റെ ഉദ്ദേശ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു.

പദ്ധതിയുടെ ഡി.ഇ.ആർ തയ്യാറാക്കുമ്പോൾ, പുതിയ ഓടയെ തെറ്റിയാർ തോടുമായി ബന്ധിപ്പിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യത വാർഡ് കൗൺസിലർ സ്ഥിരീകരിച്ചിരുന്നു എന്നും പദ്ധതി നടപ്പിലാക്കുന്ന സമയത്ത് തന്റെ ഭൂമിയിലൂടെ ഓട കടന്നുപോകാനുള്ള അനുമതി നൽകാൻ ഭൂവുടമ വിസമ്മതിച്ചു എന്നും കോർപ്പറേഷൻ മറുപടി നൽകി (ജനുവരി 2024). പദ്ധതി രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും മുമ്പ് തടസ്സരഹിതമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കിയിരുന്നില്ലെന്ന് മറുപടി സൂചിപ്പിക്കുന്നു.

### 4.9.2 അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനും മറ്റ് പതിവ് പ്രവർത്തനങ്ങൾക്കുമായി കൊച്ചി കോർപ്പറേഷൻ പദ്ധതി ഫണ്ടുകൾ വിനിയോഗിച്ചത്

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, മഴവെള്ള ഓടകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് നഗരങ്ങളിലെ വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുകയും ആത്യന്തികമായി ഇല്ലാതാക്കുകയും അതുവഴി നഗരങ്ങളെ സുരക്ഷിതമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആയിരിക്കണം. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് നേരിട്ട് ബന്ധമുള്ള നഗര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു മിഷന്റെ പ്രഥമ ലക്ഷ്യം എന്നതിനാൽ, നിത്യേനയുള്ള ഒആന്റ്എം പ്രവർത്തനങ്ങൾക്കായി പദ്ധതി തുക വിനിയോഗിക്കുന്നത് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ വിലക്കിയിരുന്നു. മഴവെള്ള ഓട ഘടകത്തിനു കീഴിൽ കൊച്ചി കോർപ്പറേഷൻ ₹53.86 കോടിയുടെ 49 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 48 പ്രവൃത്തികൾ ₹34.15 കോടി ചെലവിൽ പൂർത്തീകരിച്ചു. ₹28.18 കോടിയുടെ[85] ഒമ്പത് പ്രവൃത്തികൾ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു.

- നിത്യേനയുള്ള പ്രവർത്തനങ്ങൾക്ക് അമൃത് ഫണ്ട് ഉപയോഗിക്കുന്നതിനെ അമൃത് മിഷൻ ഡയറക്ടർ വ്യക്തമായി എതിർത്തിരുന്നുവെങ്കിലും, കൊച്ചി കോർപ്പറേഷൻ അമൃത് ഫണ്ട് പതിവ് പരിപാലന ചെലവുകൾക്കായി വിനിയോഗിച്ചു. ₹1.44 കോടി പദ്ധതിച്ചെലവുള്ള രണ്ട് പദ്ധതികൾ[86] ഒഴികെ മറ്റ് പദ്ധതികൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് സാധാരണ പ്രവൃത്തികളായ എക്കൽ മണ്ണ്/പായൽ നീക്കം ചെയ്യൽ, പാർശ്വഭിത്തി ബലപ്പെടുത്തൽ, വേലി കെട്ടൽ മുതലായവക്കാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒമ്പത് പദ്ധതികൾക്കായി ചെലവഴിച്ച ₹21.47 കോടിയിൽ, ₹20.22 കോടി അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചു. ഇതിൽ ₹4.67 കോടി മണ്ണ്/പായൽ നീക്കുന്നതിന് മാത്രമായിരുന്നു. ഓടകളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലന പ്രവൃത്തികൾക്കുമായി 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം ₹32.75 കോടിയും ₹27.93 കോടിയും തനതു ഫണ്ട് ചെലവഴിച്ചതിന് പുറമേയാണ് പതിവ് അറ്റകുറ്റപ്പണികൾക്കായി മിഷൻ ഫണ്ട് ചെലവഴിച്ചത്.

- ഒമ്പത് പ്രവൃത്തികളിൽ, ₹24.26 കോടിയുടെ അഞ്ച് പ്രവൃത്തികൾ ഓടകളിലെ തടസ്സങ്ങൾ/മലിനജലവുമായി കൂടിച്ചേരൽ, വെള്ളപ്പൊക്കം എന്നിവ തടയാൻ

[85] എട്ട് പ്രവൃത്തികൾ ₹10.19 കോടി ചെലവാക്കി പൂർത്തിയാക്കി, ഒരു പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.

[86] സെന്റ് വിൻസെൻറ് റോഡിനരികിലൂടെ ഓട നിർമ്മാണവും കലൂർ കത്രിക്കടവ് റോഡിലൂടെയുള്ള ഓട നിർമ്മാണവും

ഉദ്ദേശിച്ച് ഏറ്റെടുത്തതായിരുന്നെങ്കിലും ₹18.06 കോടി ചെലവഴിച്ചിട്ടും വെള്ളപൊക്കവും മലിനജല കൂടിച്ചേരലും ഓടകളിൽ നിലനിൽക്കുന്നതായി സംയുക്ത ഭൗതിക പരിശോധനയിൽ (ഒക്ടോബർ 2023) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.



*ചിത്രം 4.9: അടിമുറി തോട്ടിലേയ്ക്ക് തുറന്നിരുന്ന സിവറേജ് പൈപ്പുകൾ*



*ചിത്രം 4.10: അടിമുറി തോട്ടിലെ ജല പൈപ്പുകളും മറ്റു യൂട്ടിലിറ്റികളും*

- സ്റ്റേഡിയം ലിങ്ക് റോഡിലെ വെള്ളപ്പൊക്കവും വെള്ളക്കെട്ടും തടയാൻ ₹1.98 കോടിയുടെ 'ആർ.സി.സി ഓടയുടെ നിർമ്മാണം, സ്റ്റേഡിയം ലിങ്ക് റോഡിലെ ഓടകൾക്ക് കവറിംഗ് സ്ലാബിടൽ' എന്ന പദ്ധതി ഏറ്റെടുത്തെങ്കിലും നിലവിലുള്ള സെക്കൻഡറി ഡ്രെയിനിനെ പ്രൈമറി ഡ്രെയിനുമായി ബന്ധിപ്പിക്കുന്നതിനായി കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലും സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിലും കോർപ്പറേഷനുണ്ടായ പരാജയം കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

- കേരള ജലസേചന വകുപ്പ് പ്രസിദ്ധീകരിച്ച (2021) 'ഫ്ലഡ് മിറ്റിഗേഷൻ' റിപ്പോർട്ടും കോർപ്പറേഷൻ പ്രദേശത്ത് വെള്ളപ്പൊക്കത്തിന് കാരണമാകുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് വെളിപ്പെടുത്തി. 2016ലെ എസ്.സി.എം.എസ് വാട്ടർ ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ടിലും 2021ലെ ജലസേചന വകുപ്പിന്റെ റിപ്പോർട്ടിലും സംസ്കരിക്കാത്ത സീവേജ് കനാലുകളിലേക്ക് തുടർച്ചയായി ഒഴുക്കിവിടുന്ന എന്നുള്ള പ്രശ്നം കണ്ടെത്തിയിട്ടും അത് ഫലപ്രദമായി കൈകാര്യം ചെയ്തിട്ടില്ല എന്നത് വെള്ളപ്പൊക്കത്തിന്റെ മൂലകാരണങ്ങൾ പരിഹരിക്കുന്നതിലെ പരാജയം എടുത്തുകാണിക്കുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- പദ്ധതിയുടെ തുടക്കത്തിൽ കോർപ്പറേഷൻ ഓടയുടെ ശൃംഖലയിൽ 110 കിലോമീറ്ററിന്റെ കുറവ് കണ്ടെത്തിയിരുന്നുവെങ്കിലും, ഈ മേഖലയ്ക്ക് കീഴിൽ ₹45.43 കോടി ചെലവഴിച്ചിട്ടും 1.38 കിലോമീറ്റർ നീളത്തിൽ മാത്രമാണ് ഓട നിർമ്മിച്ചത്.

- വെള്ളപ്പൊക്കത്തിന്റെ കാരണങ്ങളും ഡ്രെയിനേജ് സംവിധാനത്തിന്റെ ന്യൂനതകളും കണ്ടെത്തുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്താതെയാണ് കൊച്ചി കോർപ്പറേഷൻ ഈ പദ്ധതികൾ ഏറ്റെടുത്തത്. കൃത്യവും വസ്തുതാധിഷ്ഠിതവുമായ വിലയിരുത്തലുകളെ അടിസ്ഥാനമാക്കി എസ്.എൽ.ഐ.പികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നിട്ടും, കോർപ്പറേഷന് ഒരു ഡ്രെയിനേജ് മാസ്റ്റർ പ്ലാനോ പ്രാഥമിക, ദ്വിതീയ ഡ്രെയിനേജ് ശൃംഖലകളുടെ ഡ്രെയിനേജ് മാപ്പോ ഉണ്ടായിരുന്നില്ല. ഡ്രെയിനേജ് മാസ്റ്റർ പ്ലാനിന്റെ അഭാവത്തിൽ, കൊച്ചി കോർപ്പറേഷൻ

പതിവായി ചെയ്യുന്ന എക്കൽ മണ്ണ്/പായൽ നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള പരിപാലന ആവശ്യങ്ങൾക്കായിരുന്നു ഡിപിആർ തയ്യാറാക്കിയത്.



*ചിത്രം 4.11: രാമേശ്വരം കനാലിലെ വെർട്ടിക്കൽ ക്ലിയറൻസിന്റെ അഭാവം*



*ചിത്രം 4.12: കളകൾ കൊണ്ട് നിറഞ്ഞ ടിപി കനാൽ*

അങ്ങനെ അമൃത് പദ്ധതിയിലൂടെ നഗരത്തിലെ വെള്ളപ്പൊക്കം ലഘൂകരിക്കാനുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സമീപനം ശാസ്ത്രീയമായ പഠനത്തിന്റെയും ശരിയായ ആസൂത്രണത്തിന്റെയും അഭാവത്താൽ വികലമായിരുന്നു. ഡ്രെയിനേജ് മാപ്പില്ലാതെ എസ്.എൽ.ഐ.പികൾ തയ്യാറാക്കിയത്, പതിവായി ചെയ്യുന്നതും അനുവദനീയമല്ലാത്തതുമായ പ്രവൃത്തികൾ നടപ്പാക്കുന്നതിലേക്ക് നയിക്കുകയും നഗരത്തിലെ വെള്ളപ്പൊക്ക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിൽ പരാജയപ്പെടുകയും ചെയ്തു. തനത് ഫണ്ടിൽ നിന്ന് പതിവ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടും അമൃത് ഫണ്ട് ഇത്തരം പ്രവർത്തനങ്ങൾക്കായി ദുരുപയോഗം ചെയ്തത് മൂലം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുക മാത്രമല്ല, ₹45.43 കോടി മിഷൻ ഫണ്ട് ചെലവഴിച്ചിട്ടും വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാന കാരണങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

കനാൽ പുനരുജ്ജീവന പ്രവൃത്തികൾക്കും നിലവിലെ ഓടകൾ വികസിപ്പിക്കുന്നതിലുമാണ് കൊച്ചി കോർപ്പറേഷൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് സർക്കാർ മറുപടി നൽകി (2025 ഏപ്രിൽ). ഡ്രെയ്നേജ് മാസ്റ്റർ പ്ലാൻ ഇതുവരെ കോർപ്പറേഷൻ തയ്യാറാക്കാൻ തുടങ്ങിയിട്ടില്ലെന്നും മറുപടിയിൽ പ്രസ്താവിച്ചു. മറുപടി ഓഡിറ്റിന്റെ കണ്ടെത്തലിനെ സ്ഥിരീകരിക്കുന്നു.

***ശിപാർശ 6: കൊച്ചി കോർപ്പറേഷനിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിന് സമഗ്രമായ ഒരു പഠനം സർക്കാർ നടത്തേണ്ടതും അനുയോജ്യമായ പരിഹാര നടപടികൾ ആരംഭിക്കേണ്ടതുമാണ്.***

### 4.9.3 ഭൂമി ഏർപ്പാടാക്കുന്നതിലെ വീഴ്ച കാരണം ലക്ഷ്യങ്ങൾ കൈവരിക്കാതിരുന്നത്

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ₹10.67 കോടി പദ്ധതി ചെലവിൽ പ്രാഥമിക ഓടയുമായി (എൻ.കെ.കെ.ആർ കനാൽ) ബന്ധിപ്പിക്കുന്ന നിലവിലുള്ള ദ്വിതീയ ഓടയുടെ (വൈ.എം.ആർ.സി–മില്ലത്ത് കോളനി ഓട) പുനർനിർമ്മാണവും പ്രാഥമിക ഓടയുടെ പാർശ്വഭിത്തി നിർമ്മാണവും നടത്തുവാൻ തീരുമാനിച്ചു വൈ.എം.ആർ.സി.–മില്ലത്ത് കോളനി ഓടയുടെ (1000 മീറ്റർ) നിർമ്മാണത്തിന്റെ പ്രാഥമിക ലക്ഷ്യം ഓടയുടെ ഇരുവശത്തും വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിന് ഓടയുടെ വീതി 40 സെന്റിമീറ്ററിൽ നിന്ന് 1.5 മീറ്ററായി വർദ്ധിപ്പിക്കുക എന്നതായിരുന്നു. പദ്ധതിക്കായി തയ്യാറാക്കിയ ഡിപിആർ പ്രകാരം നിലവിലുള്ള ഓട സ്വകാര്യ ഭൂമിയിലൂടെ കടന്നുപോവുകയും പ്രവൃത്തി നടപ്പാക്കാൻ സ്ഥലം ഏറ്റെടുക്കുകയും ചെയ്യണമായിരുന്നു. എന്നാൽ, സ്വകാര്യ ഭൂമി ഏറ്റെടുക്കാതെ 2018 സെപ്റ്റംബറിൽ കോർപ്പറേഷൻ പ്രവൃത്തി നൽകുകയും സ്വകാര്യ

ഭൂമി വരെ ഓട നിർമ്മിക്കുകയും ചെയ്തു. തൽഫലമായി, ദ്വിതീയ ഓടയെ പ്രാഥമിക ഓടയു മായി ബന്ധിപ്പിക്കുന്ന അവസാന ഭാഗം (200 മീറ്റർ) പുനർനിർമ്മിക്കാനായില്ല. **ചിത്രം 4.13ൽ** കാണിച്ചിരിക്കുന്നതുപോലെ സ്വകാര്യ ഭൂമിയിലെത്തുമ്പോൾ ഓടയുടെ വീതി 1.5 മീറ്ററിൽ നിന്ന് 40 സെന്റിമീറ്ററായി കുറഞ്ഞുവെന്നും മഴവെള്ളത്തിന്റെ സ്വതന്ത്രമായ ഒഴുക്കിനെ ഇത് തടസ്സപ്പെടുത്തുകയും ചുറ്റുമുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നു എന്നും ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടു. അതിനാൽ വെള്ളപ്പൊക്കം ലഘൂകരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനായിട്ടില്ല.





*ചിത്രം 4.13: നിർമ്മിച്ച പുതിയ ഓടയും ഓടയുടെ അവസാന ഭാഗം സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്നതും*

### 4.9.4 സേവന നിലവാര അളവുകോലുകളുടെ നേട്ടത്തിന്റെ സ്ഥിതി

എം.ഒ.എച്ച്.യു.എ പുറപ്പെടുവിച്ച സേവന നിലവാര അളവുകോലുകൾ അനുസരിച്ച്, മഴവെള്ള ഓട ശൃംഖലയുടെ വ്യാപ്തി 100 ശതമാനവും (റോഡ് ശൃംഖലയ്ക്ക് തുല്യമായ നീളത്തിൽ), മലിനജലം മഴവെള്ളവുമായി കലരുന്നതിനുള്ള സാദ്ധ്യത പൂജ്യവും, വെള്ളം കെട്ടിക്കിടക്കുന്ന സംഭവങ്ങൾ പൂജ്യവുമായിരിക്കണം. വെള്ളപ്പൊക്കവും തടസ്സങ്ങൾ/മലിനജലം ഇടകലരുന്നതുമായ സ്ഥലങ്ങൾ മിഷൻ നഗരങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും പാലക്കാട് നഗരസഭ ഒഴികെയുള്ള മറ്റ് യുഎൽബികൾക്ക് ഇതിന് ഫലപ്രദമായി പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആയതിനാൽ പദ്ധതിയിൽ നിന്ന് ഗണ്യമായ തുക ചെലവഴിച്ച ശേഷവും തടസ്സങ്ങളും മലിനജലവുമായുള്ള കൂടിച്ചേരലും നിലനിൽക്കുന്നു. വിശദാംശങ്ങൾ **പട്ടിക 4.14ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.14: മഴവെള്ള ഓട ശൃംഖലയുടെ വ്യാപ്തിയും തടസ്സങ്ങൾ/മലിനജലം ഇടകലരുന്ന പോയിന്റുകളുടെയും അവസ്ഥ**

| ക്ര. നം. | യുഎൽബി യുടെ പേര് | മഴവെള്ള ഓട ശൃംഖലയുടെ വ്യാപ്തി | | | | മലിന ജലം ഇടകലരുന്നതും/ തടസ്സങ്ങൾ കാരണം വെള്ളം കെട്ടിക്കിടക്കുന്നതുമായ പോയിന്റുകൾ | | |
|---|---|---|---|---|---|---|---|---|
| | | എസ്.എൽ. ഐ.പിയിൽ തിരിച്ചറിഞ്ഞ വിടവ് (അമൃതിന് മുമ്പുള്ളത്) (കി.മീ.) | പുതുതായി നിർമ്മിച്ച ഓടയുടെ നീളം (കി.മീ.) | പരിഹരിക്ക പ്പെടാത്ത വിടവ് (അമൃതിന് ശേഷം) (കി.മീ.) | അമൃതിന് കീഴിൽ കവർ ചെയ്ത വിടവിന്റെ ശതമാനം | എസ്.എൽ. ഐ.പിയിൽ തിരിച്ചറിഞ്ഞ പോയിന്റുക ളുടെ എണ്ണം | പരിഹരിച്ച പോയിന്റു കളുടെ എണ്ണം | ഇതുവരെ യും പരിഹരി ക്കാത്ത പോയിന്റുക ളുടെ എണ്ണം |
| 1. | തിരുവനന്തപുരം | 88.30 | 31.55 | 56.75 | 35.73 | 12 | 9 | 3 |
| 2. | കൊല്ലം | 386 | 15.43 | 370.57 | 3.99 | 16 | 3 | 13 |
| 3. | കൊച്ചി | 110 | 1.38 | 108.62 | 1.25 | 31 | 12 | 19 |

| ക്ര. നം. | യുഎൽബി യുടെ പേര് | മഴവെള്ള ഓട ശൃംഖലയുടെ വ്യാപ്തി | | | | മലിന ജലം ഇടകലരുന്നതും/ തടസ്സങ്ങൾ കാരണം വെള്ളം കെട്ടിക്കിടക്കുന്നതുമായ പോയിന്റുകൾ | | |
|---|---|---|---|---|---|---|---|---|
| | | എസ്.എൽ. ഐ.പിയിൽ തിരിച്ചറിഞ്ഞ വിടവ് (അമൃതിന് മുമ്പുള്ളത്) (കി.മീ.) | പുതുതായി നിർമ്മിച്ച ഓടയുടെ നീളം (കി.മീ.) | പരിഹരിക്കപ്പെടാത്ത വിടവ് (അമൃതിന് ശേഷം) (കി.മീ.) | അമൃതിന് കീഴിൽ കവർ ചെയ്ത വിടവിന്റെ ശതമാനം | എസ്.എൽ. ഐ.പിയിൽ തിരിച്ചറിഞ്ഞ പോയിന്റുകളുടെ എണ്ണം | പരിഹരിച്ച പോയിന്റുകളുടെ എണ്ണം | ഇതുവരെയും പരിഹരിക്കാത്ത പോയിന്റുകളുടെ എണ്ണം |
| 4. | തൃശ്ശൂർ | 9 | 6.42 | 2.58 | 71.33 | 21 | 15 | 6 |
| 5. | കോഴിക്കോട് | 100 | 4.98 | 95.02 | 4.98 | 8 | 4 | 4 |
| 6. | കണ്ണൂർ | 503 | 0 | 503 | 0 | 11 | 2 | 9 |
| 7. | ആലപ്പുഴ | 22 | 4.95 | 17.05 | 22.50 | 18 | 17 | 1 |
| 8. | ഗുരുവായൂർ | 100 | 9.69 | 90.31 | 9.69 | 14 | 12 | 2 |
| 9. | പാലക്കാട് | 163 | 8.5 | 154.5 | 5.21 | 17 | 17 | 0 |
| | **ആകെ** | **1481.30** | **82.9** | **1398.40** | **5.59** | **148** | **91** | **57** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ വിവരം)*

മഴവെള്ള ഓട ശൃംഖലയുടെ വ്യാപ്തിയുടെ കാര്യത്തിൽ, തിരുവനന്തപുരം കോർപ്പറേഷനു മാത്രമേ ഓടയുടെ നീളം 35.7 ശതമാനം വർധിപ്പിച്ച് സ്ഥിതി ഗണ്യമായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ, ഈ മിഷൻ നഗരങ്ങൾ കണ്ടെത്തിയ മൊത്തം ഓട ശൃംഖലയുടെ വ്യാപ്തിയുടെ വിടവിന്റെ 94 ശതമാനവും പദ്ധതി ആരംഭിച്ച് എട്ട് വർഷത്തിന് ശേഷവും പരിഹരിക്കപ്പെടാതെ തുടർന്നു (2024 മാർച്ച്).

### 4.10 ഹരിത ഇടങ്ങൾക്കും പാർക്കുകൾക്കും വേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പ്

ജനസംഖ്യാ വളർച്ചയും നഗരപ്രദേശങ്ങളിലെ ഉയർന്ന സാന്ദ്രതയും പ്രകൃതി, പാരിസ്ഥിതിക വിഭവങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. നഗരപ്രദേശങ്ങളിൽ ഹരിതവൽക്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി, രാജ്യത്തെ ഓരോ നഗര തദ്ദേശ സ്ഥാപനത്തിനും ആളൊന്നിന് 10-12 ചതുരശ്ര മീറ്റർ സൃഷ്ടിക്കുക എന്ന മാനദണ്ഡം എം.ഒ.യു.ഡി നിശ്ചയിച്ചു. അമൃത് പദ്ധതിയിലെ ഘടകങ്ങളിലൊന്നായ ഹരിത ഇടങ്ങളും പാർക്കുകളും ലക്ഷ്യമിടുന്നത് ഹരിത ഇടങ്ങൾ, പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ എന്നിവ പ്രത്യേകിച്ച് കുട്ടികൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്കായി, നിർമ്മിച്ചും നിലവിലുള്ളവ മെച്ചപ്പെടുത്തിയും നഗരങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്നതാണ്.

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ ദൗത്യ നഗരത്തിനും ഈ ഘടകത്തിന് കീഴിൽ ഹരിത ഇടങ്ങളും പാർക്കുകളും സ്ഥാപിക്കുന്നതിന് എസ്.എ.എ.പി അംഗീകരിച്ച തുകയുടെ പരമാവധി 2.5 ശതമാനം ചെലവഴിക്കാം. നിർമ്മിച്ച/നവീകരിച്ച പാർക്കുകളുടെ യുഎൽബി അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **പട്ടിക 4.15ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.15: ഹരിത ഇടങ്ങൾ, പാർക്കുകൾ എന്നിവയുടെ കീഴിലുള്ള പദ്ധതികളുടെ യുഎൽബി അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്ര.നം. | യു.എൽ.ബി | ആകെ അനുവദിച്ച പദ്ധതികളുടെ എണ്ണം[87] | പദ്ധതി തുക | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നിർമ്മാണത്തിൽ ഇരിക്കുന്ന പദ്ധതികളുടെ എണ്ണം | റദ്ദാക്കിയ പദ്ധതികളുടെ എണ്ണം | ആകെ ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം[88] |
|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 5 | 6.52 | 4 | 1 | 0 | 5.30 | 80 |
| 2. | കൊല്ലം | 11 | 3.41 | 7 | 0 | 4 | 3.10 | 100 |
| 3. | കൊച്ചി | 6 | 5.8 | 5 | 0 | 1 | 3.93 | 100 |
| 4. | തൃശ്ശൂർ | 11 | 4.81 | 10 | 1 | 0 | 4.49 | 91 |
| 5. | കോഴിക്കോട് | 8 | 4.92 | 8 | 0 | 0 | 3.82 | 100 |
| 6. | കണ്ണൂർ | 8 | 4.8 | 7 | 0 | 1 | 4.45 | 100 |
| 7. | ആലപ്പുഴ | 10 | 4.38 | 8 | 0 | 2 | 3.41 | 100 |
| 8. | ഗുരുവായൂർ | 6 | 6.47 | 5 | 1 | 0 | 3.82 | 83 |
| 9. | പാലക്കാട് | 22 | 7.38 | 18 | 3 | 1 | 5.84 | 86 |
| | **ആകെ** | **87** | **48.49** | **72** | **6** | **9** | **38.16** | **92** |

*(ഉറവിടം : എസ്.എം.എം.യു നൽകിയ വിവരം)*

30 പുതിയ പാർക്കുകളുടെ നിർമ്മാണത്തിനും[89] നിലവിലുള്ള 36 പാർക്കുകളുടെ നവീകരണത്തിനുമായി[90] മിഷൻ നഗരങ്ങൾ ₹48.49 കോടി അനുവദിക്കുകയും ₹38.16 കോടി (79 ശതമാനം) വിനിയോഗിക്കുകയും ചെയ്തു. ഓഡിറ്റ് 27 പാർക്കുകൾ പരിശോധിച്ചതിൽ 13 എണ്ണം പുതുതായി നിർമ്മിച്ചവയാണ്. ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

### 4.10.1 നിർമ്മാണം/നവീകരണത്തിന് ശേഷം പാർക്കുകൾ പൊതുജനത്തിന് തുറന്നുകൊടുക്കാത്തത്

പരിശോധിച്ച 27 പാർക്കുകളിൽ അഞ്ച് യുഎൽബികളിലെ[91] ഒമ്പത് പാർക്കുകളിൽ നിർമ്മാണത്തിനും നവീകരണത്തിനുമായി ₹4.93 കോടി ചെലവഴിച്ചതിന് ശേഷവും പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തില്ല. സംയുക്ത ഭൗതിക പരിശോധനയിൽ, പൊതുജനങ്ങൾക്കായി തുറന്നിട്ടില്ലാത്ത മൂന്ന് യുഎൽബികളിലെ[92] അഞ്ച് പാർക്കുകൾ ശോചനീയാവസ്ഥയിലാണെന്നും പരിസരം പാഴ്ചെടികൾ പടർന്നു മൂടപ്പെട്ടതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പാർക്കുകൾ അടച്ചിട്ടിരിക്കുന്നതിന് മിഷൻ നഗരങ്ങൾ പ്രത്യേക കാരണങ്ങളൊന്നും നൽകിയിട്ടില്ല. വിശദാംശങ്ങൾ **അനുബന്ധം 4.4ൽ** നൽകിയിരിക്കുന്നു. പാർക്കുകളിൽ ശിശുസൗഹൃദ സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, അഞ്ച് യുഎൽബികളിലെ[93] 14 പാർക്കുകളിൽ കുട്ടികൾക്ക് കളിക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയോ സ്ഥാപിച്ച ഉപകരണങ്ങൾ പരിപാലിക്കുകയോ ചെയ്തിരുന്നില്ല. രണ്ട് പാർക്കുകളുടെ ചിത്രങ്ങൾ **ചിത്രം 4.14ലും ചിത്രം 4.15ലും** കാണിച്ചിരിക്കുന്നു.

87 റദ്ദാക്കിയ പദ്ധതികൾ ഉൾപ്പെടെ.

88 റദ്ദാക്കിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

89 കോഴിക്കോട് കോർപ്പറേഷൻ ഒരു പുതിയ പാർക്കും നിർമ്മിച്ചിട്ടില്ല.

90 ആലപ്പുഴ മുനിസിപ്പാലിറ്റി ഒരു പാർക്കും നവീകരിച്ചിട്ടില്ല.

91 കൊല്ലം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളും

92 കോഴിക്കോട് കോർപ്പറേഷനും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളും

93 കൊല്ലം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളും



*ചിത്രം 4.14: സെന്റ് ജോൺസ് പാർക്ക്, കൊച്ചി*



*ചിത്രം 4.15: നിള നഗർ പാർക്ക്, പാലക്കാട്*

തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ പരിപാലനത്തിന് സംവിധാനം ഏർപ്പെടുത്തണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യപ്പെടുന്നുണ്ടെങ്കിലും, കൊച്ചി കോർപ്പറേഷനിലെ രണ്ട് പാർക്കുകളും ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ഒരു പാർക്കും ഒഴികെ മറ്റ് പാർക്കുകളുടെ കാര്യത്തിൽ മിഷൻ നഗരങ്ങൾ അത്തരം ഒരു ശ്രമം നടത്തിയില്ലെന്നു മാത്രമല്ല, സ്വന്തം രീതിയിൽ പരിപാലനത്തിനുള്ള ക്രമീകരണങ്ങളും നടത്തിയിരുന്നില്ല. പ്രസ്തുത യുഎൽബികളുമായി ബന്ധപ്പെട്ട് പാർക്കുകൾ പൊതുജനങ്ങൾക്കായി തുറക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ എസ്.എം.എം.യുവിനോട് എക്സിറ്റ് കോൺഫറൻസിൽ എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു (സെപ്റ്റംബർ 2024). മിഷൻ നഗരങ്ങൾ പാർക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതുമായി ബന്ധപ്പെട്ട്, മറ്റ് മിഷൻ നഗരങ്ങൾ ചെയ്യുന്ന നല്ല രീതികൾ പിന്തുടരുന്നതിന് നിർദ്ദേശങ്ങൾ നൽകുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകി.

***മികച്ച മാതൃകകൾ – കൊച്ചിയിൽ രണ്ട് പാർക്കുകളും ആലപ്പുഴയിൽ ഒരു പാർക്കും***

***കൊച്ചിയിലെ മൈത്രി നഗറിലെയും കുട്ടമ്പി കോളനിയിലെയും പാർക്കുകളുടെ പരിപാലനത്തിന്റെ ചുമതല റസിഡന്റ്സ് അസോസിയേഷൻ ഏറ്റെടുത്തു. വലിയചുടുകാട് പാർക്കിന്റെ പരിപാലനത്തിനു ആലപ്പുഴ മുനിസിപ്പാലിറ്റി ക്രമീകരണങ്ങൾ ചെയ്തു.***



*ചിത്രം 4.16: മൈത്രി നഗർ നിവാസികൾ പരിപാലിക്കുന്ന കൊച്ചിയിലെ മൈത്രി നഗർ പാർക്ക്*



*ചിത്രം 4.17: ജവഹർ നഗർ നിവാസികൾ പരിപാലിക്കുന്ന കുട്ടംബി കോളനി പാർക്ക്*

### 4.10.2 നെഹ്റു പാർക്കിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിച്ചത് വഴി നിഷ്ഫല ചെലവ്

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ എസ്.എ.എ.പി 2017-18ൽ ₹0.80 കോടി ചെലവിൽ നെഹ്റു പാർക്ക് പുനരുജ്ജീവിപ്പിക്കാനുള്ള ഒരു പദ്ധതി നിർദ്ദേശിച്ചിരുന്നു. ₹40.44 ലക്ഷം ചെലവിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതും ഇതിൽ ഉൾപ്പെട്ടിരുന്നു. മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ₹32.23 ലക്ഷത്തിന് മെസേർസ് അക്വാറ്റിക് എഞ്ചിനീയറിംഗിന് നൽകി (2019 ജൂലൈ). 2020 നവംബറിൽ പ്രവൃത്തി പൂർത്തിയാക്കുകയും ₹27.92 ലക്ഷം കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ, ഒരു മാസം കഴിഞ്ഞപ്പോൾ മ്യൂസിക്കൽ ഫൗണ്ടൻ പ്രവർത്തനരഹിതമായി. കോർപ്പറേഷൻ പലതവണ ആവശ്യപ്പെട്ടിട്ടും കരാറുകാരൻ തകരാർ പരിഹരിച്ചില്ല. കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ കരാർ അവസാനിപ്പിക്കാനും, സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയ ₹1,61,200 കണ്ടുകെട്ടാനും കോർപ്പറേഷൻ കൗൺസിൽ തീരുമാനിക്കുകയും (2022 ജൂൺ) അന്തിമ ബില്ലായി കരാറുകാരന് നൽകേണ്ട ₹10.11 ലക്ഷം കണ്ടുകെട്ടുകയും കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തു (2023 മാർച്ച്). കരാർ അവസാനിപ്പിച്ചെങ്കിലും നാളിതുവരെ (2024 ഡിസംബർ) മ്യൂസിക്കൽ ഫൗണ്ടന്റെ അപാകതകൾ പരിഹരിക്കാൻ കോർപ്പറേഷൻ ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ, മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മാണത്തിനായി ചെലവഴിച്ച ₹27.92 ലക്ഷം നിഷ്ഫലമായിത്തീർന്നു.

### 4.10.3 പാർക്കിന്റെ നിർമ്മാണത്തിലുള്ള നിഷ്ഫല ചെലവ്

എസ്.എ.എ.പി 2017-18ൽ അംഗീകരിച്ച വൈറ്റില ചിലവന്നൂർ കായലിന്റെ തീരത്തെ പുതിയ പാർക്കിന്റെ നിർമ്മാണം കൊച്ചി കോർപ്പറേഷൻ മെസേർസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് (കെ.എം.ആർ.എൽ) ₹1.27 കോടി പദ്ധതി ചെലവിൽ ഏൽപ്പിച്ചു (2018 ജനുവരി). പാർക്കിന്റെ നിർമ്മാണം ചിലവന്നൂർ കായലിന്റെ തീരത്തായതിനാൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി നിർബന്ധമായിരുന്നു. എന്നാൽ, കെ.സി.ഇസഡ്.എം.എയിൽ നിന്ന് അനുമതി ലഭിക്കുന്നതിന് മുമ്പ്, കെഎംആർഎൽ നിർമ്മാണം ആരംഭിക്കുകയും (2018 നവംബർ) പൊതുജനങ്ങളുടെ പ്രതിഷേധവും കെ.സി.ഇസഡ്.എം.എയിൽ നിന്ന് അനുമതി ലഭിക്കാത്തതും മൂലം പദ്ധതി നിർത്തിവച്ചു. അതിനാൽ, ₹28.22 ലക്ഷം ചെലവഴിച്ച ശേഷം പദ്ധതി ഉപേക്ഷിച്ചു (2021 മാർച്ച്). കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനിവാര്യ അനുമതി ലഭിക്കാതെ പദ്ധതി നടപ്പിലാക്കിയത് ₹28.22 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

പാർക്കിന്റെ നിർമ്മാണം കോർപ്പറേഷൻ നടപ്പാക്കുമെന്നും അമൃതിൽ നിന്നും ചെലവായ തുക യുഎൽബി വിഹിതത്തിൽ നിന്നും ക്രമീകരിക്കുമെന്നും കോർപ്പറേഷൻ മറുപടി നൽകി (2025 ജനുവരി). എന്നാൽ, കെ.സി.ഇസഡ്.എം.എയിൽ നിന്നും അനുമതി നേടുന്നതിനെപറ്റി മറുപടിയിൽ പ്രതിപാദിച്ചിട്ടില്ല.

***ശിപാർശ 7: പൂർത്തീകരിക്കാത്ത എല്ലാ പദ്ധതികളും പൂർത്തീകരിക്കുന്നതിന് സർക്കാർ ഒരു കൃത്യമായ പദ്ധതി തയ്യാറാക്കുകയും പൂർത്തീകരിച്ച പദ്ധതികളുടെ പ്രയോജനങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.***

***ശിപാർശ 8: സേവന നിലവാര അളവുകോലുകൾ കൈവരിക്കുന്നതിനായി, പ്രത്യേകിച്ചു ജലവിതരണ, സിവറേജ് മേഖലകളിൽ സർക്കാർ വ്യക്തമായ പദ്ധതിയ്ക്ക് രൂപം നൽകേണ്ടതും അതിനായി പരിശ്രമിക്കേണ്ടതുമാണ്.***



# അദ്ധ്യായം V

## പദ്ധതി നിരീക്ഷണം

# അദ്ധ്യായം V
# പദ്ധതി നിരീക്ഷണം

എസ്.എച്ച്.പി.എസ്.സി യോഗങ്ങൾ ചേരുന്നതിലെ അപര്യാപ്തത കുറഞ്ഞ നിരീക്ഷണത്തിനും പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസത്തിനും കാരണമായി. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി/അനുമതികൾ എന്നിവയുടെ കാലതാമസത്തിനും, ഡി.പി.ആർ തയ്യാറാക്കിയ ശേഷം പദ്ധതികൾ ഉപേക്ഷിക്കുന്നതിനും കാരണമായി. 2019-23 കാലയളവിൽ 13 ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ ഇൻഡിപെൻഡന്റ് റിവ്യൂ ആന്റ് മോണിറ്ററിംഗ് ഏജൻസി സമർപ്പിച്ചിട്ടുണ്ടെങ്കിലും, മൂന്ന് ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ മാത്രമാണ് എസ്.എച്ച്.പി.എസ്.സി ചർച്ച ചെയ്തത്, എസ്.എൽ.ടി.സി റിപ്പോർട്ടുകളൊന്നും ചർച്ച ചെയ്തിട്ടില്ല. 2018 സെപ്റ്റംബർ മുതൽ 2021 ജനുവരി വരെയുള്ള 29 മാസ കാലയളവിൽ എസ്.എൽ.ടി.സി യോഗങ്ങൾ വിളിച്ചില്ല, ഈ കാലയളവിൽ അംഗീകരിച്ച 38 പദ്ധതികളുടെ സാങ്കേതിക പാരാമീറ്ററുകൾ എസ്.എൽ.ടി.സി ആവശ്യമായ മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടില്ല.

## 5.1 പദ്ധതികളുടെ നിരീക്ഷണം

മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലും യു.എൽ.ബി. തലത്തിലും യഥാസമയം നിരീക്ഷിക്കണമെന്ന് അമൃത് മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 14 വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, വിവരങ്ങളും ഡാറ്റകളും പബ്ലിക് ഡൊമെയ്ൻ വഴി പൗരന്മാരുമായി പങ്കിടുകയും തേർഡ് പാർട്ടി അവലോകനം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മിഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള നിരീക്ഷണം **ചാർട്ട് 5.1ൽ** പ്രതിപാദിക്കുന്നു.

**ചാർട്ട് 5.1: വിവിധ തലങ്ങളിലുള്ള നിരീക്ഷണ പ്രവർത്തനങ്ങൾ**




*(ഉറവിടം : അമൃത് മാർഗ്ഗനിർദ്ദേശങ്ങൾ)*

താഴെ വിശദമാക്കിയിരിക്കുന്നതുപോലെ, മിഷന്റെ വിവിധ തലങ്ങളിലെ നിരീക്ഷണത്തിലെ പോരായ്മകൾ ഓഡിറ്റിൽ കണ്ടെത്തി.

### 5.1.1 സംസ്ഥാനതല ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എച്ച്.പി.എസ്.സി) വിളിച്ചുകൂട്ടുന്നതിലെ കുറവുകൾ

എസ്.എൽ.ബി.കളെ അടിസ്ഥാനമാക്കി അടിസ്ഥാന സൗകര്യങ്ങളിലെ വിടവുകൾ തിരിച്ചറിയുക, മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു എസ്.എ.എ.പികൾ തയ്യാറാക്കൽ, എസ്.എൽ.ടി.സി സാങ്കേതികമായി വിലയിരുത്തിയ ശേഷം പദ്ധതികൾക്ക് അംഗീകാരം നൽകൽ, ഫണ്ടിന്റെ വിതരണം ആസൂത്രണം ചെയ്യൽ, മിഷന്റെ നടത്തിപ്പ് നിരീക്ഷിക്കൽ എന്നീ മിഷൻ പ്രോഗ്രാമുകളെ പൂർണ്ണമായും നിയന്ത്രിച്ചത് എസ്.എച്ച്.പി.എസ്.സി ആയിരുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായിരുന്നിട്ടും, ആസൂത്രണ ഘട്ടത്തിൽ പ്രതിവർഷം ആറ് മുതൽ ഏഴ് വരെ മീറ്റിംഗുകൾ നടത്തിയ എസ്.എച്ച്.പി.എസ്.സി, മിഷന്റെ നിർവ്വഹണ ഘട്ടത്തിൽ രണ്ട് മുതൽ നാല് വരെ മീറ്റിംഗുകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി കാലയളവിൽ വിളിച്ചുചേർത്ത എസ്.എച്ച്.പി.എസ്.സി യോഗങ്ങളുടെ എണ്ണം **ചാർട്ട് 5.2ൽ** പ്രതിപാദിക്കുന്നു.

**ചാർട്ട് 5.2: എസ്.എച്ച്.പി.എസ്.സി യോഗങ്ങളുടെ എണ്ണം**




*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റ)*

ഭൂരിഭാഗം പദ്ധതികളുടെയും നിർവ്വഹണം നടന്ന 2019-2021 കാലയളവിൽ എട്ട് തവണ മാത്രമാണ് എസ്.എച്ച്.പി.എസ്.സി വിളിച്ചു ചേർത്തത്. എസ്.എച്ച്.പി.എസ്.സി യോഗങ്ങൾ ചേരുന്നതിലെ അപര്യാപ്തത പ്രോജക്റ്റുകളുടെ കുറഞ്ഞ നിരീക്ഷണത്തിന് കാരണമായി. ഇത് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാക്കുകയും പദ്ധതികൾ ആരംഭിച്ച് ഒമ്പത് വർഷം കഴിഞ്ഞിട്ടും (2024 ഡിസംബർ) പദ്ധതികൾ പൂർത്തീകരിക്കാതിരിക്കുന്നതിനും കാരണമായി.

മിഷൻ സിറ്റികളുടെ ആവശ്യകതയും അഭ്യർത്ഥനയും പരിഗണിച്ചാണ് എസ്.എച്ച്.പി.എസ്.സി വിളിച്ചു ചേർക്കുന്നതെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ). പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കൽ, അനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ ഫലവും പ്രവർത്തന പരിപാലന ക്രമീകരണങ്ങളും നിരീക്ഷിക്കൽ, വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കൽ എന്നിവ എസ്.എച്ച്.എസ്.പി.സിയിൽ നിക്ഷിപ്തമായതിനാൽ യഥാസമയം എസ്.എച്ച്.പി.എസ്.സി വിളിച്ചു ചേർക്കേണ്ടത് ഒരു ആവശ്യകതയാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

#### *5.1.1.1 പ്രോജക്റ്റ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കൺസൾട്ടന്റുകളെ ഏർപ്പെടുത്താത്തത്*

പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ സംസ്ഥാനങ്ങൾ/യുഎൽബികൾ നേരിടുന്ന പരിമിതികൾ മറികടക്കാൻ പ്രോജക്റ്റ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കൺസൾട്ടന്റ്സ് (പി.ഡി.എം.സി.കൾ) എന്ന ബാഹ്യ സ്ഥാപനങ്ങളുടെ സേവനം സ്വീകരിക്കാൻ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്തു. മിഷനു കീഴിൽ

പി.ഡി.എം.സി.യുടെ വ്യാപ്തിയെ ആസൂത്രണം, രൂപകൽപ്പന, മേൽനോട്ടം, പദ്ധതി നടത്തിപ്പ് എന്നിങ്ങനെ നാല് വിശാലമായ ഘടകങ്ങളായി വിഭജിച്ചു. മിഷൻ തലത്തിൽ (2015 ഡിസംബർ) താൽപര്യപത്രം ക്ഷണിക്കുകയും അഞ്ച് ഏജൻസികളെ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തെങ്കിലും ജലവിതരണ പദ്ധതികൾക്കായി കേരള ജല അതോറിറ്റിയെ ഏർപ്പെടുത്താനുള്ള എസ്.എച്ച്.പി.എസ്.സിയുടെ തീരുമാനം പി.ഡി.എം.സിയുടെ പ്രവർത്തനങ്ങളുടെ വ്യാപ്തിയിൽ കുറവുണ്ടാക്കുകയും തൽഫലമായി കരാർ തുകയിൽ മാറ്റം വരുത്തുകയും ചെയ്തു. തെരഞ്ഞെടുത്തതിനു ശേഷം വ്യാപ്തിയിൽ മാറ്റം വരുത്തിയതിനാൽ, പുനഃടെൻഡർ ആവശ്യമായി വരികയും, ഏഴാമത് എസ്.എച്ച്.പി.എസ്.സി (2016 ഡിസംബർ) പി.ഡി.എം.സിയുടെ പ്രവർത്തനങ്ങൾ വേർപ്പെടുത്താൻ തീരുമാനിക്കുകയും പദ്ധതി വികസനം, ഗുണനിലവാരം ഉറപ്പാക്കൽ, പദ്ധതി നിരീക്ഷണം എന്നിവ ഖണ്ഡിക 2.1.2.5–ൽ വിശദീകരിച്ചിരിക്കുന്നതുപോലെ വിവിധ ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. തടസ്സങ്ങൾ തിരിച്ചറിയുന്നതിനും, മധ്യകാല തിരുത്തലുകൾ നടത്തുന്നതിനും, പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിനും ഒരു ഏജൻസിയുടെ അഭാവം സംസ്ഥാനത്ത് പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

#### *5.1.1.2 വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലെ പോരായ്മകൾ*

എസ്.എച്ച്.പി.എസ്.സിയിൽ ചീഫ് സെക്രട്ടറി ചെയർമാനായും, വിവിധ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളായും ഉണ്ടായിരുന്നിട്ടും, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനം ഉറപ്പാക്കുന്നതിൽ സമിതി പരാജയപ്പെട്ടു. ഇത് ഖണ്ഡിക 2.1.3–ൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ, കേരള ജല അതോറിറ്റിയും യുഎൽബിയും തമ്മിലുള്ള ത്രികക്ഷി കരാർ നടപ്പാക്കുന്നതിലെ കാലതാമസം, വിവിധ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി/ അനുമതികൾ നേടുന്നതിലെ കാലതാമസം, എസ്.എ.എ.പിയിൽ അംഗീകാരം ലഭിച്ചതിനു ശേഷം പദ്ധതികൾ ഉപേക്ഷിക്കൽ തുടങ്ങിയവയ്ക്ക് കാരണമാവുകയും അത്, പദ്ധതികളുടെ നടത്തിപ്പ് വൈകുന്നതിലേയ്ക്ക് നയിക്കുകയും ചെയ്തു.

### 5.1.2 സംസ്ഥാനതല സാങ്കേതിക സമിതി (എസ്.എൽ.ടി.സി)

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഡിപിആറിന്റെ സാങ്കേതികവും സാമ്പത്തികവുമായ വിലയിരുത്തൽ നടത്തേണ്ടതും പ്രോജക്ടുകളുടെ സാങ്കേതിക ഘടകങ്ങളായ വ്യാപ്തി, ലക്ഷ്യങ്ങൾ, അന്തിമ നേട്ടങ്ങൾ തുടങ്ങിയവ അംഗീകരിക്കേണ്ടതും എസ്.എൽ.ടി.സി ആയിരുന്നു. ഇതിനായി, ബന്ധപ്പെട്ട മേഖലയിൽ എം.ഒ.യു.ഡി പുറപ്പെടുവിച്ച മാനുവലുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, ഉപദേശങ്ങൾ എന്നിവ എസ്.എൽ.ടി.സി പരിഗണിക്കേണ്ടതും ഡിപിആറിൽ അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. എസ്.എൽ.ടി.സി, ടെൻഡറുകൾ അംഗീകരിക്കുകയും പദ്ധതി ഫണ്ട് അഭ്യർത്ഥന വിശകലനം ചെയ്യുകയും ഐ.ആർ.എം.എയുടെ റിപ്പോർട്ടുകളിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും വേണം.

എസ്.എൽ.ടി.സിയുടെ പദ്ധതി നിരീക്ഷണത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് കണ്ടു.

- അമൃതിന് കീഴിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ സാങ്കേതിക അനുമതികൾ, അതത് വകുപ്പുകളുടെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നൽകാമെന്ന് 2016 ജനുവരി 28–ന് നടന്ന എസ്.എൽ.ടി.സി ആദ്യ യോഗത്തിൽ തീരുമാനിച്ചു. 2016 ജൂലായ് 4–ന് നടന്ന മൂന്നാമത്തെ എസ്.എച്ച്.പി.എസ്.സി യോഗം ആദ്യത്തെ എസ്.എൽ.ടി.സിയുടെ തീരുമാനം മരവിപ്പിക്കാൻ തീരുമാനിക്കുകയും അമൃത് പദ്ധതികൾക്കുള്ള സാങ്കേതിക അനുമതി നൽകാനായി സ്വതന്ത്ര മേഖലാ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സാങ്കേതിക വിദഗ്ദ്ധ സമിതി (ടിഇസി) രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, 2017 ജനുവരി 24–ന് നടന്ന

അഞ്ചാമത് എസ്.എൽ.ടി.സി.യിൽ, വടക്ക് തെക്ക് എന്നീ രണ്ട് മേഖലകൾക്കായി സാങ്കേതിക സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. കേരള ജല അതോറിറ്റി വഴി അല്ലാതെ നടപ്പിലാക്കുന്ന മലിനജല പദ്ധതികൾ ഒഴികെയുള്ള പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകാൻ നിർവ്വഹണ ഏജൻസികളെ അനുവദിച്ചുകൊണ്ട് 2017 ജൂലൈ 14-ന് നടന്ന പത്താം എസ്.എച്ച്.പി.എസ്.സി ഈ തീരുമാനം വീണ്ടും പരിഷ്ക്കരിച്ചു. എസ്.എൽ.ടി.സി സാങ്കേതികമായി വിലയിരുത്തിയ ഡിപിആറിലെ എസ്റ്റിമേറ്റുകൾ നടപ്പാക്കൽ ഘട്ടത്തിൽ പരിഷ്കരിച്ചത് കൊണ്ട് സാങ്കേതിക അനുമതി പുതുക്കേണ്ടി വരുന്നതിനാൽ. ഈ തീരുമാനം മിഷൻ മാർഗ്ഗനിർദ്ദേശങ്ങളുടെ നിബന്ധനകളെ ദുർബലപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

- പദ്ധതി കാലയളവിൽ വിളിച്ചുചേർത്ത എസ്.എൽ.ടി.സി യോഗങ്ങളുടെ അജണ്ടയും മിനിറ്റുകളും അവലോകനം ചെയ്തപ്പോൾ, 2018 സെപ്റ്റംബർ മുതൽ 2021 ജനുവരി വരെയുള്ള കാലയളവിൽ 29 മാസത്തേക്ക് എസ്.എൽ.ടി.സി യോഗങ്ങളൊന്നും വിളിച്ചിട്ടില്ലെന്നും, 38 പദ്ധതികളുടെ സാങ്കേതിക ഘടകങ്ങൾ എസ്.എൽ.ടി.സിയുടെ നിർബന്ധിത മൂല്യനിർണ്ണയത്തിനു വിധേയമാക്കിയില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. എസ്.എൽ.ടി.സി സാങ്കേതികമായി വിലയിരുത്താത്ത പുതിയ പദ്ധതികളുടെയും പുതുക്കിയ എസ്റ്റിമേറ്റുകളിലുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ **അനുബന്ധം 5.1ൽ** കാണിച്ചിരിക്കുന്നു.

പദ്ധതി കാലയളവിൽ വിളിച്ചുചേർത്ത എസ്.എൽ.ടി.സി യോഗങ്ങളുടെ എണ്ണം **ചാർട്ട് 5.3ൽ** പ്രതിപാദിച്ചിരിക്കുന്നു.

**ചാർട്ട് 5.3: എസ്.എൽ.ടി.സി യോഗങ്ങളുടെ എണ്ണം**




*(ഉറവിടം : എസ്.എം.എം.യു നൽകിയ ഡാറ്റ)*

- മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, എം.ഒ.യു.ഡി പുറപ്പെടുവിച്ച മാനുവലുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, ഉപദേശങ്ങൾ എന്നിവ ഡിപിആറുകളിൽ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി അംഗീകാരം നൽകേണ്ടത് എസ്.എൽ.ടി.സിയുടെ ഉത്തരവാദിത്വം ആണ്. മലിനജല മാലിന്യ സംസ്കരണം, ജലവിതരണം, മഴവെള്ള ഓട നിർമ്മാണം എന്നിവയ്ക്കായി എം.ഒ.യു.ഡി പുറപ്പെടുവിച്ച ചെക്ക്‌ലിസ്റ്റ് പ്രകാരമാണ് ഡിപിആർ തയ്യാറാക്കിയതെന്ന് എസ്.എൽ.ടി.സി ഉറപ്പുവരുത്തണം എന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ചെക്ക്‌ലിസ്റ്റിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, ഭൂമിയുടെ ലഭ്യത, മറ്റ് വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള തടസ്സങ്ങൾ നീക്കൽ മുതലായവ എസ്.എൽ.ടി.സി ഉറപ്പാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ഖണ്ഡിക 2.1.3-ൽ പരാമർശിച്ചിരിക്കുന്നത് പോലെ പദ്ധതികൾ നടപ്പിലാക്കുന്നത് വൈകുന്നതിനും ഉപേക്ഷിക്കുന്നതിനും കാരണമായി.

മിഷൻ സിറ്റികളുടെ ആവശ്യകതയും അഭ്യർഥനയും പരിഗണിച്ചാണ് എസ്.എൽ.ടി.സി വിളിച്ചു ചേർക്കുന്നതെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഏപ്രിൽ).

യഥാസമയത്തുള്ള യോഗങ്ങളുടെ അഭാവം കാരണം 38 പദ്ധതികൾ എസ്.എൽ.ടി.സിയുടെ നിർബന്ധിത സാങ്കേതിക മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

### 5.1.3 അമൃത് കോർ കമ്മിറ്റി വിളിച്ചുകൂട്ടുന്നതിലെ കാലതാമസം

തടസ്സങ്ങൾ തിരിച്ചറിയാനും മറികടക്കാനും അമൃത് പദ്ധതികൾക്കായുള്ള സർക്കാർ ഫണ്ടുകളുടെ ശരിയായ വിനിയോഗം ഉറപ്പാക്കുന്നതിനും വേണ്ടി, യുഎൽബിയിലെ ഡെപ്യൂട്ടി മേയർ/വൈസ് ചെയർമാൻ ചെയർമാനായും, സെക്രട്ടറി/അഡീഷണൽ സെക്രട്ടറി കൺവീനറായും, എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എൻജിനീയർ, അർബൺ ഇൻഫ്രാസ്ട്രക്ച്ചർ വിദഗ്ധൻ തുടങ്ങിയവർ അംഗങ്ങളായും ഒരു കോർ കമ്മിറ്റി രൂപീകരിക്കാൻ മിഷൻ നഗരങ്ങളിലെ സെക്രട്ടറിമാരോട് അമൃത് മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു (2015 ഡിസംബർ). പദ്ധതികളുടെ സമയക്രമവും പുരോഗതിയും സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതും കോർകമ്മിറ്റിയുടെ കടമ ആയിരുന്നു.

2015 ഡിസംബറിൽ കൊച്ചി കോർപ്പറേഷൻ കോർ കമ്മിറ്റി രൂപീകരിച്ചെങ്കിലും 2015–16 മുതൽ 2020–21 വരെയുള്ള കാലയളവിൽ ആറ് തവണ മാത്രമാണ് സമിതി യോഗം ചേർന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. പിന്നീട് കമ്മിറ്റി യോഗം ചേർന്നിട്ടില്ല.

പാലക്കാട് മുനിസിപ്പാലിറ്റിയിൽ 2015 ഡിസംബറിൽ കോർ കമ്മിറ്റി രൂപീകരിച്ചെങ്കിലും കമ്മിറ്റിയുടെ പ്രാരംഭ യോഗം വിളിച്ചത് 2021 ജനുവരിയിൽ മാത്രമാണ്. ആയതിനാൽ കോർ കമ്മിറ്റി രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യം എസ്.എൽ.ഐ.പികളിൽ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കണ്ടെത്തുന്നതും മുൻഗണന നൽകുന്നതും ഡിപിആറുകളുടെ സൂക്ഷ്മപരിശോധനയും ആണെന്നിരിക്കെ, മേൽപ്പറഞ്ഞവയിലൊന്നും കോർ കമ്മിറ്റി ഇടപെടാതിരുന്നത്, ന്യൂനതയുള്ള ഡിപിആറുകളുടെ അംഗീകാരം, പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം, വിവിധ പദ്ധതികളുടെ റദ്ദാക്കൽ തുടങ്ങിയവയ്ക്ക് കാരണമായി.

### 5.1.4 സ്വതന്ത്ര അവലോകന, നിരീക്ഷണ ഏജൻസി (ഐ.ആർ.എം.എ)

മാർഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 14.1 (vii) പ്രകാരം ഒരു സ്വതന്ത്ര അവലോകന നിരീക്ഷണ ഏജൻസി (ഐ.ആർ.എം.എ) പദ്ധതികളുടെ ത്രൈമാസ ബാഹ്യ നിരീക്ഷണം നടത്തണം എന്ന് വ്യവസ്ഥ ചെയ്യുന്നു. ഐ.ആർ.എം.എ ത്രൈമാസ റിപ്പോർട്ട് യുഎൽബി/പാരസ്റ്റാറ്റലിനും എസ്.എൽ.ടി.സിക്കും സമർപ്പിക്കണം. യുഎൽബിയുടെയും എസ്.എൽ.ടി.സിയുടെയും അഭിപ്രായങ്ങൾ എസ്.എച്ച്.പി.എസ്.സി പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യണം.

ഹരിയാനയിലെ ഗുരുഗ്രാമിലെ മെസ്സേർസ് വാട്ടർ ആന്റ് പവർ കൺസൾട്ടൻസി സർവീസസ് (ഡബ്ള്യു.എ.പി.സി.ഒ.എസ്) നെ കേരളത്തിന്റെ ഐ.ആർ.എം.എ ആയി (2018 ഏപ്രിൽ) എം.ഒ.എച്ച്.യു.എ തെരഞ്ഞെടുക്കുകയും, എസ്.എം.എം.യു 2019 ജനുവരിയിൽ ഏജൻസിയുമായി മൂന്ന് വർഷത്തെ കരാറിൽ ഏർപ്പെടുകയും പിന്നീട് ഈ കരാർ 2023 ഫെബ്രുവരി വരെ നീട്ടി നൽകുകയും ചെയ്തു. പദ്ധതികളുടെ നിർമ്മാണത്തിന് മുമ്പുള്ള ഘട്ടങ്ങളും നിർമ്മാണ സമയത്തുള്ള ഘട്ടങ്ങളും, നിർമ്മാണത്തിന് ശേഷമുള്ള ഘട്ടങ്ങളും ഏജൻസി അവലോകനം ചെയ്യുകയും ത്രൈമാസ പുരോഗതി റിപ്പോർട്ടുകളിലൂടെ നിരീക്ഷണങ്ങൾ സമർപ്പിക്കുകയും വേണമായിരുന്നു. ഏജൻസിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എസ്.എം.എം.യു ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഐ.ആർ.എം.എയ്ക്ക് സമർപ്പിക്കും. കരാർ കാലഘട്ടത്തിൽ ഏജൻസി 13 ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിനായി ₹1.54 കോടി അവർക്കു നൽകുകയും ചെയ്തു.

യഥാസമയം ഐ.ആർ.എം.എയെ നിയോഗിക്കുന്നതിൽ എസ്.എം.എം.യു പരാജയപ്പെട്ടതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിന് മുമ്പുള്ള കാലയളവിലെ അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

നിലവാരമില്ലായ്മ, മേൽനോട്ടക്കുറവ്, മറ്റ് ലംഘനങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതും തേർഡ് പാർട്ടി മൂല്യനിർണ്ണയത്തിന്റെ ഗുണനിലവാരവും വിലയിരുത്തൽ റിപ്പോർട്ടുകളും നിരീക്ഷിക്കുന്നതും അവരുടെ ഭാഗത്തുനിന്നും നടപടിയെടുക്കേണ്ടതും എസ്.എച്ച്.പി.എസ്.സിയുടെ ഉത്തരവാദിത്വമാണ്. ഐ.ആർ.എം.എയുടെ റിപ്പോർട്ടുകളിൽ യുഎൽബി/എസ്.എൽ.ടി.സി എന്നിവർ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾ പരിശോധിക്കുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതു എസ്.എച്ച്.പി.എസ്.സി ആണ്. 2019–23 കാലയളവിൽ 13 ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ (ക്യൂപിആർ) ഐ.ആർ.എം.എ സമർപ്പിച്ചിട്ടുണ്ടെങ്കിലും, മൂന്ന്[94] ക്യൂപിആറുകൾ മാത്രമാണ് എസ്.എച്ച്.പി.എസ്.സി ചർച്ച ചെയ്യുകയും തിരുത്തൽ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തത്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഐ.ആർ.എം.എ റിപ്പോർട്ടുകളിൽ തിരുത്തൽ നടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വം എസ്.എൽ.ടി.സിയെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും, ഐ.ആർ.എം.എ റിപ്പോർട്ടുകളൊന്നും തന്നെ എസ്.എൽ.ടി.സി പരിഗണിച്ചില്ല. ഐ.ആർ.എം.എ റിപ്പോർട്ടുകളിലെ നിരീക്ഷണങ്ങൾ ചർച്ച ചെയ്യുന്നതിലും തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിലും എസ്.എച്ച്.പി.എസ്.സിയുടെയും എസ്.എൽ.ടി.സിയുടെയും ഭാഗത്തുനിന്നുണ്ടായ വീഴ്ച ഐ.ആർ.എം.എയെ നിയോഗിച്ച ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

***ശിപാർശ 9: അമൃത് പദ്ധതി പ്രകാരം നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾക്കനുസൃതമായി കമ്മിറ്റികളും സ്ഥാപനങ്ങളും പദ്ധതികളുടെ നടത്തിപ്പ് മേൽനോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***

**(പ്രീതി എബ്രഹാം)**
**അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് I) കേരളം**

**തിരുവനന്തപുരം,**
**2025 ഡിസംബർ 01**

**മേലൊപ്പിട്ടത്**

**(കെ. സഞ്ജയ് മൂർത്തി)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**ന്യൂ ഡൽഹി,**
**2025 ഡിസംബർ 03**

[94] 2019 ഓഗസ്റ്റിൽ ആദ്യ ക്യൂപിആർ, 2019 ഡിസംബറിൽ രണ്ടാമത്തെ ക്യൂപിആർ, 2020 മാർച്ചിൽ മൂന്നാമത്തെ ക്യൂപിആർ

# അനുബന്ധങ്ങൾ



## അനുബന്ധം 1.1
## അംഗീകരിച്ച പദ്ധതികളുടെ എണ്ണവും അവയിൽ ഓഡിറ്റ് തിരഞ്ഞെടുത്ത പദ്ധതികളുടെ എണ്ണത്തിന്റെയും പട്ടിക

*(സൂചിക: ഖണ്ഡിക 1.7, പേജ് 4)*

*(₹ കോടിയിൽ)*

| ക്രമ സംഖ്യ | യുഎൽബിയുടെ പേര് | അംഗീകരിച്ച പദ്ധതികൾ (2023 മാർച്ചിൽ) | | പൂർത്തീകരിച്ച പദ്ധതികൾ | | വിശദ പരിശോധനയ്ക്കായി ഓഡിറ്റ് തെരഞ്ഞെടുത്ത പദ്ധതികൾ | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | പൂർത്തീകരിച്ച പദ്ധതികൾ | | ഭാഗികമായി പൂർത്തിയാക്കിയ, ഉപേക്ഷിക്കപ്പെട്ട/റദ്ദാക്കിയ പദ്ധതികൾ | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1. | തിരുവനന്തപുരം | 278 | 366.89 | 244 | 243.99 | 35 | 174.28 | 33 | 122.20 |
| 2. | കൊല്ലം | 68 | 329.30 | 46 | 67.81 | 19 | 41.72 | 21 | 167.88 |
| 3. | കൊച്ചി | 99 | 274.35 | 85 | 131.38 | 28 | 74.78 | 14 | 157.78 |
| 4. | തൃശ്ശൂർ | 148 | 344.56 | 102 | 129.98 | 21 | 38.40 | 46 | 223.62 |
| 5. | കോഴിക്കോട് | 52 | 421.29 | 46 | 142.14 | 13 | 53.80 | 06 | 284.73 |
| 6. | കണ്ണൂർ | 40 | 232.76 | 24 | 128.11 | 09 | 45.05 | 15 | 103.89 |
| 7. | ആലപ്പുഴ | 220 | 227.14 | 179 | 136.54 | 33 | 98.52 | 38 | 88.18 |
| 8. | ഗുരുവായൂർ | 35 | 233.06 | 20 | 90.22 | 08 | 63.99 | 14 | 142.17 |
| 9. | പാലക്കാട് | 155 | 228.53 | 130 | 192.58 | 24 | 62.36 | 25 | 36.88 |
| | **ആകെ** | **1095** | **2657.88** | **876** | **1262.75** | **190** | **652.90** | **212** | **1327.33** |

*(ഉറവിടം : എസ്.എം.എം.യു നല്കിയ ഡാറ്റാ)*

## അനുബന്ധം 2.1
## എസ്എഎപി തിരിച്ചുള്ള കാലയളവിന്റെയും ഫണ്ടുകളുടെയും വിശദാംശങ്ങൾ
***(സൂചിക : ഖണ്ഡിക 2.1.2, പേജ് 8)***

***(₹ കോടിയിൽ)***

| എസ്എഎപിയുടെ വിശദാംശങ്ങൾ | എസ്എഎപിയുടെ കാലാവധി | ജലവിതരണം | സിവറേജ് | മഴവെള്ള ഓട | നഗര ഗതാഗതം | ഹരിത ഇടങ്ങളും പാർക്കുകളും | ആകെ തുക |
|---|---|---|---|---|---|---|---|
| എസ്എഎപി I | 2015-16 | 235.76 | 171.79 | 105.79 | 61.19 | 13.46 | 587.99 |
| എസ്എഎപി II | 2016-17 | 354.81 | 216.65 | 120.35 | 88.79 | 15.46 | 796.06 |
| എസ്എഎപി III | 2017-20 | 476.35 | 236.31 | 156.15 | 85.14 | 19.69 | 973.64 |
| ആകെ | | **1066.92** | **624.75** | **382.29** | **235.12** | **48.61** | **2357.69** |

*(ഉറവിടം : എസ്എംഎംയു നൽകിയ വിവരങ്ങൾ)*

**അനുബന്ധം 2.2**
**തടസ്സമില്ലാത്ത ഭൂമിയുടെ അഭാവംമൂലം ഉപേക്ഷിച്ചതും/വൈകിയതും/റദ്ദാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ**
***(സൂചിക : ഖണ്ഡിക 2.1.3.3, പേജ് 18)***

**a) റദ്ദാക്കിയ പദ്ധതികൾ**

***(₹ ലക്ഷത്തിൽ)***

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബിയുടെ പേര്) | ഡിപിആർ തയ്യാറാക്കിയ ഏജൻസിയുടെ പേര് | പദ്ധതിയുടെ തുക | ഡിപിആർ തുക (നൽകിയ തുക) | പരാമർശങ്ങൾ |
|---|---|---|---|---|---|
| | **സിവറേജ്** | | | | |
| 1. | വികേന്ദ്രീകൃത എസ് ടി പി വസൂരിച്ചിറ, കാരിക്കുഴി, ആണ്ടാമുക്കം (കൊല്ലം) | റാം ബയോളജിക്കൽസ് | 1266 | 20.39 (16.31) | പൊതുജന പ്രതിഷേധം കാരണം പദ്ധതി ഉപേക്ഷിച്ചു. |
| 2. | തൃശ്ശൂരിൽ 2.5 എംഎൽഡി എസ്ടിപിയുടെ നിർമ്മാണം (തൃശ്ശൂർ) | റാം ബയോളജിക്കൽസ് | 5340 | 120.15 (60.07) | നിർദ്ദേശിച്ച സ്ഥലം തണ്ണീർത്തട മായതിനാൽ ഭൂമിതരം മാറ്റുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് നിരസിച്ചു. അനുയോജ്യമല്ലാത്ത സ്ഥലമെന്ന് ഡിപിആറിൽ പരാമർശമില്ല. |
| 3. | കോതിയിലെയും അവിക്കലിലെയും എസ്ടിപികൾ (കോഴിക്കോട്) | റാം ബയോളജിക്കൽസ് | 14000 | 170.09 (85.04) | സ്ഥലത്തിന് കേരള തീരദേശ പരിപാലന അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, പിഡബ്ല്യുഡി എന്നിവയുടെ അനുമതി ആവശ്യമായിരുന്നു. അനുമതികൾ ലഭിച്ചില്ല. അതേസമയം പൊതു ജന പ്രക്ഷോഭം കാരണം പദ്ധതി ഉപേക്ഷിച്ചു. |
| 4. | ഗുരുവായൂർ മുനിസിപ്പാലിറ്റി നിർമ്മിച്ച എസ്ടിപികൾ (ഗുരുവായൂർ) | റാം ബയോളജിക്കൽസ് | 450 | 9.90 (5.63) | നിർദ്ദേശിച്ച സ്ഥലം തണ്ണീർത്തടമായതിനാൽ കൃഷിവകുപ്പ് ഭൂമി തരം മാറ്റുന്നതിനുള്ള അനുമതി നിരസിച്ചു. അനുയോജ്യമല്ലാത്ത സ്ഥലത്തെപ്പറ്റി ഡിപിആറിൽ പരാമർശമില്ല. |
| 5. | പാലക്കാട് ജില്ലാ ആശുപത്രിയിൽ 270 കെഎൽഡി സിവറേജ് സംസ്കരണ പ്ലാന്റ് | റാം ബയോളജിക്കൽസ് | 288 | 5.18 (@) | ഡിപിആറിൽ പരാമർശിച്ചിരുന്ന സ്ഥലം യഥാർത്ഥസ്ഥലത്തിന്റെ അവസ്ഥയുമായി പൊരുത്തപ്പെടാത്തതിനാൽ എസ്റ്റിമേറ്റിന്റെ വിപുലമായ പരിഷ്കരണം ആവശ്യമായി വന്നു. ആയതിനാൽ കോൺട്രാക്ടർ പ്രവൃത്തി ഉപേക്ഷിച്ചു. |
| 6. | 800കെഎൽഡി യുടെ സീവേജ് സംസ്കരണ പ്ലാന്റും സീവേജ് ശൃംഖലയും, സുന്ദരം കോളനി, പാലക്കാട് (പാലക്കാട്) | റാം ബയോളജിക്കൽസ് | 920 | 16.56 (@) | പാലക്കാട് മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് കെ എസ് പി സി ബി 2021 മെയ് 31ന് അയച്ച കത്ത് പ്രകാരം, നിർദ്ദിഷ്ട സ്ഥലത്തിന് ഏറ്റവും അടുത്തുള്ള റെസിഡൻഷ്യലും മറ്റെല്ലാവിധ കെട്ടിടങ്ങളിൽ നിന്നും 30 മീറ്റർ ദൂരം എല്ലാ വശങ്ങളിലും നിന്നും വേണം. ഈ നിബന്ധന പാലിക്കാൻ കഴിഞ്ഞിട്ടില്ല. |
| | **ആകെ** | | **22264** | **342.27 (167.05)** | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (യുഎൽബിയുടെ പേര്) | ഡിപിആർ തയ്യാറാക്കിയ ഏജൻസിയുടെ പേര് | പദ്ധതിയുടെ തുക | ഡിപിആർ തുക (നൽകിയ തുക) | പരാമർശങ്ങൾ |
|---|---|---|---|---|---|
| | **മഴവെള്ള ഓട** | | | | |
| 7. | രാജീവ് ഗാന്ധി കോളനിയിലെ മഴവെള്ള ഓട (തിരുവനന്തപുരം) | കിറ്റ്കോ | 15 | @ | ഓടകൾ പരസ്പരം ബന്ധിപ്പിക്കുന്നത് ആസൂത്രണം ചെയ്തില്ല. |
| 8. | മഴവെള്ളഓട ബാലൻ നഗർ റോഡ് (തിരുവനന്തപുരം) | കിറ്റ്കോ | 80 | @ | ഓടകൾ പരസ്പരം ബന്ധിപ്പിക്കുന്നത് ആസൂത്രണം ചെയ്തില്ല. |
| 9. | മഴവെള്ളഓട പൊഴിക്കര ബോട്ട് ക്ലബ്ബിനടുത്ത് (തിരുവനന്തപുരം ) | കിറ്റ്കോ | 21 | @ | ഓടകൾ പരസ്പരം ബന്ധിപ്പിക്കുന്നത് ആസൂത്രണം ചെയ്തില്ല. |
| 10. | മഴവെള്ള ഓട നിർമ്മാണം വയൽ വരമ്പ് റോഡ് (തിരുവനന്തപുരം) | കിറ്റ്കോ | 29 | @ | ഓടകൾ പരസ്പരം ബന്ധിപ്പിക്കുന്നത് ആസൂത്രണം ചെയ്തില്ല. |
